2020 ഏപ്രിൽ
01
ബുധൻ
1195 മീനം 19

മെട്രൊ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ   www.metrovaartha.com   12 പേജ് ₹ 7.00   KOZHIKODE

ഒരു കൊവിഡ് മരണം കൂടി

മരിച്ചത് പോത്തൻകോട് സ്വദേശി; വിദേശയാത്ര നടത്തിയിട്ടില്ല

തിരുവനന്തപുരം: കൊവിഡ് 19 രോഗം ബാധിച്ച് അതീവ ഗുരുതരാവസ്ഥയിൽ തിരുവനന്തപുരം മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന പോത്തൻകോട് വാവറയമ്പലം വീട്ടുവിളാകം വീട്ടിൽ അബ്ദുൾ അസീസ് (68) മരണമടഞ്ഞു. ദീർഘനാളായി ഉയർന്ന രക്തസമ്മർദവും തൈറോയിഡ് സംബന്ധമായ പ്രശ്നങ്ങളും ഉണ്ടായിരുന്നു. കഴിഞ്ഞ അഞ്ച് ദിവസമായി വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് ജീവൻ നിലനിർത്തിയിരുന്നതെന്ന് ആശുപത്രി അധികൃതർ. തിങ്കളാഴ്ച അർധരാത്രിയോടെയായിരുന്നു മരണം. ചികിത്സയിലായിരിക്കെ വൃക്കകളുടെ പ്രവർത്തനം തകരാറിലായതിനാൽ ഡയാലിസിസ് തുടങ്ങിയിരുന്നു.

ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും തിരുവനന്തപുരം മെഡിക്കൽ കോളെജിന്റെയും നേതൃത്വത്തിൽ കൊവിഡ് മാനദണ്ഡങ്ങൾ പ്രകാരം അബ്ദുൾ അസീസിന്റെ സംസ്കാര ചടങ്ങ് കല്ലൂർ ജുമാ മസ്ജിദിൽ നടന്നു. 10 അടി താഴ്ചയിലാണ് മൃതദേഹം സംസ്കരിച്ചത്. ജാഗ്രതാ നിർദേശമനുസരിച്ചു ബന്ധുക്കളാരും പങ്കെടുത്തില്ല. ഭാര്യ: സുബൈദ ബീവി. മക്കൾ: സജീന, സജീറ, സജില. മരുമക്കൾ : നുജുമുദീൻ, റോമി, സിയാദ്.

ഈ മാസം 13 നാണ് രോഗലക്ഷണം പ്രകടിപ്പിച്ചത്. ഞായറാഴ്ച സ്ഥിരീകരിച്ചു. 23ന് ആശുപത്രിയിലാക്കി. ആദ്യഫലം നെഗറ്റീവ് ആയിരുന്നു. ഐസലേഷൻ വാർഡിൽ ഹൃദയാഘാതവും പക്ഷാഘാതവും വന്നു.

അതേസമയം, രോഗബാധ എങ്ങനെയെന്നു വ്യക്തമല്ല. വിദേശയാത്ര നടത്തിയിട്ടില്ല. രോഗബാധിതരുമായി ഇടപഴകിയിട്ടുമില്ല. മാർച്ച് അഞ്ചിനും 23നും ഇടയിൽ ചില വിവാഹ, സംസ്കാരച്ചടങ്ങുകളിൽ പങ്കെടുത്തിരുന്നതായി ജില്ലാ ഭരണകൂടം. അബ്ദുൾ അസീസിന്റെ റൂട്ട് മാപ്പ് തിങ്കളാഴ്ച പുറത്തുവന്നിരുന്നു. ഇദ്ദേഹത്തിന്റെ ബന്ധുക്കളുടെ യാത്രാവിവരങ്ങളും ജില്ലാ ഭരണകൂടം ശേഖരിക്കുന്നുണ്ട്. അടുത്തിടെ ശ്വാസംമുട്ടൽ അനുഭവപ്പെട്ടതിനെ തുടർന്ന് വീടിനടുത്തുള്ള ഒരു ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ശേഷം ഒരു സ്വകാര്യ മെഡിക്കൽ കോളെജിലും ചികിത്സ തേടി. മെഡിക്കൽ കോളെജിലെ ഐസൊലേഷൻ വാർഡിൽ ഈ മാസം 23 മുതൽ നിരീക്ഷണത്തിലായിരുന്നു.

ഉള്ളിലെ തീയണയ്ക്കാൻ... കൊവിഡ് 19 വൈറസ് വ്യാപനത്തിനെതിരേ നടക്കുന്ന പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് മേലേ പാളയം മാർക്കറ്റ് ഫയർഫോഴ്സ് ജീവനക്കാർ അണുവിമുക്തമാക്കുന്നു. » വിമിത്ത് ഷാൽ

സൗജന്യറേഷൻ ഇന്നു മുതൽ

തിരുവനന്തപുരം: എല്ലാവർക്കുമുള്ള സൗജന്യറേഷൻ ഇന്നു മുതൽ വിതരണം ചെയ്യും. രാവിലെ മുതൽ ഉച്ചവരെ അന്ത്യോദയ, മുൻഗണന വിഭാഗങ്ങൾക്കും ഉച്ചയ്ക്കു ശേഷം മറ്റുള്ളവർക്കും റേഷൻ വിതരണം ചെയ്യും. അതിന് ടോക്കൺ വ്യവസ്ഥ പാലിക്കാം.

റേഷൻ വിതരണം ഇങ്ങനെ

(ദിവസം: കാർഡ് നമ്പറിന്റെ അവസാനത്തെ അക്കം)

- ഇന്ന് : 0, 1
- നാളെ: 2, 3
- മൂന്ന് : 4, 5
- നാല് : 6, 7
- അഞ്ച്: 8, 9

ഈ ദിവസങ്ങളിൽ വാങ്ങാൻ കഴിയാത്തവർക്ക് പിന്നീട് വാങ്ങാനാകും. റേഷൻ കടയിൽ ഒരു സമയം അഞ്ച് പേർ വരെ മാത്രമേ ഉണ്ടാകാവൂ എന്നതുൾപ്പെടെയുള്ള വ്യവസ്ഥകൾ പാലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർഥിച്ചു. റേഷൻ വീടുകളിൽ എത്തിക്കേണ്ടവർക്ക് എത്തിക്കാൻ ജനപ്രതിനിധികളുടെയോ രജിസ്റ്റർ ചെയ്ത സന്നദ്ധ പ്രവർത്തകരുടെയോ സഹായം മാത്രമേ സ്വീകരിക്കാവൂ.

തബ് ലീഗ് സമ്മേളന പ്രതിനിധികൾക്ക് കൊവിഡ്

ആശങ്കയിൽ രാജ്യം

കേരളത്തിൽ നിന്ന് പോയ 70 പേർ നിരീക്ഷണത്തിൽ

ന്യൂഡൽഹി: മാർച്ച് 13 മുതൽ 15 വരെ നിസാമുദീനിലെ മർകസിൽ നടന്ന മതസമ്മേളനത്തിൽ പങ്കെടുത്തവർക്കിടയിൽ കൊവിഡ് പടർന്നതോടെ, രാജ്യത്തെ ഏറ്റവും വലിയ കൊവിഡ് പ്രഭവകേന്ദ്രമായി ഇതു മാറുകയാണെന്ന് അധികൃതർ. നിരവധി വിദേശികളടക്കം എണ്ണായിരത്തോളം പേർ തബ്‌ലീഗ് ജമാഅത്തിന്റെ ആസ്ഥാനമായ ബംഗ്ലാവാലി മസ്ജിദിൽ നടന്ന സമ്മേളനത്തിനെത്തിയിരുന്നു. കേരളത്തിൽ നിന്നടക്കം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരും ഉണ്ടായിരുന്നു.

സംസ്ഥാനത്തു നിന്ന് 70 പേർ സമ്മേളനത്തിനു പോയിരുന്നതായാണ് വിവരം. ഇതു സംബന്ധിച്ച കണക്കുകൾ ശേഖരിച്ചുവരികയാണ്. പത്തനംതിട്ട 14, ആലപ്പുഴ 8, കോഴിക്കോട് 6, ഇടുക്കി 5, പാലക്കാട് 9, എറണാകുളം 2, മലപ്പുറം 18, തിരുവനന്തപുരം7, കോട്ടയം 4, തൃശൂർ 1, കണ്ണൂർ 1 എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള കണക്ക്. കൂടുതൽ ആളുകൾ പങ്കെടുത്തിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്.

സമ്മേളനത്തിൽ പങ്കെടുത്ത പത്തനംതിട്ട സ്വദേശി ഡോ. എം. സലിം ഡൽഹിയിൽ മരണമടഞ്ഞിരുന്നു. തബ് ലീഗ് പത്തനംതിട്ട അമീർ കൂടിയായ സലിം കഴിഞ്ഞ ചൊവ്വാഴ്ചയാണ് മരിച്ചത്. കൊറോണയാണ് മരണ കാര്യമെന്ന് സ്ഥിരീകരിച്ചിട്ടില്ല. ഹൃദ്രോഗത്തിന് ചികിത്സയിലായിരുന്നു. കർഫ്യൂവായതിനാൽ ഖബറടക്കവും അവിടെ നടത്തി. സമ്മേളനത്തിൽ പങ്കെടുത്ത പത്തനാപുരം സ്വദേശിയെ വീട്ടിൽ നിരീക്ഷണത്തിലാക്കി. പത്തനാപുരം പട്ടാഴി സ്വദേശി, ഇടത്തറ സ്വദേശി, ഇയാളുടെ ഭാര്യ എന്നിവർ ഇപ്പോൾ ഡൽഹിയിലുണ്ട്.

സമ്മേളനത്തിൽ പങ്കെടുത്ത 10 പേർ പല സംസ്ഥാനങ്ങളിലായി കൊവിഡ് ബാധിച്ചു മരിച്ചു. തമിഴ്നാട്ടിൽ ഇന്നലെ രോഗം കണ്ടെത്തിയ 50 പേരിൽ 45 പേരും സമ്മേളനത്തിൽ പങ്കെടുത്തവരാണ് എന്നാണ് വിവരം. കശ്മീരിലും തെലങ്കാനയിലും യുപിയിലും ആന്ധ്രയിലും കർണാടകയിലും മഹാരാഷ്ട്രയിലും ഈ സമ്മേളനത്തിൽ പങ്കെടുത്തവർ തിരിച്ചെത്തിയതോടെ കൊവിഡ് ബാധിതരുടെ എണ്ണം പെരുകി. 1830 പേരെയാണ് കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി ഡൽഹി പൊലീസ് മർക്കസ് കെട്ടിടത്തിൽ നിന്നു പുറത്തു കൊണ്ടുവന്നത്. യുകെ, ഫ്രാൻസ് അടക്കം 16 രാജ്യങ്ങളിൽ നിന്നുള്ള 281 വിദേശികൾ ഇതിലുണ്ടായിരുന്നു. ഇവരിൽ 335 പേരെ രോഗലക്ഷണങ്ങളോടെ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ബാക്കിയുള്ളവർ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ. നിസാമുദീൻ മേഖല പൊലീസ് വേലികെട്ടിത്തിരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയാണ്.

▶ പേജ് 6 കൊവിഡ് ക്ലസ്റ്ററായി നിസാമുദീൻ

10 ഹോട്ട് സ്പോട്ടുകളിൽ കാസർഗോഡും പത്തനംതിട്ടയും

ന്യൂഡൽഹി: രാജ്യത്തെ പ്രധാന കൊവിഡ് പ്രഭവ കേന്ദ്രങ്ങളുടെ പട്ടികയിൽ പത്തനംതിട്ട, കാസർഗോഡ് ജില്ലകളും. കേന്ദ്ര സർക്കാർ തയാറാക്കിയ പട്ടികയിലെ 10 ഹോട്ട് സ്പോട്ടുകളിലാണ് കേരളത്തിലെ രണ്ടു ജില്ലകൾ ഇടംപിടിച്ചത്. ഡൽഹി ദിൽഷാദ് ഗാർഡൻ, നിസാമുദീൻ, നോയിഡ, മീററ്റ്, ഭിൽവാര, അഹമ്മദാബാദ്, കാസർഗോഡ്, പത്തനംതിട്ട, മുംബൈ, പൂനെ എന്നിങ്ങനെയാണ് പട്ടികയിലെ ക്രമം. പത്തു കേസുകളുണ്ടെങ്കിൽ ക്ലസ്റ്ററും പല ക്ലസ്റ്ററുകളുണ്ടെങ്കിൽ ഹോട്ട് സ്പോട്ടുമാണെന്ന് അധികൃതർ വിശദീകരിച്ചു. ഹോട്ട് സ്പോട്ടുകളിൽ പരിശോധനയും പ്രതിരോധ പ്രവർത്തനങ്ങളും കൂടുതൽ ശക്തമാക്കാനാണു പദ്ധതി.

ഒരാഴ്ച മൂന്ന് ലിറ്റർ മദ്യം; ബെവ്കോ വീട്ടിലെത്തിക്കും

സ്വന്തം ലേഖകൻ

തിരുവനന്തപുരം: മദ്യവിതരണത്തിന് മാർഗനിർദേശവുമായി എക്സൈസ് വകുപ്പ്. സർക്കാർ ഡോക്റ്റർമാർ നൽകുന്ന കുറിപ്പടിയുള്ളവർക്ക് മാത്രമാണ് മദ്യം ലഭ്യമാവുക. ഡോക്റ്ററുടെ കുറിപ്പുമായി വരുന്നവർക്ക് എക്സൈസ് ആദ്യം പെർമിറ്റ് അനുവദിക്കും. ഈ പെർമിറ്റിന്റെ പകർപ്പ് ബെവ്റിജസ് കോർപ്പറേഷന് കൈമാറുകയും ചെയ്യും. മദ്യം അപേക്ഷകന്റെ വീട്ടിലെത്തിക്കാനുള്ള ചുമതല ബെവ്കോയ്ക്കാണ്. റേഞ്ച് സർക്കിൾ ഓഫീസുകളിൽ അപേക്ഷകർ സമർപ്പിക്കുന്ന ഡോക്റ്ററുടെ കുറിപ്പടി വിശദമായി പരിശോധിച്ച ശേഷമാകും എക്സൈസ് ഉദ്യോഗസ്ഥർ മദ്യം ലഭിക്കാനുള്ളവരുടെ വിവരം കോർപ്പറേഷന് കൈമാറുക. അപേക്ഷകന്റെ മൊബൈൽ നമ്പരിലേക്ക് വിളിച്ച ശേഷമാകും മദ്യം എത്തിക്കുക. ഏത് തരം മദ്യം എത്ര അളവിൽ തുടങ്ങിയ കാര്യത്തിൽ ഇനിയും വ്യക്തത വരേണ്ടതുണ്ട്. ഇന്നലെ ലഭിച്ച അപേക്ഷകൾ അതുകൊണ്ടു തന്നെ ക്രോഡീകരിച്ചിട്ടില്ല. നിലവിൽ ഒരാഴ്ച്ചത്തേക്ക് മൂന്ന് ലിറ്റർ മദ്യമാണ് അനുവദിക്കുക. ഒന്നാം തീയതിയായ ഇന്ന് ഡ്രൈ ഡേ ആയിരിക്കും.

തിരുവനന്തപുരത്ത് ഇന്നലെ മൂന്ന് പേർ ഇത്തരത്തിൽ ഡോക്റ്റർമാരുടെ കുറിപ്പടിയുമായെത്തിയെങ്കിലും കുറിപ്പടിയിൽ ഡോക്റ്ററുടെ സീലില്ലാത്തതിനാൽ കുറിപ്പടി നിരസിക്കുകയായിരുന്നു. വരാപ്പുഴയിലും അങ്കമാലിയിലും പാലക്കാട്ടും ഡോക്റ്റർമാരുടെ കുറിപ്പടികളുമായി ആവശ്യക്കാരെത്തി. ഇതിൽ പലരും റിട്ടയർചെയ്ത ഡോക്റ്ററുടെ കുറിപ്പടികളും സ്വകാര്യ ഡോക്റ്റർമാരുടെ കുറിപ്പടികളുമാണ് ഹാജരാക്കിയത്. ഇത് അംഗീകരിക്കാനാവില്ലെന്ന് എക്സൈസ് ഉദ്യോഗസ്ഥർ വ്യക്തമാക്കി. ഡോക്റ്ററുടെ കുറിപ്പടിയിൽ ആൽക്കഹോൾ വിത്ഡ്രോവൽ സിൻഡ്രം' എന്ന് എഴുതി നൽകിയാൽ മതി എന്നാണു ഉത്തരവിലുള്ളത്. അതു കൊണ്ടു തന്നെ വരുന്ന അപേക്ഷകൾ വ്യാജമാണോ എന്ന് തിരിച്ചറിയുകയായിരിക്കും വരും ദിനങ്ങളിൽ ഉദ്യോഗസ്ഥർ നേരിടുന്ന വെല്ലുവിളി.

വ്യാജ കുറിപ്പടികൾ തിരിച്ചറിയുന്നതിനുള്ള മാർഗങ്ങളും എക്സൈസിന് പുറത്തിറക്കേണ്ടി വരും. മദ്യം കിട്ടാനുള്ള ഏകമാർഗമെന്ന നിലയിൽ ഡോക്റ്റർമാരെ കാണാനായി എത്തുന്നവരുടെ തിരക്കാകും വരും ദിവങ്ങളിലെന്നാണ് ഡോക്റ്റർമാരുടെ സംഘടനകളുടെ വിലയിരുത്തൽ.

വ്യാജ വാർത്തകൾ വലിയ തടസം: കേന്ദ്രം
▶ പേജ് 7

വിംബിൾഡൺ റദ്ദാക്കും
▶ കായികം

സ്വർണം

ഗ്രാം	- 3,830
പവൻ	- 30,640

മെട്രൊ മാധ്യം

ഇന്ന് ഏപ്രിൽ ഒന്ന്

ഒഴിവാക്കാം, വ്യാജ സന്ദേശങ്ങൾ

www.facebook.com/metrovaarthaofficial

ഏഴുപേർക്ക് കൂടി കൊവിഡ്, നിരീക്ഷണത്തിൽ 1.63 ലക്ഷം

തിരുവനന്തപുരം: ഇന്നലെ കേരളത്തിൽ 7 പേർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ നിന്നും രണ്ടുപേർക്ക് വീതവും കൊല്ലം, തൃശൂർ, കണ്ണൂർ ജില്ലകളിൽ നിന്നും ഓരോരുത്തർക്കും ആണ് രോഗം സ്ഥിരികരിച്ചത്. തിരുവനന്തപുരത്ത് 8, 13 വയസുള്ള രണ്ട് കുട്ടികൾക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇവർ തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ ഐസൊലേഷനിൽ ചികിത്സയിലാണ്. ഇവരുടെ ആരോഗ്യനില തൃപ്തികരമാണ്. കണ്ണൂരിൽ രോഗം സ്ഥിരീകരിച്ചയാൾ വിദേശത്ത് നിന്നും വന്നതാണ്. മറ്റുള്ളവർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം വന്നത്.

കേരളത്തിൽ 241 പേർക്കാണ് ഇതുവരെ രോഗബാധ സ്ഥിരീകരിച്ചത്. നിലവിൽ 215 പേരാണ് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ നിന്നും 2 പേരുടെ വീതം പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. 24 പേർ രോഗമുക്തി നേടി ഡിസ്ചാർജായി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,63,129 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1,62,471 പേർ വീടുകളിലും 658 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 150 പേരെ ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രോഗലക്ഷണങ്ങൾ ഉള്ള 7485 പേരുടെടെ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇതിൽ ലഭ്യമായ 6381 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റീവ് ആണ്.

നിസാമുദ്ദീനിലും മലേഷ്യയിലും നടന്ന തബ് ലീഗ് സമ്മേളനങ്ങളിൽ പങ്കെടുത്ത് തിരിച്ചെത്തിയവർക്ക് കൊവിഡ് ബാധയുണ്ടോ എന്ന് പരിശോധിക്കണം. പൊലീസ് ഇക്കാര്യത്തിൽ നടപടിയെടുക്കും.ലിസ്റ്റ് ജില്ലാ കളക്ടർമാർ മുഖേന നൽകിയിട്ടുണ്ട്.കളക്ടർമാർ ബന്ധപ്പെട്ട ജില്ലകളിൽ വേണ്ട മുൻകരുതലെടുക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

മന്ത്രിമാരായ കെ.കെ. ശൈലജ, ഇ. ചന്ദ്രശേഖരൻ,ചീഫ് സെക്രട്ടറി ടോംജോസ് എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

റബർ കർഷകർക്കുള്ള സബ്സിഡി ഈ മാസം
വിദ്യാർഥികൾ ഓൺലൈൻ കോഴ്സുകളിൽ ചേരണം
കേരളത്തിൽ ഇപ്പോൾ സമൂഹവ്യാപനമില്ല
ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്
തൊഴിൽ വകുപ്പിന്റെ രണ്ട് ലക്ഷത്തിന്റെ ഇൻഷ്വറൻസിനും ഈ കാർഡ് മതി

ചൈനയെ മറികടന്ന് അമെരിക്ക

ലോകത്ത് മരണം- 40,633
രോഗബാധിതർ - 8,23,194
സുഖപ്പെട്ടവർ- 1,74,332
യുഎസ്- 3402 **ചൈന-**3305

രാജ്യത്ത് അടച്ചുപൂട്ടൽ പ്രഖ്യാപിച്ച് ഏഴു ദിനം പിന്നിടുമ്പോൾ രോഗബാധിതരുടെ എണ്ണം 1400 പിന്നിട്ടു.
മരണം 32.
147 പേര് രോഗം ഭേദമായി ആശുപത്രി വിട്ടു
മഹാരാഷ്ട്രയിൽ ഇന്നലെ രോഗം സ്ഥിരീകരിച്ചത് 72 പേർക്ക്.
183ലേറെ രാജ്യങ്ങളിലായി 8.23 ലക്ഷം പേരിലേക്കു രോഗം പടർന്നു.
ഇറ്റലി- മരണം 12,428 , സ്പെയ്ൻ - 8,269) യുഎസിൽ മാത്രം 1,75,000 രോഗബാധിതർ.

മംഗലാപുരം അതിർത്തി തുറക്കാനാവില്ലെന്ന് കർണാടക

വയനാട് വഴി രണ്ട് റോഡുകൾ തുറന്നു

കൊച്ചി: മംഗലാപുരത്തെ കേരള അതിർത്തി റോഡ് തുറന്നു നൽകാനാവില്ലെന്ന നിലപാട് വ്യക്തമാക്കി കർണാടക സർക്കാർ, കേരള ഹൈക്കോടതിയിൽ. കാസർകോട് ജില്ലയിൽ കോവിഡ് 19 പടർന്നു പിടിച്ച സാഹചര്യത്തിൽ അത് കർണാടകയിലേക്ക് വ്യാപിക്കാതെ ശ്രദ്ധിക്കേണ്ടതിനാലാണ് ഇതെന്നും വാദം.

അവിടത്തെ ആശുപത്രികൾ കോവിഡ് 19 രോഗ ചികിത്സകൾക്കാണ് പ്രഥമ പരിഗണന നൽകുന്നത്. ഈ സാഹചര്യത്തിൽ കേരളത്തിൽ നിന്നുള്ള രോഗികളെ മംഗലാപുരത്ത് ചികിത്സിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്നും കർണാടക വ്യക്തമാക്കി. അതിർത്തി അടച്ച കർണാടകയുടെ നടപടിയെ തുടർന്ന് കാസർകോട് ജില്ലയിലെ രോഗികൾ അതിർത്തിക്ക് അപ്പുറത്തുള്ള ആശുപത്രിയിൽ എത്താനാകാതെ വലയുന്നത് ശ്രദ്ധയിൽപ്പെട്ട ഹൈക്കോടതി സ്വമേധയ എടുത്ത കേസിലാണ് കർണാടകയോട് വിശദീകരണം തേടിയത്.

നിലവിൽ വയനാട് വഴി കേരളത്തിലേക്കു രണ്ടു റോഡുകൾ തുറന്നിട്ടുണ്ട്. സുൽത്താൻ ബത്തേരി -ഗുണ്ടൽ പെട്ട്, മാനന്തവാടി -സർഗുർ -മൈസൂർ റോഡുകൾ ആണ് തുറന്നിട്ടുള്ളത്. ഇരിട്ടി-കൂട്ടുപുഴ -കൂർഗ്-മൈസൂർ റോഡ് തുറക്കുന്ന കാര്യം കണ്ണൂർ കലക്റ്റർ കത്ത് നൽകിയാൽ പരിഗണിക്കും. നിലവിലെ സാഹചര്യത്തിൽ കാസർകോട് മംഗലാപുരം അതിർത്തിയിലെ റോഡുകൾ തുറക്കാനാകില്ലെന്നും കർണാടക വ്യക്തമാക്കി.

അതേസമയം കേരളത്തിൽ നിന്നു അടിയന്തര ചികിത്സ ആവശ്യമായ രോഗികളെ പരിശോധിക്കാൻ സാധിക്കുന്ന മംഗലാപുരത്തെ രണ്ടു ആശുപത്രികൾ ഏതൊക്കെയെന്ന് അറിയിക്കണമെന്നും കർണാടകയ്ക്ക് ഹൈക്കോടതി നിർദേശം നൽകി. മംഗലാപുരത്തോടു ചേർന്നു കിടക്കുന്ന പ്രദേശങ്ങളിലെ ആളുകളെ ചികിത്സയ്ക്കായി കർണാടകത്തിലേക്ക് പ്രവേശിപ്പിക്കുന്ന കാര്യത്തിൽ തീരുമാനം ഇന്ന് അറിയിക്കാമെന്ന് ഹൈക്കോടതിയിൽ ബോധിപ്പിച്ചിട്ടുണ്ട്. വീഡിയോ കോൺഫെറൻസിങ് വഴിയാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഇന്നലെ കേസ് പരിഗണിച്ചത്. കേരള അതിർത്തി അടച്ച കർണാടക സർക്കാർ നടപടിയോടു കഴിഞ്ഞ ദിവസം കേസ് പരിഗണിക്കുമ്പോൾ ഹൈക്കോടതി വിയോജിപ്പ് വ്യക്തമാക്കിയിരുന്നു. മഹാമാരിയെ ചെറുക്കുന്നതിന്റെ പേരിൽ മനുഷ്യജീവൻ പൊലിയരുതെന്ന് വ്യക്തമാക്കിയ കോടതി കേന്ദ്രവും കർണാടക സർക്കാരും അവസരത്തിനൊത്ത് ഉയരണമെന്നും ദേശീയപാത അടയ്ക്കാൻ ഒരു സംസ്ഥാനത്തിന് അധികാരമില്ലെന്നും വ്യക്തമാക്കി. പ്രശ്നം രമ്യമായി പരിഹരിക്കണമെന്നും ഹൈക്കോടതി കഴിഞ്ഞ ദിവസം ആവശ്യപ്പെട്ടതാണ്. ചരക്കുനീക്കവും ചികിത്സാ സേവനവും അവശ്യ സർവീസാണെന്ന് കേന്ദ്ര സർക്കാരും വിശദീകരിച്ചിട്ടുണ്ട്.

മഹാഭാരത നോവലിന് അർധവിരാമമിട്ട് ഓണക്കൂർ

എം.ബി. സന്തോഷ്

തിരുവനന്തപുരം: മഹാഭാരതത്തെ അടിസ്ഥാനമാക്കിയ ജീവിതാഖ്യാനവുമായി ഡോ.ജോർജ് ഓണക്കൂർ. എഴുതി വരികയായിരുന്ന ഈ നോവൽ അശാന്തമായ കൊറോണയുടെ അന്തരീക്ഷം കാരണം തത്കാലം മുടങ്ങിയതായും എഴുത്തുകാരൻ. ഇപ്പോൾ, മനസ്സിലുള്ള ആ നോവലിനെ ഒന്നുകൂടി ക്രമപ്പെടുത്തുന്നതിനായി വായനയെ ശക്തിപ്പെടുത്തുകയാണ് ഓണക്കൂർ.

"എനിക്ക് എഴുത്ത് ശാന്തവും സമാധാനവുമുള്ള അന്തരീക്ഷത്തിലേ കഴിയൂ. പ്രകൃതിയിൽ ഇരുട്ട് പരത്തുന്ന, സമൂഹം വിറങ്ങലിച്ചു നിൽക്കുന്ന അവസ്ഥയിൽ എഴുതാനാവില്ല. യുദ്ധകാലത്ത് ആയുധമെടുത്ത് പോരാടാനേ കഴിയൂ, കവിത ചൊല്ലാൻ കഴിയില്ല. ഇപ്പോഴത്തെ ഇരുണ്ടകാലം കഴിഞ്ഞ്, ഒന്നോ രണ്ടോ വർഷത്തിന്റെ അകലം കിട്ടിയാൽ ഒരുപക്ഷെ. ഇതേക്കുറിച്ചുതന്നെ ഞാൻ എഴുതിയെന്നിരിക്കും'- ഓണക്കൂർ വിശദീകരിച്ചു.

'തിന്നും കുടിച്ചും രമിച്ചും ആഹ്ലാദിക്കുക എന്ന എപിക്യൂറൻ തത്വശാസ്ത്രമാണ് യൂറോപ്പിനും അമെരിക്കയ്ക്കുമുള്ളത്. അതുകൊണ്ടാണ്, വെന്റിലേറ്ററിൽ കഴിയുന്ന പ്രായമേറിയവരിൽനിന്ന് അതിന്റെ കണക്ഷൻ ഊരി കുറച്ചുകൂടി ചെറുപ്പമായവർക്ക് നൽകാൻ തോന്നുന്നത്. മുതിർന്നവരെ നിരാകരിക്കുക എന്ന അമെരിക്കൻ ചിന്താഗതിയുടെ തുടർച്ചയാണ് അവിടെ പ്രായമായവരെ വൃദ്ധസദനങ്ങളിലേക്കു മാറ്റുന്നത്.'- അദ്ദേഹം പറഞ്ഞു.

മഹാഭാരതത്തിലൂടെ ഭാരതീയ പാരമ്പര്യത്തെയാണ് താൻ കാണുന്നതെന്നാണ് ഓണക്കൂറിന്റെ നിലപാട്. ഭർതൃമതിയാണെങ്കിലും ഭർത്താവിനെ സ്പർശിക്കാനാവാത്ത സ്ത്രീ, അന്ധനായ ഭർത്താവിനുവേണ്ടി അന്ധത വരിച്ച സ്ത്രീ...സ്ത്രീ അനുഭവിക്കേണ്ടിവരുന്ന പീഡനവും ആത്മവേദനയും എല്ലാം പുതിയ നോവലിൽ വരുന്നുണ്ട്. നാല്പത് അധ്യായമാണ് ഉദ്ദേശിക്കുന്നത്. അതിൽ 10 അധ്യായം എഴുതിക്കഴിഞ്ഞു.

' ഒരു കൊറോണയും ബാധിക്കാതെ എന്റെ രാജ്യം മുന്നോട്ടുവരും. ഈ കാളിമ മാറി പുതിയ സൂര്യോദയം വരികതന്നെ ചെയ്യും'- ഓണക്കൂർ പ്രത്യാശിക്കുന്നു. അതുകഴിഞ്ഞ് മഹാഭാരതം പ്രമേയമായ നോവലിന്റെ പതിനൊന്നാം അധ്യായത്തിലേക്കു കടക്കണം.

ഇപ്പോൾ, എൻ.പി. ചന്ദ്രശേഖരപിള്ളയുടെ 'മഹാഭാരതം: ഗദ്യാഖ്യാനവും കിളിപ്പാട്ടും' എന്ന പുസ്തകം വീണ്ടും വായിക്കുകയാണ്. ഇതിനൊപ്പം യുവാൽ നോഹ ഹരാരിയുടെ 'ബ്രീഫ് ഹിസ്റ്ററി ഓഫ് മാൻകൈൻഡ്' എന്ന പുസ്തകവും വായിച്ചുകൊണ്ടിരിക്കുന്നു.

സൗജന്യ റേഷൻ വിതരണം ഇന്നുമുതൽ

കോഴിക്കോട്: സർക്കാർ പ്രഖ്യാപിച്ച സൗജന്യ റേഷൻ വിതരണം ഈ ആഴ്ച ആരംഭിക്കും. കൊവിഡ് ബാധയുടെ പശ്ചാത്തലത്തിൽ സുരക്ഷാക്രമീകരണങ്ങൾ പൂർണ്ണമായും പാലിച്ചാവും റേഷൻ വിതരണം. ഒരേ സമയം അഞ്ച് പേരിൽ കൂടുതൽ റേഷൻ കടക്കുമുന്നിൽ നിൽക്കാൻ പാടില്ല. ഇക്കാര്യം ഉറപ്പാക്കാൻ ടോക്കൺ വ്യവസ്ഥയിലായിരിക്കും വിതരണം. കടയിലെത്താൻ പ്രയാസമുള്ളവർക്ക് സന്നദ്ധ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്താം. കാർഡുടമകൾ നിശ്ചിത അകലം പാലിച്ചുകൊണ്ട് മാത്രമേ റേഷൻ കടകളിൽ നിൽക്കാൻ പാടുള്ളു. സൗജന്യ റേഷൻ വിതരണം ഏപ്രിൽ 20 വരെ ഉണ്ടായിരിക്കുമെന്ന് സപ്ലൈ ഓഫീസർ അറിയിച്ചു.

ഓൺ ലൈനിലൂടെ യാത്രയയപ്പ് യോഗം

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയിൽ ഓൺലൈനിലൂടെ യാത്രയയപ്പ് യോഗം .സർവകലാശാലയിൽ 32 വർഷത്തെ സേവനം പൂർത്തിയാക്കിയ പാലക്കാട്ടുകാരിയായ സി ഡി സി ജോയിന്റ് രജിസ്ട്രാർ പ്രവീണയുടെ യാത്രയയപ്പ് യോഗമാണ് ഇന്നലെ രാവിലെ 10.30 മുതൽ 12മണി വരെ ഓൺ ലൈനായി നടത്തിയത്. വോയ്സ് മെസേജിലൂടെ സ്വാഗത പ്രസംഗവും അധ്യക്ഷ പ്രസംഗവും നടത്തി. വകുപ്പിലെ 22 ജീവനക്കാരും ശബ്ദ സന്ദേശത്തിലൂടെ ആശംസ അറിയിച്ചു, ചിലർ പാട്ടു പാടി കൊണ്ട് പങ്കാളികളായി, തുടർന്ന് മറുപടി പ്രസംഗവും. നന്ദി പ്രകാശനത്തിലൂടെ യാത്രയയപ്പ് യോഗം ഉച്ചക്ക് 12 മണിയോടെ അവസാനിച്ചു.

അനുശോചിച്ചു

തിരൂരങ്ങാടി: തിരൂരങ്ങാടി മണ്ഡലം മുസ്ലിംലീഗ് വൈസ് പ്രസിഡന്റ് എം മുഹമ്മദ് കുട്ടി മുൻഷിയുടെ വിയോഗത്തിൽ തിരൂരങ്ങാടി മുനിസിപ്പൽ മുസ്ലിംയൂത്ത് ലീഗ് കമ്മറ്റി അനുശോചിച്ചു. ജില്ല യൂത്ത് ലീഗ് സെക്രട്ടറി, ദീർഘകാലം തിരൂരങ്ങാടി പഞ്ചായത്ത് മുസ്ലിംലീഗ്, യൂത്ത് ലീഗ് എന്നിവയുടെ നേതൃസ്ഥാനം അലങ്കരിച്ച അദ്ദേഹം മാതൃക യോഗ്യമായ പൊതു ജീവിതം നയിച്ച നേതാവായിരുന്നു മുൻഷി സാഹിബ് എന്ന് യൂത്ത് ലീഗ് ഓൺലൈൻ യോഗം വിലയിരുത്തി. സി. എച്ച്. അബ്ദുബക്കർ സിദ്ധീഖ്, കെ മുഇനുൽ ഇസ്ലാം, അയ്യൂബ് തലാപ്പിൽ,അനീസ് കൂരിയാടൻ,ടി.പി.അബ്ദുസലാം, റിയാസ് തോട്ടുങ്ങൽ,സി.വി. അലിഹസൻ, പി കെ സഹ്സാസ്, വി.പി.അഫ്സൽ, സാദിഖ് ഒള്ളക്കൻ, വി പി ഫൈസൽ, ശുഹൈബ് കണ്ടാണത്ത്, പി.കെ. ഷമീം, ഇ.വി.ജാസിറ്, മുസ്തഫ കുട്ടശ്ശേരി, ശബാബ് ചപ്പങ്ങത്തിൽ, ജാഫർ കുന്നത്തേരി,എം സി. ഇസ്മയിൽ എന്നിവർ സംസാരിച്ചു.

ബസുകളുടെ നികുതി ഒഴിവാക്കണം

തലശേരി: സ്വകാര്യ ബസുകളുടെ മാർച്ച് 31 അവസാനിക്കുന്ന ത്രൈമാസ നികുതിയും ലോക് ഡൗൺ അവസാനിക്കുന്നത് വരെയുള്ള നികുതിയും പൂർണ്ണമായി ഒഴിവാക്കണമെന്ന് സ്റ്റേറ്റ് സിംഗിൾ ബസ് ഓണേർസ് അസോസിയേഷൻ. അതോടൊപ്പം മൂന്ന് മാസത്തേക്ക് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പയും പലിശയും ഒഴിവാക്കണമെന്നും സംഘടനാ പ്രസിഡന്റ് കൊട്ടയോടി വിശ്വനാഥനും ജ.നസെക്രട്ടറി ടി.എം.സുധാകരനും സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

ചരക്കു നീക്കത്തിന് തടസ്സമില്ല

മലപ്പുറം: രാജ്യ വ്യാപകമായി ലോക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിലും ജില്ലയിലേക്ക് ചരക്കുകൾ എത്തിക്കുന്നതിന് തടസ്സങ്ങളില്ലെന്ന് ജില്ലാ കലക്ടർ ജാഫർ മലിക് അറിയിച്ചു. ഇതര സംസ്ഥാനങ്ങളിൽ നിന്നും മറ്റു ജില്ലകളിൽ നിന്നും ആവശ്യമായ നിത്യോപയോഗ സാധനങ്ങളും ഭക്ഷ്യ വസ്തുക്കളും ജില്ലയിലേക്ക് എത്തുന്നുണ്ട്. പാസ് വ്യവസ്ഥകൾ ലഘൂകരിച്ചതോടെ നിലവിലുണ്ടായിരുന്ന പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടതായി ജില്ലാ കലക്ടർ പറഞ്ഞു.ജില്ലയിൽ നിന്നു ചരക്കെടുക്കാൻ പോകുന്ന 98 വാഹനങ്ങൾക്ക് ഇന്നലെ പാസ് അനുവദിച്ചു.

വിവരങ്ങൾ നൽകണം

കോഴിക്കോട്: ജില്ലയിലെ ചെറുകിട തോട്ടംതൊഴിലാളി ക്ഷേമബോർഡ് അംഗങ്ങളായ തൊഴിലാളികൾ അവരുടെ പേര്, ചെക്ക്റോൾ നമ്പർ, ആധാർ നമ്പർ, ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഐഎഫ്എസ് സി കോഡ് എന്നീ വിവരങ്ങൾ രണ്ടിന് വൈകിട്ട് അഞ്ച് മണിക്ക് മുമ്പായി 8281092840 എന്ന മൊബൈൽ നമ്പറിൽ അറിയിക്കണമെന്ന് മഞ്ചേരി പ്ലാന്റേഷൻ ഇൻസ്പെക്ടർ അറിയിച്ചു.

നന്മമനസ്...കോഴിക്കോട് കല്ലുത്താൻകടവ് ഫ്ലാറ്റിൽ താമസിക്കുന്നയാൾ പുതിയറയിലെ കടത്തിണ്ണയിൽ കഴിയുന്നവർക്ക് ഭക്ഷണം നൽകുന്നു. -വിമിത്ത് ഷാൽ

രേഖകളില്ലാതെ പുറത്തിറങ്ങുന്നവർക്കെതിരേ ഐപിസി വകുപ്പുകൾ പ്രകാരം നടപടിക്കു നിർദേശം

കോഴിക്കോട്: ജില്ലയിൽ ലോക്ക് ഡൗൺ വ്യവസ്ഥകൾ ലംഘിച്ച് ആധികാരിക രേഖകളില്ലാതെ പുറത്തിറങ്ങുന്ന വ്യക്തികൾക്കെതിരെ ഇന്ത്യൻ പീനൽ കോഡ് സെക്ഷൻ 269 പ്രകാരം കർശന നടപടി സ്വീകരിക്കാൻ ജില്ലാ കലക്ടർ സാംബശിവ റാവു ജില്ലാ പൊലീസ് മേധാവിമാർക്ക് നിർദേശം നൽകി. ജില്ലയ്ക്കുള്ളിൽ ചരക്കുകൾക്കും സേവനത്തിനുമായി നീങ്ങുന്ന വാഹനങ്ങൾക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നൽകുന്ന പാസ് ഇല്ലെങ്കിൽ ഇന്ത്യൻ പീനൽ കോഡ് സെക്ഷൻ 269, 188 പ്രകാരം നടപടി സ്വീകരിക്കണം..ചരക്കുകൾക്കും സേവനത്തിനുമായി ജില്ലയ്ക്കും സംസ്ഥാനത്തിനും പുറത്ത് പോകുന്ന വാഹനങ്ങൾക്ക് ജില്ലാ കലക്ടർ നൽകുന്ന പാസ് ഇല്ലാത്ത പക്ഷവും ഐപിസി 269, 188 പ്രകാരം നടപടി സ്വീകരിക്കാൻ ജില്ലാ പൊലീസ് മേധാവികൾക്ക് കലക്ടർ നിർദേശം നൽകി. ജില്ലാ അതിർത്തികളിൽ പൊലീസ് പരിശോധന കർശനമാക്കുകയും, അതിർത്തി കടന്ന് വാഹനങ്ങളും ജനങ്ങളും യാത്ര ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ഈ വിഷയത്തിൽ പൊലീസ് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച റിപ്പോർട്ട് എല്ലാ ദിവസവും കലക്ടർക്ക് സമർപ്പിക്കേണ്ടതാണ്.കൊറോണ വൈറസ് വ്യാപനം തടയുന്നതിനായി ലോക്ക് ഡൗൺ കർശനമായി പാലിക്കേണ്ട സാഹചര്യത്തിലാണ് നിയന്ത്രണങ്ങൾ കൂടുതൽ കർശനമാക്കുന്നതിന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ ഉത്തരവിറക്കിയത്. ജില്ലയിലെ പല സ്ഥലങ്ങളിലും ജനങ്ങളും വാഹനങ്ങളും ലോക്ക് ഡൗൺ വ്യവസ്ഥകളും നിർദ്ദേശങ്ങളും പാലിക്കാതെ റോഡിൽ ഇറങ്ങുന്നതും വിലക്ക് ലംഘിച്ച് ജില്ലാ അതിർത്തികൾ കടന്ന് യാത്ര ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് നടപടി.

റിമ്സ് ഹെൽത്ത് സൊലൂഷൻ കോഴിക്കോട് മെഡിക്കൽ കോളെജിലേക്ക് ഉപകരണങ്ങൾ കൈമാറുന്നു.

സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ പരിശോധന നടത്തി

കോഴിക്കോട്: അവശ്യസാധനങ്ങളുടെ നിരക്ക് വിലയിരുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് താലൂക്കിലെ വിവിധ കച്ചവടസ്ഥാപനങ്ങളിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ പരിശോധന നടത്തി. പുന്നശ്ശേരി, ചീക്കിലോട്, അന്നശ്ശേരി, തലക്കളത്തൂർ തുടങ്ങിയ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന പച്ചക്കറി വില്പന ശാലകൾ, പലവ്യഞ്ജന കടകൾ, ഫ്രൂട്ട് സ്റ്റാളുകൾ, ഫിഷ്മാർക്കറ്റുകൾ, ചിക്കൻ സ്റ്റാളുകൾ, മെഡിക്കൽ സ്റ്റോറുകൾ, ബേക്കറികൾ എന്നിവിടങ്ങളിൽ കോഴിക്കോട് താലൂക്ക് സപ്ലൈ ഓഫീസറും റേഷനിങ് ഇൻസ്പെക്ടർമാരും അടങ്ങുന്ന സംഘമാണ് പരിശോധന നടത്തിയത്.വില്പന വില പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കും അമിത വില ഈടാക്കിയ വ്യാപാരികൾക്കും നോട്ടീസ് നൽകി. അവശ്യ സാധനങ്ങൾക്ക് ഏകീകൃത വില ഈടാക്കുന്നതിന് നടപടികൾ എടുത്തു. താരതമ്യേന കൂടുതൽ വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ട വ്യാപാരികൾക്ക് വില കുറക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ആയതു പ്രകാരം പുതുക്കിയ നിരക്ക് വിലവിവരപ്പട്ടികകളിൽ രേഖപ്പെടുത്തുകയും ചെയ്തു.മുമ്പ് പരിശോധന നടത്തിയ സ്ഥലങ്ങളിലെ ചില വ്യാപാരികൾ നിർദ്ദേശങ്ങൾ ലംഘിച്ചു കൊണ്ട് വീണ്ടും അമിത വില ഈടാക്കുന്നതായി പരാതികൾ ലഭിക്കുന്നുണ്ട്. ഇത്തരക്കാർക്കെതിരെ കടപ്പിടിച്ചെടുക്കൽ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു.

മെഡിക്കൽ ഉപകരണങ്ങൾ നൽകി

മെഡിക്കൽ ഉപകരണങ്ങൾ നൽകിതേഞ്ഞിപ്പലം: സ്വകാര്യ സ്ഥാപനമായ റിമ്സ് ഹെൽത്ത് സൊലൂഷൻ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് 10 ലക്ഷം വിലമതിക്കുന്ന മെഡിക്കൽ ഉപകരണങ്ങൾ നൽകി. വില പിടിപ്പുള്ള ഐ വി കനാൽസ്, ഡോക്ടേഴ്സ് ഗൗൺ, മാസ്ക്, ഐസൊലേഷൻ വാർഡിലേക്കും, ഐ സി യു വിലേക്കുമുള്ള ഉപകരണങ്ങൾ, വെന്റിലേഷൻ മാസ്ക്, സിലിക്കോൺ, തുടങ്ങി യവയാണ് മെഡിക്കൽ കോളേജ് അ ധികൃതർക്ക് കാലിക്കറ്റ് യൂനിവേഴ്സിറ്റിക്ക് സമീപം ചെട്ട്യാർ മാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന റിമ്സ് ഹെൽത്ത് സൊലൂഷൻ നൽകിയത് . കമ്പനി ചെയർമാൻ ഹബീബ് ചാലിയം, റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് മേധാവി ഷൺമുഖനുണ്ണി എന്നിവർ ചേർന്നാണ് കൈമാറിയത്.

കുടുംബശ്രീ ഒന്നേമുക്കാൽ ലക്ഷത്തിലധികം മാസ്ക്കുകൾ ലഭ്യമാക്കി

കോഴിക്കോട്: കൊവിഡ്-19 വ്യാപനം നേരിടുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ല കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിൽ വിവിധ കുടുംബശ്രീ യൂണിറ്റുകൾ ഇതിനകം നിർമ്മിച്ചത് 1,78,912 കോട്ടൺ മാസ്ക്കുകൾ.ഇതുകൂടാതെ 756 ലിറ്റർ സാനിറ്റൈസറും 1125 ലിറ്റർ ഹാൻഡ് വാഷും കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഉത്പാദിപ്പിച്ചിട്ടുണ്ട്.

വൈറസ്ബാധയെ കുറിച്ചുള്ള 2 ലക്ഷം നോട്ടീസുകൾ വിതരണം ചെയ്തു. സർക്കാർ ഓഫീസുകൾ, കോർപറേഷൻ ഓഫീസ്, സർക്കിൾ ഓഫീസുകൾ, ട്രഷറി, താലൂക്ക് ഓഫീസ്, കെഎസ്ആർടിസി, തുടങ്ങിയ ഇടങ്ങളിലാണ് ഇത് വിതരണം ചെയ്തത്.

വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർക്ക് സഹായം എത്തിക്കാനും ഇവർ ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താനും കുടുംബശ്രീ പ്രവർത്തകർ രംഗത്തുണ്ട്. കൊറോണ വൈറസ് പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ അവയെ നേരിടാനുള്ള മാർഗങ്ങൾ, മുതിർന്നവരെ പരിചരിക്കുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയ വിവരങ്ങൾ വാട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ആളുകളിൽ എത്തിക്കുന്നുണ്ട്.

കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന 84 കമ്മ്യൂണിറ്റി കിച്ചണുകളിൽ 81 എണ്ണവും കൈകാര്യം ചെയ്യുന്നത് കുടുംബശ്രീയാണ്.

മലപ്പുറം ജില്ലയിൽ നിരോധനാജ്ഞ 14 വരെ നീട്ടി

മലപ്പുറം: കോവിഡ് 19 ഭീഷണി നിലനിൽക്കുന്ന അടിയന്തര സാഹചര്യത്തിൽ മലപ്പുറം ജില്ലാ കലക്ടർ ജാഫർ മലിക് ക്രിമിനൽ പ്രൊസീജിയർ കോഡ് (സി.ആർ.പി.സി) സെക്ഷൻ 144 പ്രകാരം പ്രഖ്യാപിച്ച നിരോധനാജ്ഞ 14 അർധരാത്രിവരെ നീട്ടി ഉത്തരവായി. പ്രഖ്യാപിച്ചിരുന്ന നിരോധനാജ്ഞ 14 അർധരാത്രിവരെ രാജ്യ വ്യാപകമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ലോക് ഡൗൺ നിലനിൽക്കുന്ന സാഹചര്യത്തിലാണ് ദീർഘിപ്പിച്ച ഉത്തരവായത്.

നിരോധനാജ്ഞ - ശ്രദ്ധിക്കാൻ: 1. ജില്ലയിൽ ഒരു സ്ഥലത്തും അഞ്ചിലധികം ആളുകൾ കൂട്ടം കൂടി നിൽക്കുവാൻ പാടില്ല. 2. സ്കൂളുകൾ, കോളജുകൾ, മറ്റെല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതപഠന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ക്ലാസുകൾ, ചർച്ചകൾ, ക്യാമ്പുകൾ, പരീക്ഷകൾ, ഇന്റർവ്യൂകൾ, ഒഴിവുകാല വിനോദങ്ങൾ, വിനോദ സഞ്ചാരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നത് നിരോധിച്ചിരിക്കുന്നു. 3. ആശുപത്രികളിൽ സന്ദർശകർ, കൂട്ടിരിപ്പുകാർ എന്നിവർ ഒന്നിലധികം പാടില്ല. 4. ടൂർണ്ണമെന്റുകൾ, മത്സരങ്ങൾ, വ്യായാമ കേന്ദ്രങ്ങൾ, ജിംനേഷ്യം, ടർഫ് ഗ്രൗണ്ടുകൾ മുതലായവ പ്രവർത്തിക്കുന്നത് നിരോധിച്ചിരിക്കുന്നു. 5. എല്ലാത്തരം പ്രകടനങ്ങൾ, ധർണ്ണകൾ, മാർച്ചുകൾ, ഘോഷയാത്രകൾ, ഉത്സവങ്ങൾ ആരാധനാലയങ്ങളിലെ പ്രത്യേക പ്രാർത്ഥനകൾ/ കൂട്ട പ്രാർത്ഥനകൾ എന്നിവ നടത്തുന്നത് നിരോധിച്ചിരിക്കുന്നു.6. ഹാർബറുകളിലെ മത്സ്യലേല നടപടികൾ നടത്തുന്നത് നിരോധിച്ചിരിക്കുന്നു. പകരമായി സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡപ്രകാരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നിശ്ചയിക്കുന്ന നിരക്കിൽ മത്സ്യ വിൽപ്പന നടത്തേണ്ടതാണ്. മത്സ്യ വിൽപനയുമായി ബന്ധപ്പെട്ട് യാതൊരു കാരണവശാലും അഞ്ച് പേരിൽ കൂടുതൽ ഒരേ സമയം ഒരു കേന്ദ്രത്തിൽ കൂട്ടം കൂടുവാൻ പാടുള്ളതല്ല. 7. എല്ലാ ടൂറിസം കേന്ദ്രങ്ങളിലേയ്ക്കും, ബീച്ചുകളിലേയ്ക്കുമുള്ള സഞ്ചാരികളുടെ പ്രവേശനം നിരോധിച്ചിരിക്കുന്നു. 8. വിവാഹങ്ങളിൽ ഒരേസമയം പത്തിൽ കൂടുതൽ പേർ ചടങ്ങ് നടക്കുന്ന സമയത്ത് ഉണ്ടാകുവാൻ പാടില്ല. വിവാഹതിയ്യതിയും സ്ഥലവും മുൻകൂട്ടി ബന്ധപ്പെട്ട വില്ലേജ് ഓഫീസിലും പോലീസ് സ്റ്റേഷനിലും അറിയിക്കേണ്ടതാണ്. ചടങ്ങുകൾ വീട്ടിൽ തന്നെ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 9.'ബ്രേയ്ക് ദ ചെയിൻ' ഉറപ്പ് വരുത്തുന്നതിനായി എല്ലാ വ്യാപാര സ്ഥാപനങ്ങളിലും ഹോട്ടലുകളിലും ഉപഭോക്താക്കൾക്കായി സോപ്പും സാനിട്ടൈസറും പ്രവേശന കവാടത്തിൽ സജ്ജീകരിക്കേണ്ടതാണ്.

10. വൻകിട ഷോപ്പിംഗ് മാളുകൾ, സൂപ്പർ മാർക്കറ്റുകൾ മറ്റ് മാർക്കറ്റുകൾ എന്നിവയിലുള്ള കേന്ദ്രീകൃത ഏയർ കണ്ടീഷൻ സംവിധാനം നിർത്തി വെയ്ക്കേണ്ടതും പകരം ഫാനുകൾ ഉപയോഗിക്കേണ്ടതുമാണ്. ഇത്തരം സ്ഥലങ്ങളിൽ വ്യക്തികൾ തമ്മിൽ ചുരുങ്ങിയത് ഒരു മീറ്റർ അകലം പാലിക്കുന്ന തരത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഹോണിൽക്കൂടി ഓർഡറുകൾ സ്വീകരിച്ച് അവശ്യ സാധനങ്ങൾ ഉപഭോക്താക്കളുടെ വീടുകളിലേക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അവശ്യസാധനങ്ങളുടെ പുതുക്കിയ ശരാശരി വിലനിലവാരം പ്രസിദ്ധീകരിച്ചു

കോഴിക്കോട്: ജില്ലയിൽ അവശ്യ സാധനങ്ങളുടെ അമിതവിലവർധന തടയുന്നതിന് പുതുക്കിയ ശരാശരി ചില്ലറ വിലനിലവാരം പ്രസിദ്ധീകരിച്ചതായി ജില്ലാ കലക്ടർ അറിയിച്ചു. ജില്ലയിലെ മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ സന്ദർശിച്ച് അവരുടെ ബില്ലുകൾ പരിശോധിച്ചതിനു ശേഷമാണ് ശരാശരി വിലനിലവാരം തയ്യാറാക്കുന്നത്. 31.03.2020 അടിസ്ഥാനത്തിൽ വിവിധ ഇനങ്ങൾക്ക് ഒരു കിലോഗ്രാമിന് പുതുക്കിയ ചില്ലറ വില: മട്ട അരി (40-47 രൂപ), കുറുവ (36-42 രൂപ), ജയ (41 രൂപ), കയമ (100-115 രൂപ), പച്ചരി (28-38 രൂപ), ചെറുപയർ (110-125 രൂപ), ഉഴുന്ന് പരിപ്പ് (120-125 രൂപ), തുവരപ്പരിപ്പ് (96-110 രൂപ), കടല (68-88 രൂപ), മുളക് -1 (280 രൂപ), മുളക് ഞെട്ടിയുള്ളത് (175 രൂപ), മല്ലി (88-98 രൂപ), പഞ്ചസാര (40-42 രൂപ), സവാള (36 രൂപ), വെളിച്ചെണ്ണ (160-195), മൈദ (35 രൂപ), റവ (37 രൂപ), ആട്ട (35 രൂപ), പൊടിയരി (48-55 രൂപ), ഉലുവ (70 രൂപ), പുളി (100-120 രൂപ).അവശ്യ സാധനങ്ങൾ വാങ്ങുമ്പോൾ ശരാശരി വിലയിൽ വളരെ കൂടുതൽ വില ഈടാക്കുകയാണെങ്കിൽ ജില്ലാ ഭരണകൂടത്തിന്റെ കൊവിഡ് ജാഗ്രത എന്ന വെബ് ആപ്ലിക്കേഷൻ വഴിയോ താഴെ നൽകിയിരിക്കുന്ന നമ്പറുകളിൽ വിളിച്ചോ പരാതികൾ അറിയിക്കാവുന്നതാണ്.ഭക്ഷ്യ പൊതുവിതരണ വകുപ്പ്പരിശോധനയ്ക്കായി സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ കോഴിക്കോട്, കൊയിലാണ്ടി, വടകര, താമരശ്ശേരി എന്നിവിടങ്ങളിൽ പ്രത്യേക സ്ക്വാഡുകളും സിറ്റി റേഷനിങ് ഓഫീസറുടെ പരിധിയിൽ നോർത്ത്, സൗത്ത് എന്നിവിടങ്ങളിൽ ഒരു സ്ക്വാഡുമാണ് രൂപീകരിച്ചിട്ടുള്ളത്. അമിത വില ഈടാക്കുന്നത് തടയുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് അധികൃതർ വിവിധ കടകളിൽ പരിശോധന നടത്തുന്നുണ്ട്.ചക്കറി ചില്ലറ വ്യാപാരികൾ പരിശോധന ഉദ്യോഗസ്ഥൻ മുമ്പാകെ പർച്ചേസ് ബിൽ ഹാജരാക്കേണ്ടതും എല്ലാ കടകളിലും വിലനിലവാരം പ്രദർശിപ്പിക്കേണ്ടതുമാണ്. അമിത വില ഈടാക്കുന്നതു ശ്രദ്ധയിൽപ്പെട്ടാൽ കട അടപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും. അമിതവില ഈടാക്കുന്നതും പൂഴ്ത്തിവെപ്പും ശ്രദ്ധയിൽ പെട്ടാൽ സിവിൽ സപ്ലൈസ് അധികൃതരെ അറിയിക്കാം.പരാതി അറിയിക്കേണ്ട നമ്പർ: താലൂക്ക് സപ്ലൈ ഓഫീസർ കോഴിക്കോട്- 9188527400, സിറ്റി റേഷനിങ് ഓഫീസർ സൗത്ത് - 9188527401, സിറ്റി റേഷനിങ് ഓഫീസർ നോർത്ത് - 9188527402, താലൂക്ക് സപ്ലൈ ഓഫീസർ കൊയിലാണ്ടി - 9188527403, താലൂക്ക് സപ്ലൈ ഓഫീസർ വടകര - 9188527404, താലൂക്ക് സപ്ലൈ ഓഫീസർ താമരശ്ശേരി - 9188527399.അവശ്യസാധനങ്ങളുടെ കൺട്രോൾ റൂമും ട്രാൻസ്പോർട്ട് കൺട്രോൾ റൂമും ജില്ലയിലേക്കുള്ള അവശ്യവസ്തുക്കളുടെ വരവിൽ യാതൊരു തടസ്സവുമില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്.

ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആശ്വാസമേകി തൃപ്പനച്ചിയിലെ വ്യാപാരികൾ

തൃപ്പനച്ചി: ലോക് ഡൗൺ കാലത്ത് ജോലിയില്ലാതെ ബുദ്ധിമുട്ടുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക്ഭക്ഷ്യ ധാന്യ കിറ്റുകൾ നൽകി. തൃപ്പനച്ചി മേഖലയിൽ വിവിധ ഭാഗങ്ങളിൽ താമസിക്കുന്നവർക്ക് വ്യാപാരി വ്യവസായി ഏകോപന സമിതി നേതൃത്വത്തിൽ പരിസരത്തെ ഇതരസംസ്ഥാന തൊഴിലാളികളുടെ താമസ സ്ഥലങ്ങളിലേക്ക് കാർഡ് എത്തിച്ചു നൽകി.200 ൽ പരം കിറ്റുകളാണ് നൽകിയത് വിതരണ ഉദ്ഘാടനം പുൽപറ്റ പഞ്ചായത്ത് പ്രസിഡന്റ് സി. എച്ച്. ജൈനബ നിർവഹിച്ചു. പഞ്ചായത്ത് സെക്രട്ടറി സന്തോഷ് കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ഷാഹുൽ ഹമീദ്, പഞ്ചായത്ത് മെമ്പർമാരായ വാരിജാക്ഷൻ,ഇ.കെ. സലാം, വ്യാപാരി വ്യവസായി ഏകോപന സമിതി യൂണിറ്റ് പ്രസിഡന്റ് പി. അബൂബക്കർ, ജനറൽ സെക്രട്ടറി ഒ.പി.എ കരീം, ട്രഷറർ ടി.പി. സൈനുദ്ദീൻ, യു. കെ.ടി.മുഹമ്മദ് നൗഫൽ, സി. കെ. അലിബാപ്പു വഹീദലി തുടങ്ങിയവർ നേതൃത്വം നൽകി.

തലശേരിയും പരിസര പ്രദേശങ്ങളും അണുവിമുക്തമാക്കി

ഫയർഫോഴ്സിന്റെ നേതൃത്വത്തിൽ തലശേരി നഗരസഭയിലെ പൊതു സ്ഥലങ്ങൾ അണുവിമുക്തമാക്കി

തലശേരി : തലശേരി ഫയർഫോഴ്സ്നഗരസഭാ പരിധിയിലെ സർക്കാർ ഓഫീസുകളും പൊതു സ്ഥലങ്ങളും അണുവിമുക്തമാക്കി. കൂടാതെ കതിരൂർ ,ധർമ്മടം, ചൊക്ലി, ന്യൂ മാഹി എന്നിവടങ്ങളിലും രാവിലെ 9മണി മുതൽ വൈകിയിട്ട് 6 മണി വരെയാണ് അണുവിമുക്തമാക്കിയത്. സ്റ്റേഷൻ ഓഫീസർ ശ്രീജിത്ത്, അസി. സ്റ്റേഷൻ ഓഫീസർ ശശിധരൻ എന്നിവരുടെ നേതൃത്വത്തിൽ 25 ഓളം വരുന്ന ജീവനക്കാർ അണുവിമുക്തമാക്കുന്ന പ്രവർത്തനത്തിൽ ഉണ്ടായത്.

മാസ്ക് വിതരണം ചെയ്തു

എസ്‌വൈഎസ് മഞ്ചേരി സോൺ കമ്മിറ്റി കൊവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മഞ്ചേരി പൊലീസ് സ്റ്റേഷനിലേക്ക് ആവശ്യമായ മാസ്കുകൾ വിതരണം ചെയ്യുന്നു.

മഞ്ചേരി: കൊവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എസ്‌വൈഎസ് സോൺ കമ്മിറ്റി, മഞ്ചേരി പൊലീസ് സ്റ്റേഷനിലേക്ക് ആവശ്യമായ മാസ്ക്കുകൾ വിതരണം ചെയ്തു. ലോക്ക് ഡൗണുമായി ബന്ധപ്പെട്ട നിയന്ത്രണ പ്രവർത്തനങ്ങളിൽ മുഴുവൻ സമയവും ഏർപ്പെട്ടിരിക്കുന്ന പൊലീസ് ഉദ്യോഗസ്ഥർക്ക് മാസ്കുകൾ അത്യാവശ്യമാണെന്ന നിലയിലാണ് പൊലീസ് സ്റ്റേഷനിൽ വിതരണം സംഘടിപ്പിച്ചത്. എസ്‌വൈഎസ് സോൺ സെക്രട്ടറി യു.ടി.എം.ശമീർ പുല്ലൂർ, എസ്.എസ്.എഫ് ജില്ലാ സെക്രട്ടറി കെ.പി.യൂസുഫ് പെരിമ്പലം, അമാനുള്ള സഖാഫി പെരിമ്പലം നേതൃത്വം നൽകി. പെരിമ്പലം യൂണിറ്റിലെ സാന്ത്വനം പ്രവർത്തകരാണ് മാസ്ക്കുകൾ തയ്യാറാക്കിയത്.

ബോധവത്കരണവുമായി ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി

മഞ്ചേരി: കൊവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മഞ്ചേരി നഗരസഭയുടെയും നഗര ആരോഗ്യ വകുപ്പിന്റെയും സഹകരണത്തോടെ ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി ഏറനാട് താലൂക്ക്സമിതി, മഞ്ചേരി പട്ടണത്തിലും പരിസര പ്രദേശങ്ങളിലുമുള്ള അന്യസംസ്ഥാന തൊഴിലാളികളിൽ ബോധവത്ക്കരണം നടത്തി. പത്തും പതിനഞ്ചുമാളുകളാണിവിടെ കൊച്ചുമുറികളിൽ കഴിഞ്ഞു വരുന്നത്. കൈകൾ സോപ്പിട്ടും ഹാന്റ് റബ് ഉപയോഗിച്ചും ശാസ്ത്രീയമായി കഴുകേണ്ട രീതി തൊഴിലാളികളെ പഠിപ്പിച്ചു. അകലം പാലിക്കേണ്ടതിന്റെ അനിവാര്യതയും അവരെ ബോധ്യപ്പെടുത്തി. നാട്ടിലേക്ക് പോകാനുള്ള ആവശ്യമറിയിച്ചപ്പോൾ സാഹചര്യവും സാങ്കേതികതയും തൊഴിലാളികളെ ബോധ്യപ്പെടുത്തിയപ്പോൾ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന രീതിയിൽ നിർദ്ദേശങ്ങൾ പാലിച്ച് മുന്നോട്ടു പോകുമെന്ന്തൊഴിലാളികളും പറഞ്ഞു.മുട്ടിപ്പാലത്ത് നഗരസഭാംഗം സക്കീന തുടക്കം കുറിച്ചു. ഹെൽത്ത് ഇൻസ്പെക്ടർമാരായ സി.വി.ബിശ്വജിത്ക്, വി. എസ്. പ്രിന്റു ക്ലാസെടുത്തു.ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി താലൂക്ക് അഡ്ഹോക്ക് ചെയർമാൻ വല്ലാഞ്ചിറ ഹുസൈൻ ആരോഗ്യരക്ഷാ സന്ദേശം നൽകി. അംഗങ്ങളായ മുജീബ്മുട്ടിപ്പാലം,എ.പി.അലി, പി.കെ.സലാം, ഷാജി.കെ.പവിത്രം സംസാരിച്ചു.

ഡ്രൈവർമാർ നാട്ടിൽ പോയി: കൊയിത്തിന് പാകമായ നെല്ലുകൾ നശിക്കുന്നു

തിരൂരങ്ങാടി: ചെറുമുക്ക് പാടശേഖരത്തിലെ ഏക്കർ കണക്കിന് നെല്ലുകൾ യന്ത്രം ഇല്ലാത്തതിനാൽ കൊയ്യാൻ പറ്റുന്നില്ല. കൊയ്ത്ത് യന്ത്രം കൈകാര്യം ചെയ്യുന്ന ഡ്രൈവർമാർ കൊറോണ ഭീതിമൂലം നാട്ടിൽ പോയതിനാലാണ് കൊയ്യാൻ സാധിക്കാത്തതെന്ന് കർഷകരായ പോലയിൽ ഹംസയും വി. പി വേലായുധനും പറഞ്ഞു. ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കൃഷി ഇറക്കുന്നത് ചെമ്മാട്, ചെറുമുക്ക് കൊടിഞ്ഞി, കടുവള്ളൂർ, തിരൂരങ്ങാടി എന്നിവിടങ്ങളിലാണ്. പതിനഞ്ച് ദിവസത്തോളമായി വിളവായ നെല്ല് തയ്യാറായിട്ട്. നെൽക്കതിർ നഷ്ടപ്പെടുമോ എന്ന ആശങ്കയിലാണ് കർഷകർ.

വിരമിച്ചു

കോഴിക്കോട്:കോഴിക്കോട് കലക്ട്രേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ എം.കെ രാജൻ, ഉത്തര മേഖല വിജിലൻസ് ഡെപ്യൂട്ടി കലക്ടർ ലില്ലി. സി എന്നിവർ സർവീസിൽ നിന്ന് വിരമിച്ചു. 28 വർഷത്തെ സേവനത്തിന് ശേഷമാണ് എം.കെ രാജൻ സീനിയർ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിന്ന് വിരമിക്കുന്നത്. കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ്പ്രസിഡന്റാണ്. 37 വർഷത്തെ സേവനത്തിന് ശേഷമാണ് ലില്ലി. സി സർവീസിൽ നിന്ന് വിരമിച്ചത്.

ഒരു ലക്ഷം സാനിറ്റൈസറുകളും മാസ്കുകളുമായി ജില്ലാപഞ്ചായത്ത്

മലപ്പുറം: കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു ലക്ഷം സാനിറ്റൈസറുകളും മാസ്കുകളും നിർമിക്കുമെന്ന് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് എ.പി ഉണ്ണികൃഷ്ണൻ അറിയിച്ചു. ജില്ലാ പഞ്ചായത്ത്ബോർഡ് യോഗത്തിലാണ് തീരുമാനം. പദ്ധതി സർക്കാറിന്റെ അനുമതിക്കായി സമർപ്പിക്കും. അനുമതി ലഭിക്കുന്നതോടെ നിർമാണം ആരംഭിക്കുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. 2020-21 വർഷത്തേക്കുള്ള വാർഷിക പദ്ധതിക്ക് ഡി.പി.സി അംഗീകാരമായതായും യോഗം അറിയിച്ചു.സ്റ്റിയറിങ് കമ്മിറ്റി, സ്റ്റാന്റിങ് കമ്മിറ്റി തീരുമാനങ്ങളും വിവിധ ടെൻഡറുകളും കൂട്ടേഷനുകളും യോഗം അംഗീകരിച്ചു. കൊവിഡ് 19 ഭീഷണിയുടെ പശ്ചാത്തലത്തിൽ ആരോഗ്യ ജാഗ്രതാ നിർദേശങ്ങൾ പൂർണമായും പാലിച്ചാണ് യോഗം ചേർന്നത്. യോഗത്തിൽ പ്രസിഡന്റുൾപ്പെടെ 13 അംഗങ്ങൾ നിശ്ചിത ദൂരം അകലം പാലിച്ചു നേരിട്ടും മറ്റ് 19 അംഗങ്ങൾ വീഡിയോ കോൺഫറൻസ് വഴിയും പങ്കെടുത്തു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 91 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

നവരസങ്ങൾ പങ്കുവച്ച് ദിവ്യ ഉണ്ണി

നടിയായും നർത്തകിയായും മലയാളികളുടെ മനം കവർന്ന താരമാണ് ദിവ്യ ഉണ്ണി. വിവാഹ ശേഷം അഭിനയരംഗത്തു നിന്ന് മാറി നൃത്തത്തിൽ മാത്രമായി താരം ശ്രദ്ധ പതിപ്പിക്കുകയായിരുന്നു. ഈ വർഷം ആദ്യം താരത്തിന് ഒരു പെൺകുഞ്ഞും ജനിച്ചിരുന്നു. ദിവ്യ ഉണ്ണിയുടെ പുതിയ ചിത്രങ്ങളാണിപ്പോൾ സോഷ്യൽ മീഡിയ കീഴടക്കുന്നത്. നവരസങ്ങൾ അവതരിപ്പിക്കുന്ന നടിയുടെ ചിത്രങ്ങളാണ് പുറത്തുവന്നിരിക്കുന്നത്.

ചൈത്ര നവരാത്രി ആശംസകൾക്കൊപ്പം ഉള്ളിലെ ദൈവീക ചൈതന്യം ജ്വലിക്കട്ടെ എന്നും ചിത്രത്തിനൊപ്പം നടി കുറിച്ചിട്ടുണ്ട്. ഫോട്ടോയ്ക്കൊപ്പം ശക്തി, പ്രേയിങ് ഫോർ ദി വേൾഡ്, നവരസ സീരിസ്, ഡാൻസ് ഫോട്ടൊഷൂട്ട്, ഭരതനാട്യം, ഡാൻസ് ഡയറീസ് തുടങ്ങിയ ഹാഷ്ടാഗുകളും ദിവ്യ ഉണ്ണി പങ്കുവച്ചിട്ടുണ്ട്.

അല്ലുവിനെ അഭിനന്ദിച്ച് ദിഷ

ലോക്ക് ഡൗണിനെ തുടർന്ന് വീടുകളിൽ സ്വയം ഐസൊലേഷനിൽ കഴിയുകയാണ് ജനങ്ങളെല്ലാം. ക്വാറന്റൈനിൽ കഴിയുന്ന താരങ്ങൾ സോഷ്യൽ മീഡിയയിലൂടെ തങ്ങളുടെ വിശേഷങ്ങൾ അറിയിക്കാറുണ്ട്. തെന്നിന്ത്യൻ താരം അല്ലു അർജുനെ അഭിനന്ദിച്ചിരിക്കുകയാണ് ബോളിവുഡ് സുന്ദരി ദിഷ പഠാനി.

അല്ലു അർജുന്റെ ഡാൻസ് സ്റ്റെപ്പുകളാണ് ഇൻസ്റ്റഗ്രാം സ്റ്റോറിയായി ദിഷ പങ്കുവച്ചിരിക്കുന്നത്. എങ്ങനെയാണ് താങ്കൾ ഇതൊക്കെ ചെയ്യുന്നത് എന്ന് താരം ചോദിക്കുന്നത്. ഇതോടെ ദിഷയുടെ പോസ്റ്റ് തന്റെ ഇൻസ്റ്റഗ്രാം പോസ്റ്റായി പങ്കുവച്ച് അല്ലു മറുപടിയും കൊടുത്തു.

'മ്യൂസിക് ഇഷ്ടമാണ്, നല്ല മ്യൂസിക് എന്നെ ഡാൻസ് ചെയ്യാൻ പ്രേരിപ്പിക്കുന്നു. ഈ അഭിനന്ദനങ്ങൾക്ക് നന്ദി. ഏവർക്കും പ്രചോദനമാകുന്നതിൽ നന്ദി' എന്നായിരുന്നു അല്ലുവിന്റെ മറുപടി.

മകളെ കുറിച്ചോർത്ത് ആശാ ശരത്ത്

കൊറോണ ഭീതിയിൽ രാജ്യം ലോക്ക് ഡൗണിലൂടെ കടന്നു പോകുമ്പോൾ മക്കളും പ്രിയപ്പെട്ടവരുമൊക്കെ പലയിടത്തായി ജീവിക്കുന്നതിന്റെ വിഷമം പങ്കുവെച്ച് നടി ആശാ ശരത്ത്. മക്കളും പ്രിയപ്പെട്ടവരുമൊക്കെ പലയിടത്തായി ജീവിക്കുന്ന ഒരുപാട് ആളുകൾ നമുക്കു ചുറ്റിലുമുണ്ടെന്നും അവരൊക്കെ വലിയ മാനസിക സമ്മർദ്ദത്തിലൂടെയാണ് കടന്നു പോകുന്നതെന്നും താരം ഫെയ്സ്ബുക്കിൽ പങ്കുവച്ച വീഡിയോയിൽ പറയുന്നു.

'മക്കളും പ്രിയപ്പെട്ടവരുമൊക്കെ പലയിടത്തായി ജീവിക്കുന്ന ഒരുപാട് ആളുകൾ നമുക്കുചുറ്റിലുമുണ്ട്. അവരൊക്കെ ഒരുപാട് മാനസികസമ്മർദ്ദത്തിലൂടെ കടന്നുപോകുന്ന ഒരു സാഹചര്യമാണിപ്പോൾ. എല്ലാവരും സുരക്ഷിതരായിരിക്കട്ടെ എന്ന പ്രാർത്ഥനയോടെ...' ആശാ വീഡിയോയിലെ പറയുന്നു

'അവരുടെ വേദന മനസ്സിലാകും. ഞാനും അങ്ങനെ ഒരു അമ്മയാണ്. ഞാൻ യുഎഇയിൽ ആണ് താമസിക്കുന്നതെങ്കിലും എന്റെ മകൾ പഠിക്കുന്നത് ക്യാനഡയിലാണ്. അവരുടെ യൂണിവേഴ്സിറ്റി അടച്ചു, ഹോസ്റ്റൽ അടച്ചു. ഇതൊക്കെ എല്ലാ അമ്മമാർക്കും ഉള്ള ഭയമാണ്. അതേപോലെ ഒരു ഭയത്തിലാണ് ഞാനും ഉള്ളത്. ആ അവസ്ഥയിൽ കുട്ടികൾ ധൃതിപ്പെട്ട് വന്നാൽ അപരിചിതമായ ഇടങ്ങളിൽ പെട്ടു പോകും. ഇപ്പോൾ എവിടെയാണോ, അവിടെ സുരക്ഷിതരായി ഇരിക്കുക.' ആശാ ശരത്ത് പറയുന്നു.

വയറസും സിനിമയും

ദി ലാസ്റ്റ് മാൻ ഓൺ എർത്ത്

സുധീർനാഥ്

1964ൽ ഉമ്പാൽഡോ റാഗോണയും, സിഡ്നി സാൽക്കോവും ചേർന്നാണ് ഐ ആം ലെജൻഡ് എന്ന നോവൽ ദി ലാസ്റ്റ് മാൻ ഓൺ എർത്ത് എന്ന പേരിൽ റോമിൽ ചലചിത്രമാക്കി സംവിധാനം ചെയ്തത്. റോബർട്ട് മോർഗാൻ എന്ന ഡോക്റ്റർ കൂടിയായ ശാസ്ത്രജ്ഞൻ ഒറ്റയ്ക്ക് പ്ലേഗിനെതിരേ പൊരുതുന്നതാണ് സിനിമയുടെ ഇതിവൃത്തം. പ്ലേഗ് വയറസ് ബാദയേറ്റ് അദ്ദേഹത്തിന്റെ മകളും ഭാര്യയും മരിക്കുന്നു. പ്ലേഗ് വയറസ് കയറിയവർ പ്രേതങ്ങളായി രാത്രിയിൽ ശാസ്ത്രജ്ഞനെ ആക്രമിക്കുന്നു. സൂര്യപ്രകാശത്തേയും, കണ്ണാടിയിലെ പ്രതിരൂപത്തേയും മാത്രമാണ് പ്ലേഗ് വയറസ് കയറിയ പ്രേതങ്ങൾക്ക് പേടി. മരം കൊണ്ട് കൂർപ്പിച്ച ആയുധങ്ങളുമായി അദ്ദേഹം ഒറ്റയ്ക്കാണ് വയറസുകളോട് പോരാടുന്നത്. വയറസുകളെ തുരത്തുന്ന ആന്റിവയറസ് പരീക്ഷണം വിജയിക്കുന്നുണ്ട് സിനിമയിൽ.

1971ൽ അമെരിക്കയിലെ പ്രശസ്ത സംവിധായകൻ ബോറീസ് സാഗൽ ഐ ആം ലെജൻഡ് എന്ന നോവൽ ദി ഒമേഗാ മാൻ എന്ന പേരിൽ ചലചിത്രമാക്കി. ഈ സിനിമയിലെ നായകൻ അമെരിക്കയിലെ ലോസ് ഏജൽസിലെ ആർമിയുടെ കേണൽ കൂടിയായ റോബർട്ട് നിവീലി എന്ന ശാസ്ത്രജ്ഞനാണ്. പ്ലേഗ് വയറസിനെ തുരത്താൻ അദ്ദേഹം തന്നെ വികസിപ്പിച്ച മരുന്ന് സ്വയം കുത്തിവെയ്ക്കുന്നു. അങ്ങിനെ പ്ലേഗിന്റെ പിടിയിൽ നിന്ന് രക്ഷനേടുന്ന റോബർട്ട്, പ്ലേഗ് വയറസുകളെ ഇല്ലാതാക്കുന്നതാണ് സിനിമ.

2007ൽ ഐ ആം ലെജൻഡ് എന്ന നോവലിന്റെ പേരിൽ തന്നെയാണ് അമെരിക്കൻ സംവിധായകൻ ഫ്രാൻസിസ് ലോറൻസ് സിനിമയാക്കിയത്. അമെരിക്കൻ ആർമിയിലെ വയറോളജിസ്റ്റായ റോബർട്ട് നിവീലിയാണ് ഈ സിനിമയിലും നായക കഥാപാത്രം. നിവീലിക്ക് ജർമ്മൻ ഷെപ്പേഡ് ഇനത്തിൽപ്പെ സാം എന്ന് വിളിപ്പേരുള്ള നായ മാത്രമാണ് കൂട്ട്. ഒറ്റപ്പെടുന്ന നിവീലി പ്ലേഗിനെ പ്രതിരോധിക്കുന്നത് എ കെ 47 തോക്കുകൾ ഉപയോഗിച്ചാണ് എന്ന പ്രത്യേകത മൂന്നാത്തെ ആവിഷ്ക്കാരത്തിലുണ്ട്. അദ്ദേഹത്തിന്റെ ഭാര്യയും മകളും പ്ലേഗിന്റെ വ്യാപനം തടയുവാനായി പട്ടാളം നടത്തിയ രക്ഷാ ദൗത്യത്തിൽ ഹെലിക്കോപ്റ്റർ അപകടത്തിൽ മരണപ്പെടുന്നു. രാജ്യത്ത് ഒറ്റപ്പെടുന്ന നിവീൽ വയറസിനെതിരേ പോരാട്ടം തുടരുകയാണ്.

വയറസ് ബാധയേറ്റ തെരുവ് പട്ടികളുടെ ആക്രമണത്തിൽ സാമിന് പരിക്കേറ്റ് വയറസ് ബാധിക്കുന്നു.

നിവീലി പല ചികിത്സ നടത്തിയിട്ടും ജീവൻ രക്ഷിക്കാൻ പറ്റില്ലെന്ന് മനസിലാക്കി സാമിനെ കൊല്ലുന്നു. അദ്ദേഹം വയറസുകളെ തുരത്തുന്ന മരുന്ന് കണ്ടു പിടിക്കുന്നതാണ് സിനിമ.

ദിവ്യയ്ക്കൊപ്പമുള്ള പതിനാറ് വർഷങ്ങൾ; ആശംസ നേർന്ന് വിനീത്

ദിവ്യയ്ക്കൊപ്പമുള്ള പതിനാറാം വാർഷികത്തിൽ മനോഹരമായ കുറിപ്പുമായി വിനീത് ശ്രീനിവാസൻ. ദിവ്യയുമൊത്തുള്ള ചിത്രം പങ്കുവച്ചു കൊണ്ടാണ് വിനീത് സന്തോഷം പങ്കുവച്ചത്. ഒരുമിച്ച് പഠിച്ച ക്യാമ്പസിൽ നിന്നുമെടുത്ത ചിത്രമാണ് താരം പങ്കുവച്ചിരിക്കുന്നത്. വീണ്ടുമൊരു മാർച്ച് 31. അങ്ങനെ ദിവ്യയ്ക്കൊപ്പം പതിനാറ് വർഷങ്ങൾ. ഇത് കഴിഞ്ഞ മാസം ഞങ്ങൾ ഹൃദയത്തിന്റെ ഷൂട്ടിങ് നടക്കുന്നതിനിടെ എടുത്ത ചിത്രമാണ്. ഞങ്ങൾ പഠിച്ച അതേ കോളെജിൽ. 2004 മുതൽ 2006 വരെ ഞങ്ങൾ ക്യാംപസിൽ കറങ്ങി നടന്ന ഇടങ്ങളിലൊന്നായിരുന്നു ഇത്'. താരം ഇൻസ്റ്റഗ്രാമിലെഴുതി കുറിപ്പിൽ പറയുന്നു.

സമയം പറക്കുകയാണ്. അവളിന്ന് എന്റെ രണ്ട് മക്കളുടെ അമ്മയാണ്. ഹാപ്പി ആനിവേഴ്സറി മൈ വണ്ടർ വുമൺ എന്നും വിനീത് പറയുന്നു. പിന്നാലെ ഇരുവരുടേയും പതിനാറാം വിവാഹ വാർഷികം ആയോ എന്നു ചോദിച്ച് നിരവധി ആരാധകർ കമന്റ് ചെയ്തിട്ടുണ്ട്. ഇതോടെ വിനീത് തന്നെ വിശദീകരണവുമായി എത്തിയിട്ടുണ്ട്. വിവാഹവാർഷികമല്ലെന്നും തങ്ങൾ ഒരുമിച്ചതിന്റെ വാർഷികമാണെന്നും താരം പറഞ്ഞു.

ശക്തിമാൻ വീണ്ടും വരുന്നു

രാജ്യം ലോക്ഡൗണിൽ ആയിരിക്കെ ജനങ്ങൾ വീട്ടിൽ തന്നെ കഴിയുന്ന സാഹചര്യത്തിൽ 'രാമായണം', 'മഹാഭാരതം' എന്നീ സീരിയലുകൾ പുന:സംപ്രേഷണം ചെയ്യണമെന്ന ആവശ്യം ഉയർന്നിരുന്നു. ഇതിനു പിന്നാലെ ശക്തിമാനായും മുറവിളി ഉയർന്നിരുന്നു. ഇപ്പോഴിതാ ശക്തിമാൻ പുന:സംപ്രേഷണം ചെയ്യുമെന്ന് അറിയിച്ചിരിക്കുകയാണ്.

ഏപ്രിൽ മുതൽ സീരിയിൽ സംപ്രേക്ഷണം ചെയ്തു തുടങ്ങുമെന്ന് വാർത്താവിനിമയ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. ദൂരദർശൻ ചാനലിൽ എല്ലാ ദിവസവും ഉച്ചയ്ക്ക് ഒരു മണിക്കാണ് സീരിയൽ സംപ്രേഷണം ചെയ്യുക. ഒരു മണിക്കൂറാണ് ദൈർഘ്യം.

ശക്തിമാൻ, ചാണക്യ, ഉപനിഷത് ഗംഗ, ശ്രീമാൻ ശ്രീമതി എന്നിവയടക്കം അഞ്ച് പ്രധാന സീരിയലുകൾ ഏപ്രിൽ മുതൽ പുനഃസംപ്രഷണം ചെയ്യുക. 'രാമായണം', 'മഹാഭാരതം' എന്നീ സീരിയലുകളുടെ പുന:സംപ്രേഷണം നേരത്തെ ആരംഭിച്ചിരുന്നു.

കുട്ടിക്കാലത്തെ ഓർമകളുമായി ദുൽഖർ

കുട്ടിക്കാലത്തിന്റെ നിറമങ്ങാത്ത നല്ല ഓർമകൾ പങ്കുവെച്ചു കൊണ്ട് ദുൽഖർ സോഷ്യൽ മീഡിയയിൽ പങ്കുവച്ച കുറിപ്പ് ശ്രദ്ധ നേടിയിരിക്കുകയാണ്. 'ഞാൻ താമസിക്കുന്ന എല്ലാ വീട്ടിലും ഒരു നെല്ലിക്ക മരം ഉണ്ടാവാറുണ്ട്, വളരെ യാദൃശ്ചികമാണത്. എന്റെ കുട്ടിക്കാലം പ്രത്യേകിച്ച് അമ്മവീട്ടിലെ ഓർമകളിൽ കൂടുതലും ഈ നെല്ലിക്കയും ചാമ്പങ്ങയും നിറഞ്ഞ മരങ്ങളാണ്.ഇത് കൂടാതെ ഇരുമ്പൻ പുളി, ചെറി അങ്ങനെയെല്ലാം അവിടെയുണ്ടായിരുന്നു. പച്ചമാങ്ങ പറിക്കാൻ മരത്തിൽ വലിഞ്ഞുകേറിയതും കറുവാപട്ടയുടെ ഇലകൾ ചവച്ചുനടന്നതുമെല്ലാം എത്ര നല്ല ഓർമകളാണ്. ഇന്നത്തെ കുട്ടികളും ഈ അനുഭവങ്ങളിലൂടെയെല്ലാം കടന്നുപോകണമെന്നാണ് എന്റെ ആഗ്രഹം. കാരണം അത് എന്നും നമ്മളുടെ കൂടെയുണ്ടാകും'- ദുൽഖർ കുറിച്ചു.

സുമലത വലിയൊരു മാതൃകയാണ്: ഖുശ്ബു

പ്രധാനമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ നിധിയിലേക്ക് ഒരു കോടി രൂപ സംഭാവന ചെയ്ത് നടിയും എംപിയുമായ സുമലത. താരത്തിന്റെ എംപി ഫണ്ടിൽ നിന്നാണ് സംഭാവന നൽകിയിരിക്കുന്നത്. കർണാടക, തെലുങ്കാന മുഖ്യമന്ത്രിമാരുടെ ദുരിതാശ്വാസ നിധിയിലേക്ക് രണ്ട് ലക്ഷം വീതവും സുമലത സംഭാവന നൽകിയിട്ടുണ്ട്. സുമലതയുടെ മണ്ഡലമായ മാണ്ഡ്യയിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി എംപി ഫണ്ടിൽ നിന്ന് 50 ലക്ഷവും അനുവദിച്ചിട്ടുണ്ട്.

സുമലതയെ പ്രശംസിച്ച് കോൺഗ്രസ് നേതാവും നടിയുമായ ഖുശ്ബു രംഗത്ത് എത്തി. നിങ്ങൾക്ക് വലിയൊരു ഹൃദയമുണ്ട്, നിങ്ങളൊരു മാതൃകയാവുകയാണ് എന്ന് ഖുശ്ബു ടിറ്ററിൽ കുറിച്ചു. തിരിച്ച് സുമലതയും ഖുശ്ബുവിനു നന്ദി പറഞ്ഞു. സംശയമുള്ളവർക്കും വിമർശകർക്കും വേണ്ടിയാണ് സംഭാവന നൽകിയ കത്തിൽ വ്യക്തമായി എംപി ഫണ്ടിൽ നിന്നുള്ള പണമാണെന്ന് പറയുന്നത്. രാഷ്ട്രിയത്തിന്റെ പേരിൽ അല്ല ഈ സംഭാവ നൽകിയിരിക്കുന്നത്.

എല്ലാവരും വീടുകളിൽ തന്നെ തുടരുക. ഒരു പൗരനെന്ന നിലയിൽ ഉത്തരവാദിത്യങ്ങൾ മറക്കാതെ ഇരിക്കുക. സുമലത വ്യക്തമാക്കുന്നു. അക്ഷയ് കുമാർ, കണങ്ക, ഹൃതിക് അടക്കമുള്ള നിരവധി താരങ്ങൾ പ്രധാനമന്ത്രിയുടെ റിലീഫ് ഫണ്ടിലേക്ക് സംഭാവനകൾ വാഗ്ദാനം ചെയ്തിരുന്നു.

മെട്രോ വാർത്ത

ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

1195 മീനം 19 ശഅ്ബാൻ 6

2020 ഏപ്രിൽ 1 ബുധൻ

അധിക സംസ്കരണത്തിന് മിൽമ സൗകര്യമൊരുക്കണം

കേരളത്തിന്റെ കാർഷിക മേഖലയിൽ സമീപകാലത്തുണ്ടായ വലിയ നേട്ടങ്ങളിലൊന്നാണ് ക്ഷീരോത്പാദനത്തിൽ കൈവരിച്ച സ്വയംപര്യാപ്തത. കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ പ്രതിദിനം ആറു ലക്ഷം ലിറ്റർ മാത്രമായിരുന്ന ഉത്പാദനം ഇപ്പോൾ ഇരുപതു ലക്ഷം ലിറ്ററിലേക്കു കുതിച്ചുയർന്നു. കൊടും വേനൽക്കാലത്തൊഴികെ, കേരളത്തിന് ആവശ്യമുള്ളതിനെക്കാൾ കൂടുതൽ പാൽ ഇവിടെ ഉത്പാദിപ്പിക്കാൻ കഴിയുന്നുണ്ട്. ചിലപ്പോഴെങ്കിലും അതിലും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും സംഭരിച്ചു സൂക്ഷിക്കാൻ കഴിയാത്ത അവസ്ഥയിലാണു മിൽമ. 2018ലെ പ്രളയം ഉണ്ടായിരുന്നില്ലെങ്കിൽ ആ വർഷം മുതൽ കേരളം പാൽ മിച്ചമുള്ള സംസ്ഥാനമായി മാറുമായിരുന്നു. കേരളത്തിലെ ലക്ഷക്കണക്കായ ക്ഷീര കർഷകരുടെ വിയർപ്പിന്റെ വിലയാണ് ഈ നേട്ടം. എന്നാൽ, അത് അവർക്കു തന്നെ ശാപമാകുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്.

മറ്റെല്ലാ മേഖലകളിലുമെന്ന പോലെ ക്ഷീരോത്പാദനത്തെയും കൊവിഡ് 19 വളരെ ഗുരുതരമായി ബാധിച്ചു. മനുഷ്യരുടെ ദൈനംദിനാവശ്യങ്ങൾക്കുള്ള ഭക്ഷണവും വെള്ളവും മറ്റു സൗകര്യങ്ങളും സർക്കാർ ഉറപ്പു വരുത്തിയപ്പോൾ കന്നുകാലികളടക്കമുള്ള മിണ്ടാപ്രാണികളുടെ കാര്യത്തിൽ വേണ്ടത്ര കരുതലുകളുണ്ടായില്ല. പക്ഷേ, അവയെ കർഷകർ കൈവിടുന്നില്ല. ഈ കഷ്ടപ്പാടിന് അവർക്കു പ്രതിഫലം കിട്ടുന്നില്ലെന്നു മാത്രം. കൊവിഡ് മൂലം വിപണി അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ ഉത്പാദിപ്പിക്കുന്ന പാൽ മുഴുവൻ ഉപയോഗിച്ചു തീർക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ക്ഷീര കർഷകരുടെ കൂട്ടായ്മയായ മിൽമയാണു കേരളത്തിലെ പാൽസംഭരണത്തിനും വിപണനത്തിനും മേൽനോട്ടം വഹിക്കുന്നത്. മലബാർ, എറണാകുളം, തിരുവനന്തപുരം എന്നിങ്ങനെ മൂന്നു മേഖലകളിലായാണു മിൽമയുടെ സംഭരണവും വിതരണവും. അതിൽ മലബാർ, എറണാകുളം മേഖലകളിൽ സംഭരിക്കുന്ന മുഴുവൻ പാലും വിതരണം ചെയ്തു തീർക്കാൻ മിൽമയ്ക്കു കഴിയുന്നില്ല. തിരുവനന്തപുരത്തു സ്ഥിതി അൽപ്പം കൂടി മെച്ചമാണ്.

മലബാർ മേഖലയിൽ ശരാശരി ആറു ലക്ഷം ലിറ്ററാണ് പ്രതിദിന ഉത്പാദനം. അതിൽ കഷ്ടിച്ചു മൂന്നു ലക്ഷം ലിറ്റർ മാത്രമേ കഴിഞ്ഞ ഏതാനും ദിവസങ്ങളായി വിതരണം ചെയ്യാൻ കഴിയുന്നുള്ളൂ. ബാക്കി വരുന്ന മൂന്നു ലക്ഷം ലിറ്റർ പാലിൽ സാധ്യമായത്ര അളവിൽ തമിഴ്നാട്ടിലേക്ക് അയച്ച്, അവിടെയുള്ള പാൽപ്പൊടി നിർമാണ ശാലയിൽ ഉപോത്പന്നങ്ങളാക്കി മാറ്റാനായിരുന്നു പദ്ധതി. എന്നാൽ കേരളത്തിൽ കൊവിഡ് ബാധിതരുടെ എണ്ണം കൂടുന്നു എന്ന കാരണത്താൽ തമിഴ്നാട് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷൻ ഇവിടെ നിന്നുള്ള പാൽ ഏറ്റെടുക്കുന്നില്ല. കഴിഞ്ഞ ദിവസം കേരളത്തിൽ നിന്നു കൊണ്ടുപോയ പാൽ ഇറക്കാൻ കഴിയാതെ മടക്കിക്കൊണ്ടു പോരേണ്ടിവന്നു. ഈ സാഹചര്യത്തിൽ മലബാർ, എറണാകുളം മേഖലാ യൂണിയനുകൾ ഇന്നു മുതൽ പാൽസംഭരണത്തിൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമെന്നാണ് അറിയിച്ചിരിക്കുന്നത്. ഉത്പാദിപ്പിക്കപ്പെടുന്ന പാലിന്റെ പകുതി മാത്രമേ സംഭരിക്കാൻ കഴിയൂ എന്ന നിലപാടിലാണു മിൽമ. ഇതു ക്ഷീര കർഷകർക്കു കനത്ത ആഘാതമാകും. കറന്നെടുക്കുന്ന പാൽ ഏതാനും മണിക്കൂറുകൾ മാത്രമേ സൂക്ഷിച്ചു വയ്ക്കാൻ കഴിയൂ എന്നിരിക്കെ, ലക്ഷക്കണക്കിനു ലിറ്റർ പാൽ എന്തു ചെയ്യണമെന്നറിയാതെ സങ്കടപ്പെടുകയാണവർ.

ഉത്പാദനം കൂടുന്നതിനനുസരിച്ച് സംസ്കരണത്തിനുള്ള സൗകര്യവും കൂട്ടേണ്ടതുണ്ട്. മിൽമയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പാൽപ്പൊടി നിർമാണ യൂണിറ്റ് ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലാണ്. അതാവട്ടെ കാലഹരണപ്പെട്ട നിലയിലും. ഇവിടെ ഉപോത്പന്നങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞാൽ ഏത് അവസരത്തിലും പാൽ പാഴായിപ്പോകാതെ ഉപയോഗിക്കാൻ കഴിയും. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ക്ഷീരോത്പാദനത്തിൽ കേരളം കൈവരിച്ച നേട്ടത്തിന്റെ ഗുണഭോക്താക്കളാകാൻ ക്ഷീര കർഷകർക്ക് അവസരം നൽകാതെ പോയതിനു മിൽമ തന്നെയാണു കാരണക്കാർ. പുന്നപ്രയിലെ പാൽ സംസ്കരണശാല വിപുലമാക്കിയും മലബാറിലും എറണാകുളത്തും തെക്കൻ കേരളത്തിലും കൂടുതൽ പാൽപ്പൊടി നിർമാണ യൂണിറ്റുകൾ തുറന്നും എത്രയളവിൽ ഉത്പാദിപ്പിക്കപ്പെടുന്ന പാലും സംഭരിച്ചു സംസ്കരിക്കാനുള്ള ശേഷി ഉണ്ടാക്കാമായിരുന്നു. ഉത്പാദനം വർധിപ്പിക്കാൻ കർഷകരെ ആഹ്വാനം ചെയ്യുന്ന മിൽമ, അതെല്ലാം സംഭരിച്ചു സംസ്കരിക്കാൻ നടപടി സ്വീകരിക്കാത്തതു കൊടിയ പാതകമാണ്, കർഷക ദ്രോഹമാണ്.

അതുപോലെ തന്നെ കടുത്ത അനീതിയാണു കേരളത്തിൽ ഉത്പാദിപ്പിക്കുന്ന പാൽ താൽക്കാലികമായിപ്പോലും സംസ്കരിച്ചു തരില്ലെന്ന തമിഴ്നാട് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷന്റെ നിലപാടും. അവിടെ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറി, പാൽ, മുട്ട, മാംസം തുടങ്ങി എല്ലാത്തരം ഉത്പന്നങ്ങളും അവർ യഥേഷ്ടം വിറ്റഴിക്കുന്നത് ഇവിടെയാണ്. മാരകമായ കീടനാശിനികൾ വരെ പ്രയോഗിച്ചാണ് ഇതിൽ പലതും ഇവിടേക്കു കൊണ്ടുവരുന്നത്. രോഗാവസ്ഥയിലുള്ള കന്നുകാലികളെയും കോഴിയടക്കമുള്ള പക്ഷികളെയും തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്ന് ഇവിടെ യഥേഷ്ടം വിറ്റഴിച്ചിട്ടുണ്ട്. എന്നിട്ടും മതിയായ സൗകര്യങ്ങളെല്ലാമുണ്ടായിട്ടും കേരളത്തിൽ നിന്നു കൊണ്ടുവന്ന മൂന്നു ലക്ഷം ലിറ്റർ പാൽ സംസ്കരിച്ചു പാൽപ്പൊടിയാക്കി മാറ്റാൻ വിസമ്മതിച്ച തമിഴ്നാടിന്റെ നടപടി മനുഷ്യത്വ രഹിതവും അങ്ങേയറ്റം പ്രതിഷേധാർഹവുമാണ്.

ഗുരുവരുൾ

ആശ്വാസം ലഭിക്കും പക്ഷെ ചികിത്സയില്ല...

അന്ന് രാവിലെ മുതൽ ആശ്രമത്തിൽ എല്ലാവരും ജോലികളിലായിരുന്നു. വൈകുന്നേരം ഗുരുവിന്റെ മുന്നിൽ പ്രാർത്ഥനയ്ക്കായി എത്തുമ്പോൾ ഇത് അവസാനിപ്പിച്ച് കിടക്കണം എന്ന ചിന്തയായിരുന്നു എല്ലാവരുടെയും ഉള്ളിൽ.

പതിവ് പ്രാർത്ഥനകൾക്ക് ശേഷം എന്തെങ്കിലും അറിയാനുണ്ടോ എന്ന ചോദ്യം ഗുരു ഉയർത്തിയിട്ടും മറുപടി ഒന്നു വന്നില്ല. ക്ഷീണിച്ച കണ്ണുകളിലേക്ക് നോക്കി ഗുരു അവരോടു ചോദിച്ചു വ്യാധി വരാവിരിക്കാൻ വിശ്രമിക്കാൻ ആഗ്രഹിക്കുമ്പോഴാ ഭക്തി, അല്ലേ.

വിമർശനാത്മകമായ ആ സംസാരം ചിരി പടർത്തി. അത് അവർക്ക് ഉൻമേഷം നൽകി. അതിനൊപ്പം ഗുരു ഒരു മറുപടി നൽകി. വ്യാധിക്ക് ഭക്തിയല്ല മരുന്ന് പക്ഷെ മനസാണ് മരുന്ന്.

അതായത് മനുഷ്യരിൽ ദുരിതം വിതയ്ക്കുന്ന ഏത് സാഹചര്യത്തെയും ഓരോ വിശ്വാസവിഭാഗങ്ങളും, അവിശ്വാസവിഭാഗങ്ങളും അവർക്ക് അനുകൂലമായ ന്യായീകരണങ്ങൾ കണ്ടെത്തി സ്വയം വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യും. ഇത് അവരുടെ മനസിനെ ആശ്വസിപ്പിക്കാൻ വേണ്ടി ചെയ്യുന്നതാണ്. അതിനെ നാം നിഷേധിക്കരുത് അതിന് ചെവി കൊടുക്ക. എന്നിട്ട് നിങ്ങളുടെ ശരീരം നിങ്ങളോട് ആവശ്യപ്പെടുന്ന ഒന്നുണ്ട് അത് ചെയ്യുകൻ അത് വിശ്രമമാവും, മരുന്നാകും. നടുവ് വേദനിക്കുമ്പോൾ കിടക്കാം എന്നും, തൈലം പുരട്ടാം എന്നും തീരുമാനിക്കുന്നത് നിങ്ങൾ തന്നെയാണ്. അതുപോലെയാണ് ഏതും.

വിശ്വാസത്തിൽ ചികിത്സയുണ്ടോ എന്നല്ല, ചികിത്സയിൽ വിശ്വാസമുണ്ടോ? എന്നാണ് ഇത്തരണത്തിൽ ആലോചിക്കേണ്ടത്. രോഗം വരുമ്പോൾ ഭൗതികമായ സൂക്ഷ്മതയും, ശാസ്ത്രീയമായ പ്രതിരോധ മാർഗങ്ങളും തന്നെയാണ് അത്തരം സന്ദർഭങ്ങളിലെ യഥാർഥ ദൈവികരീതി എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

അന്ന് പുറത്തേക്ക്, ഇന്ന് അകത്തേക്ക്

പരിചിതമല്ലാത്തതും അസാധാരണവുമായ ഈ നടപടികളൊക്കെ വേണ്ടിവരുന്നത് വില്ലൻ അത്രമാത്രം മാരകമാകുന്നതുകൊണ്ടാണ്. രോഗബാധിതർ ദിവസം പ്രതി റെക്കോഡ് സംഖ്യയിലേക്ക് കുതിക്കുന്നു.

വീണ്ടുവിചാരം

ജോസഫ് എം. പുതുശേരി

ലോക്ക്ഡൗൺ ഒരാഴ്ച പിന്നിടുകയാണ്. നമുക്ക് ഒട്ടും പരിചിതമല്ലാത്ത അവസ്ഥാവിശേഷം. അതുകൊണ്ടായിരിക്കാം അതിനോട് പെട്ടെന്ന് പൊരുത്തപ്പെടുക പലർക്കും ബുദ്ധിമുട്ടായത്. അത് പൊലീസിന്റെ അദ്ധ്വാനഭാരം വർധിപ്പിച്ചു. കർശനമായ ഇടപെടൽ വേണ്ടിവന്നു, കേസും. ദിവസങ്ങൾ പിന്നിടുമ്പോൾ കേസുകളുടെ എണ്ണം കുറഞ്ഞു വരുന്നു എന്നതാണ് ഒരു സമാശ്വാസം. പ്രശ്നത്തിന്റെ ഗൗരവം ബോധ്യപ്പെട്ട് പെരുത്തപ്പെടലിന് എല്ലാവരും സന്നദ്ധരായി വരുന്നു എന്നർത്ഥം.

അല്ലാതെ മറ്റൊരു പോംവഴിയുമില്ലെന്നതാണ് യാഥാർത്ഥ്യം. കൊറോണ വൈറസ് എന്ന കോവിഡ് -19 ലോകത്തെ കീഴടക്കുമ്പോൾ രക്ഷപെടാനുള്ള ഒരേയൊരുമാർഗം സാമൂഹ്യ അകലം പാലിക്കുക എന്നതു മാത്രമാണ്. അതുവഴി സമൂഹവ്യാപനത്തിനുള്ള വഴി അടയ്ക്കുക. ബ്രേക്ക് ദ ചെയിൻ.

പ്രശ്നത്തിന്റെ അതീവ ഗൗരവം ഉൾക്കൊണ്ടതുകൊണ്ടാണ് റഷ്യൻ ജനതയുടെ മുന്നിൽ പ്രസിഡന്റ് വാൽഡിമിർ പുട്ടിൻ കാർക്കശ്യത്തോട് രണ്ട് ഉപാധികൾ വച്ചത്. 'ഒന്നുകിൽ 15 ദിവസം വീട്ടിലിരിക്കാം; അല്ലെങ്കിൽ അഞ്ച് വർഷം ജയിലിൽ കിടക്കാം'.

അതിൽ പരാജയപ്പെട്ട രാജ്യങ്ങളിലെ ദുരവസ്ഥ നാം കണ്ടു. പൊട്ടിക്കരഞ്ഞുകൊണ്ടാണ് ഇറ്റാലിയൻ പ്രസിഡന്റ് പ്രതികരിച്ചത്. 'കാര്യങ്ങൾ ഞങ്ങളുടെ നിയന്ത്രണത്തിന് പുറത്താണ്; പകർച്ചവ്യാധി നമ്മെ കൊല്ലുകയാണ്. ഭൂമിയിൽ ചെയ്യാനുള്ള പരിഹാരമാർഗങ്ങൾ അവസാനിച്ചു. ഇനി ദൈവത്തിലേക്ക് വിടുകയാണ്'- അദ്ദേഹം നിസഹായാവസ്ഥ പങ്കുവച്ചു. ഈ ദുരവസ്ഥ വരാതിരിക്കാനാണ് ലോക്ക്ഡൗൺ.

ഇങ്ങനെയൊരു ചിത്രം കണ്ട ആരുമുണ്ടാകില്ല. രാജ്യാതിർത്തികൾ അടച്ചിരിക്കുന്നു. സംസ്ഥാന അതിർത്തികളും അടച്ചു. വിദേശ, ആഭ്യന്തര വിമാനസർവീസുകൾ നിർത്തിവച്ചിരിക്കുന്നു. ട്രെയിനുകൾ നിർത്തി. ബസ്, ടാക്സി, ഓട്ടോ അടക്കം മോട്ടോർ മേഖല മുഴുവൻ പൂർണമായും സ്തംഭിച്ചു.

സ്വതന്ത്ര ഇന്ത്യയിൽ ട്രെയിൻ ഗതാഗതം നിലയ്ക്കുന്നത് ഇത് മൂന്നാം തവണ. 1973 ൽ ലോക്കോ പൈലറ്റുമാരുടെ നേതൃത്വത്തിൽ നടന്ന പണിമുടക്കായിരുന്നു ആദ്യത്തേത്. 1974 മെയ് 8 മുതൽ 27 വരെ റെയിൽവേ ജീവനക്കാർ നടത്തിയ 20 ദിവസത്തെ ദേശീയ പണിമുടക്കായിരുന്നു അടുത്തത്. 45 വർഷത്തിനുശേഷം കൊറോണ വൈറസ് റെയിൽവേ എന്ന ഇന്ത്യയുടെ ജീവനാഡിയെ സ്തംഭിപ്പിച്ചിരിക്കുന്നു.

പരിചിതമല്ലാത്തതും അസാധാരണവുമായ ഈ നടപടികളൊക്കെ വേണ്ടിവരുന്നത് വില്ലൻ അത്രമാത്രം മാരകമാകുന്നതുകൊണ്ടാണ്. രോഗബാധിതർ ദിവസംപ്രതി റക്കോർഡ് സംഖ്യയിലേക്ക് കുതിക്കുന്നു. രാഷ്ട്രത്തലവന്മാർ വരെ കൊറോണ ബാധിതരായി നിരീക്ഷണത്തിൽ. വൈറസ് ബാധ തുടങ്ങിയ ചൈനയെ മറികടന്നു സ്പെയിനും ഇറ്റലിയും രോഗബാധയേറ്റ് കിതയ്ക്കുന്നു. അമെരിക്ക അടുത്ത കേന്ദ്രമായി വളർന്നിരിക്കുന്നു. 188 രാജ്യങ്ങളെ കോവിഡ് കീഴടക്കിയിരിക്കുന്നു.

കോവിഡിന് ഇതുവരെയും മരുന്നു കണ്ടുപിടിച്ചിട്ടില്ല എന്നതാണു ആശങ്കപ്പെടുത്തുന്ന കാര്യം. ഒരു വർഷമെങ്കിലും എടുക്കുമെന്നാണു ലോകാരോഗ്യസംഘടന വ്യക്തമാക്കിയിരിക്കുന്നത്. ഗവേഷണങ്ങളും മറ്റും തകൃതിയായി നടക്കുന്നു; ഈ മാരക വൈറസിനെ പിടിച്ചുകെട്ടാൻ.

ഈ ഘട്ടത്തിലാണു ആരോഗ്യ മേഖലയിലും അനുബന്ധപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നവരെ നാം ഓർക്കേണ്ടത്. സ്വന്തം ജീവൻ പോലും പണയപ്പെടുത്തിയുള്ള സേവനം. ജനതാ കർഫ്യൂവിൽ മണി മുഴക്കിയും പാത്രം കൊട്ടിയും നാം അവരെ അഭിനന്ദിച്ചു. വീണ്ടും നമുക്കവരെ അഭിവാദ്യം ചെയ്യാം.

എല്ലാ മേഖലകളും നിശ്ചലമായതോടെ രൂപപ്പെടുന്ന ബുദ്ധിമുട്ടുകളേറെ. ലോക്ക്ഡൗണിനു മുൻപു തന്നെ സ്കൂളുകളടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചു. ഇതോടെ ഭക്ഷണത്തിനായി സ്കൂളുകളെ മാത്രം ആശ്രയിച്ചിരുന്ന 30 കോടിയോളം കുട്ടികൾ ദുരിതത്തിലായിരിക്കുകയാണെന്നു യു.എന്നിന്റെ ലോക ഭക്ഷണ പദ്ധതി (WFP) തന്നെ സാക്ഷ്യപ്പെടുത്തുന്നു.

ലോകവിദ്യാർഥി ജനസംഖ്യയുടെ പകുതിയോളം വരുന്ന 86 കോടിയലധികം പേരും കൊറോണ പശ്ചാത്താലത്തിൽ പഠനത്തിൽ നിന്നു വിട്ടുനിൽക്കേണ്ടി വന്നിട്ടുണ്ട്. ഇതിനകം 30 കോടി കുഞ്ഞുങ്ങൾക്കും സ്കൂളിൽ സൗജന്യമായി വിതരണം ചെയ്തിരുന്ന ഭക്ഷണവും നഷ്ടപ്പെട്ടു. ഡബ്ല്യുറ്റിഎഫ് നേരിട്ടു 61 രാജ്യങ്ങളിലെ 1.8 കോടി വിദ്യാർഥികൾക്കു ഭക്ഷണം എത്തിച്ചു നൽകുന്നുണ്ട്. ഇതിൽ 90 ലക്ഷത്തിനും ഇതു കിട്ടാതെയായി. വരും ദിവസങ്ങളിൽ ഇതു വർധിച്ചേക്കും. പ്രശ്നത്തിന്റെ ആഴം വരച്ചുകാട്ടുന്ന റിപ്പോർട്ടാണിത്.

ലോക്ക്ഡൗണിനു ശേഷം നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ദിവസക്കൂലിക്കാരായ ആളുകൾ യാതൊരു വരുമാനവുമില്ലാതെ പകച്ചു നിൽക്കുന്നു. വരുമാനമോ താമസ സൗകര്യമോ ഇല്ലാതെ സ്വന്തം ഗ്രാമങ്ങളിലേക്കു, അതും 400-ഉം 600-ഉം കിലോമീറ്റർ ദൂരം കാൽനടയായി പാലായനം ചെയ്യേണ്ടിവരുന്ന പതിനായിരങ്ങളുടെ ചിത്രമാണു കഴിഞ്ഞ ദിവസങ്ങളിൽ നമുക്കു കാണേണ്ടിവന്നത്. ഈ കൂട്ടപാലയനം സാമൂഹ്യ അകലമെന്ന ലക്ഷ്യം അട്ടിമറിക്കുമോ എന്ന ആശങ്കയും പലരും പങ്കുവച്ചിട്ടുണ്ട്.

ഇത്തരത്തിൽ ഉടലെടുക്കുന്ന അനുബന്ധ പ്രയാസങ്ങൾ ഏറയാണ്. അതിനെ അഭിമുഖീകരിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സാമ്പത്തിക പാക്കെജുകൾ പ്രഖ്യാപിച്ചിട്ടുമുണ്ട്. കേന്ദ്രം 1.70 ലക്ഷം കോടി രൂപയുടേയും സംസ്ഥാനം ഇരുപതിനായിരം കോടിയുടേയും.

സാമൂഹ്യ അടുക്കള ഉൾപ്പെടെ അശരണർക്കു ഭക്ഷണം എത്തിക്കാനുള്ള പദ്ധതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തുടങ്ങിക്കഴിഞ്ഞു. ഒരുമിച്ചു നിന്നു ഈ വ്യാധിയെ തുരത്തുക. മുൻകാലങ്ങളിലേപ്പോലെ ഏതു പ്രതിസന്ധിയേയും അതിജീവിക്കുക. അതിനുവേണ്ടിയുള്ള സ്വയം നിയന്ത്രണവും സമർപ്പണവുമാണ് ഇന്നു അനിവാര്യമായിട്ടുള്ളത്. പ്രളയമായിരുന്നു ഒടുവിൽ നാം അഭിമുഖീകരിച്ച പ്രതിസന്ധി. ഒരുമിച്ചു നിന്നു നാം അതിനെ അതിജീവിച്ചു. ഇന്നു ഒരു വ്യത്യാസം മാത്രം. അന്നു വീട്ടിൽ നിന്നു ഇറങ്ങാൻ പറഞ്ഞു. ഇന്നു വീട്ടിലിരിക്കാനാണ് ആഹ്വാനം. അന്നു ഇറങ്ങാൻ വിസമ്മതിച്ചവരുടെ ബുദ്ധിമുട്ടു നാം നേരിൽ കണ്ടു. ഇന്നു വീട്ടിലിരിക്കാൻ വിസമ്മതിച്ചാൽ അവർമാത്രമല്ല സമൂഹമാകെ ആയിരിക്കും ശിക്ഷിക്കപ്പെടുക.

കൊറോണയെ അതിജീവിച്ചാലും രാജ്യം അഭിമുഖീകരിക്കാൻ പോകുന്ന പ്രതിസന്ധി വലുതായിരിക്കുമെന്നാണു റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ് വ്യക്തമാക്കിയിരിക്കുന്നത്. ആഘാതം വലുതായിരിക്കുമെന്നു വ്യക്തം.

ഒന്നിനുപുറകെ ഒന്നായി ഇത്തരം ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവരുമ്പോഴും ഗുണപരമായ ഒരു മാറ്റത്തിനു വിധേയമാവാൻ നമുക്കാവുമോ? അതോ എല്ലാം കീഴടക്കാനുള്ള ആക്രാന്തവുമായി അധീശശക്തി ഉറപ്പിക്കാൻ തന്നെയായിരിക്കുമോ നമ്മുടെ വ്യഗ്രത?.

അണുആയുധമടക്കമുള്ള എല്ലാ കോപ്പും കൂട്ടി പരസ്പരം വെല്ലുവിളിച്ചു കഴിയുന്ന ലോകശക്തികൾ സൂക്ഷ്മാണുവായ ഒരു വൈറസിന്റെ മുന്നിൽ പതറുന്നത്, വിളറിവെളുക്കുന്നതു, നിസഹായത പ്രകടിപ്പിക്കുന്നത് നാം കാണുകയാണ്. എല്ലാം തികഞ്ഞവനാണെന്ന അഹങ്കാരം ഈ നിമിഷമെങ്കിലും നാം മാറ്റിവയ്ക്കുമോ? പ്രപഞ്ചവും പ്രകൃതിയും ഈ ലോകത്തിലുള്ളതെല്ലാം എനിക്കുള്ളതാണ്; എനിക്കു മാത്രമുള്ളതാണ് എന്ന മനുഷ്യന്റെ ധിക്കാരമടങ്ങിയ ചിന്താധാരയ്ക്ക് ഇനിയെങ്കിലും മാറ്റമുണ്ടാവുമോ?

എല്ലാത്തിനും ഒരതിർവരമ്പുണ്ട്. ജീവജാലങ്ങൾക്കെല്ലാം അതിന്റേയായ സ്ഥാനവും പ്രധാന്യവുമുണ്ട്. അത് അംഗീകരിച്ച്, സമഞ്ജസമായ സമന്വയം ഉണ്ടാകുമ്പോഴാണു പ്രപഞ്ചം ക്രമീകൃതമായി നിലനിൽക്കുന്നത്. എന്നാൽ മനുഷ്യന്റെ ത്വര അതിന്റെ താളം തെറ്റിച്ചിരിക്കുന്നു. അപ്പോൾ അതിന്റെ ദുരന്തഫലങ്ങൾ ഏറ്റുവാങ്ങാൻ നാം നിർബന്ധിതരാവുന്നു. ഒഴിഞ്ഞുമാറാൻ കഴിയാത്തതുപോലെ.

അനുഭവങ്ങൾ ഏറ്റവും നല്ല അധ്യാപകരാണെന്നാണു പറയാറ്. കേട്ടും കണ്ടും അനുഭവിച്ചുമറിഞ്ഞ കാര്യങ്ങൾ നമുക്കു പാഠമാവുമോ? സന്നിഗ്ധ ഘട്ടങ്ങൾ അതിനുള്ള ഉത്തരവാദിത്വം ആണു തേടുക. അത്തരം കരുതലിനായി നമുക്കു സ്വയം രൂപപ്പെടാം.

ഈ പ്രതിസന്ധി അകലും; ഇതിനെ നാം അതിജീവിക്കും. ഓട്ടോയും ടാക്സിയും ബസും ട്രയിനുമെല്ലാം പഴയതുപോലെ ഓടും. വിമാനങ്ങൾ വീണ്ടും പറക്കും. നിത്യജീവിതത്തിലേക്കു നാം തിരിച്ചുവരും. അതിനു ആശങ്കവേണ്ട; അൽപകാലം അകലം പാലിച്ചാൽ മതി.

ആഴങ്ങളിൽ നിന്ന് തിരികെ എത്തുന്ന മാരക വൈറസുകൾ

ഡോ. പ്രസാദ് അലക്സ്

മനുഷ്യരാശിയുടെ പ്രയാണം ബാക്റ്റീരിയയോടും വൈറസിനോടുമൊക്കെ യുദ്ധം ചെയ്തും സമരസപ്പെട്ടുമൊക്കെയുള്ള യാത്രയുടെ ചരിത്രം കൂടിയാണ്. വസൂരി, പ്ളേഗ്, കോളറ, ക്ഷയം തുടങ്ങി എന്തുമാകട്ടെ, ഇവയ്ക്കെതിരെ പ്രതിരോധശേഷി മനുഷ്യൻ ആർജിക്കുന്നതിനനുസിച്ച് അത് മറികടക്കാനുള്ള വീര്യം രോഗകാരികളിൽ ഉണ്ടായി വരുന്നു. രോഗങ്ങളെ പ്രതിരോധിക്കാനും അതിജീവിക്കാനുമുള്ള ശേഷി പരിണാമഗതിയിൽ ആർജിച്ചതുണ്ട്. അത്തരം കാര്യങ്ങളും ഈ മാരക വൈറസ് പടരുമ്പോൾ നമ്മൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

മനുഷ്യൻ കണ്ടെത്തിയ മരുന്നിനെ മറികടക്കാനുള്ള പ്രതിരോധം രോഗകാരികളായ ബാക്റ്റീരിയകളിൽ ഈ ഔഷധങ്ങൾക്കെതിരെ ക്രമേണ ഉരുത്തിരിയുന്നു. ഈ യുദ്ധം അവസാനിക്കുന്നില്ല. പുതുതലമുറ മരുന്നുകൾ, അവയെ അതിജീവിക്കുന്ന രോഗകാരികൾ അങ്ങനെ കഥ തുടരുന്നു. ഇവിടെ ചർച്ച ചെയ്യുന്നത് അല്പം വ്യത്യസ്തമായ കാര്യമാണ്; ആയിരക്കണക്കിന് വർഷങ്ങൾ ഇല്ലാതിരുന്ന, ഒരുപക്ഷേ മനുഷ്യരാശി ഇത് വരെ ഒരു തരത്തിലും സമ്പർക്കത്തിൽ വന്നിട്ടുണ്ടാവാൻ ഇടയില്ലാത്ത അതീവമാരകശേഷിസാധ്യതയുള്ള പ്രാചീന സൂക്ഷ്മജീവികളെ നേരിടേണ്ടിവരുന്ന സ്ഥിതിവിശേഷത്തെക്കുറിച്ചാണ്.

പെർമാഫ്രോസ്റ്റിനടിയിൽ നിന്ന് 'ഉറക്കം' ഉണരുന്നവർ

മണ്ണും പാറയും ഐസും ചേർന്ന് സ്ഥിരമായി ഉറച്ചുപോയ ഭൂഭാഗങ്ങളാണ് 'പെർമാഫ്രോസ്റ്റ് (Permafrost)' എന്നറിയപ്പെടുന്നത്. ധ്രുവങ്ങളോട് അടുത്ത് വരുന്ന പ്രദേശങ്ങളിലും വൻപർവ്വതനിരകളിലുമൊക്കെ പെർമാഫ്രോസ്റ് ഉണ്ട്. ഇവയുടെ ഉപരിതലം മഞ്ഞുമൂടിയതാവണമെന്ന് നിർബന്ധമില്ല. ആയിരക്കണക്ക് വർഷങ്ങളിങ്ങനെ ഉറഞ്ഞിരുന്ന പെർമാഫ്രോസ്റ്റ് ഇപ്പോൾ അലിഞ്ഞു തുടങ്ങിയിരിക്കുന്നു. സംശയലേശമന്യേ കാലാവസ്ഥാവ്യതിയാനം തന്നെ കാരണം. ഉറഞ്ഞുപോയ മണ്ണലിയുമ്പോൾ അതിനടിയിൽപ്പെട്ടുപോയിരുന്ന പൗരാണികമായ സൂക്ഷ്മജീവികളെ മുക്തമാക്കുന്നു. എന്ന് മാത്രമല്ല ഉറഞ്ഞുസുപ്തമായിപ്പോയിരുന്നവ പൊടുന്നനെ സജീവതയിലേക്ക് ഉണരുകയും ചെയ്യാം.

മനുഷ്യരിൽ ആന്ത്രാക്സ് ഏതാണ്ട് നിയന്ത്രിക്കപ്പെട്ട രോഗമാണ് . 1979ൽ റഷ്യയിലാണ് അവസാനമായി കാര്യമായ രോഗബാധയുണ്ടായത്. മനുഷ്യനിൽ നിന്ന് മനുഷ്യനിലേക്ക് പകരുകയും ചെയ്തു. പക്ഷേ ഒരു ജൈവായുധം എന്ന നിലയിൽ ഇപ്പോഴും സാംഗത്യമുള്ള രോഗമാണ് ആന്ത്രാക്സ്. ചില വർഷങ്ങൾക്ക് മുൻപ് സൈബീരിയയിൽ അവിചാരിതമായി പ്രത്യക്ഷകാരണങ്ങൾ ഇല്ലാതെ ആന്ത്രാക്സ്ബാധയുണ്ടായി. 2016 ഓഗസ്റ്റിൽ 'യാ മൽ' പ്രവിശ്യയിലാണ് രോഗബാധ ഉണ്ടായത്. പന്ത്രണ്ട്കാരനായ ഒരു ബാലൻ മരിച്ചു. ഇരുപതിലധികം പേർ ആശുപത്രികളിൽ ചികിത്സ തേടി. ആർട്ടിക് വൃത്തത്തിൽപെടുന്ന വിദൂരമായൊരു സൈബീരിയൻ ഉപദ്വീപാണ് 'യാമൽ'. പ്രധാനമായും 'തുണ്ട്റാ' പ്രദേശമാണിത്.(ധ്രുവ പ്രദേശങ്ങളിലെ പൊതുവേ വരണ്ട പീഠഭൂമികളാണ് 'തുണ്ട്റാ' എന്നറിയപ്പെടുന്നത്. കുള്ളൻ സസ്യങ്ങളാണ് സവിശേഷത. കുറ്റിച്ചെടികളും ചില പുൽവർഗങ്ങളും പന്നൽ ചെടികളുമാണ് പൊതുവേ ഉണ്ടാകുക) എഴുപത്തഞ്ച് വർഷം മുൻപ് ആന്ത്രാക്സ് മൂലം ചത്തുപോയ റെയ്ൻഡിയറിന്റെ (ധ്രുവ പ്രദേശത്തെ കലമാൻ) അവശിഷ്ടമാണ് പ്രഭവകേന്ദ്രമെന്നാണ് നിഗമനം. 'പെർമാഫ്രോസ്റ്റിന്റെ' ഒരു പാളിക്കുള്ളിൽ ശരീരാവശിഷ്ടം ഉറഞ്ഞു പോയിരുന്നു. 2016-ലെ ഉഷ്ണവാതത്തിൽ ഹിമമൺപാളി അലിഞ്ഞതോടെ ആന്ത്രാക്സ്ബാക്റ്റീരിയയുടെ സ്പോറുകൾ സമീപപ്രദേശത്തെ ജലസ്രോതസ്സുകളിലും മണ്ണിലും കലർന്ന് അവിടെ നിന്ന് രണ്ടായിരത്തിലധികം മാനുകൾക്ക് ആന്ത്രാക്സ് ബാധയുണ്ടായി. അവയിൽ നിന്ന് കുറച്ച് മനുഷ്യരിലേക്കും പകർന്നു. ആകസ്മികമായ ഒറ്റപ്പെട്ട സംഭവമായിത് തള്ളിക്കളയാനാവില്ല. മനുഷ്യരാശിക്ക് തന്നെ ഭീഷണിയായി മാറാവുന്ന ഭയമുളവാക്കുന്ന സംഭവമാണിത്.

ഭൂമി ചൂട് പിടിക്കുമ്പോൾ

ഭൂമിയുടെ ചൂട് വർദ്ധിക്കുന്നതനുസരിച്ച് പെർമാഫ്രോസ്റ്റ് കൂടുതൽ കൂടുതൽ ഉരുകുന്നു. സാധാരണ ഗതിയിൽ വേനലിൽ അൻപത് സെന്റിമീറ്റർ കനത്തിൽ ഉപരിതലപാളി ഉരുകും. പക്ഷെ ആഗോളതാപനം കാര്യങ്ങളെ മാറ്റിയിരിക്കുന്നു. കൂടുതൽ ആഴത്തിൽ കൂടുതൽപഴക്കമുള്ള പാളികൾ അലിയുന്ന, തുറന്നിടുന്ന സ്ഥിതിയാണുണ്ടാകുന്നത്.

ഉറഞ്ഞ പെർമാഫ്രോസ്റ്റിൽ ബാക്റ്റീരിയകൾക്ക് നശിക്കാതെ ദീർഘകാലം (ദശലക്ഷക്കണക്ക് വർഷങ്ങൾ വരെ) തുടരാൻ കഴിയും. അതുകൊണ്ട് തന്നെ ഉരുകുന്നതോടൊപ്പം രോഗകാരികളുടെ വൻ ശേഖരമാവും തുറക്കുന്നത്. ആർട്ടിക് വൃത്തത്തിൽ ചൂട് കൂടുന്നത് വേഗമാണ്. ആഗോള ശരാശരിയുടെ മൂന്നിരട്ടിയോളമാണ് അവിടെ വർദ്ധന. മഞ്ഞുപാളികളും പെർമാഫ്രോസ്റ്റും ഉരുകുന്നതനുസരിച്ച് പലരോഗകാരികളും പുറത്തേക്ക് വരാം.

വൈറസുകളും മറ്റ് സൂക്ഷ്മജീവികളും 'സംരക്ഷിക്കപെടാൻ ' ഉതകിയ മാധ്യമമാണ് പെർമാഫ്രോസ്റ്റ് എന്നാണ് വിദഗ്ദ്ധർ പറയുന്നത്. തണുത്തുറഞ്ഞ സ്ഥിതിയും പ്രകാശത്തിന്റെയും ഓക്സിജന്റെയും അഭാവവും ഇതിന് സഹായകരമാണ്. ഒരുകാലത്ത് വലിയ പകർച്ച വ്യാധികൾക്ക് കാരണമായവയുൾപ്പെടെയുള്ള, മനുഷ്യരെയും മൃഗങ്ങളെയും ബാധിക്കാവുന്ന പല രോഗകാരിവൈറസുകളും പൗരാണിക അടരുകളിൽ 'ദീർഘസുഷുപ്തിയിൽ' ഉണ്ടാവുമെന്ന് വിദഗ്ദ്ധർ കരുതുന്നു. ഫ്രാൻസിലെ, ഐക്സ്മാർഷൈലെ സർവകലാശാലയിലെ പ്രശസ്ത മൈക്രോബയോളജിസ്റ്റ് ഷോൺ മിഷേൽ ക്ലവേരിയുടെ പഠനങ്ങൾ ഇതിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മാത്രം പത്ത് ലക്ഷത്തിലധികം റെയ്ൻഡീറുകളാണ് ആന്ത്രാക്സ് മൂലം ചത്തൊടുങ്ങിയത്. ഇവയുടെ അവശിഷ്ടങ്ങളൊന്നും അത്ര ആഴത്തിലല്ല അന്ന് കുഴിച്ചിട്ടത്. വടക്കൻ റഷ്യയിലെ എഴുനൂറോളം ഇടങ്ങളിലായി ഉപരിതലത്തിൽ നിന്ന് വളരെ താഴെയല്ലാതെയാണ് അവ കുഴിച്ചുമൂടിയത്. എന്നാൽ ഇതൊന്നുമല്ല, കൂടുതൽ അപകടങ്ങൾ കൂടുതൽ ആഴങ്ങളിൽ ഉറങ്ങിക്കിടക്കുന്നുണ്ട്. മനുഷ്യരെയും മൃഗങ്ങളെയും നൂറ്റാണ്ടുകളായി പെർമാഫ്രോസ്റ്റിൽ കുഴിച്ചിട്ടിട്ടുണ്ട്. അവയിൽ നിന്നൊക്കെ മറ്റ് പല രോഗകാരികളും തുറന്നുവിടപ്പെട്ടേക്കാം.

ഈ ആശങ്ക ബലപ്പെടുത്തുന്ന പല സംഭവവികാസങ്ങളും കണ്ടെത്തലുകളും അടുത്ത കാലത്ത് ഉണ്ടായി. ഉദാഹരണമായി 1918 -ലെ സ്പാനിഷ് ഫ്ലൂ മഹാമാരിയിൽ മരിച്ചവരെ കൂട്ടമായി മൂടിയ പല ശ്മശാനങ്ങളുമുണ്ട് അലാസ്കയിലെ തുണ്ട്റ പ്രദേശങ്ങളിൽ. അവിടെയുള്ള ശവശരീരങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്ന് സ്പാനിഷ് ഫ്ലൂ വൈറസിന്റെ (RNA) ശകലങ്ങൾ ശാസ്ത്രജ്ഞർ അടുത്ത കാലത്ത് തിരിച്ചറിയുകയുണ്ടായി. അതുപോലെ വസൂരിയും ബ്യുബോണിക് പ്ലേഗും മറ്റ് പല വ്യാധികളും തീർച്ചയായും സൈബീരിയയിൽ ഹിമമൺപാളികൾക്കിടയിൽ മറഞ്ഞു കിടക്കുന്നുണ്ടാവും. സൈബീരിയിൽ 1890-കളിൽ വലിയ വസൂരിബാധയുടെ ചരിത്രമുണ്ട്. ചിലയിടങ്ങളിൽ ജനസംഖ്യയുടെ നാല്പത് ശതമാനത്തോളം വ്യാധിയിൽ ഒടുങ്ങിപ്പോയിരുന്നു. 'കൊല്യാമ' നദിയുടെ കരയിലെ ഉപരിതലപെർമാഫ്രോസ്റ്റിനടിയിലാണ് ഈ ഹതഭാഗ്യരുടെ അവശിഷ്ടങ്ങൾ കിടക്കുന്നത്. നൂറ്റിഇരുപത് വർഷങ്ങൾക്ക് ശേഷം നദിയിലെ വെള്ളപ്പൊക്കം തീരങ്ങളിൽ മണ്ണൊലിപ്പുണ്ടാക്കുകയും പെർമാഫ്രോസ്റ് അലിയുന്നത് ഇത് വേഗത്തിലാക്കുകയും ചെയ്തു.

ഈ ആശങ്കയുടെ അടിസ്ഥനം ഒന്നോ രണ്ടോ സംഗതികളിൽ തീരുന്നതല്ല. പല പല പഠനങ്ങൾ, കണ്ടെത്തലുകൾ ഒന്നിന് പുറകെ ഒന്നായി വന്നു കൊണ്ടിരിക്കുന്നു. തെക്കൻ സൈബീരിയയിലെ 'ഗോർണി അൽത്തായി' പ്രദേശത്ത് നിന്ന് ശിലായുഗ മനുഷ്യരുടെ ഫോസിൽ അവശിഷ്ടങ്ങൾ റഷ്യയിലെ വൈറോളജി-ബയോടെക്നോളജി പഠനകേന്ദ്രം 1990-കളിൽ പരിശോധനവിധേയമാക്കി. 19-ാം നൂററാണ്ടിലെ വൈറസ് പകർച്ച വ്യാധികളിൽ മരണമടഞ്ഞവരുടെ അവശിഷ്ടങ്ങളും പഠനവിധേയമാ ക്കുകയുണ്ടായി. ഈ ശരീരാവശിഷ്ടങ്ങളിൽ വസൂരി ബാധയുടെ തെളിവുകൾ കിട്ടി. വസൂരിക്കലകൾ തിരിച്ചറിഞ്ഞു. വൈറസിനെ വേർതിരിക്കാൻ ആയില്ലെങ്കിലും അവയുടെ ഡിഎൻഎ ശകലങ്ങൾ കണ്ടെത്തുകയും ചെയ്തു.

2005ൽ നാസയിലെ ശാസ്ത്രജ്ഞൻ നടത്തിയ പരീക്ഷണത്തിൽ അലാസ്കയിലെ ഉറഞ്ഞ് കിടന്നിരുന്ന ജലാശയത്തിൽ നിന്നുള്ള ബാക്റ്റീരിയകൾ പുനരുദ്ധരിക്കുന്നതായി കണ്ടെത്തി. കാർണോബാക്റ്റീരിയം പ്ലിസ്റ്റോസിനീയം എന്നറിയപ്പെടുന്ന ഈ സൂക്ഷ്മ ജീവികൾ 'പ്ലീസ്റ്റോസീൻ' കാലം മുതൽ തണുത്തുറഞ്ഞ് പോയവയാണ്. അതായത് മാമത്തുകൾ ഭൂമിയിൽ ജീവിച്ചിരുന്നകാലത്ത്. മഞ്ഞുരുകിയപ്പോൾ അവ സജീവതയിലേക്ക് തിരിച്ച് വന്ന് ചലിക്കുവാൻ തുടങ്ങി. ഏതാനും വർഷങ്ങൾക്ക് ശേഷം 2008 ൽ അന്റാർട്ടിക്കയിലെ ബേക്കൺ താഴ്വരയിൽ എട്ട് ദശലക്ഷം വർഷങ്ങൾ മഞ്ഞുപാളികൾക്കിടയിൽ ഉറഞ്ഞ് കിടന്നിരുന്ന ബാക്റ്റീരിയ പുനരുജ്ജീവിച്ചു. ഇതേ പരീക്ഷണങ്ങളിൽ തന്നെ ഒരു ലക്ഷം വർഷം പഴക്കമുള്ള സൂക്ഷ്മ ജീവികൾ വീണ്ടും സജീവമായി. എന്നാൽ പെർമാഫ്രോസ്റ്റിനടിയിൽ ഉറഞ്ഞ് കിടക്കുന്ന എല്ലാ ബാക്റ്റീരിയകൾക്കും പുനരുജ്ജീവനശേഷി ഉണ്ടാവണമെന്നില്ല. 'സ്പോറുകൾ' ഉണ്ടാക്കുന്ന ബാക്റ്റീരിയകൾക്കേ തണുത്തുറയുന്നത് അതിജീവിക്കാനാവൂ. ആന്ത്രാക്സ് രോഗകരണമാകുന്ന ബാക്റ്റീരിയകൾ സ്പോറുകൾ ഉണ്ടാക്കുന്നവയാണ്. ഇവയ്ക്ക് നല്ല അതിജീവന ശേഷിയുണ്ട്. അവ നൂററാണ്ടിലധികം തണുത്ത് ഉറഞ്ഞ് കിടന്നാലും തിരികെ സജീവമാകാം. ടെററനസ് ബോട്ടുലിസം തുടങ്ങിയ രോഗങ്ങൾക്ക് കാരണമാകുന്ന ബാക്റ്റീരിയകളും സ്പോറുകൾ ഉണ്ടാക്കുന്നവയാണ്. ചിലയിനം ഫംഗസുകൾക്കും ഇത്തരം അതിജീവന ശേഷിയുണ്ട്.

ഭീമൻ വൈറസുകൾ

വൈറസുകളുടെ കാര്യത്തിലാണെങ്കിൽ പുനരുജ്ജീവനം നടന്നു കഴിഞ്ഞാൽ, അവ ബാക്റ്റീരിയകളെ അപേക്ഷിച്ച് വേഗം രോഗകാരികളായി (infectionus) മാറാൻ സധ്യത കൂടുതലാണ്. 2014ലെ ഒരു പഠനത്തിൽ സൈബീരിയയിലെ പെർമാഫ്രോസ്റ്റിനടിയിൽ 3000 വർഷമായി ഉറഞ്ഞുകിടന്നിരുന്ന രണ്ട് വൈറസുകൾ പുനരുജീവിക്കപ്പെട്ടു. ഇവ പിത്തോവൈറസ് സൈബീരിക്ക എന്നും മൊല്ലി വൈറസ് സൈബീരിക്ക (Pithovirus sibericum and Mollivirus sibericum) എന്നും അറിയപ്പെടുന്നവയാണ്. ഇവ രണ്ടും ഭീമൻ വൈറസുകൾ എന്ന ഗണത്തിൽപ്പെടുന്നു. മറ്റു വൈറസുകളിൽ നിന്ന് വ്യത്യസ്തമായി ഇവ വളരെ വലിപ്പം കൂടിയതാണ്. സാധാരണ മൈക്രോസ്കോപ്പിൽ കാണാനാവും. തുണ്ട്റാ തീരപ്രദേശങ്ങളിൽ നൂറടി താഴ്ചയിലാണ് ഇവയെകണ്ടെത്തിയത്. പുനരുജ്ജീവിച്ച് കഴിഞ്ഞാൽ ഈ വൈറസുകൾ വേഗം അണുബാധ ശേഷി നേടുന്നു. ഭാഗ്യവശാൽ ഇവയ്ക്ക് ഒററ കോശങ്ങളുള്ള അമീബയെ മാത്രമേ ബാധിക്കാൻ കഴിയൂ. പക്ഷേ ഈ പഠനം തെളിയിക്കുന്നത് മനുഷ്യന് രോഗബാധയുണ്ടാക്കാൻ കഴിയുന്ന പുരാതന വൈറസുകൾ ഇങ്ങനെ പുനരുജ്ജീവനം നേടാം എന്നാണ്.

കാലാവസ്ഥ വ്യതിയാനം പെർമാഫ്രോസ്റ്റ് ഉരുകുന്നതിന് നേരിട്ട് കാരണമായിത്തീരണമെന്നില്ല ഇങ്ങനെ അപകടകരമായ സ്ഥിതിയുണ്ടാകാൻ. ആർട്ടിക്ക് സമുദ്രത്തിലെ മഞ്ഞ് ഉരുകുന്നത് മൂലം സൈബീരിയയുടെ വടക്കൻ തീരങ്ങൾ സമുദ്രമാർഗം എത്തുന്നതിന് എളുപ്പമാകുന്നു. തന്മൂലം അവിടെ സ്വർണത്തിനും മറ്റു ധാതുക്കൾക്കും വേണ്ടിയുള്ള ഖനനവും എണ്ണയ്ക്കും പ്രകൃതി വാതകത്തിനും വേണ്ടിയുള്ള പര്യവേഷണങ്ങളും ലാഭകരമായി മാറുന്നു. ഇത് കുഴപ്പത്തിലേക്ക് നയിക്കാം. ഇപ്പോൾ ഈ പ്രദേശങ്ങൾ പൊതുവേ വിജനവും പെർമാഫ്രോസ്റ്റ് പാളികളാൽ ആഴത്തിൽ മൂടികിടക്കുന്നവയുമാണ്. പക്ഷേ, ഇവിടെ ഖനന പര്യവേക്ഷണങ്ങൾ നടക്കുകയാണെങ്കിൽ പുരാതന വൈറസുകൾ വീണ്ടും അപകടകാരികളായി മാറാം. ഇവയിൽ ഏററവും പ്രധാനം ഭീമൻ വൈറസുകൾ തന്നെയാവും. മിക്കവാറും വൈറസുകൾ ആതിഥേയ കോശങ്ങൾക്ക് വെളിയിൽ പ്രവർത്തനശേഷി നഷ്ടപ്പെടും. പ്രകാശം, നിർജ്ജലീകരണം, ബയോകെമിക്കൽ പ്രവർത്തനങ്ങൾ എന്നിവ ഇതിന് കാരണമാകാം. ഡി.എൻ. എയിൽ പരിഹരിക്കാൻ ആവാത്ത കേടുപാടുകൾ വന്നാൽ പിന്നീട് അവ രോഗകാരികൾ ആവില്ല. പക്ഷേ ഭീമൻ വൈറസുകളുടെ കഥ ഇതല്ല. അവ വളരെ കാഠിന്യമുള്ളതും ഭേദിക്കാൻ ആവാത്തതുമാണ്.

(തുടരും)

അബ്ദുൾ അസീസിന്റെ രോഗഉറവിടം കണ്ടെത്താനാകാതെ അധികൃതർ

പ്രദേശവാസികളുടെ പാസ്പോർട്ട് പരിശോധിക്കാൻ തീരുമാനം , സഹവാസികളെ കണ്ടെത്താൻ സ്പെഷ്യൽ ബ്രാഞ്ചും ആരോഗ്യ പ്രവർത്തകരും

തിരുവനന്തപുരം : കൊവിഡ് 19 ബാധിച്ച് ചികിത്സയിലിരിക്കേ മരിച്ച പോത്തൻകോട് സ്വദേശി അബ്ദുൾ അസീസിന് രോഗബാധ എങ്ങനെ വന്നു എന്ന് സ്ഥിരീകരിക്കാൻ കഴിയാതെ ആരോഗ്യ വകുപ്പ്. പ്രാഥമികാന്വേഷണത്തിൽ ഇദ്ദേഹം അടുത്ത കാലത്തൊന്നും വിദേശയാത്ര നടത്തുകയോ വിദേശത്ത് നിന്ന് വന്നവരുമായി സമ്പർക്കം പുലർത്തുകയോ ചെയ്തിട്ടില്ല. രോഗബാധയുള്ളവരുമായും ഇദ്ദേഹം അടുത്ത് ഇടപെട്ടിട്ടില്ല. ഇദ്ദേഹത്തിന്റെ റൂട്ട്മാപ്പ് കഴിഞ്ഞ ദിവസം പുറത്ത് വന്നിരുന്നു.

അബ്ദുൾ അസീസ് വിരമിച്ച പൊലീസ് ഉദ്യോഗസ്ഥനാണ്. ഇദ്ദേഹത്തിന്റെ ബന്ധുക്കളുടെ യാത്രാ വിവരങ്ങളും ജില്ലാ ഭരണകൂടം ശേഖരിക്കുന്നുണ്ട്. നാട്ടിലെത്തിയ പ്രവാസികളുമായോ വിദേശികളുമായോ ഇദ്ദേഹം ഇടപെട്ടിട്ടില്ലെന്നു ബന്ധുക്കൾ പറയുന്നു. മാർച്ച് രണ്ടിന് പോത്തൻകോട് വിവാഹചടങ്ങിൽ പങ്കെടുത്തു. അതേ ദിവസവും മാർച്ച് 11നും, 18നും, 21നും മരണാന്തര ചടങ്ങുകളിൽ പങ്കെടുത്തു. കാസർകോട് സ്വദേശിയും ചെന്നൈ സ്വദേശിയും ഇദ്ദേഹം പങ്കെടുത്ത ചടങ്ങിനെത്തിയതായി വിവരമുണ്ട്. മാർച്ച് 20 വരെ വീടിന് സമീപമുള്ള പള്ളിയിലും പോയിട്ടുണ്ട്. സമീപത്തെ കവലയിലും ദിവസവും പോയി.കൂടാതെ സമീപത്തെ പ്രൈമറി സ്കൂളിന്റെ പിടിഎ യോഗത്തിലും പങ്കെടുത്തതായി വിവരമുണ്ട്.

അതേസമയം പ്രദേശത്തെ എല്ലാവരുടെയും പാസ്പോർട്ട് വിവരങ്ങൾ ശേഖരിക്കാൻ പൊലീസിനു നിർദേശം നൽകിയിട്ടുണ്ട്. വിദേശത്ത് പോകുകയോ വിദേശത്ത് പോയവരുമായി ബന്ധപ്പെടുകയോ ചെയ്യാതിരുന്ന അബ്ദുൾ അസീസിന് രോഗബാധ എങ്ങനെ ഉണ്ടായെന്ന് സ്ഥിരീകരിക്കാനാണിത്. അബ്ദുൽ അസീസുമായി ഇടപഴകിയ ഡോക്ടർമാരും ആശുപത്രി ജീവനക്കാരും നിരീക്ഷണത്തിലാണ്. അബ്ദുൾ അസീസ് എത്തുമ്പോൾ തോന്നയ്ക്കൽ ഹെൽത്ത് സെന്ററിലെ പ്രധാന ഡോക്ടർ അവിടെ ഉണ്ടായിരുന്നില്ല. ഡോക്ടർ ഇപ്പോൾ ഡ്യൂട്ടിയിലുണ്ട്. ആശുപത്രി അണുവിമുക്തമാക്കി. ഇദ്ദേഹത്തിന്റെ ഭാര്യ കുടുംബശ്രീയോഗത്തിൽ പങ്കെടുത്തിരുന്നതായും മകൾ കെഎസ്ആർടി ബസ് കണ്ടക്ടറാണെന്നും സർവ്വീസ് നിർത്തിവയ്ക്കുന്നതുവരെ ജോലിക്ക് പോയിരുന്നു.

അടുത്തിടെ ശ്വാസംമുട്ടൽ അനുഭവപ്പെട്ടതിനെ തുടർന്ന് വീടിനടുത്തുള്ള ഒരു ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ശേഷം ഒരു സ്വകാര്യ മെഡിക്കൽകോളേജിലും ചികിത്സ തേടിയിരുന്നു. മാർച്ച് 18നാണ് അബ്ദുൾ അസീസ് ജലദോഷം ഉൾപ്പെടെയുള്ള രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച് വേങ്ങോട് പ്രഥമിക ആരോഗ്യകേന്ദ്രത്തിൽ പോയത്. 21ന് ഉച്ചയ്ക്ക് വീണ്ടും ഇതേ ആശുപത്രിയിൽ പോകുകയും രക്ത പരിശോധന നടത്തുകയും ചെയ്തിരുന്നു. എന്നാൽ രോഗം കണ്ടെത്തിയില്ല. 23 ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയ ഇദ്ദേഹത്തെ ഇവിടെ നിന്ന് നേരെ മെഡിക്കൽ കോളജിലേക്ക് മാറ്റുകയായിരുന്നു.

14 ന് അബ്ദുൾ അസീസ് അയിരുപ്പാറ ഫാർമേഴ്സ് ബാങ്കിൽ നൂറോളം പേരോടൊപ്പം ചിട്ടി ലേലത്തിൽ പങ്കെടുത്തിരുന്നു. പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെയും ഫാർമേഴ്സ് ബാങ്കിലെയും ജീവനക്കാരെ നിരീക്ഷണത്തിലേക്ക് മാറ്റിക്കഴിഞ്ഞു.

പോത്തൻകോട് പൂർണമായും അടച്ചു

● പ്രദേശവാസികൾ മൂന്നാഴ്ച ക്വാറന്റൈനിൽ

പോത്തൻകോട്: കൊവിഡ് ബാധിച്ച് പോത്തൻകോട് സ്വദേശി മരിച്ചതോടെ പ്രദേശം സമ്പൂർണ ലോക്ഡൗണിലേക്ക്. പോത്തൻകോടുമായി ബന്ധപ്പെടുന്ന അണ്ടൂർകോണം പഞ്ചായത്തിലെ പ്രദേശങ്ങൾ, കാട്ടായിക്കോണം കോർപ്പറേഷൻ ഡിവിഷന്റെ അരിയോട്ടുകോണം, മേലെമുക്ക് തുടങ്ങി രണ്ട് കിലോമീറ്റർ പരിധിയിൽ വരുന്ന പ്രദേശങ്ങളിലുള്ളവർ ക്വാറന്റൈനിൽ പ്രവേശിക്കാൻ ജില്ലാ ഭരണകൂടം നിർദേശിച്ചു.

മുന്നൊരുക്കങ്ങൾ നടത്തുന്നതിന് സ്ഥലം എംഎൽഎയും മന്ത്രിയുമായ കടകംപള്ളി സുരേന്ദ്രൻ ജനപ്രതിനിധികളുടെ യോഗം വിളിച്ചു ചേർത്തു. മരിച്ച കൊവിഡ് ബാധിതന്റെ റൂട്ട് മാപ്പിലെ ആശയക്കുഴപ്പം തുടരുന്നതിനാലാണ് പോത്തൻകോട് പ്രദേശം പൂർണമായും അടച്ചിടുന്നതെന്നു മന്ത്രി. മരിച്ച അബ്ദുൾ അസീസുമായി സമ്പർക്കത്തിലുണ്ടായിരുന്നവർ ഐസൊലേഷനിൽ പോയിക്കഴിഞ്ഞുവെന്നും ഇനി ആരെങ്കിലും ഉണ്ടെങ്കിൽ 1077 എന്ന ഹെൽപ് ലൈനിൽ വിളിച്ചറിയിക്കണമെന്നും അദ്ദേഹം പറഞ്ഞു. മരിച്ച അബ്ദുൾ അസീസ് നിരവധി ചടങ്ങുകളിൽ പങ്കെടുത്തത് ആശങ്കയുയർത്തുന്നു. എന്നാൽ സമൂഹ വ്യാപനത്തിന്റെ ആശങ്കയില്ലെന്ന് കടകംപള്ളി അറിയിച്ചു.

സമ്പർക്കത്തിലൂടെ രോഗം പകർന്നതായാണ് നിഗമനം : മന്ത്രി കെ.കെ. ശൈലജ

തിരുവനന്തപുരം: പോത്തൻകോട് കൊറോണ വൈറസ് ബാധിച്ച് മരിച്ച അസീസിന് സമ്പർക്കത്തിലൂടെ രോഗം പകർന്നതായാണ് നിഗമനമെന്ന് ആരോഗ്യ മന്ത്രി കെ.കെ.ശൈലജ. ഇയാൾ ഗൾഫിൽനിന്നു വന്നവരുമായി ഇടപഴകിയതായും കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയാണെന്നും ആരോഗ്യമന്ത്രി പ്രതികരിച്ചു. നിലവിൽ ഭയപ്പെടേണ്ട സാഹചര്യമില്ലെന്നും മന്ത്രി പറഞ്ഞു. അതേസമയം മരണപ്പെട്ട അസീസുമായി ബന്ധപ്പെട്ടിട്ടുള്ളവർ സെൽഫ് ക്വാറന്റൈനിൽ കഴിയണമെന്നും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ചികിത്സ തേടണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

അടഞ്ഞ അതിർത്തി, പൊലിഞ്ഞത് ആറ് ജീവനുകൾ

■ പരിഹരിക്കാനാകാതെ മംഗലാപുരം- കാസർഗോട് അതിർത്തി

സച്ചിൻ വള്ളിക്കാട്

കോഴിക്കോട്: മംഗലാപുരം- കാസർഗോഡ് അതിർത്തി തുറക്കില്ലെന്ന് കർണാടകം ഹൈക്കോടതിയിൽ വീണ്ടും വ്യക്തമാക്കിയതോടെ ജനങ്ങളുടെ ആശങ്ക വർധിച്ചു.

കൊവിഡ് പശ്ചാത്തലത്തിൽ മംഗലാപുരം അതിർത്തി മണ്ണിട്ടടച്ചതിനാൽ തുടർ ചികിത്സക്കായി പോവുന്ന രോഗികൾ തലപ്പാടി ജംക്ഷനിൽ ആംബുലൻസിൽ മരിച്ചുവീഴുകയാണ്. ഇന്നലെയും ചികിത്സ കിട്ടാതെ കാസർഗോഡ് ഒരു മരണം കൂടി സംഭവിച്ചു. ഇതോടെ ചികിത്സ കിട്ടാതെ മരിച്ചവരുടെ എണ്ണം കാസർഗോഡ് ആറായി. മഞ്ചേശ്വരം സ്വദേശി ശേഖർ ആണ് മരിച്ചത്. ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് മംഗലാപുരത്തെ ആശുപത്രിയിലായിരുന്നു ചികിത്സ.

മംഗലാപുരത്ത് പോയി ചികിത്സ തേടാൻ കഴിയാതെ തിങ്കളാഴ്ച കാസർകോഡ് രണ്ട് പേർ മരിച്ചിരുന്നു. കർണാടകം അതിർത്തി തുറക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് മൂന്ന് ജീവനുകൾ കൂടി നഷ്ടമായത്. മഞ്ചേശ്വരം തൂമിനാട് സ്വദേശി മാധവൻ, കുഞ്ചത്തൂർ സ്വദേശി ആയിഷ എന്നിവരാണ് തിങ്കളാഴ്ച മരണത്തിന് കീഴടങ്ങിയത്. അതിർത്തിപ്രദേശമായ തലപ്പാടിക്ക് അടുത്തുള്ളവരാണ് ഇരുവരും.

മംഗലാപുരത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിലായിരുന്ന നൂറു കണക്കിന് രോഗികളാണ് കൊവിഡ് 19 വൈറസ് വ്യാപകമായതിനാൽ ആശുപത്രി വിട്ട് അവരവരുടെ വീടുകളിലേക്ക് തിരികെപ്പോയത്. മടങ്ങി പോയ വൃക്ക, ക്യാൻസർ, ഹൃദ്രോഗ രോഗികൾ തുടർ ചികിത്സക്കായി പോകുമ്പോഴാണ് അതിർത്തി അടച്ചതിനാൽ ആംബുലൻസിൽ മരിച്ചു വീഴുന്നത്.

ബദിയടുക്ക ഉക്കിനടുക്കയിൽ സർക്കാർ ഉടമസ്ഥതയിൽ നിർമാണം ആരംഭിച്ച ഗവൺമെന്റ് മെഡിക്കൽ കോളെജ് എത്രയും വേഗം തുറന്നു പ്രവർത്തനം ആരംഭിക്കുന്നതിനും പെരിയ കേന്ദ്ര സർവ്വകലാശാലയോടു ചേർന്ന് നേരത്തെ പണിയുമെന്ന് വാഗ്ദാനം ചെയ്ത മെഡിക്കൽ കോളജ് യാഥാർത്ഥ്യമാക്കി കിട്ടുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ സമ്മർദം ചെലുത്താൻ വടക്കൻ കേരളം തയ്യാറെടുക്കുകയാണ്. മഹാമാരിയുടെ ചെറുക്കുന്നതിന്റെ പേരിൽ മനുഷ്യജീവൻ പൊലിയരുതെന്നും ദേശീയപാത അടയ്ക്കാൻ ഒരു സംസ്ഥാനത്തിന് അധികാരമില്ലെന്നും കേന്ദ്രസർക്കാരും വ്യക്തമാക്കിയിട്ടുണ്ട്.

കാസർഗോഡ് നിയന്ത്രണങ്ങൾ കർശനമാക്കുന്നു

കാസർഗോഡ്: ജില്ലയിലെ ആറു പഞ്ചായത്തുകളുൾപ്പടെയുള്ള മേഖലകളിൽ പൊലീസിന്റെ കടുത്ത നിയന്ത്രണം. ഭക്ഷ്യ സാധനങ്ങളടക്കം പൊലീസ് നേരിട്ട് എത്തിച്ചു കൊടുക്കാനാണ് തീരുമാനം. കൊവിഡ് 19 കൂടുതലായി റിപ്പോർട്ട് ചെയ്ത പള്ളിക്കര, ഉദുമ, ചെമ്മനാട്, മധൂർ, മൊഗ്രാൽ പുത്തൂർ പഞ്ചായത്തുകളിലെയും കാസർഗോഡ് നഗരസഭയിലെയും പ്രദേശങ്ങളാണ് പൊലീസിന്റെ പ്രത്യേക നിരീക്ഷണത്തിലാക്കുന്നത്. ഈ പ്രദേശങ്ങളിൽ പൊലീസ് സംഘത്തിന്റെ കാവലുണ്ടാകും. ജനങ്ങൾക്ക് ആവശ്യമായ സാധനങ്ങളടക്കം എല്ലാ സേവനങ്ങളും പൊലീസ് തന്നെ എത്തിച്ചു നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

ആവശ്യങ്ങൾ അറിയിക്കുന്നതിനായി പ്രത്യേക വാട്സ്ആപ്പ് പൊലീസ് ഏർപ്പെടുത്തിയിട്ടുണ്ട്. പേരും ഫോൺ നമ്പറും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റും സഹിതം വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം അയച്ചാൽ സാധനങ്ങൾ പൊലീസ് വീട്ടിലെത്തിക്കും.

വൈദ്യപരിശോധനക്ക് പൊലീസിന്റെ ആപ്പ്

തിരുവനന്തപുരം: ലോക്ക്ഡൗണുമായി ബന്ധപ്പെട്ട് തുടർച്ചയായി ജോലി നോക്കുന്ന പൊലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യസംരക്ഷണത്തിനായി തയാറാക്കിയ മൊബൈൽ ആപ്പ് ഇനി പൊതുജനങ്ങൾക്കും ലഭ്യം. ജനമൈത്രി പൊലീസും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനും ബ്ലൂ ഇഎച്ച്ആർ എന്ന സ്ഥാപനവും ചേർന്നു തയാറാക്കിയ blueTeleMed എന്ന മൊബൈൽ ആപ്പ് പ്ലേസ്റ്റോറിൽ ലഭ്യമാണ്.

പൊതുജനങ്ങൾക്കും ഉപയോഗിക്കാവുന്ന ഈ സേവനം തികച്ചും സൗജന്യമാണ്. കോവിഡ് 19 നെ കുറിച്ച് മാത്രമല്ല മറ്റു അസുഖങ്ങൾക്കുള്ള ചികിത്സയ്ക്കു വേണ്ട നിർദ്ദേശങ്ങളും സംശയങ്ങൾക്കുള്ള മറുപടിയും ഈ ആപ്പിലൂടെ ലഭിക്കും. ആപ്പിൽ ശേഖരിച്ചിരിക്കുന്ന ഡോക്റ്റർമാരുടെ പട്ടികയിൽ നിന്ന് ആവശ്യമുള്ളയാളെ തിരഞ്ഞെടുത്തു ബന്ധപ്പെടാനാകും.

ഡോക്റ്റർ വീഡിയോകോൾ മുഖേന രോഗിയെ പരിശോധിച്ച് ഇ-പ്രിസ്ക്രിപ്ഷൻ നൽകും. തുടർചികിത്സയ്ക്കായി ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുന്ന പക്ഷം ആപ്പിൽ ലഭിക്കുന്ന ഇ-പാസ് പൊലീസ് പരിശോധന സമയത്ത് കാണിച്ച് യാത്ര തുടരാവുന്നതാണ്. https://play.google.com/store/apps/details?id=com.blueehr.bluetelemed മൊബൈൽ ആപ്പിന്റെ ലിങ്ക്

മിൽമയുടെ പാൽ സംഭരണം പ്രതിസന്ധിയിലേക്ക്

കൊച്ചി: പാൽപ്പൊടി നിർമ്മാണത്തിൽ നിന്ന് തമിഴ്നാട്ടിലെ കമ്പനിപിൻമാറിയതോടെ മിൽമയുടെ പാൽ സംഭരണം പ്രതിസന്ധിയിലായി. നിലവിൽ നേരത്തെമുതൽ പാൽ തരുന്ന കർഷകരിൽ നിന്ന് പാൽ സംഭരിക്കുക എന്ന നിലപാടിലേക്ക് പ്രവർത്തനം മാറ്റിയിരിക്കുകയാണ് മിൽമ.

കേരളത്തിലെ സ്വകാര്യ ഫാം ഉടമകൾ തങ്ങളുടെ വിൽപന കുറഞ്ഞതോടെ ഗ്രാമീണ സൊസൈറ്റികളിലേക്ക് പാൽ നൽകിയതും. മിൽമയുടെ വിൽപന കുറഞ്ഞതുമാണ് പ്രശ്നം രൂക്ഷമാക്കിയിരിക്കുന്നത്.

കഴിവതും പാൽ എടുക്കുക എന്ന നിലയിലാണ് ലിറ്ററിന് നാലു രൂപ നൽകി പാൽപ്പൊടി നിർമ്മാണത്തിന് തീരുമാനം എടുത്തത്. പന്നാൽ തമിഴ്നാട്ടിലെ പാൽതന്നെ കൂടുതലായി ഫാക്റ്ററിയിൽ എത്തിയതോടെ കേരളത്തിൽ നിന്നുള്ള പാൽ എടുക്കുന്നത് സേലത്തെ കമ്പനി നിർത്തുകയായിരുന്നു.

നാളെ മുതൽ ക്ഷീരസംഘങ്ങൾ കുറച്ചുമാത്രം പാൽ അയച്ചാൽ മതിയെന്ന് മേഖല യൂണിയൻ അറിയിച്ചു.മധ്യകേരളത്തിൽ പാൽ ഉപഭോഗത്തിലു വലിയ കുറവ് വന്നതു പ്രതിസന്ധികൾ വർധിപ്പിച്ചു. അഞ്ചു ലക്ഷം ലിറ്ററിനടുത്ത് പ്രതിദിനം കുറവു വന്നെന്നാണ് മിൽമയുടെ കണക്ക്. പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 21ന് മുമ്പ് കർഷകരിൽ നിന്നും സ്വീകരിച്ചിരുന്ന അളവിലേ പാൽ സ്വീകരിക്കാവൂ എന്ന നിർദേശമാണ് സൊസൈറ്റികൾക്ക് നൽകിയിട്ടുള്ളത്. നിലവിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ സ്ഥിരം പാൽ വാങ്ങിയിരുന്ന ഹോട്ടലുകൾ, കാറ്ററിങ് യൂണിറ്റുകൾ എന്നിവ നിശ്ചലമായിരിക്കുകയാണ്. ഇതും മിൽമക്ക് തിരിച്ചടിയായിട്ടുണ്ട്.

ലോക്ക് ഡൗണിനെ തുടർന്ന് ക്ഷീരസംഘങ്ങളിൽ അധികമായി സംഭരിച്ചിരുന്ന പാൽ വൻ നഷ്ടം സഹിച്ചും മിൽമ പൊടിയാക്കി വരികയായിരുന്നു. എന്നാൽ അതിർത്തികളിൽ നിയന്ത്രണം കർശനമായി തുടരുന്നതോടെ ഇതര സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോയി പൊടിയാക്കുന്നതിനുള്ള സാധ്യതകൾ പൂർണമായി നിഷേധിക്കപ്പെട്ടു. ഇതോടെ പാൽ സംഭരണത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവരുകയോ, പാൽ വിൽപ്പന സംവിധാനങ്ങൾ കൂടുതൽ നേരം പ്രവർത്തിപ്പിക്കുവാൻ അനുമതി ലഭിക്കുകയോ ചെയ്താൽ മാത്രമേ പിടിച്ചു നിൽക്കുവാൻ സാധിക്കുകയുള്ളൂവെന്ന് എറണാകുളം മേഖലാ ചെയർമാൻ ജോൺ തെരുവത്ത് പറഞ്ഞു.

ആദ്യഘട്ടമെന്ന നിലയിൽ ലോക്ക് ഡൗണിനു മുമ്പ് ശരാശരി പാൽ സംഭരണം ഉറപ്പാക്കിയും മിൽമയെ മാത്രം ആശ്രയിച്ചു കഴിയുന്ന ക്ഷീരകർഷകരുടെ പാൽ സംഭരണത്തിന് മുൻഗണന നൽകിയുമായിരിക്കും ക്ഷീരസംഘങ്ങളിൽ നിന്നും മൂന്ന് മുതൽ പാൽ സ്വീകരിക്കുക. പാൽ വിൽപ്പന സംവിധാനങ്ങൾ കൂടുതൽ നേരം പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്ന് അനുകൂല തീരുമാനം ഉണ്ടായെങ്കിൽ മാത്രമേ കൂടുതൽ പാൽ സംഭരിക്കാൻ കഴിയുവെന്നാണാണ് ജോൺ തെരുവത്ത് പറയുന്നത്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ക്ഷീരസംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. തുടർന്നും സ്ഥിതി നിയന്ത്രിക്കാൻ കഴിയാത്തപക്ഷം പാൽ സംഭരണത്തിന് ഓഫ് കൊടുക്കുന്നതുൾപ്പെടെയുള്ള കടുത്ത തീരുമാനങ്ങളിലേക്ക് പോകേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു. എറണാകുളം, ഇടുക്കി, തൃശൂർ, കോട്ടയം ജില്ലകളിലാണ് മധ്യമേഖല യൂണിയൻ പാൽ എത്തിക്കുന്നത്.

പാൽപ്പൊടി ഫാക്റ്ററിയിൽ കണ്ണുംനട്ട് മിൽമ

പി.ബി. ബിച്ചു

തിരുവനന്തപുരം: പാൽവിൽപന കുറഞ്ഞതുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധിൾക്ക് പരിഹാരമായി ആലപ്പുഴയിലെ പാൽപ്പൊടി നിർമാണ യൂണിറ്റ് സജീവമാക്കാൻ ആലോചനകളുമായി മിൽമ. സംസ്ഥാന അതിർത്ഥികളിൽ ഏർപ്പെടുത്തിയിട്ടുള്ള കടുത്ത നിയന്ത്രങ്ങൾമൂലം പാൽ മറ്റ് സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോയി പാൽപ്പൊടിയാക്കുന്നത് സാധിക്കാതെ വന്നതോടെയാണ് ആലപ്പുഴയിലെ സ്വന്തം ഫാക്റ്ററി സജീവമാക്കുന്നതിനെകുറിച്ച് ചർച്ച തുടങ്ങിയത്.

പ്രയാർ ഗോപാലകൃഷ്ണൻ മിൽമ ചെയർമാൻ ആയിരുന്നപ്പോൾ ആലപ്പുഴ പുന്നപ്രയിൽ പൗഡർ പ്ലാന്റ് ആരംഭിച്ചിരുന്നു. പിന്നീട് പാലിന്റെ അളവ് കുറഞ്ഞതോടെ പ്ലാന്റ് പ്രവർത്തിക്കാതെ നശിച്ചു.കെട്ടിടവും സൗകര്യങ്ങളും ഉണ്ട്. മെഷീനുകൾ ലഭ്യമായാൽ സാഹചര്യങ്ങൾ അതിജീവിക്കാനാവും.

സംസ്ഥാനത്തെ തന്നെ ചില സ്വകാര്യ ഫാക്റ്ററികളിൽ മിൽമ പാൽപ്പൊടി നിർമാണം നടത്തുന്നുണ്ടെങ്കിലും അവിടെയും സൗകര്യങ്ങൾ അപര്യാപാതമാണ്. ഇതോടെ വിൽപന കുറഞ്ഞതും പാൽപ്പൊടി നിർമാണം നിലച്ചതും മൂലമുണ്ടായ പ്രശ്നത്തിന് പുന്നപ്രയിൽ സ്ഥിതി ചെയ്യുന്ന ഫാക്റ്ററിയിൽ വേണ്ട സംവിധാനമുണ്ടാക്കുന്നതോടെ പരിഹാരം കാണാനാവുമെന്ന പ്രതീക്ഷയിലാണ് മിൽമ. ഇതിനായി മന്ത്രി തലത്തിൽ ചർച്ചകൾ നടത്തിക്കഴിഞ്ഞു. നിലവിൽ ഈ പാൽപ്പൊടി നിർമാണ ഫാക്ടറി കാലഹരണപ്പെട്ടതാണ്. ഇതുമൂലം ഇതര സംസ്ഥാനങ്ങളിലെത്തിച്ചാണ് പൊടിയാക്കി മാറ്റിവന്നത്.

എന്നാൽ യന്ത്രസാമഗ്രികൾ എത്തിച്ചാൽ സംഭരിക്കുന്ന പാൽ പൊടിയാക്കിയും വിൽപനയുള്ള മേഖയിലേക്ക് വിതരണം കൂട്ടിയും പ്രതിസന്ധി പരിഹരിക്കാനാകുമെന്നും മിൽമ കണക്കുകൂട്ടുന്നു. സൗകര്യം ലഭ്യമായാൽ ഭാവിയിൽ സംഭരണം നിർത്തേണ്ട സാഹചര്യം ഉണ്ടാവില്ലെന്നും മിൽമ ഭാരവാഹികൾ മെട്രൊ വാർത്തയോടു പറഞ്ഞു. ഇതോടൊപ്പം മിൽമ ഔട്ലറ്റുകളുടെ സമയം വർധിപ്പിക്കണമെന്ന ആവശ്യവും സർക്കാരിനെ അറിയിച്ചിട്ടുണ്ട്. നിലവിൽ രാവിലെ 7 മുതൽ 5 വരെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 9 മണിവരെയെങ്കിലും പ്രവർത്തിപ്പിക്കാൻ അനുവദിച്ചാൽ വിൽപനയിലൂടെ പാൽസംഭരണത്തിലെ പ്രതിസന്ധിക്ക് അയവുവരും.

കമ്യൂണിറ്റി കിച്ചണുകളിലേക്ക് പാൽ നൽകാൻ തയാർ: പി.എ ബാലൻമാസ്റ്റർ

തിരുവനന്തപുരം: നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധ കമ്യൂണിറ്റി കിച്ചണുകളിൽ ഹോൾസെയിൽ വിലയിൽ പാൽ ലഭ്യമാക്കാമെന്നു സർക്കാരിനെ അറിയിച്ചുകഴിഞ്ഞെന്ന് മിൽമ ചെയർമാൻ പി.എ ബാലൻ മാസ്റ്റർ. ഇതിനുള്ള നടപടികൾ സർക്കാർ തലത്തിൽ നടക്കുന്നുണ്ട്. പദ്ധതി നടന്നാൽ മലബാർ-എറണാകുളം മേഖലയിൽ അധികം വരുന്ന പാൽ കമ്മ്യൂണിറ്റി കിച്ചണുകളിലൂടെ വിതരണം നടത്താനാകും. എന്നാൽ കർഷകർക്ക് പാലിന്റെ പണം നൽകുന്ന കാര്യത്തിൽ വീഴ്ചയുണ്ടാകരുതെന്നും അദ്ദേഹം.

പരിശോധന കർശനമാക്കി

തിരുവനന്തപുരം: കൊവിഡ് 19 ബാധിച്ച് ഒരാൾകൂടി മരിച്ച സാഹചര്യത്തിൽ പൊലീസ് പരിശോധന കൂടുതൽ കർശനമാക്കാൻ പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദേശം നൽകി. നിസാര കാരണങ്ങൾ പറഞ്ഞു സത്യവാങ്മൂലം തയാറാക്കി യാത്ര ചെയ്യുന്നവരെ പിടികൂടി കേസ് രജിസ്റ്റർ ചെയ്ത ശേഷം വാഹനം പിടിച്ചെടുക്കും. അവശ്യസാധങ്ങൾ വിൽക്കുന്ന കടകളിൽ ആൾക്കാർ കൂട്ടംകൂടുന്നതു തടയും. കടകളിൽ വരുന്നവർ സാമൂഹ്യ അകലം പാലിക്കണമെന്ന് നിർദേശിക്കാൻ കട ഉടമസ്ഥനോട് ആവശ്യപ്പെടും. ബാങ്കുകളിലും മറ്റും പോകുന്നവർ സാമൂഹിക അകലം പാലിച്ചുതന്നെ വരി നിൽക്കണം.

പരിശോധന വേഗത്തിലാക്കാൻ 10 പിസിആർ മെഷീൻ

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് 19 രോഗികളുടെ എണ്ണം വർധിച്ച സാഹചര്യത്തിൽ പരിശോധനകൾ വേഗത്തിലാക്കാൻ 10 റിയൽ ടൈം പിസിആർ മെഷീനുകൾ വാങ്ങാൻ അനുമതി നൽകിയതായി മന്ത്രി കെ.കെ. ശൈലജ. ഇതിൽ 7 പിസിആർ മെഷീനുകൾ ലഭ്യമായിട്ടുണ്ട്. കണ്ണൂർ, എറണാകുളം മെഡിക്കൽ കോളെജുകൾക്ക് രണ്ട് വീതവും കോട്ടയം, മഞ്ചേരി, കോഴിക്കോട് മെഡിക്കൽ കോളെജുകൾക്ക് ഒന്നു വീതവുമാണ് നൽകുക. ജീവനക്കാർക്ക് മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കേരളത്തിൽ നിലവിൽ 9 ലാബുകളിലാണ് കൊവിഡ് 19 പരിശോധന നടത്തുന്നത്. കാസർഗോഡ് സെൻട്രൽ യൂണിവേഴ്സിറ്റിയിലും പരിശോധന നടത്താൻ അനുമതി ലഭിച്ചിട്ടുണ്ടെന്നു മന്ത്രി വ്യക്തമാക്കി.

5178 ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ

● ആകെ തൊഴിലാളികൾ 161228 ● ലഭിച്ച 156 പരാതികൾക്കും പരിഹാരം

തിരുവനന്തപുരം: കൊവിഡ്19 ബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്താകെ നിലവിൽ 5178 ക്യാമ്പുകളാണ് ഇതര സംസ്ഥാന തൊഴിലാളികൾക്കായി സജ്ജമാക്കിയിട്ടുള്ളത്. ഇവിടങ്ങളിലായി ആകെ 16,1228 തൊഴിലാളികളാണ് നിലവിലുള്ളത്. കോവിഡ്19ന്റെ പശ്ചാത്തലത്തിൽ ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കെ സംസ്ഥാനത്തുള്ള അതിഥി തൊഴിലാളികൾക്ക് പ്രശ്നങ്ങൾ അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി ലേബർ കമ്മീഷണറേറ്റിലെ കോൾ സെന്റർ പ്രവർത്തനസജ്ജമാക്കി. ഇവിടേയ്ക്ക് ഹിന്ദി ഉൾപ്പെടെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ ഭാഷയിൽ മറുപടി നൽകുന്നതിനായി ജീവനക്കാരെ നിയോഗിച്ചു. ഇവരുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. അതത് ജില്ലാ ലേബർ ഓഫീസുകൾ മുഖേന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലാ ലേബർ ഓഫീസുകളിലും വിവിധ ഭാഷാ പ്രാവീണ്യമുള്ള ആളുകളെ നിയോഗിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ സൗകര്യങ്ങൾ സംബന്ധിച്ച് ഇന്നവെ വൈകിട്ട് മൂന്നര വരെ ലഭിച്ച 156 പരാതികളും ജില്ലാ ലേബർ ഓഫീസർമാർ മുഖേന പരിഹരിച്ചു.എല്ലാ ജില്ലാ ലേബർ ഓഫീസുകളിലും രണ്ടു പേർ വീതം 24 മണിക്കൂർ ഡ്യൂട്ടിയിൽ ഉണ്ടാകും.

ഇതരസംസ്ഥാന തൊഴിലാളികളുടെ സുരക്ഷാർത്ഥം പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ജില്ലാ, താലൂക്ക്, പഞ്ചായത്ത് തലങ്ങളിൽ, തൊഴിൽ, റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യപ്രവർത്തകരെ ആദരിച്ചില്ലെങ്കിലും നിന്ദിക്കരുത്

തിരുവനന്തപുരം:സ്വന്തം ആരോഗ്യം പോലും പരിഗണിക്കാതെ വലിയ ത്യാഗം സഹിച്ച് കൊവിഡ് ബാധിതരെയും നിരീക്ഷണത്തിലുള്ളവരെയും ചികിത്സിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരെ ആദരിക്കാൻ കഴിഞ്ഞില്ലെങ്കിലും നിന്ദിക്കരുതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

'കുറച്ച് കാശ് കൈയിലുള്ളതിന്റെ പേരിൽ അതിന്റെ പ്രകടനം ആരോഗ്യപ്രവർത്തകർക്കുനേരെ കാട്ടരുത്.അവരെ പരിഹസിക്കുകയും പുച്ഛിക്കുകയും ചെയ്യുന്നത് അങ്ങേയറ്റം ആപൽക്കരമാണ്.രോഗബാധിതരെ ചികിത്സിച്ച് ഭേദമാക്കുക എന്ന വലിയൊരു സാമൂഹിക ഉത്തരവാദിത്തമാണ് അവർ ഏറ്റെടുത്തിരിക്കുന്നത്'-ഒരിടത്ത് കുറച്ച് രോഗികൾ കാട്ടിക്കൂട്ടിയതെന്ന് വിശദീകരിച്ചാണ് മുഖ്യമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്

'മദ്യാസക്തിയുള്ളവരെ അടുത്തുള്ള വിമുക്തി ചികിത്സാ കേന്ദ്രത്തിൽ എത്തിക്കണം.ഡോക്ടർമാരോട് മദ്യം വേണമെന്ന് സർട്ടിഫിക്കറ്റ് നൽകണമെന്നുപറഞ്ഞ് പിന്നാലെ പോവുന്നില്ല.സർട്ടിഫിക്കറ്റ് കൊടുക്കാതിരുന്നാൽ കുറ്റമായി കാണുന്നുമില്ല'- മദ്യം വാങ്ങാൻ ഡോക്ടർ സർട്ടിഫിക്കറ്റ് നിർബന്ധിതമാക്കി എക്സൈസ് വകുപ്പ് ഉത്തരവിറക്കിയതിനെതിരെ ഡോക്ടർമാരുടെ സംഘടന ഇന്ന് കരിദിനമാചരിക്കുന്നതിനെക്കുറിച്ചുള്ള ചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി പറഞ്ഞു.

ദുരിതാശ്വാസനിധിയിലേക്ക് സംഭവനകൾ നല്ല രീതിയിൽ വരുന്നണ്ട്. ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ മൂന്നുകോടി രൂപ നൽകി. ആസ്റ്റർ ഡിഎം ഹെൽത്ത് കെയറിന്റെ ചെയർമാൻ ആസാദ് മൂപ്പൻ രണ്ടരക്കോടി രൂപ സംഭാവന ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട്. ഗവൺമെന്റ് സെക്രട്ടേറിയേറ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ഭാരവാഹികൾ ഒരുകോടി രൂപ നൽകി. ഭീമാ ജ്വല്ലേഴ്സിനു വേണ്ടി ഡോ. ബി ഗോവിന്ദൻ ഒരു കോടി രൂപ നൽകി. മന്ത്രിമാരുടെ ഒരുമാസത്തെ ശമ്പളം സംഭാവനയായി ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ദുരിതാശ്വാസനിധിയിലേക്ക് ചൊവ്വാഴ്ച ലഭിച്ചത് 5,96,10,000 രൂപയാണെന്നും അദ്ദേഹം പറഞ്ഞു.

ഗാർഹിക പീഡന സാധ്യത ശ്രദ്ധിക്കണം മുഖ്യമന്ത്രി

തിരുവനന്തപുരം :കൂടുതൽ സമയം വീടുകളിൽ കഴിയുന്ന ഘട്ടത്തിൽ അത്യപൂർവമായി ചിലേടത്തെങ്കിലും ഗാർഹിക പീഢന സാധ്യതയുണ്ടെന്ന് മുഖ്യമന്ത്രി ഓർമിപ്പിച്ചു.സ്ത്രീകളും കുട്ടികളുമാണ് ഇതിന്റെ ഇരകൾ.ജനപ്രതിനിധികൾ,കുടുംബശ്രീ,അയൽകൂട്ടങ്ങൾ,അംഗണവാടിപ്രവർത്തകർ എന്നിവർ ഇക്കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പല വീടുകളിലും സാധാരണ ഉണ്ടാകുന്നതിലും കൂടുതൽ ജോലികൾ ഉണ്ടാകുന്നുണ്ട്. വീട്ടിലെ ജോലികൾ സ്ത്രീകൾ മാത്രമായി ചെയ്യുന്ന രീതിയാണ് ഇപ്പോഴും പല വീടുകളിലും. ഉള്ളത് പുരുഷന്മാർ കൂടെ അത് ഏറ്റെടുക്കാൻ തയ്യാറാകണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു. പച്ചക്കറി വിത്തുകൾ വിതരണത്തിന് തയ്യാറായിട്ടുണ്ട്.മൂന്നുലക്ഷം വിത്തുപാക്കറ്റുകൾ തയ്യാറായി.കൃഷിവകുപ്പ് 1,91,000 തൈകളും തയ്യാറാക്കി.ഇവ ഉടൻ വിതരണം ചെയ്യുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കാസർഗോഡിന് കർമ പദ്ധതി

തിരുവനന്തപുരം: കൂടുതൽ കൊവിഡ് രോഗികളുള്ള കാസർകോട് ജില്ലയിൽ സാഹചര്യം കണക്കിലെടുത്ത് പ്രത്യേക കർമപദ്ധതി തയാറാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. ജില്ലയിലെ പഞ്ചായത്ത് തല ഡേറ്റയെടുത്ത് പെട്ടെന്ന് ടെസ്റ്റിനയയ്ക്കും. ചുമയും പനിയും ഉള്ളവരുടെ ലിസ്റ്റ് എടുത്ത് പ്രത്യേകം പരിശോധിക്കും. സെൻട്രൽ യൂണിവേഴ്സിറ്റിയിൽ ടെസ്റ്റിങ്ങിനുള്ള അനുമതി ഐസിഎംആറിൽനിന്ന് ലഭിച്ചുകഴിഞ്ഞു. രോഗലക്ഷണം ഉള്ളവരുടെയും അവരുമായി ബന്ധപ്പെട്ടവരുടെയും ലിസ്റ്റ് തയാറാക്കുമെന്നും അദ്ദേഹം.

ശബരിമലയിൽ വിഷുദർശനമില്ല



തിരുവനന്തപുരം: ശബരിമലയിൽ ഇത്തവണ ഭക്തർക്ക് വിഷു ദർശനം ഉണ്ടാവില്ല. കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗൺ കണക്കിലെടുത്ത് വിഷുവിന് ശബരിമലയിൽ ദർശനം അനുവദിക്കേണ്ടതില്ലെന്ന് ദേവസ്വം ബോർഡ് യോഗം തീരുമാനിച്ചു.

കൊവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്ക് പ്രവേശനം വിലക്കിക്കൊണ്ടും ക്ഷേത്രങ്ങളിലെ പൂജാസമയം ക്രമീകരിച്ചുകൊണ്ടുമുള്ള ഉത്തരവിന്റെ കാലാവധി ഏപ്രിൽ 14വരെ ദീർഘിപ്പിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നു വിരമിച്ച ക്ഷേത്രജീവനക്കാരുടെ പെൻഷൻ ബാങ്കു ശാഖകളിൽ നിന്നാണ് വിതരണം ചെയ്തിരുന്നത്. നിലവിലെ സാഹചര്യത്തിൽ ഏപ്രിൽ മുതലുള്ള പെൻഷൻ അവരവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് എറ്റിഎം വഴി ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഒരുക്കാൻ ധനലക്ഷ്മി ബാങ്ക് അധികൃതരോട് ആവശ്യപ്പെടാൻ യോഗം തിരുമാനിച്ചതായി ബോർഡ് പ്രസിഡന്റ് അഡ്വ.എൻ. വാസു അറിയിച്ചു.

ആദിവാസികൾക്ക് കിറ്റ് വിതരണം തുടങ്ങി: എ.കെ. ബാലൻ



തിരുവനന്തപുരം: കൊവിഡ്19 പ്രതിരോധത്തിന്റെ ഭാഗമായ ലോക്ക് ഡൗൺ കാലത്ത് പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുടുംബാംഗങ്ങളെ സഹായിക്കാൻ 60 വയസ് തികഞ്ഞ പട്ടികവർഗ കുടുംബാംഗങ്ങൾക്ക് സ്പെഷ്യൽ കിറ്റ് വിതരണവും ഇതിനകം തുടങ്ങിയിട്ടുണ്ടെന്ന് മന്ത്രി എ.കെ. ബാലൻ.

പയർ, കടല, ശർക്കര, വെളിച്ചെണ്ണ, രണ്ടു കിലോ ഗോതമ്പ് എന്നിവയാണ് കിറ്റിലുള്ളത്. ഈ വിഭാഗത്തിലെ 1,44,944 വീടുകൾക്ക് ഒരു മാസത്തെ അരി, പരിപ്പ്, ശർക്കര, സോപ്പ്, എന്നിവയടങ്ങുന്ന 900 രൂപ വിലവരുന്ന കിറ്റിന്റെ വിതരണവും ആരംഭിച്ചിട്ടുണ്ട്. വകുപ്പു നടത്തുന്ന പ്രവർത്തനങ്ങളുടെ ഗുണം 4,80,638 ആദിവാസികൾക്ക് ലഭ്യമാകുമെന്ന് മന്ത്രി പറഞ്ഞു.

ഇതുവരെ കൊവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി 1684 ആദിവാസികളെയാണ് വീടുകളിൽ നിരീക്ഷണത്തിലാക്കിയത്. ഇതിൽ 45 പേർ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലാണ് താമസിക്കുന്നത്. ഏറ്റവും കൂടുതൽ പേർ നിരീക്ഷണത്തിലുള്ളത് വയനാട് ജില്ലയിലാണ്- 1214 പേർ.

കൊറിയയെ കുരുക്കിയതും മതസമ്മേളനം

സിയൂൾ: ഡൽഹിയിലെ തബ്‌ലീഗ് ജമാഅത്ത് മതസമ്മേളനം രാജ്യമാകെ കൊറോണ വൈറസ് വ്യാപനത്തിന് ഇടയാക്കിയത് ദക്ഷിണകൊറിയയിലെ ഷിൻചിയോഞ്ചി എന്ന ക്രൈസ്തവ വിഭാഗം നടത്തിയ പ്രാർഥനാ പരിപാടിക്കു സമാനമായി. ഇതേത്തുടർന്ന് ഈ വിഭാഗത്തിന്റെ സ്ഥാപകൻ ലീമാൻ ഹീക്കും മറ്റു പതിനൊന്നു പേർക്കുമെതിരേ കേസെടുത്തിരുന്നു കൊറിയ.

കൊറോണ വൈറസിന്റ വ്യാപനം ചൈനയ്ക്കു പുറത്തേക്കും തുടങ്ങിയ ഫെബ്രുവരി അവസാനവാരത്തിലായിരുന്നു ദക്ഷിണ കൊറിയയുടെ തെക്കൻ നഗരമായ ഡേഗുവിൽ ലീമാൻ ഹിയുടെ നേതൃത്വത്തിൽ ഷിൻചിയോഞ്ചിയുടെ സുവേശഷ പരിപാടി. ആൾക്കൂട്ട നിയന്ത്രണം ശക്തമായിരിക്കെയായിരുന്നു കൊറോണയ്ക്കെതിരേ പ്രാർഥിക്കാൻ ചേർന്ന യോഗം. ഇതിനു പിന്നാലെ രാജ്യത്ത് വൻതോതിൽ രോഗം പടർന്നു. യോഗത്തിൽ പങ്കെടുത്ത 9000 പേർക്കാണു രോഗം പിടിപെട്ടത്. നിരവധി പേർ മരിച്ചു. തുടർന്ന് ഷിൻചിയോഞ്ചി വിഭാഗത്തിനെതിരേ കേസെടുത്തു അധികൃതർ. ഇതോടെ സഭ ഖേദിക്കുന്നതായി ഷിൻചിയോഞ്ചി വക്താവും മുതിർന്ന വൈദികനുമായ കിം ഷിൻ-ചാങ് പറഞ്ഞു. രോഗബാധിതരായ ചില സഭാംഗങ്ങൾ അസുഖവിവരം മറച്ചുവെച്ച് സുവിശേഷ യോഗത്തിൽ പങ്കെടുത്തെന്ന വാദവും ഇദ്ദേഹം മുന്നോട്ടുവച്ചു.

ദക്ഷിണ കൊറിയയിൽ വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ കൊവിഡ് പ്രതിരോധത്തിന്റെ ഭാഗമായി അടച്ചിട്ടിരിക്കുന്നതിനിടെയായിരുന്നു ഷിൻചിയോഞ്ചിയുടെ സുവിശേഷയോഗം.

88 കാരനായ ലീ മാൻ-ഹീ, തന്നിലൂടെ യേശുക്രിസ്തു രണ്ടാമത് ലോകത്ത് അവതരിച്ചിരിക്കുകയാണെന്ന് അവകാശപ്പെട്ട് 1984ൽ സ്ഥാപിച്ച വിഭാഗമാണ് ഷിൻചിയോഞ്ചി.

കൊവിഡ് ക്ലസ്റ്ററായി നിസാമുദീൻ

ന്യൂഡൽഹി: തബ്‌ലീഗ് ജമാഅത്തിന്റെ അന്താരാഷ്ട്ര ആസ്ഥാനമായ മർകസ് നിസാമുദ്ദീനിൽ നടന്ന സമ്മേളനത്തിന് മുൻകൂർ അനുമതി വാങ്ങിയിരുന്നില്ലെന്ന് ആരോപിച്ച് ഡൽഹി സർക്കാർ നിയമനടപടികൾ ആരംഭിച്ചു. സമ്മേളനത്തിൽ പങ്കെടുത്ത ആറു തെലങ്കാനക്കാർ മരിച്ചതോടെയാണ് നിസാമുദീനിലെ തബ് ലിഗി ജമാഅത്ത് സമ്മേളനത്തിലേക്ക് ദേശീയ ശ്രദ്ധ തിരിഞ്ഞത്. സമ്മേളനത്തിൽ പങ്കെടുത്ത ഡൽഹിയിലെ 24 പേർക്കും ആന്ധ്രയിലെ 11 പേർക്കും ആൻഡമാൻ നിക്കോബാറിലെ പത്തു പേർക്കും കൊവിഡ് സ്ഥിരീകരിച്ചു. തമിഴ്നാട്ടിലെ ഈറോഡിൽ നിന്ന് സമ്മേളനത്തിൽ പങ്കെടുത്ത മുപ്പതിൽ 14 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്.

മർകസിലെ മൗലാനയ്ക്കെതിരേ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ നിർദേശിച്ചു. എന്നാൽ, ലോക്ക്ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ചിട്ടില്ലെന്ന് മർക്കസ് അധികൃതർ വ്യക്തമാക്കി. അടച്ചുപൂട്ടൽ പ്രഖ്യാപിക്കുന്നതിനു മുൻപാണു സമ്മേളനം നടന്നത്. ഈ സമയത്ത് ഡൽഹിയിൽ വിലക്കുകളൊന്നും ഉണ്ടായിരുന്നില്ലെന്ന് അവർ. പ്രധാനമന്ത്രി രാജ്യവ്യാപക ലോക്ക്ഡൗൺ പ്രഖ്യാപിച്ചപ്പോഴേ മർക്കസിലെ പരിപാടികൾ അവസാനിപ്പിച്ചു. റെയ്ൽവേ, ബസ് സർവീസുകൾ നിർത്തിവച്ചതുകൊണ്ടാണ് സമ്മേളനത്തിനെത്തിയവരിൽ പലരും മർക്കസിൽ കുടുങ്ങിപ്പോയതെന്നും വിശദീകരണം. ആയിരം പേരോളം മർക്കസിലുണ്ടെന്നും 1500 പേരോളം മടങ്ങിപ്പോയെന്നും പൊലീസിനെ അറിയിച്ചതാണെന്നും അവർ അവകാശപ്പെടുന്നു.

തമിഴ്നാട്ടിൽ നിന്നു സമ്മേളനത്തിൽ പങ്കെടുത്ത അമ്പത്തിനാലുകാരൻ കഴിഞ്ഞയാഴ്ച കൊവിഡ് ബാധിച്ചു മരിച്ചിരുന്നു. ഇയാളുടെ മൂന്നു കുടുംബാംഗങ്ങൾക്കും കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്. വില്ലുപുരത്തുനിന്നു മൂന്നു പേരും മധുരയിൽ നിന്നു രണ്ടുപേരും കൊവിഡ് ബാധിച്ച് ആശുപത്രിയിലുണ്ട്. കോയമ്പത്തൂരിൽ നിന്നു പോയവരിൽ 82 പേർക്ക് രോഗലക്ഷണങ്ങളുണ്ട്. തമിഴ്നാട്ടിൽ നിന്നു മാത്രം 1500 പേർ സമ്മേളനത്തിൽ പങ്കെടുത്തുവെന്നാണു കരുതുന്നത്. ഇവരിൽ 981 പേർ തിരിച്ചെത്തി. ഇവരെയെല്ലാം കണ്ടെത്തി പരിശോധിച്ചു വരികയാണെന്ന് മുഖ്യമന്ത്രി പളനി സാമി പറഞ്ഞു.

കർണാടകയിൽ നിന്നു നിസാമുദീനിൽ പോയ 24 പേരെ ബംഗളൂരു പൊലീസ് കണ്ടെത്തി ക്വാറന്റൈനിലാക്കിയിട്ടുണ്ട്. 45 പേരാണു നിസാമുദീനിൽ പോയതെന്നും അവരിൽ ഒരാൾ കൊവിഡ് ബാധിച്ചു മരിച്ചെന്നും സംസ്ഥാന ആരോഗ്യമന്ത്രി ബി. ശ്രീരാമലു പറഞ്ഞു. ഇയാളുടെ 13 വയസുള്ള മകനും കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്. മഹാരാഷ്ട്രയിൽ ഒരാളുടെ കൊവിഡ് മരണവും നിസാമുദീനുമായി ബന്ധപ്പെട്ടാണ്.

ശ്രീനഗറിൽ നിന്നു സമ്മേളനത്തിൽ പങ്കെടുത്ത അറുപത്തഞ്ചുകാരനും കഴിഞ്ഞയാഴ്ച കൊവിഡ് ബാധിച്ചു മരിച്ചു. ബിസിനസുകാരനായ ഇയാൾ വിമാനത്തിലും ട്രെയ്നിലും റോഡ് മാർഗവും സഞ്ചരിച്ചിട്ടുണ്ട്. ഉത്തർപ്രദേശിലും പോയശേഷമാണ് ശ്രീനഗറിൽ തിരിച്ചെത്തിയത്. ജമ്മുവിൽ കൊവിഡിനു ചികിത്സയിലുള്ള ഡോക്റ്റർക്ക് രോഗം വന്നതും ഇയാളിൽ നിന്നാണെന്നു കരുതുന്നു. നൂറുകണക്കിനു കശ്മീരികൾ സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ട്.

യുപിയിൽ നിന്ന് നിരവധിപേർ സമ്മേളനത്തിൽ പങ്കെടുത്ത സാഹചര്യത്തിൽ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് കൊവിഡ് ബാധിത ജില്ലകളിലെ സന്ദർശനം വെട്ടിച്ചുരുക്കി ലക്നൗവിൽ തിരിച്ചെത്തി. സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് അദ്ദേഹം ആരോഗ്യ വകുപ്പ് അധികൃതരുമായി അടിയന്തര ചർച്ച നടത്തി.

ഇന്തോനേഷ്യയിൽ നിന്നും മലേഷ്യയിൽ നിന്നും അടക്കം രണ്ടായിരത്തോളം വിദേശികൾ സമ്മേളനത്തിൽ പങ്കെടുത്തിരുന്നുവെന്നാണു സൂചന. സമ്മേളനത്തിൽ പങ്കെടുത്ത വിദേശികൾ വിസ നിയമങ്ങൾ ലംഘിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. സന്ദർശക വിസയിൽ വന്നവർ മതസമ്മേളനത്തിൽ പങ്കെടുക്കുകയായിരുന്നുവെന്ന് അധികൃതർ. ഇന്തോനേഷ്യയിൽ നിന്നു മാത്രം എണ്ണൂറോളം മതപ്രാസംഗികരാണ് പങ്കെടുത്തതെന്നാണു കരുതുന്നത്. ഇവരെ കരിമ്പട്ടികയിൽ പെടുത്താനും തീരുമാനമുണ്ട്. മതസമ്മേളനം കഴിഞ്ഞ് ഇവർ പല സംഘങ്ങളായി തെലങ്കാന, ബിഹാർ, ഉത്തർപ്രദേശ്, ആന്ധ്രപ്രദേശ്, ഒഡീശ തുടങ്ങിയ സംസ്ഥാനങ്ങളിലേക്കു പോയെന്നും അവിടെയെല്ലാം പരിപാടികളിൽ പങ്കെടുത്തെന്നും ആഭ്യന്തര മന്ത്രാലയം പറയുന്നു.

കൊറോണ കേറാ 'സ്വർഗങ്ങൾ'



ന്യൂയോർക്ക്: ലോകത്തെ 183 രാജ്യങ്ങളിലായി ഏഴരലക്ഷത്തോളം പേരിലേക്കു പടർന്നു കൊറോണ വൈറസ്. വലിയൊരു വിഭാഗം രാജ്യങ്ങളും രോഗവ്യാപനം തടയാൻ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചു. എന്നു തീരുമീ ദുരിതകാലമെന്ന് നിശ്ചയിക്കാനുമാവുന്നില്ല ആർക്കും. വൻശക്തികളെന്നും വികസിതമെന്നും അവകാശപ്പെട്ടിരുന്ന രാജ്യങ്ങളെല്ലാം കൊറോണ വൈറസിന്റെ പിടിയിലാണ്. എന്നാൽ, ഇപ്പോഴും ലോകത്തുണ്ട് കൊറോണപ്പേടിയില്ലാത്ത ചില രാജ്യങ്ങൾ. അവയിൽ ഭൂരിപക്ഷവും ദ്വീപ് രാഷ്ട്രങ്ങളാണ്. ടൂറിസം മാത്രം ജീവനോപാധിയാക്കിയ ചില കുഞ്ഞൻ രാഷ്ട്രങ്ങൾ.

പലാവു ദ്വീപ്

വടക്കൻ പസഫിക്കിൽ ഫിലിപ്പീൻസിനു സമീപമുള്ള പലാവു ദ്വീപിൽ അവസാനറിപ്പോർട്ടുകളെത്തുമ്പോൾ ഒരാൾക്കു കൊവിഡ് 19 സംശയിക്കപ്പെടുന്നുണ്ട്. എന്നാൽ, രോഗിയെ മുൻകൂട്ടി ആശുപത്രിയിലാക്കിയതിനാൽ വ്യാപനപ്പേടിയില്ല. 18,000ഓളം പേരുള്ള ദ്വീപിൽ പുറത്തുനിന്നാരും എത്തുന്നില്ല. ജീവിതം സാധാരണപോലെ. ഇപ്പോഴും ഇതുപോലെ കഴിയാൻ സാഹചര്യമൊരുക്കുന്നത് അതിവിശാലമായ പസഫിക് സമുദ്രം.

മൈക്രോനേഷ്യ

വടക്കൻ പസഫിക്കിൽ ഫിലിപ്പീൻസിനു കിഴക്കും പപുവ ന്യൂഗിനയ്ക്കു വടക്കുമായി സ്ഥിതി ചെയ്യുന്ന ദ്വീപ് സമൂഹം. യുഎസിനെ ആശ്രയിച്ചു നീങ്ങുന്ന ദ്വീപിലേക്കു യാത്രാവിമാനങ്ങൾ നിരോധിച്ചിട്ടു ദിവസങ്ങളായി. അറുനൂറോളം ചെറുദ്വീപുകൾ ചേർന്ന രാജ്യത്തിന്റെ പ്രധാന വരുമാനമാർഗം ടൂറിസമാണ്. 1.12 ലക്ഷം ജനസംഖ്യ.

ടോംഗ

തെക്കൻ പസഫിക്കിൽ ന്യൂസിലൻഡിനു സമീപമുള്ള 170 ചെറുദ്വീപുകളുടെ സമൂഹം. 36 ദ്വീപുകളിൽ മനുഷ്യവാസം. ആകെ ജനസംഖ്യ ഒരു ലക്ഷത്തോളം. ആർക്കും രോഗം റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും രാജ്യത്ത് അടച്ചുപൂട്ടലും അടിയന്തരാവസ്ഥയും നിശാനിയമവും പ്രഖ്യാപിച്ചിരിക്കുന്നു.

സോളമൻ ദ്വീപുകൾ

ദ്വീപ് സമൂഹത്തിൽ ഇതേവരെ കൊവിഡ് 19 കേസുകളില്ല. സംശയിക്കപ്പെട്ടവരുടെയും പരിശോധനാ ഫലം നെഗറ്റിവ്. എങ്കിലും സ്കൂളുകൾ അടച്ചു. അടിയന്തരാവസ്ഥ. ആളുകൾ വീടുകളിൽ. തെക്കൻ പസഫിക്കിൽ ഓഷ്യാനിയ മേഖലയിലുള്ള ദ്വീപ് സമൂഹത്തിൽ ആറു വലിയ ദ്വീപുകളും 900ഓളം ചെറുദ്വീപുകളുമുണ്ട്. ആറര ലക്ഷത്തോളമാണു ജനസംഖ്യ.

മാർഷൽ ദ്വീപുകൾ

മധ്യപസഫിക്കിലെ ദ്വീപ് സമൂഹത്തിൽ ഇതേവരെ ആർക്കും രോഗം സംശയിക്കപ്പെടുന്നതുപോലുമില്ല. മാർച്ച എട്ടു മുതൽ ഇവിടേക്ക് വിമാന സർവീസ് നിരോധിച്ചിരിക്കുന്നു. അറുപതിനായിരത്തോളമാണു ജനസംഖ്യ. പവിഴപ്പുറ്റുകൾക്കു പ്രശസ്തമായ ദ്വീപിൽ ടൂറിസമാണു പ്രധാന വരുമാനം.

സമോവ

മധ്യപസഫിക്കിലെ രണ്ടു വലിയ ദ്വീപുകൾ ചേർന്ന രാജ്യം നേരത്തേ തന്നെ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചിരുന്നു. പനിയെത്തുടർന്ന് ആശുപത്രികളിൽ കഴിയുന്ന 20 പേരുടെ സാംപ്ളുകൾ പരിശോധിച്ചതിൽ ആർക്കും കൊവിഡ് ഇല്ല. രാജ്യത്തേക്കു വിമാനസർവീസുകളില്ല. കപ്പലുകളുമില്ല. രണ്ടുലക്ഷത്തോളമാണു ജനസംഖ്യ.

തുർക്ക്മെനിസ്ഥാൻ

കൊവിഡ് 19 ഏറ്റവുമധികം നാശമുണ്ടാക്കിയ ഇറാനുമായി അതിർത്തി പങ്കിടുന്നുണ്ടെങ്കിലും ഇസ്‌ലാമിക രാജ്യമായ തുർക്ക്മെനിസ്ഥാനിൽ ഇതേവരെ കൊവിഡ് 19 രോഗം റിപ്പോർട്ട് ചെയ്തിട്ടില്ല. പഴയ സോവ്യറ്റ് റിപ്പബ്ലിക്കുകളിലൊന്നാണിത്. രാജ്യത്തിന്റെ ഭൂരിപക്ഷവും മരുപ്രദേശമാണ്. കൊവിഡ് ഭീഷണി ഇതുവരെയില്ലെങ്കിലും മുതിർന്ന ഉദ്യോഗസ്ഥർ സംരക്ഷിത ജൈവമണ്ഡലമായ റെപ്പറ്റെക്കിലേക്കു താമസം മാറ്റി.

ഉത്തരകൊറിയ

ചൈനയെ പൂർണമായി ആശ്രയിക്കുന്ന, അതിർത്തി പങ്കിടുന്ന രാജ്യമായിട്ടും ഉത്തരകൊറിയയിൽ ഇതേവരെ കൊവിഡ് 19 റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതെന്തുകൊണ്ടെന്നതില് ആശ്ചര്യം. എന്നാൽ, ഉത്തരകൊറിയുടെ 'ഇരുമ്പുമറ' മറികടക്കാനാവാത്തതിനാൽ അവിടത്തെ അവസ്ഥ പുറത്തുവരാത്തതെന്നും കരുതുന്നുണ്ട്. കൊറോണ വൈറസ് പടർന്നാൽ രാജ്യത്തെ നിലവിലുള്ള ചികിത്സാ സംവിധാനങ്ങളുപയോഗിച്ചു തടയാനാവില്ലെന്ന് ഉത്തരകൊറിയൻ ഏകാധിപതി കിം ജോങ് ഉൻ പറഞ്ഞതായി റിപ്പോർട്ടുണ്ടായിരുന്നു.

അന്റാർട്ടിക്ക

എല്ലാ രാജ്യങ്ങൾക്കും താവളങ്ങളുള്ള വൻകര. ദക്ഷിണധ്രുവം ഉൾപ്പെടുന്ന വൻകരയുടെ 98 ശതമാനവും മഞ്ഞുമൂടിക്കിടക്കുന്നു. വിവധ രാജ്യങ്ങളുടെ ഗവേഷക സംഘങ്ങൾ മാത്രമാണ് ഇവിടെയുള്ളത്. ചിലിയിൽ നിന്നുള്ള വിമാനസർവീസാണു പ്രധാനം. നിലവിൽ കൊവിഡ് ഭീഷണിയില്ല. രോഗസാധ്യത പടർന്നതോടെ കൂടുതൽ പരിശോധനകളും നടത്തുന്നുണ്ട്.

വിശദീകരണവുമായി മർകസ് നിസാമുദീൻ

ലോക്ക് ഡൗൺ മടക്കയാത്രയെ ബാധിച്ചു

ന്യൂഡൽഹി: നിസാമുദ്ദീനിലെ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തു മടങ്ങിയ നിരവധി പേർക്ക് കൊവിഡ് ബാധ സ്ഥിരീകരിച്ചതിനിടെ, വിശദീകരണവുമായി നിസാമുദ്ദീൻ മർകസ്. നിസാമുദ്ദീൻ മർക്കസിന്റെ വിശദീകരണ കുറിപ്പിൽ നിന്ന്:

നൂറു വർഷത്തോളമായി തബ്‌ലീഗ് ജമാഅത്തിന്റെ അന്താരാഷ്ട്ര ആസ്ഥാനമാണ് മർകസ് നിസാമുദ്ദീൻ. ലോകമെമ്പാടുമുള്ള സന്ദർശകരും തീർത്ഥാടകരും വിവിധ പരിപാടികൾക്കായി എത്തുന്നുണ്ട്. വിദൂര സ്ഥലങ്ങളിൽ നിന്നുള്ള സന്ദർശകരുടെ പങ്കാളിത്തം പരിഗണിച്ച് എല്ലാ പ്രോഗ്രാമുകളും ഒരു വർഷം മുമ്പുതന്നെ തീരുമാനിക്കും.

പ്രധാനമന്ത്രി 22 ന് ജനതാ കർഫ്യൂ പ്രഖ്യാപിച്ചപ്പോൾ മർകസ് നിസാമുദ്ദീനിൽ നടന്നുകൊണ്ടിരിക്കുന്ന പരിപാടി ഉടൻ നിർത്തലാക്കിയിരുന്നു. 21 ന് രാജ്യത്തുടനീളമുള്ള റെയ്ല് സർവീസുകൾ പെട്ടെന്ന് റദ്ദാക്കിയതിനെത്തുടർന്ന്, സന്ദർശകരുടെ ഒരു വലിയ സംഘം മർകസ് പരിസരത്ത് കുടുങ്ങി. ഡൽഹി മുഖ്യമന്ത്രി 31 വരെ ഡൽഹി പൂട്ടുന്നതായി പ്രഖ്യാപിച്ചതിനാൽ റോഡ് ഗതാഗത സാധ്യതയും ഇല്ലാതായി.

23 ന് വൈകുന്നേരം പ്രധാനമന്ത്രി സമ്പൂർണ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ ഒറ്റപ്പെട്ടുപോയ സന്ദർശകരെ നിശ്ചിത മെഡിക്കൽ മുൻകരുതലുകളോടെ പാർപ്പിക്കുകയല്ലാതെ മറ്റ് വഴികളിലില്ലായിരുന്നു. 24 ന് മർകസ് പരിസരം അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് അധികാരികളെത്തിയിരുന്നു. 1500 ഓളം പേർ പുറപ്പെട്ടതായും വിവിധ സംസ്ഥാനങ്ങളിലെ ആയിരത്തോളം സന്ദർശകരെ മർകസിലെത്തിച്ചതായും മറുപടി നൽകി. ബാക്കിയുള്ളവരെ സ്വന്തം സ്ഥലങ്ങളിലേക്ക് തിരിച്ചയക്കുന്നതിന് വാഹന പാസുകൾ നൽകാൻ ബന്ധപ്പെട്ട എസ്ഡിഎമ്മിനോട് അഭ്യർഥിച്ചിരുന്നു.

25 ന് തഹസിൽദാറും മെഡിക്കൽ സംഘവും മർകസ് സന്ദർശിച്ചു. 26 ന് ലെഫ്റ്റനന്റ് എസ്ഡിഎം മർകസ് സന്ദർശിച്ചപ്പോൾ വാഹനങ്ങൾക്ക് വീണ്ടും അനുമതി തേടിയിരുന്നു. 27 ന് ആറ് പേരെ മെഡിക്കൽ പരിശോധനയ്ക്കായി കൊണ്ടുപോയി. 28 ന് ലെഫ്റ്റനന്റ് എസ്ഡിഎം, ലോകാരോഗ്യസംഘടന എന്നിവരടങ്ങിയ സംഘം മർകസ് സന്ദർശിക്കുകയും 33 പേരെ മെഡിക്കൽ പരിശോധനയ്ക്കായി കൊണ്ടുപോകുകയും ചെയ്തു.

കൊവിഡ് ബാധിച്ച ആളുകൾ മർകസിൽ ഉണ്ടെന്ന് ആരോപിച്ച് 30 ന് സോഷ്യൽ മീഡിയയിൽ അഭ്യൂഹം പരന്നു. ചില മരണങ്ങൾ സംഭവിച്ചതായും പ്രചരിക്കുന്നുണ്ട്. ഡൽഹി മുഖ്യമന്ത്രി മർകസിന്റെ ഭരണത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ അധികാരികളോട് നിർദേശിച്ചതായി അറിഞ്ഞു.ഈ കാലത്തിനിടയിൽ മർകസ് നിസാമുദ്ദീൻ ഒരിക്കലും നിയമ വ്യവസ്ഥകൾ ലംഘിച്ചിട്ടില്ല, വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ഡൽഹിയിലെത്തിയ സന്ദർശകരോട് അനുകമ്പയോടും യുക്തിസഹമായും പ്രവർത്തിക്കാൻ ശ്രമിച്ചു. മെഡിക്കൽ മാർഗനിർദേശങ്ങൾ ലംഘിക്കാൻ അവരെ അനുവദിച്ചില്ല.

ഈ സ്ഥാപനത്തിനെ ക്വാറന്റൈൻ ആവശ്യങ്ങൾക്കായി പൂർണമായി വിട്ടുതരാൻ തയാറാണെന്നും മർകസ് അധികൃതർ ഉറപ്പുനൽകി. 100 വർഷക്കാലത്തിനിടയ്ക്ക് ഭരണകൂടവും അധികാരികളുമായും സഹകരിക്കുകയും നിയമവാഴ്ചയെ ഉയർത്തിപ്പിടിക്കുകയും ചെയ്ത കളങ്കമില്ലാത്ത ചരിത്രമാണ് മർകസ് നിസാമുദ്ദീനുള്ളത്. കൊവിഡ്-19 വെല്ലുവിളിയിലും അങ്ങനെ തന്നെ ആയിരിക്കുമെന്നും അവർ പറഞ്ഞു.

ലക്ഷ്മണരേഖ കടന്നാൽ ആന്ധ്രയിൽ അലാം മുഴങ്ങും

ഹൈദരാബാദ്: സമ്പർക്കവിലക്ക് നിർദേശിക്കപ്പെട്ടയാൾ അതു മറികടക്കുന്നതാണ് കൊവിഡ് 19 പ്രതിരോധത്തിൽ ആരോഗ്യപ്രവർത്തകരെ കുഴക്കുന്ന ഏറ്റവും വലിയ പ്രശ്നം. രോഗം സ്ഥിരീകരിച്ചാൽ ഇവരുടെ റൂട്ട് മാപ്പ് തയാറാക്കുന്നതും മറ്റൊരു പ്രതിസന്ധി. പലപ്പോഴും ആളുകൾ ഇതിനോടു സഹകരിക്കാറില്ല. എന്നാൽ, ഈ രണ്ടു പ്രശ്നങ്ങൾക്കും സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഹാരം കണ്ടെത്തിയിരിക്കുകയാണ് ആന്ധ്രപ്രദേശ് ദുരന്ത നിവാരണ അഥോറിറ്റി.

രണ്ടു മാർഗങ്ങളാണ് അവർ ഇതിന് ഉപയോഗിക്കുന്നത്. സമ്പർക്ക വിലക്കിലുള്ളയാൾ വീട്ടിലിരിക്കുന്നു എന്ന് ഉറപ്പാക്കാൻ അവരെ 24X7 നിരീക്ഷണത്തിലാക്കുന്ന സാങ്കേതിക വിദ്യയാണ് ആദ്യത്തേത്. രണ്ടാമത്തേത് റൂട്ട് മാപ്പ് തയാറാക്കലും.

24X7 നിരീക്ഷണം

25,000 പേരാണു സംസ്ഥാനത്ത് നിരീക്ഷണത്തിൽ കഴിയുന്നത്. എല്ലാവരുടെയും വീടുകളിൽ അധികൃതർ സ്ഥാപിച്ച പ്രത്യേക ജിപിഎസ് ഉപകരണം വഴിയാണ് ആളുകളെ മുഴുവൻ സമയവും നിരീക്ഷണത്തിലാക്കിയത്. മൊബൈൽ ടവർ സിഗ്നൽ വഴിയാണ് ഇതിന്റെ പ്രവർത്തനം.

നിരീക്ഷണത്തിൽ കഴിയുന്ന മുഴുവൻ പേരും എവിടെയാണു താമസിക്കുന്നത്, വീട്ടിൽ ഒപ്പമുള്ളവർ ആരൊക്കെ തുടങ്ങി എല്ലാ വിവരങ്ങളും സർക്കാർ ശേഖരിച്ചു. സമ്പർക്കവിലക്കിൽ കഴിയുന്നവർ നിർദേശിക്കപ്പെട്ട സ്ഥലത്തു നിന്നു 100 മീറ്റർ മാറിയാൽ ഉടൻ ദുരന്തനിവാരണ അഥോറിറ്റിയുടെ കൺട്രോൾ റൂമിൽ അലാം മുഴങ്ങും. ഇതോടെ ആരാണു നിയന്ത്രണം ലംഘിച്ചതെന്നു കണ്ടെത്തി വീട്ടിലേക്കു മടങ്ങാൻ നിർദേശിക്കും. നിർദേശം അംഗീകരിക്കുന്നില്ലെങ്കിൽ അപ്പോൾ നടപടി. പൊലീസും ആരോഗ്യപ്രവർത്തകരും സ്ഥലത്തെത്തും.

വന്നവഴി മറന്നാൽ സർക്കാർ ഓർമിപ്പിക്കും

മൊബൈൽ ടവർ സിഗ്നൽ പരിശോധനയിലൂടെ തന്നെയാണ് രോഗിയുടെ യാത്രാ വിവരങ്ങൾ ശേഖരിക്കുക. ലൊക്കേഷൻ ലഭിച്ചാൽ രോഗിയെ ചോദ്യംചെയ്ത് പോയ സ്ഥലങ്ങൾ കൃത്യമായി വേർതിരിക്കും. 15 മിനിറ്റിലധികം ചെലവഴിച്ച സ്ഥലങ്ങളിൽ പ്രത്യേകമായി രേഖപ്പെടുത്തും. സംസ്ഥാനത്തെ 20 രോഗികളുടെ യാത്രാ വിവരങ്ങൾ കൃത്യമായി വേർതിരിക്കാനായിരുന്നു ആന്ധ്ര അധികൃതർക്ക്. തെലങ്കാനയും ഒഡീശയും ആന്ധ്ര മാതൃക പിന്തുടരാനുള്ള ഒരുക്കത്തിലാണ്.

ഭക്ഷണത്തിനു പണമില്ല; ഇറ്റലിയിൽ കവർച്ച

റോം: കൊവിഡ് 19 രോഗം പതിനായിരത്തിലേറെ പേരുടെ ജീവനെടുത്ത ഇറ്റലിയിൽ ക്രമസമാധാന നിലയും തകരുന്നു. ഒരു മാസത്തോളമായി പൂർണമായി അടച്ചിടപ്പെട്ട രാജ്യത്ത് ഭക്ഷണത്തിനു വേണ്ടിയും തെരുവിൽ അക്രമം തുടങ്ങി. ഇതേത്തുടർന്നു പലയിടങ്ങളിലും വൻതോതിൽ പൊലീസിനെ വിന്യസിച്ചു. വൈറസ് വ്യാപനം കൂടുതലായി നാശമുണ്ടാക്കിയ തെക്കൻമേഖലകളിലാണ് ക്രമസമാധാനത്തകർച്ച. സിസിലി ദ്വീപിൽ കവർച്ചാ സംഘങ്ങൾ സോഷ്യൽ മീഡിയയിലൂടെ കടകളും സ്ഥാപനങ്ങളും കൊള്ളയടിക്കാൻ പദ്ധതിയിടുന്നുണ്ടെന്ന വിവരത്തെ തുടർന്ന് തെരുവുകളിൽ പൊലീസ് നിലയുറപ്പിച്ചിരിക്കുകയാണ്. ബോട്ട് സർവീസുകൾ താത്കാലികമായി നിറുത്തിയതോടെ സിസിലിയിൽ ഭക്ഷണത്തിനും മരുന്നിനും ക്ഷാമം നേരിടുന്നുണ്ട്.

ഇതിനിടെ സിസിലി ദ്വീന്റെ തലസ്ഥാനമായ പലെർമോയിൽ കഴിഞ്ഞദിവസം നാട്ടുകാർ സൂപ്പർമാർക്കറ്റുകളിൽ അതിക്രമിച്ചുകയറി അവശ്യസാധനങ്ങൾ കൊള്ളയടിച്ചു. ഭക്ഷണത്തിനു പോലും പണമില്ലെന്നതാണ് തങ്ങളെ ഇതിനു പ്രേരിപ്പിച്ചതെന്നാണ് ഇവർ പറഞ്ഞത്.

നാഷണൽ റവല്യൂഷൻ എന്ന പേരിലുള്ള ഫെയ്സ്ബുക്ക് ഗ്രൂപ്പ് കടകൾ കൊള്ളയടിക്കാൻ ആഹ്വാനം നൽകി. 2600 പേരുള്ള ഗ്രൂപ്പാണിത്.

ഏതു നിമിഷവും സ്ഥിതി വഷളാകാമെന്നാണ് റിപ്പോർട്ട്. ഇതേത്തുടർന്നു പ്രദേശത്തു വൻ പൊലീസ് വിന്യാസം ഏർപ്പെടുത്തി. അതിനിടെ, രാജ്യത്ത് മരണം 11,592 ആയി. ഇറ്റലിയിലെ സ്ഥിതിയിൽ മാറ്റമില്ലാതെ തുടരുന്നതിനാൽ യൂറോപ്യൻ രാജ്യങ്ങളിലെ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാകുമോ എന്ന ഭയത്തിലാണ് ആരോഗ്യ സംഘടനകൾ. ഇറ്റലിയിൽ കൊറോണയെ നിയന്ത്രിക്കാൻ നിലവിലുള്ള നടപടികൾക്ക് മാറ്റം വരുത്തണമെന്നാണ് ഗവേഷകർ പറയുന്നത്..

ലോക്ക്ഡൗണിൽ തുടരുകയാണെങ്കിലും കഴിഞ്ഞ മൂന്ന് ദിവസത്തിനിടെ പ്രതിദിനം റിപ്പോർട്ട് ചെയ്തത് 5000ത്തിലേറെ കേസുകളാണ്.

ഇതരസംസ്ഥാന തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ മനസിലാക്കാനും അവരുടെ ക്ഷേമം ഉറപ്പാക്കാനുമായി നിയോഗിക്കപ്പെട്ട ക്രൈംബ്രാഞ്ച് ഐജി എസ്. ശ്രീജിത്ത് പായിപ്പാട്ട് തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ സന്ദർശനം നടത്തി കാര്യങ്ങൾ ആരായുന്നു.

പരിഭ്രാന്തി മൂലം ജീവൻ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകരുത്: സുപ്രീം കോടതി

ഉണ്ണിത്താന്റെ പരാതി പരിശോധിക്കാനും നിർദേശം

ന്യൂഡൽഹി: കുടിയേറ്റ ത്തൊഴിലാളികളുടെ നഗരങ്ങളിൽ നിന്നുള്ള കൂട്ടപ്പലായനം തടയണമെന്ന് കേന്ദ്ര സർക്കാരിനോടു സുപ്രീം കോടതി. കൊവിഡ് വ്യാപനം തടയാനുള്ള അടച്ചുപൂട്ടലിനെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ആയിരക്കണക്കിനാളുകളാണ് നൂറുകണക്കിനു കിലോമീറ്ററുകൾ നടന്ന് സ്വന്തം ഗ്രാമങ്ങളിലേക്കു പോകുന്നത്. ഭക്ഷണവും താമസസൗകര്യവും ലഭിക്കില്ലെന്ന പരിഭ്രാന്തി മൂലമാണ് ഈ പലായനം. കൊറോണ വൈറസ് മൂലമുള്ള ജീവഹാനിയെക്കാൾ കൂടുതൽ ജീവൻ പരിഭ്രാന്തി മൂലം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകരുതെന്ന് കോടതി നിർദേശിച്ചു.

തെറ്റിദ്ധാരണ പരത്തുന്ന വാർത്തകളാണു കൂടുതൽ പരിഭ്രാന്തിയുണ്ടാക്കുന്നത്. ഇതു തടയാൻ യഥാർഥ വസ്തുതകൾ വെളിപ്പെടുത്തുന്ന 24 മണിക്കൂർ പോർട്ടൽ വേണമെന്നും സർക്കാരിനോടു കോടതി. എല്ലാ വിശ്വാസ വിഭാഗങ്ങളിലും പെട്ട കൗൺസിലർമാരെയും സാമൂഹിക നേതാക്കളെയും ഉപയോഗിച്ച് കുടിയേറ്റ തൊഴിലാളികളിൽ ആശ്വാസമെത്തിക്കണം. രാജ്യവ്യാപകമായി ഇവർക്ക് അഭയകേന്ദ്രങ്ങളുണ്ടാവണം. ഭക്ഷണവും അത്യാവശ്യ സൗകര്യങ്ങളും ലഭ്യമാക്കണം. അഭയകേന്ദ്രങ്ങളുടെ നടത്തിപ്പ് പൊലീസിനെയല്ല ഏൽപ്പിക്കേണ്ടത്, വോളന്റിയർമാരെയാണ്- കോടതി നിർദേശിച്ചു. ബലപ്രയോഗത്തിലൂടെയല്ല ഇവരെ സമാശ്വസിപ്പിക്കേണ്ടതെന്നും കോടതി.

കുടിയേറ്റ തൊഴിലാളികളെ അണുവിമുക്തരാക്കാൻ രാസവസ്തുക്കളും വെള്ളവും സ്പ്രേ ചെയ്യുന്നത് ശാസ്ത്രീയമല്ലെന്നും ശരിയായ മാർഗമല്ലെന്നും ചീഫ് ജസ്റ്റിസ് എസ്.എ. ബോബ്ഡെയും എൽ. നാഗേശ്വര റാവുവും അടങ്ങിയ ബെഞ്ച് ചൂണ്ടിക്കാട്ടി.

അതിർത്തി തുറക്കാൻ കർണാടകയോട് നിർദേശിക്കണമെന്നാവശ്യപ്പെട്ട് കാസർഗോഡ് എംപി രാജ്മോഹൻ ഉണ്ണിത്താൻ നൽകിയ ഹർജിയിലെ പരാതി പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാൻ കേന്ദ്ര സർക്കാരിനോട് കോടതി നിർദേശിച്ചു.

മലിനീകരണം കുറയുന്നു, നഗരങ്ങളിൽ ശുദ്ധവായു

ന്യൂഡൽഹി: രാജ്യത്തിന്റെ ചരിത്രത്തിലെ ആദ്യ അടച്ചുപൂട്ടൽ ഒരാഴ്ച പിന്നിടുമ്പോൾ നഗരങ്ങളിൽ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരമുയർന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ വായു ഗുണനിലവാര സൂചിക (എക്യുഐ) പ്രകാരം രാജ്യത്തെ 103 നഗരങ്ങളിൽ എൺപത്തെട്ടിടത്തും താരതമ്യേന ശുദ്ധവായു നിറഞ്ഞു. 23 നഗരങ്ങളിൽ ഏറ്റവും മികച്ച വായു. 65 നഗരങ്ങളിൽ തൃപ്തികരം. ശേഷിക്കുന്ന ഇടങ്ങളിൽ ഇനിയും മെച്ചപ്പെടാനുണ്ട്.

എക്യുഐ 0-50 നല്ലത്, 51-100 തൃപ്തികരം, 101-200 തരക്കേടില്ല, 201-300 മോശം, 301-400 വളരെ മോശം, 401-500 ഗുരുതരം എന്നിങ്ങനെയാണ് വിലയിരുത്തുന്നത്. ദേശീയ തലസ്ഥാനമായ ഡൽഹിയിൽ ആദ്യ ദിവസങ്ങളിൽ സൂചിക മെച്ചപ്പെട്ടെങ്കിലും മഴ പെയ്തത് കാര്യങ്ങൾ മോശമാക്കി. ഉത്തർപ്രദേശിലെ ബുലന്ദ്ശഹറും അസമിലെ ഗോഹട്ടിയും മാത്രമാണു മോശം നിലവാരം രേഖപ്പെടുത്തിയത്. രാജ്യമാകെ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചതോടെ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ പ്രവർത്തനം നിർത്തിവച്ചിരുന്നു. നിർമാണ പ്രവർത്തനങ്ങൾ നിലച്ചതോടെ അന്തരീക്ഷത്തിലെ പൊടിശല്യം കുറഞ്ഞു. ഇതിനൊപ്പമാണു വാഹന ഗതാഗതവും ഇല്ലാതായത്. മലിനീകാരിയായ നൈട്രജൻ ഓക്സൈഡ് ഏറ്റവുമധികം പുറന്തള്ളപ്പെടുന്നത് വാഹനങ്ങളിൽ നിന്നാണ്. മുംബൈയിൽ നൈട്രജൻ ഓക്സൈഡിന്റെ സാന്നിധ്യം 43 ശതമാനവും പൂനെയിൽ 38 ശതമാനവും അഹമ്മദാബാദിൽ 50 ശതമാനവും ഈ ദിവസങ്ങളിൽ കുറഞ്ഞു.

ഇന്ത്യയും ചൈനയും മാന്ദ്യം മറികടക്കും: യുഎൻ

ന്യൂഡൽഹി: കൊവിഡ് 19 മഹാമാരി മൂലമുണ്ടാകുന്ന സാമ്പത്തിക മാന്ദ്യത്തെ ഇന്ത്യയും ചൈനയും അതിജീവിക്കുമെന്നു യുഎൻ റിപ്പോർട്ട്. രണ്ടു ലക്ഷം കോടിയിധികം ഡോളറിന്റെ നഷ്ടമാകും ലോക സമ്പദ്‌വ്യവസ്ഥയ്ക്കുണ്ടാകുക. ആഗോള ജനസംഖ്യയുടെ മൂന്നിൽ രണ്ടും വസിക്കുന്ന വികസ്വര രാജ്യങ്ങളെയാകും ഇതു കാര്യമായി ബാധിക്കുകയെന്നും യുഎൻ ട്രെയ്ഡ് ആൻഡ് ഡെവലപ്മെന്റ് കോൺഫറൻസ് (യുഎൻഡിടിസി) വിലയിരുത്തി.

കൊവിഡ്-19 പ്രതിസന്ധിയിൽ സാമ്പത്തിക നാശനഷ്ടങ്ങൾ നേരിടുന്ന രാജ്യങ്ങൾക്കായി യുഎൻ 2.5 ട്രില്യൺ യുഎസ് ഡോളർ രക്ഷാ പാക്കേജും പ്രഖ്യാപിച്ചു. സമ്പന്ന രാജ്യങ്ങൾക്ക് അടുത്ത രണ്ട് വർഷത്തിനുള്ളിൽ 2-3 ലക്ഷം കോടിയുടെ വിദേശ നിക്ഷേപം കുറയും. മാന്ദ്യത്തെ നേരിടാൻ വരും ദിവസങ്ങളിൽ വികസിത സമ്പദ്‌വ്യവസ്ഥകളും ചൈനയും വൻതോതിലുള്ള സർക്കാർ പാക്കേജുകൾ പ്രഖ്യാപിക്കും. ഇതുവഴി അവരുടെ സമ്പദ്‌വ്യവസ്ഥയിലേക്ക് അഞ്ചു ലക്ഷം കോടിയുടെ യുഎസ് ഡോളർ ലൈഫ് ലൈൻ വ്യാപിപ്പിക്കും.

ലോക സമ്പദ്‌വ്യവസ്ഥ ഈ വർഷം സാമ്പത്തിക മാന്ദ്യത്തിലേക്ക് നീങ്ങുമെന്നും ആഗോള വരുമാനം ട്രില്യൺ കണക്കിന് ഡോളറിൽ നഷ്ടപ്പെടുമെന്നും യുഎൻ പ്രവചിച്ചു. ഇത് ചൈനയും ഇന്ത്യയും ഒഴികെയുള്ള വികസ്വര രാജ്യങ്ങൾക്ക് ഗുരുതരമായ പ്രശ്നമുണ്ടാക്കും. വികസ്വര രാജ്യങ്ങളെ ബാധിക്കുന്ന ആഗോള സാമ്പത്തിക മാന്ദ്യവും ആഗോള വരുമാനത്തിലുള്ള നഷ്ടവും ലോകം മുഴുവൻ അഭിമുഖീകരിക്കുന്നതിനാൽ ഇന്ത്യയും ചൈനയും എങ്ങനെ ഒഴിവാക്കപ്പെടും എന്നതിന് വിശദമായ വിശദീകരണം റിപ്പോർട്ടിൽ നൽകിയിട്ടില്ല.

ഒരേ സമയം രണ്ടുപേർക്ക്; നൂതന വെന്റിലേറ്ററുമായി ഡിആർഡിഒ

ന്യൂഡൽഹി: ഒരേസമയത്ത് ഒന്നിൽ കൂടുതൽ രോഗികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന വെന്റിലേറ്റർ വികസിപ്പിച്ച് ഡിഫൻസ് റിസർച്ച് ഡവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ). രാജ്യത്ത് കോവിഡ് രോഗികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർധനയും ജീവൻ രക്ഷാ ഉപകരണങ്ങളുടെ അപര്യാപ്തതയും കണക്കിലെടുത്താണ് ഡിആർഡിഒ വന്റിലേറ്റർ വികസിപ്പിച്ചത്.

ആദ്യം ഉണ്ടാക്കിയ വെന്റിലേറ്റർ ശരിയായി പ്രവർത്തിക്കുന്നതായും ഡിആർഡിഒ. ആരോഗ്യ രംഗത്തെ വിദഗ്ധരുടെയും ഗവേഷകരുടെയും നിർദേശങ്ങൾ കൂടി അനുസരിച്ച് വേണ്ട മാറ്റങ്ങൾ വരുത്തി നിർമാണം അടുത്തയാഴ്ച പൂർത്തിയാകും. നേരത്തേയും ഡിർഡിഒ വെന്റിലേറ്ററുകൾ നിർമിച്ചിട്ടുണ്ട്. അടുത്തയാഴ്ച മുതൽ എൻ 95 മാസ്കുകളും ഇവിടെ നിർമിക്കും.

അതിനിടെ, ഇതിനോടകം തന്നെ 40,000 വെന്റിലേറ്ററുകൾ വാങ്ങാനുള്ള അനുമതി കേന്ദ്രം നൽകി. പ്രദേശിക നിർമ്മാതാക്കളുമായി കൂടിചേർന്ന് രണ്ടു മാസത്തിനകം 30,000 വെന്റിലേറ്ററുകൾ നിർമ്മിക്കാൻ ഭാരത് ഇലക്ട്രോക്ട്രോണിക്സിന് നിർദേശം നൽകി. ഓട്ടോ മൊബൈൽ നിർമ്മാതാക്കളോടും വെന്റിലേറ്ററുകൾ നിർമ്മിക്കാൻ കേന്ദ്രം ആവശ്യപ്പെട്ടിരുന്നു.

ബംഗാളിൽ ഡോക്റ്റർക്ക് സുരക്ഷാ വസ്ത്രം മഴക്കോട്ട്

കോൽക്കത്ത: പശ്ചിമ ബംഗാളിൽ കൊവിഡ് 19 രോഗികളെ ചികിത്സിക്കുന്ന ഡോക്റ്റർക്കു സുരക്ഷാ വസ്ത്രം മഴക്കോട്ട്. സിലിഗുരിയിലെ ഉത്തരബംഗാൾ മെഡിക്കൽ കോളെജ് ആശുപത്രിയിലാണു രാജ്യത്തെ ആരോഗ്യരംഗത്തെ നാണിപ്പിക്കുന്ന സംഭവം. ലബോറട്ടറി ഗ്ലാസും എൻ 95/ സർജിക്കൽ മാസ്കും വേണ്ടിടത്ത് ബെഡ്ഷീറ്റിൽ തുന്നിയ മാസ്കും സാധാരണ സൺഗ്ലാസുമാണു ഡോക്റ്റർമാർ ഉപയോഗിക്കുന്നത്. ഡോക്റ്റർമാർക്കുള്ള സുരക്ഷാ സാമഗ്രികൾ (പിപിഇ) ലഭിക്കുന്നില്ലെന്നു ഞങ്ങൾ അധികൃതരെ അറിയിച്ചിരുന്നു. എല്ലാം എത്തിക്കാമെന്ന് ഉറപ്പും നൽകി. പക്ഷേ, കിട്ടിയത് പ്ലാസ്റ്റിക്കിൽ നിർമിച്ച മഴക്കോട്ടാണ്- റസിഡന്റ് ഡോക്റ്റർ ഷഹരിയാർ ആലം പറഞ്ഞു. കോട്ട് ഒരിക്കൽ ഉപയോഗിച്ചാൽ കഴുകി വീണ്ടും ഉപയോഗിക്കാമെന്നും പറഞ്ഞു.

കൊവിഡ് 19 പടർന്നതോടെ ലോകമൊട്ടാകെ മാസ്ക് ഉൾപ്പെടെ സുരക്ഷാ സാമഗ്രികൾക്കു ക്ഷാമം അനുഭവപ്പെട്ടിരുന്നു. ഡോക്റ്റർമാർക്കായി അഞ്ചു ലക്ഷത്തോളം പിപിഇകൾ ലോകാരോഗ്യ സംഘടന അയച്ചെങ്കിലും 47 രാജ്യങ്ങളിലായി വിതരണം ചെയ്തതോടെ ഇത് തീർന്നു.

കനിക അഞ്ചാം തവണയും പോസിറ്റിവ്

ലക്നൗ: ബോളിവുഡ് ഗായിക കനിക കപൂറിന്റെ കോവിഡ് പരിശോധനാഫലം തുടർച്ചയായ അഞ്ചാം തവണയും പോസിറ്റിവ്. ഓരോ 48 മണിക്കൂറിലുമാണ് സാംപ്ൾ പരിശോധന. ലക്നൗവിലെ സഞ്ജയ് ഗാന്ധി പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസിൽ ചികിത്സയിലുള്ള താരത്തിന്റെ ആരോഗ്യനിലയിൽ ആശങ്ക വേണ്ടെന്ന അധികൃതർ.

കനികയുടെ ആരോഗ്യനില മോശമാണെന്ന രീതിയിൽ മധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്നും ആശുപത്രി അധികൃതർ അറിയിച്ചു. നാലാമത്തെ പരിശോധനഫലം പുറത്തുവന്നതോടെ വീട്ടുകാരെ കാണാൻ കഴിയാത്തതിൽ ഖേദം പ്രകടിപ്പിച്ച് താരം ഇൻസ്റ്റഗ്രാമിൽ കുറിപ്പ് പങ്കുവച്ചിരുന്നു.

മാർച്ച് ഒമ്പതിന് ലണ്ടനിൽ നിന്നും ലക്നൗവിൽ മടങ്ങിയെത്തിയ കനിക ഇവിടെയും കാൺപുരിലും സംഗീത നിശകളിൽ പങ്കെടുത്തതോടെ ഈ പരിപാടികളിൽ പങ്കെടുത്ത ബിജെപി എംപി ദുഷ്യന്ത് സിങ് ഉൾപ്പെടെ പ്രമുഖർ സ്വയം നിരീക്ഷണത്തിൽ പോയിരുന്നു.

വ്യാജ വാർത്തകൾ വലിയ തടസം: കേന്ദ്രം

ന്യൂഡൽഹി: കൊറോണ വൈറസ് വ്യാപനം നിയന്ത്രിക്കാൻ ക്രിയാത്മക നടപടികൾ കൊണ്ട് കഴിയുന്നുണ്ടെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ. സമയോചിതമായ നടപടികളാണു സ്വീകരിക്കുന്നത്. എന്നാൽ, വ്യാജ വാർത്തകളും ഊഹാപോഹങ്ങളും വലിയ തടസങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും ഇന്നലെ കോടതിയിൽ സമർപ്പിച്ച തൽസ്ഥിതി റിപ്പോർട്ടിൽ പറയുന്നു.

രോഗവ്യാപനം തടയാൻ സ്വീകരിച്ച നടപടികൾ വിശദമായി കോടതിക്കു സമർപ്പിച്ചിട്ടുണ്ട് സർക്കാർ. രോഗ പരിശോധനയ്ക്കുള്ള ശേഷി വർധിപ്പിച്ചു. 40,000 വെന്റിലേറ്ററുകൾക്ക് ഓർഡർ നൽകി. ജനങ്ങളുടെ സംശയങ്ങൾക്ക് ഉത്തരം നൽകുന്നതിന് ആരോഗ്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിദഗ്ധ ഡോക്റ്റർമാരുടെ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. യഥാർഥ വസ്തുതകൾ അപ്പപ്പോൾ ജനങ്ങളെ അറിയിക്കുന്നതിനുള്ള വെബ് പോർട്ടൽ വൈകാതെ നിലവിൽ വരും.

കൊറോണ വൈറസിനെക്കുറിച്ച് ജനുവരി ഏഴിന് ചൈന വ്യക്തമായ പ്രഖ്യാപനം നടത്തിയപ്പോൾ മുതൽ ഇതുവരെ സ്വീകരിച്ച നടപടികൾ ക്രമമായി റിപ്പോർട്ടിൽ കാണിച്ചിട്ടുണ്ട്.

ലൈസൻസ് പുതുക്കാൻ ജൂൺ 30 വരെ സമയം

ന്യൂഡൽഹി: രാജ്യത്ത് അടച്ചുപൂട്ടൽ തുടരുന്ന സാഹചര്യത്തിൽ വാഹന രജിസ്ട്രേഷൻ, പെർമിറ്റ്, ഡ്രൈവിങ് ലൈസൻസുകൾ തുടങ്ങി വാഹനവുമായി ബന്ധപ്പെട്ട രേഖകളുടെ കാലാവധി പുതുക്കുന്നതിന് കേന്ദ്ര സർക്കാർ ഇളവു പ്രഖ്യാപിച്ചു. ഫെബ്രുവരി ഒന്നിനുശേഷം കാലാവധി അവസാനിക്കുന്നു മുഴുവൻ രേഖകൾക്കും ജൂൺ 30 വരെ പ്രാബല്യം നൽകി. അടച്ചുപൂട്ടൽ കാലയളവിൽ ഇവ പുതുക്കാനാവില്ലെന്ന സാഹചര്യത്തിലാണിത്. ഉത്തരവ് നടപ്പാക്കാൻ മുഴുവൻ സംസ്ഥാനങ്ങൾക്കും കേന്ദ്ര മോട്ടോർ വാഹന- ഗതാഗത വകുപ്പ് നിർദേശം നൽകി.

വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കെറ്റ്, ഡ്രൈവിങ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കെറ്റ് എന്നിവയ്ക്ക് ഇളവുണ്ടാകും.

ബാബു

പറവൂർ: പുത്തൻവേലിക്കര കോടികുത്തുക്കുന്ന് മുതിരപറമ്പിൽ പരേതനായ കൊച്ചയ്യപ്പൻ മകൻ ബാബു (45) അന്തരിച്ചു. സംസ്കാരം നടത്തി. അവിവാഹിതനാണ്. സഹോദരങ്ങൾ: രാജപ്പൻ, ആനന്ദൻ, തങ്കപ്പൻ, തങ്കം, ലീല.



അന്തോണി

വടക്കാഞ്ചേരി: കുമ്പളങ്ങാട് തലക്കോടൻ വീട്ടിൽ പരേതനായ ഐപ്പു മകൻ അന്തോണി (86) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ പത്തിന് കുമ്പളങ്ങാട് സെന്റ് ജൂദാതദ്ദേവൂസ് പള്ളിയിൽ. ഭാര്യ: റോസ. മക്കൾ: ഓമന, തോമസ്, ഷാജൻ, ഷീജ. മരുമക്കൾ: പീറ്റർ, ഷേർളി, ജിനി, ജേക്കബ്.

എ.കെ. ഗീത

വെള്ളറട: തേക്കുപാറ മുള്ളങ്ങോട് ആനന്ദവിലാസം വീട്ടിൽ പരേതനായ അഡ്വ. മോഹൻദാസിന്റെ ഭാര്യ എ.കെ. ഗീത (അധ്യാപിക ഗവ. ബി എച്ച്എസ്എസ്, നെയ്യാറ്റിൻകര-54) അന്തരിച്ചു. മക്കൾ: ഗൗരി ശങ്കർ, ഹരിശങ്കർ, ഗൗരിപ്രിയ.

നാരായണൻ

പേരാമ്പ്ര: എരവട്ടൂർ കോങ്ങോട്ട് നാരായണൻ (64) അന്തരിച്ചു. ഭാര്യ സുലോചന. മക്കൾ: സോജേഷ്, നിധിൻ. മരുമക്കൾ: അഖിത, പ്രിയ. സഹോദരങ്ങൾ: ബാലകൃഷ്ണൻ, സത്യൻ, സുധി, ശാന്ത, സുമതി.

ചന്തുക്കുട്ടി

തലശേരി: കതിരൂർ എരുവട്ടി പൊന്യാംമൊട്ടയിൽ അണ്ണേരി വീട്ടിൽ വടവതി ചന്തുക്കുട്ടി (85) അന്തരിച്ചു. ഭാര്യ: രോഹിണി. മക്കൾ: കുടുക്കരാജൻ, അശോകൻ (വർക്ക്ഷോപ്പ്), അനിൽ, മഹിജ. മരുമക്കൾ: ഉഷ (റബ്കോ), അനിത, സബിന, കുഞ്ഞനന്ദൻ. സഹോദരങ്ങൾ: ശാന്ത, നാരായണി, പരേതരായ ഗോപാലൻ, നാണു, മാധവി, യശോധ, ജാനു.

കെ.വൈ. യോഹന്നാൻ

ചെന്നിത്തല: റിട്ട. കരസേനാ സുബേദാർ കാരാഴ്മ മുരിത്തറയിൽ (സജി കോട്ടേജ്) കെ.വൈ. യോഹന്നാൻ (86) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: കണ്ണമംഗലം എടയ്ക്കാട് കുടുംബാംഗം പരേതയായ എലിസബത്ത് ജോൺ. മക്കൾ: സുജാ ജോൺ (ഹെഡ്മിസ്ട്രസ് എസ്എൻഎൽപിഎസ് തഴവ പാവുമ്പ), സജി ജോൺ. മരുമക്കൾ: ആനി സജി, പരേതനായ രമേശ് വർഗീസ്.

ജാനകി

പെങ്ങാമുക്ക്: കരിച്ചാൽ റോഡ് കിളിയംപറമ്പിൽ ജാനകി (92) അന്തരിച്ചു. സംസ്കാരം അയിനൂർ ക്രിമറ്റോറിയത്തിൽ നടന്നു. മകൻ: വാസു. മരുമകൾ: തങ്കം.



ബാഹുലേയൻ

പാറശാല: കാമുകിൻകോട് തെക്കേ പുത്തൻവീട്ടിൽ ബാഹുലേയൻ (74) അന്തരിച്ചു. ഭാര്യ: സുഭദ്ര. മക്കൾ: ലത, ഭുവനേന്ദ്രൻ, ബിന്ദു, സന്തോഷ്, ഷിബു, പരേതനായ രമണൻ. മരുമക്കൾ: സതീഷ്, മഞ്ജു, ശിവരാജൻ, രതിക.

മുഹമ്മദ് കുട്ടി മൻഷി

തിരൂരങ്ങാടി: പാലത്തിങ്ങൽ പള്ളിപ്പടിയിലെ മുഴിക്കൽ മുഹമ്മദ് കുട്ടി മുൻഷി (70) അന്തരിച്ചു. പാലത്തിങ്ങൽ എഎംഎൽപി സ്കൂളിലെ റിട്ട. അധ്യാപകനാണ്. മുൻ തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗം, കെ.എൻ.എം. ജില്ലാ ജോ. സെക്രട്ടറി, പാലത്തിങ്ങൽ മസ്ജിദുൽ ഹിലാൽ ജന.സെക്രട്ടറി, തിരൂരങ്ങാടി മണ്ഡലം മുസ്ലിം ലീഗ് വൈസ് പ്രസിഡന്റ്, എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു. ഭാര്യ: സൈനബ മാടനാട്. മക്കൾ: സീനത്തുന്നീസ, നുസൈബ, സുഹൈറ, ഷരീബ് (മാതൃഭൂമി ലേഖകൻ, തിരൂരങ്ങാടി).



ആർ. രാധാകൃഷ്ണൻ നായർ

മഞ്ചേരി: ബാർ അസോസിയേഷനിലെ സീനിയർ അഭിഭാഷകൻ ആർ രാധാകൃഷ്ണൻ നായർ (78) അന്തരിച്ചു. ഭാര്യ: രാജമല്ലിക. മക്കൾ: അഡ്വ. മഹേഷ്, ശുഭ. മരുമകൾ: അഡ്വ. കെ.എ. അനു.

അയ്യപ്പൻ

വടക്കാഞ്ചേരി: പനങ്ങാട്ടുകര കല്ലംപാറ ദേവസ്വംപറമ്പിൽ അയ്യപ്പൻ (തങ്കപ്പൻ - 75) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: വിശാലം. മക്കൾ: കൃഷ്ണകുമാർ, സുഭാഷ് (കെഎസ്ഇബി വടക്കാഞ്ചേരി), രമേഷ്, രാജേഷ്, വിനീത. മരുമക്കൾ: ജയ, ബിന്ദു, സുനിത, അജിത, മണി.

പാർവതി

വടക്കാഞ്ചേരി: എരുമപ്പെട്ടി എഇഎസ് സ്കൂളിന് സമീപം എറാക്കിൽ ബാലന്റെ ഭാര്യ പാർവ്വതി (55) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: രമേഷ്, സജീഷ്, ഷീന. മരുമക്കൾ: സ്മിത, രവി.

അബൂബക്കർ ഹാജി

തിരൂരങ്ങാടി: മുന്നിയൂർ കളിയാട്ടമുക്ക് കളികണ്ടം സ്വദേശി ചെമ്പൻ അബൂബക്കർ ഹാജി (78) അന്തരിച്ചു. ഭാര്യ: ഖദീജ. മക്കൾ: മുസ്തഫ, ഇസ്മായിൽ, ജലീൽവഹബി, ഫൈസൽ, അശ്റഫ്, ഷമീന, ഹാജറ. മരുമക്കൾ: അയ്യൂബ്, സുലൈഖ, സൈനബ, സറീന, സലീന, തബ്ശീറ.



അപ്പുക്കുട്ടൻനായർ

മലയിൻകീഴ്: വെളിയംകോട് മേൽപ്പുല്ലയിൽ വീട്ടിൽ അപ്പുക്കുട്ടൻനായർ (72) അന്തരിച്ചു. ഭാര്യ: വസന്ത. മക്കൾ: ശുഭ, അശോകൻ, പ്രമോദ്, പ്രവീൺ. മരുമക്കൾ: ജയകുമാർ, ജയ, ആശ, രമ്യ.

അബ്ദുൽ നാസർ

മഞ്ചേരി: മേലാക്കം കോഴിക്കോട്ടുകുന്ന് ഹാപ്പി നഗറിൽ താമസിക്കുന്ന മേലാക്കം ഫുഡ് മാർക്ക് ഉടമ അബ്ദുൽ നാസർ മാണിക്കോത്ത് (63) അന്തരിച്ചു. ഭാര്യ: ശരീഫ. മക്കൾ: സബ്നത്ത്, സാബിത്ത്, സുബൈബത്ത്. മരുമക്കൾ: സബീല, ഷഹർ ബാനു, നിയാസ് വടകര.

പോൾ

പരിയാരം: പാറേക്കാട്ട് പോൾ (79) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ത്രേസ്യ. മക്കൾ: ബിജു, ജിജോ, ബൈജു. മരുമക്കൾ: മിനി, ജിൽജി, ജിനി.

സി.എം. രത്നൻ

പറവൂർ: മുത്തകുന്നം പ്രവീൺ ഹാൾ (എക്സ്സൈസ്) ഉടമ ചന്ദ്രശേരിൽ സി.എം. രത്നൻ (82) അന്തരിച്ചു. സംസ്കാരം നടത്തി ഭാര്യ: ഷാലിനി. മക്കൾ: ദിബിത, ദീപ്ത, ദിവ്യ. മരുമക്കൾ: വിനോദ് (യുഎസ്എ) ഷിബു (ബിപിസിഎൽ), അജിഷ് (ഖത്തർ).

ഗോപാലകൃഷ്ണൻ

കൊച്ചി: കലൂർ ദേശാഭിമാനി റോഡിൽ ഓളിയിൽ വീട്ടിൽ അഡ്വ. കെ. ഗോപാലകൃഷ്ണൻ (94) അന്തരിച്ചു. റിട്ട. ഐആർഎസ് ഉദ്യോഗസ്ഥനായിരുന്നു. മുൻ ഡിസിസി അംഗവും കെവിപിഎസ്എസ് മുൻ സംസ്ഥാന പ്രസിഡന്റ്, കലൂർ വൈഎംസിഎ മുൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: പരേതയായ തങ്കമ്മ. മക്കൾ: സുരേഷ്കുമാർ (റിട്ട. ആർബിഐ), ഹെലൻ, ഷാലറ്റ്, ജെബിൻ, പ്രേംകുമാർ. മരുമക്കൾ: രമണി, രവി, സുന്ദരൻ, പരേതനായ രവീന്ദ്രനാഥ്, ബിന്ദു. സംസ്കാരം നടത്തി.

നിയാസ്

പേരാമ്പ്ര: ഹൈസ്കൂൾ റോഡിലെ ആക്കൂക്കണ്ടി കുട്ട്യാലിയുടെ മകൻ നിയാസ്(40) അന്തരിച്ചു. മാതാവ്: അമീന. ഭാര്യ: ഹർഷിന. മക്കൾ: ആദം നിയാസ്, അലി നിയാസ്. സഹോദരങ്ങൾ: മുനീർ, നസീം, പരേതനായ ഷാജു.

മജീദ്

വടക്കാഞ്ചേരി: എങ്കക്കാട് വാകയിൽ വാപ്പുവിന്റെ മകൻ മജീദ് (55) അന്തരിച്ചു. കബറടക്കം നടത്തി. ഓട്ടോ ആൻഡ് ലൈറ്റ് മോട്ടോർ ഡ്രൈവേഴ്സ് യൂണിയൻ (സിഐടിയു) ജില്ലാ കമ്മിറ്റി അംഗവും ചാവക്കാട് ഏരിയാ ജോ സെക്രട്ടറിയുമാണ്. ഭാര്യ: ഹഫ്സിയ. മക്കൾ: ഹമീദ്, സിയാദ്, ഫഹദ്. മരുമക്കൾ: ആൻസിയ, ഹിസാന. സഹോദരങ്ങൾ: നൗഷാദ് (സിപിഎം മഠര ബ്രാഞ്ച്) സഫിയ, ആമിന.

കൃഷ്ണമ്മ

വെള്ളറട: കുന്നത്തുകാൽ കുറ്റിക്കാട്ടുകോണം തെക്കുംകര പുത്തൻവീട്ടിൽ സുകുമാരൻനായരുടെ ഭാര്യ കൃഷ്ണമ്മ (80) അന്തരിച്ചു. മക്കൾ: ഗീതാകുമാരി, ഗിരിജാകുമാരി, ശ്രീകുമാരൻ നായർ, രഘുവരൻനായർ. മരുമക്കൾ: ഗോപിനാഥൻ നായർ (റിട്ട. കെഎസ്ആർടിസി), ശ്രീകുമാരൻ (ശ്രീകരഎജൻസി), രജിതകുമാരി.

അയ്യപ്പൻ

കലയപുരം: ആശ്രയ സങ്കേതം അന്തേവാസി അയ്യപ്പൻ (47) അന്തരിച്ചു. അന്യസംസ്ഥാനക്കാരനായ ഇയാളെ രണ്ട് വർഷം മുൻപ് കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നും സംരക്ഷണം നൽകാൻ ആരുമില്ലാത്തതിനാൽ ആശ്രയ ഏറ്റെടുത്താണ്. ഇപ്പോൾ മൃതദേഹം കൊട്ടാരക്കര താലൂക്ക് ആശുപത്രി മോർച്ചറിയിൽ. കൂടുതൽ വിവരങ്ങൾക്ക് 9447798963 എന്ന നമ്പറിൽ ബന്ധപ്പെടുക.

രഘു

മാവേലിക്കര:പത്തിയൂർ വീട്ടു വരാന്തയിൽ മരിച്ച നിലയിൽ കണ്ടെത്തി. പത്തിയൂർ, പാറക്കാട് പടീറ്റതിൽ, രഘു (54) ആണ് മരിച്ചത്.കരീലക്കുളങ്ങര പൊലീസ് സ്ഥലത്തെത്തി. രണ്ട് ദിവസത്തെ പഴക്കമുണ്ട്.

ബീവി ഉമ്മ

തളിക്കുളം: തളിക്കുളം കുന്നത്തുപള്ളിക്ക് സമീപം താമസിക്കുന്ന പരേതനായ അമ്പലത്ത് വീട്ടിൽ ബീരാവു ഭാര്യ ബീവി ഉമ്മ (90) അന്തരിച്ചു. തളിക്കുളം ജുമാമസ്ജിദിൽ ഖബറടക്കം നടത്തി. മക്കൾ: ഖദീജ, ശാഹുൽ ഹമീദ്, റഫ്ലത്ത്. മരുമക്കൾ: അബ്ദുൽ ഖാദർ, സുലൈഖ, ഷംസുദ്ദീൻ.

എൽ.വസന്തകുമാരി

വെള്ളറട: പുരവൂർ ശ്രീകല നിലയത്തിൽ പരേതനായ ഗംഗാധരൻ നായരുടെ ഭാര്യ എൽ.വസന്തകുമാരി (70) അന്തരിച്ചു. മക്കൾ: സതീഷ്കുമാർ, സുരേഷ്കുമാർ, ശ്രീകലാദേവി, ജനാർദ്ദനൻ നായർ. മരുമക്കൾ: എസ്. ഗീതാകുമാരി, എസ്. ശുഭകുമാരി, ബി. രാധാകൃഷ്ണൻനായർ, ജി. സന്ധ്യ.

ഗംഗാധരൻ മാസ്റ്റർ

കൊളായിത്താഴം: വലിയപറമ്പിൽ ഗംഗാധരൻ മാസ്റ്റർ (82) അന്തരിച്ചു. കാച്ചിലാട്ട് എയുപി സ്കൂളിൽ നിന്നും വിരമിച്ച അധ്യാപകനാണ്. ഭാര്യ: ശ്രീമതി എൻ.വി. വാകയാട്. മക്കൾ: ബീന, (കോഫ്രസ് കണ്ണാശുപത്രി), പരേതനായ ഗണേഷ്ബാബു. മരുമകൻ: രാജീവൻ കൊയിലാണ്ടി. സഹോദരങ്ങൾ: വിലാസിനി, അപ്പുക്കുട്ടി.

പാത്തു

കടുങ്ങല്ലൂർ: എടയാർ മുട്ടുങ്ങൽ കുന്നിൽ വീട്ടിൽ പരേതനായ കുഞ്ഞുമുഹമ്മദിന്റെ ഭാര്യ പാത്തു (60) അന്തരിച്ചു. മക്കൾ: അൻവർ, സത്താർ. മരുമക്കൾ: സബീന, റൈസ.

പങ്കജാക്ഷിയമ്മ

ആലുവ: എടത്തല പാറയിൽ വീട്ടിൽ പരേതനായ നാരായണൻ നായരുടെ ഭാര്യ പങ്കജാക്ഷിയമ്മ (78) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ വീട്ടുവളപ്പിൽ. മക്കൾ: ദേവാനന്ദൻ, അനിൽകുമാർ, രാജേന്ദ്രകുമാർ. മരുമക്കൾ: വിജയലക്ഷ്മി, അനിത, സുനന്ദ.

ശാന്ത

കൊടുങ്ങല്ലൂർ: റിട്ടയേർഡ് കെഎസ്ആർടിസി സൂപ്രണ്ട് തിരുവള്ളൂർ കോതായിൽ മനോഹരന്റെ ഭാര്യ ശാന്ത (64) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സുമേഷ് (പ്രോമിസ് ഡ്രൈവിങ് സ്കൂൾ), സമീഷ (തറിലകം പഞ്ചായത്ത്). മരുമക്കൾ: ബിജോയ്, നിജ.

ബി.പങ്കജാക്ഷിയമ്മ

പാറശാല: കാരോട് കാവിൻമൂല ശ്രീമംഗലത്തിൽ ബി.പങ്കജാക്ഷിയമ്മ (96) അന്തരിച്ചു. മക്കൾ: ദേവമ്മ, രാജേന്ദ്രൻനായർ, ഗീതാദേവി, പുഷ്കലാദേവി, ജയകുമാർ, ശ്രീകുമാരി, സുസുഗതകുമാരി, ശ്രീവത്സ. മരുമക്കൾ: പുഷ്പകുമാരി, രവീന്ദ്രൻനായർ, പ്രേംകുമാർ, മധുസൂധനൻനായർ, ജയകുമാർ, സതീശൻ, സനൽകുമാർ, പരേതനായ മണികണ്ഠൻ നായർ.

ബാലൻനായർ

തലക്കുളത്തൂർ: കക്കോട് പാറക്ക് സമീപം മണക്കാട്ടിൽ ബാലൻനായർ (75) അന്തരിച്ചു. ഭാര്യ: മീനാക്ഷി. മകൾ: ബമിത. മരുമകൻ: കൃഷ്ണകുമാർ (കണ്ണാടിക്കൽ). സഹോദരൻ: പരേതനായ കുട്ടാപ്പുനായർ.

ബാബു

പുത്തൻപീടിക: ചുമ്മാർ റോഡിൽ അറയ്ക്കൽ പരേതനായ ശേഖരൻ മകൻ ബാബു (52) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: നീന. മക്കൾ: സ്വരൂപ, ലക്ഷ്മി.

ട്രീസ

മരട്: വി.പി.പീറ്റർ റോഡിൽ, അഴിക്കകത്ത് പരേതനായ റാഫേൽ ഭാര്യ ട്രീസ (66) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: സിനൻ, പരേതനായ നെൽസൺ. മരുമക്കൾ: മഞ്ജു, സിജി.

ദിനാൽ

നെയ്യാറ്റിൻകര: വഴുതൂർ പന്തപ്ലാവിള വീട്ടിൽ ദിനാൽ (98) അന്തരിച്ചു. മക്കൾ: ചന്ദ്രൻ, കുമാർ, ശ്യാമള.

കല്യാണി

ചീക്കിലോട്: പരേതനായ കുന്നുമ്മൽ കണാരന്റെ ഭാര്യ പുറായിൽ കല്യാണി (96) അന്തരിച്ചു. മക്കൾ: രാഘവൻ, സുധാകരൻ, പ്രേമ, സുന്ദരൻ, അനിത, പരേതനായ രാജൻ. മരുമക്കൾ: സരള, വസന്ത, ബിന്ദു, നാരായണൻ ചെങ്ങോട്ടുകാവ്, രവീന്ദ്രൻ വില്യാപ്പള്ളി, പരേതയായ പ്രഭ.



എം. ജ്ഞാനശീലൻ

നെയ്യാറ്റിൻകര: പെരുമ്പഴുതൂർ ഷിബു സദനത്തിൽ എം. ജ്ഞാനശീലൻ (86) അന്തരിച്ചു. ഭാര്യ: അംബിക. മക്കൾ: ഷീജാകുമാരി, ഷിബുകുമാർ. മരുമക്കൾ: അനിൽകുമാർ, ശാലിനി.

വി.ഓമനയമ്മ

ഹരിപ്പാട്: താമല്ലാക്കൽ വിളയിൽ പരേതനായ എസ്. വേലായുധൻ പിള്ളയുടെ (റിട്ട. അഗ്രികൾച്ചർ ഓഫീസർ) ഭാര്യ വി. ഓമനയമ്മ (87) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: വിമൽകുമാർ (റിട്ട. ഡെപ്യൂട്ടി രജിസ്ട്രാർ, എം.ജി യൂണിവേഴ്സിറ്റി), അനിൽകുമാർ, രാംകുമാർ, കൃഷ്ണകുമാർ (റിട്ട. സബ് ഇൻസ്പെക്ടർ സിആർപിഎഫ്) പരേതനായ ശ്രീകുമാർ. മരുമക്കൾ: സുജാത (റിട്ട. അധ്യാപിക ഡിബി എച്ച്എസ്എസ്, പരുമല), ഓമന, സരോജം, അശ്വനി, അനിത.

കെ.ഹരിദാസൻ

പന്മന: ചിറ്റൂർ കൊച്ചുകുന്നേൽ കെ.ഹരിദാസൻ (56) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സുലോചന. മക്കൾ: ഹരിത, ദേവു.

വേറോനിക്ക

കറുകുറ്റി: പേരാമ്പ്ര കളിയത്ത് പറമ്പിൽ വറീതിന്റെ ഭാര്യ വേറോനിക്ക (88) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ലൂസി, മേഴ്സി, അൽഫോൻസ, ജോസഫ്, വർഗീസ്, ബിജി, പരേതയായ സി. ലിസി (എസ്ഡിപി). മരുമക്കൾ: പാലിശേരി വാഴക്കാല മാത്യു, കൽപറമ്പ് പാലമറ്റം ജോസ്, എടക്കുന്ന് ചീറയ്ക്കൽ അയിരുക്കാരൻ ജോസ്, മരത്താക്കര പുളിക്കൻ ഫ്രാൻസിസ്, ലീന, മിനി, ഷൈനി.



കെ.ജനാർദ്ദനൻ നായർ

വെള്ളറട: കുന്നത്തുകാൽ നാറാണി അജി ബീനാ സദനത്തിൽ കെ.ജനാർദ്ദനൻനായർ(79) അന്തരിച്ചു. ഭാര്യ: ബി. ഗൗരിക്കുഞ്ഞമ്മ. മക്കൾ: അജിത, ബീന, അനിൽകുമാർ. മരുമക്കൾ: നാഗപ്പൻനായർ, അനിൽകുമാർ, ലത.

പ്രേമൻ കെ.കെ

കുന്ദമംഗലം :പന്തീർപ്പാടം കാരക്കുന്നുമ്മൽ പ്രേമൻ കെ.കെ (റിട്ട.റവന്യൂ ഡിപ്പാർട്ട്മെന്റ്) അന്തരിച്ചു. പിതാവ് പരേതനായ അപ്പു മാതാവ് മീനാക്ഷി. ഭാര്യ: ഭാഗി. മക്കൾ: അനഘ, മേഘ. സഹോദരങ്ങൾ: ശോഭന, റീന, ഹരീഷ് (ഡെപ്യൂട്ടി തഹസിൽദാർ റവന്യൂ ഡിപ്പാർട്ട്മെന്റ് കോഴിക്കോട്) റീജ. സംസ്കാരം മാവൂർ റോഡ് ശ്മശാനത്തിൽ നടത്തി

ഇരുവൃക്കകളും തകരാറിലായിരുന്ന യുവാവ് മരിച്ചു

ചെന്നിത്തല: ഇരുവൃക്കകളും തകർന്ന് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. ചെന്നിത്തല കിഴക്കേവഴി പാറയ്ക്കാട്ട് പടീറ്റതിൽ രാധാകൃഷ്ണന്റെ മകൻ വേണുഗോപാൽ (23) ആണ് മരിച്ചത്. ഡയാലിസിസ് കഴിഞ്ഞ് വീട്ടിലിരിക്കവെ ചൊവ്വ ഉച്ച പകൽ 11ന് അസുഖം മൂർച്ഛിച്ചു. സുഹൃത്തുക്കൾ വണ്ടാനം മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും മരിച്ചു. സംസ്കാരം നടത്തി. അമ്മ : പരേതയായ സുഷമ. സഹോദരി : ചിത്ര.

കിണറ്റിൽ വീണ് മരിച്ചു

അങ്കമാലി: കിണറിൽ വീണ് സ്ത്രീ മരിച്ചു. മേയ്ക്കാട് കാരയ്ക്കാട്ടുകുന്ന് ഇടമറ്റത്ത് ശ്രീദേവി (71) ആണ് മരിച്ചത്. അബദ്ധത്തിൽ കിണറിൽ വീണതാകാമെന്ന് കരുതുന്നു. അങ്കമാലിയിൽ നിന്ന് ഫയർഫോഴ്സ് എത്തി മൃതദേഹം പുറത്തെടുത്തു. തലയ്ക്ക് ഗുരുതര പരുക്കുണ്ട്. ഗ്രേഡ് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ പി. എം. ഷംസുദ്ദീന്റെയും സീനിയർ ഫയർ ഓഫീസർ പി.വി പൗലോസിന്റെയും നേതൃത്വത്തിലെത്തിയ സംഘത്തിൽ ഫയർമാൻ സി.ആർ. രതീഷാണ് കിണറിൽ ഇറങ്ങിയത്. മൃതദേഹം അങ്കമാലി ഗവ. ആശുപത്രി മോർച്ചറിയിൽ.

കശുവണ്ടി തൊണ്ടയിൽ കുടുങ്ങി ഒന്നരവയസുകാരൻ മരിച്ചു

വൈഷ്ണവ്

പുത്തൂർ: വെട്ടുകാട് കോളനിയിൽ കശുവണ്ടി തൊണ്ടയിൽകുരുങ്ങി ഒന്നരവയസുകാരൻ മരിച്ചു. വെട്ടുകാട് കരികുറ്റിയിൽ വീട്ടിൽ സരീഷ് മകൻ വൈഷ്ണവ് ആണ് മരിച്ചത്.

തൊണ്ടയിൽ കശുവണ്ടി കുരുങ്ങിയതിനെതുടർന്ന് നിലവിളിച്ച് ബഹളം വെച്ച കുട്ടിയെ ഉടനെ മെഡിക്കൽ കോളജിൽ എത്തിച്ചെങ്കിലും കഴിഞ്ഞ ദിവസം പുലർച്ചെ മരിച്ചു. സംസ്കാരം കഴിഞ്ഞു. അമ്മ വന്ദന.

സ്വത്തുതർക്കം; സഹോദരനെ വെട്ടിക്കൊലപ്പെടുത്തി

കോട്ടയം: സ്വത്തുതർക്കത്തെ തുടർന്ന് സഹോദരനെ വെട്ടിക്കൊലപ്പെടുത്തി. പാലാ പൈകയ്ക്ക് സമീപം വിളക്കുമാടം മുകളേൽപീടികയിലാണ് സംഭവം. ഓമശേരിൽ കുട്ടപ്പൻ (78) ആണ് കൊല്ലപ്പെട്ടത്. കുട്ടപ്പനെ വെട്ടിയ സഹോദരൻ മോഹനൻ പിന്നീട് പൊലീസിൽ കീഴടങ്ങി.

സ്വത്ത് വീതംവെയ്ക്കാത്തത് സംബന്ധിച്ച് കുട്ടപ്പനും മോഹനനും തമ്മിൽ തർക്കം നിലനിന്നിരുന്നു. ലോട്ടറി തൊഴിലാളിയും കാൻസർ രോഗിയുമായ മോഹനനാണ് തറവാട്ടിൽ താമസിച്ചിരുന്നത്. ഇരുപ്പത്താണ്ട് കുട്ടപ്പന്റെ താമസം. സ്വത്ത് ഭാഗം വയ്ക്കാത്തത് സംബന്ധിച്ച് തർക്കത്തിനിടെ, നാളുകൾക്ക്മുൻപ് മോഹനന്റെ സ്കൂട്ടർ കുട്ടപ്പൻ തീവച്ച് നശിപ്പിച്ചിരുന്നു. ഇതു സംബന്ധിച്ചുള്ള വിരോധവും നിലനിന്നിരുന്നു. തറവാട് വീടിന് സമീപം കുട്ടപ്പനു കൃഷി ചെയ്തിരുന്നു. ഇത് തനിയ്ക്ക് പറഞ്ഞുവച്ചിരുന്ന ഭാഗമാണെന്ന് കുട്ടപ്പൻ അവകാശപ്പെട്ടിരുന്നു. കൃഷി നോക്കാനെത്തിയപ്പോഴാണ് കൊലപാതകം നടന്നത്. മോഹനനും വീട്ടുകാരും തന്നെ 108 ആംബുലൻസ്വിളിച്ചുവരുത്തി. മോഹനന്റെ മകനാണ് കുട്ടപ്പനെ പാലാ ജനറൽ ആശുപത്രിയിലെത്തിച്ചത്. എന്നാൽ മരണം സംഭവിച്ചിരുന്നു.

നവവരൻ വാടക വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ

വിശാഖ്

ഏലൂർ: മേപ്പരി കുന്നിൽ വീട്ടിൽ മുരളീധരന്റെ മകൻ വിശാഖ് (22) നെയാണ് തോട്ടകാട്ടുകര നയ്യ ലയിനിലെ വാടക വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ കാണെത്തി.

നാല് മാസം മുൻപായിരുന്നു വിവാഹം. ഭാര്യ: മേഘ. മാതാവ്: അനില, സഹോദരൻ: വിഷ്ണു. ആലുവ പൊലീസ് എത്തി മേൽ നടപടികൾക്ക് ശേഷം മൃതദേഹം പോസ്റ്റ് മാർട്ടത്തിനു വിട്ടു കൊടുത്തു.

ബംഗാളിൽ വാഹനാപകടത്തിൽ മലയാളി വൈദികൻ മരിച്ചു

ഫാ. ആൻഡ്രൂസ് കൊളുവൻ

അങ്കമാലി : മലയാളി വൈദികൻ പശ്ചിമബംഗാളിലുണ്ടായ വാഹനാപകടത്തിൽ മരിച്ചു. സൊസൈറ്റി ഓഫ് ജീസസ് (എസ് ജെ) സന്യാസ സമൂഹാംഗം ഫാ. ആൻഡ്രൂസ് കൊളുവൻ (71) ആണ് മരിച്ചത്. നോർത്ത് ദിനാജ്പൂർ ജില്ലയിലെ നിച്ചിപൂരിൽ ഞായറാഴ്ച വൈകിട്ട് 5.30-ന് ആയിരുന്നു അപകടം. ഫാ. ആൻഡ്രൂസ് സഞ്ചരിച്ച ബൈക്കിന് പിന്നിൽ ട്രക്ക് ഇടിക്കുകയായിരുന്നു. എറണാകുളം -അങ്കമാലി അതിരൂപതയിലെ മൂഴിക്കുളം കൊളുവൻ പരേതനായ മാത്യു- താണ്ടമ്മ ദമ്പതികളുടെ മകനാണ്. ബംഗാളിലെ റായ്ഗഞ്ചു രൂപത ഇടവക വികാരിയായി സേവനം ചെയ്തുകയായിരുന്നു.സംസ്കാരം റായ്ഗഞ്ചു സെന്റ് ജോസഫ് കത്തീഡ്രൽ പള്ളിയിൽ നടത്തി. സഹോദരങ്ങൾ : എസ് എ ബി എസ് സന്യാസ സഭയിലെ സിസ്റ്റർ സീറ (പാലക്കാട്), സിസ്റ്റർ മോണിക്ക (തൃശ്ശൂർ), സിസ്റ്റർ ആനി (എറണാകുളം), ജോസ് (ബിസിനസ്), മേരിക്കുഞ്ഞ് രാജു, പരേതരായ ജോർജ്, ഫാ.പോൾ കൊളുവൻ (എറണാകുളം- അങ്കമാലി അതിരൂപത).

പിക്ക് അപ്പ് വാൻ ഡ്രൈവർ വാഹനത്തിനുള്ളിൽ മരിച്ചനിലയിൽ

മുഹമ്മദ് കാസിം

നെന്മാറ: വല്ലങ്ങിയിലെ അരി മൊത്തവ്യാപാരിയ്ക്കായി അരിയുമായി വന്ന പിക്ക് അപ്പ് വാൻ ഡ്രൈവർ വാഹനത്തിനുള്ളിൽ മരിച്ച നിലയിൽ. വടവന്നൂർ കുളത്തുമേട്, കൗണ്ടത്തറ ഹസ്സന്റെ മകൻ മുഹമ്മദ് കാസീമാണ്(55) ഡ്രൈവർ സീറ്റിൽ മരിച്ച നിലയിൽ കണ്ടത്. ചൊവ്വാഴ്ച കാലത്ത് എട്ടേയ്ക്ക് നെന്മാറ അയിനംപാടത്തിനു സമീപമാണ് സംഭവം. വടവന്നൂരിലെ സ്വകാര്യ മില്ലിൽ നിന്നാണ് അയിനംപാടത്തുള്ള സംഭരണ കേന്ദ്രത്തിലേക്ക് അരിയുമായി വന്നത്. കാലത്ത് നേരത്തെയായതിനാൽ കയറ്റിറക്ക്തൊഴിലാളികൾ എത്താൻ വൈകുമെന്നതിനാൽ തൊട്ടടുത്ത ചായക്കടയിൽ നിന്ന് ചായ കുടിച്ച് വാഹനത്തിലെ ഡ്രൈവർ സീറ്റിൽ തന്നെ ഇരിക്കുകയായിരുന്നു. അരിചാക്ക് ഇറക്കുന്നതിനായ് കയറ്റിറക്ക് തൊഴിലാളികൾ എത്തി ഇറക്കാനായി വാഹനത്തിനരികിലെക്ക് എത്തിയപ്പോഴാണ് ഡ്രൈവർ സീറ്റിൽ മരിച്ചുകിടക്കുന്നതായി കണ്ടത്. അസ്വാഭാവികത തോന്നിയതോടെ പൊലീസിനെ വിവരമറിയിച്ചു. തുടർന്ന് ആരോഗ്യ വകുപ്പ് അധികൃതരും സ്ഥലത്തെത്തിയതായാണ് മൃതദേഹം പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് മാറ്റി. മരിച്ച കാസിം മുൻപ് രണ്ടു തവണ ഹൃദയാഘാതമുണ്ടായിരുന്നതായി ബന്ധുക്കൾ പറഞ്ഞു. ഈ ഭാഗത്ത് ആലത്തൂർ അഗ്നി രക്ഷാ സേനയുടെ നേതൃത്വത്തിൽ അണുനാശിനി തെളിക്കുകയും ചെയ്തു. ഭാര്യ: നബീസ. മക്കൾ: നിഷാദ്, നിസാർ. മൃതദേഹം പാലക്കാട് ജില്ലാ ആശുപത്രി മോർച്ചറിയിൽ.

ഇരട്ട കുഞ്ഞുങ്ങൾക്ക് ജന്മം നൽകി യുവതി അമിത രക്തസ്രാവത്തെ തുടർന്ന് മരിച്ചു

ബിനു ടീച്ചർ

കഴക്കൂട്ടം: ഇരട്ട കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയ യുപി സ്കൂൾ ടീച്ചർ അമിത രക്തസ്രാവത്തെ തുടർന്ന് മരണമടഞ്ഞു. കണിയാപുരം ഗവ.യു.പി. സ്കൂളിലെ ഹിന്ദി അധ്യാപിക കരിച്ചാറ പുതുവൽ പുത്തൻവീട്ടിൽ ചെറിയ കുളം കൈലാസത്തിൽ വിജയകുമാറിന്റെ ഭാര്യയായ ബിനു ടീച്ചർ (49) ആണ് മരിച്ചത്. ഏറെ നാളായി കുട്ടികളില്ലായിരുന്ന ഇവർ രണ്ടാഴ്ച വൈകുന്നേരം സ്വകാര്യ ആശുപത്രിയിൽ ഇരട്ട കുഞ്ഞുങ്ങൾക്ക് ജന്മം നൽകിയ ശേഷം ഉണ്ടായ അമിത രക്തസ്രാവത്തെ തുടർന്ന് തിരുവനന്തപുരം എസ്യൂറ്റി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. തിങ്കളാഴ്ച രാത്രി 11 നായിരുന്നു അന്ത്യം. പാരിപ്പള്ളി സ്വദേശിയായ ടീച്ചർ കഴിഞ്ഞ അഞ്ച് വർഷമായി കണിയാപുരം ഗവ. യു.പി. സ്കൂളിലെ ഹിന്ദി അധ്യാപികയായിരുന്നു.

സ്കൂളിന്റെ അക്കാഡമിക- അക്കാദമിക കേതര കാര്യങ്ങളിൽ ഏറെ ശ്രദ്ധ പതിപ്പിച്ചിരുന്ന ഊർജസ്വലയായ ഒരു അധ്യാപികയായിരുന്നു. 2001 മുതൽ സർവീസിൽ പ്രവേശിച്ച ടീച്ചർ കുളത്തൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ, ശ്രീകാര്യം ഗവ.ഹൈസ്കൂൾ എന്നിവടങ്ങളിലും അധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മികച്ച അധ്യാപികയും കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ട ഗുരുനാഥയുമായിരുന്ന ടീച്ചറിന്റെ വേർപാട് കണിയാപുരം സ്കൂളിനെ സംബന്ധിച്ചിടത്തോളം തീരാനഷ്ടമാണെന്ന് ഹെഡ്മിസ്ട്രസ് പുഷ്പലതാമ്മാൾ തന്റെ അനുശോചനത്തിൽ പറഞ്ഞു. തിരുവനന്തപുരം ശാന്തികവാടത്തിൽ സംസ്കരിച്ചു.

തെറ്റിദ്ധരിച്ച് തിരക്ക് കൂട്ടണ്ട പണം ബാങ്കിലുണ്ടാകും

ഡോ. തോമസ് ഐസക്ക്

ബാങ്കുകൾക്കു മുന്നിൽ വയോജനങ്ങൾ പെൻഷൻ വാങ്ങുന്നതിന് തടിച്ചുകൂടുന്നതിനെക്കുറിച്ച് ചാനലുകൾ പ്രതികരണം ആരാഞ്ഞപ്പോഴാണ് ഇങ്ങനെയൊരു സംഭവത്തെക്കുറിച്ച് അറിയാനായത്. എന്താണ് സംഭവിക്കുന്നതെന്ന് ആദ്യം മനസിലായില്ല. സംസ്ഥാന സർക്കാരിന്റെ വയോജന-ക്ഷേമ പെൻഷനുകളിൽ ഭൂരിപക്ഷവും സഹകരണ ബാങ്കുകൾ വഴി വീടുകളിൽ എത്തിക്കുകയാണ്. അത് കാര്യക്ഷമമായി നടന്നുകഴിഞ്ഞു. ബാക്കിയുള്ളവർക്ക് സാധാരണഗതിയിലെന്നപോലെ അവരുടെ അക്കൗണ്ടിലേയ്ക്ക് പണം മാർച്ച് 27 ന് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു.

സാധാരണഗതിയിൽ പല ദിവസങ്ങൾകൊണ്ടാണ് പണം പിൻവലിക്കുക. ഇന്ന് അനുഭവപ്പെട്ടതുപോലെ തിരക്ക് വരേണ്ടതില്ല. പിന്നെ എന്തുകൊണ്ട് ഇന്നത്തെ തിരക്ക്? സംസ്ഥാന സർക്കാരിന്റെ വയോജന പെൻഷൻ മാത്രമല്ല, ജൻധൻ അക്കൗണ്ടിലേയ്ക്ക് 500 രൂപ വീതം കേന്ദ്ര സർക്കാരും നിക്ഷേപിച്ചിട്ടുണ്ട്. മൂന്നു ഗഡുക്കളായിട്ടാണ് ഈ സ്കീമിലുള്ള 1500 രൂപ ലഭിക്കുക. ആദ്യത്തെ ഗഡു പിൻവലിച്ചാലേ അടുത്ത ഗഡു ലഭിക്കൂവെന്നാണ് പലരുടെയും തെറ്റായ ധാരണ. അതുകൊണ്ട് അവരും ബാങ്കുകളിൽ തിരക്കുകൂട്ടി. പലർക്കും തെറ്റിദ്ധാരണ അക്കൗണ്ടിൽ വന്നത് പാസ് ബുക്കിൽ പതിച്ചുകിട്ടിയാലേ പണത്തിന് ഒരു ഉറപ്പുണ്ടാകൂ എന്നാണ്.

ആരും തിരക്ക് കൂട്ടേണ്ടതില്ല. സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ-ക്ഷേമ പെൻഷന്റെ 2400 രൂപയായാലും കേന്ദ്രത്തിന്റെ 500 രൂപയായാലും അവരവരുടെ അക്കൗണ്ടിൽ തന്നെയുണ്ടാകും. പാസ് ബുക്കിൽ പതിക്കുന്നത് വൈകുന്നതുകൊണ്ട് ഒരു കുഴപ്പവുമില്ല. രണ്ടോ മൂന്നോ ദിവസം കഴിഞ്ഞ് പണം പിൻവലിക്കാൻ ബാങ്കിൽചെന്നാൽ മതി. അതാണ് കൊറോണ പകർച്ചവ്യാധിക്കാലത്ത് ഉചിതം. കാരണം, പ്രായംചെന്നവരാണ് കൂടുതൽ ആരോഗ്യ ജാഗ്രത പാലിക്കേണ്ടത്.

ഈ സാരോപദേശംകൊണ്ട് കാര്യം നടക്കില്ലെന്ന് അറിയാം. അതുകൊണ്ട് സംസ്ഥാന ക്ഷേമപെൻഷനുകളുടെയും ജൻധൻ അക്കൗണ്ടുകാരെയും പണം പിൻവലിക്കുന്നതിന് അവരുടെ നമ്പറിന്റെ അവസാന അക്കത്തിന്റെ (Last Digit) അടിസ്ഥാനത്തിൽ ദിവസം നിശ്ചയിച്ചുകൊടുക്കാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയോട് പറഞ്ഞിട്ടുണ്ട്. ഓരോ ദിവസവും നിശ്ചയിക്കപ്പെട്ടവർക്കു പെൻഷൻ കൊടുത്തുതീരും വരെ ബാങ്കുകൾ പ്രവർത്തിക്കുകയും വേണം. ഇങ്ങനെ അഞ്ച് ദിവസംകൊണ്ട് പെൻഷൻ വിതരണം പൂർത്തികരിക്കുന്നതു സംബന്ധിച്ച് സമയക്രമം ബാങ്കേഴ്സ് കമ്മിറ്റി ഇറക്കുന്നതാണ്. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിലായിരിക്കും വിഷുവിന്റെ പെൻഷൻ വിതരണം നടത്തുക.

ഇന്നത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നാളെ തീയതി ആരംഭിക്കുന്ന സർവീസ് പെൻഷൻ വിതരണത്തിലും ഒരു പുനക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നു. കാസർഗോഡ് ജില്ലാ ട്രഷറി മാത്രമേ ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നുള്ളൂ. ഇന്നു മുതൽ എല്ലാ ട്രഷറികളും തുറന്നു പ്രവർത്തിക്കും.



സംസ്ഥാന സർക്കാരിന്റെ വയോജന-ക്ഷേമ പെൻഷനുകളിൽ ഭൂരിപക്ഷവും സഹകരണ ബാങ്കുകൾ വഴി വീടുകളിൽ എത്തിക്കുകയാണ്. അത് കാര്യക്ഷമമായി നടന്നുകഴിഞ്ഞു. ജൻധൻ അക്കൗണ്ടിലേയ്ക്ക് 500 രൂപ വീതം കേന്ദ്ര സർക്കാരും നിക്ഷേപിച്ചിട്ടുണ്ട്. മൂന്നു ഗഡുക്കളായിട്ടാണ് ഈ സ്കീമിലുള്ള 1500 രൂപ ലഭിക്കുക. ആദ്യത്തെ ഗഡു പിൻവലിച്ചാലേ അടുത്ത ഗഡു ലഭിക്കൂവെന്നാണ് പലരുടെയും തെറ്റായ ധാരണ. അതുകൊണ്ട് അവരും ബാങ്കുകളിൽ തിരക്കുകൂട്ടി അതുവേണ്ട , പണം ലഭിക്കും

ഗൂഢാലോചനക്കാർക്കെതിരേ നടപടി വേണം:കെ. സുരേന്ദ്രൻ

കോഴിക്കോട്: പായിപ്പാടും പെരുമ്പാവൂരിലും നടന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രതിഷേധത്തിനു പിന്നിൽ പ്രവർത്തിച്ചവർ ആരായിരുന്നാലും കണ്ടെത്തി നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. ലോക്ക്ഡൗൺ ലംഘനം നടത്താൻ തൊഴിലാളികളെ ചിലർ പ്രേരിപ്പിച്ചെന്നും ഒന്നിലധികം പേരുടെ ഗൂഢാലോചന ഇക്കാര്യത്തിൽ ഉണ്ടെന്നുമാണ് മുഖ്യമന്ത്രി പറഞ്ഞത്. എന്നാൽ അത്തരക്കാരെ നിയമത്തിനു മുന്നിൽ എത്തിക്കുമെന്ന പ്രഖ്യാപനം ഇനിയും നടപ്പിലായില്ല. തീവ്രവാദ സംഘടനയായ എസ്ഡിപിഐയും മറ്റു ചിലരും ഇതിനു പിന്നിലുണ്ടെന്നാണ് അറിയുന്നത്. മലപ്പുറത്ത് ഒരു കോൺഗ്രസ് നേതാവും പാലക്കാട് സിഐടിയുക്കാരനുമാണ് പിടിയിലായത്. ആരായാലും ലോക്ക്ഡൗൺ അട്ടിമറിക്കാനുള്ള ശ്രമം രാജ്യദ്രോഹപരമാണ്.

കർണ്ണാടക അതിർത്തിയിലെ പ്രശ്നങ്ങൾ ഉടൻ പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷ ചരക്ക് ഗതാഗതത്തിനും ഗുരുതര രോഗമുള്ളവരുടെ ചികിത്സയ്ക്കുമായി കാസർഗോട്ടെ അടക്കം അതിർത്തിയിൽ തടസങ്ങൾ നീക്കണമെന്ന് കർണ്ണാടക സർക്കാരിനോടും ബിജെപി നേതൃത്വത്തിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അനുഭാവപൂർവമായ സമീപനം ഉണ്ടാകുമെന്നും സുരേന്ദ്രൻ പറഞ്ഞു.

കൊവിഡ് കാലത്ത് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരും പ്രതിസന്ധിയിലാണ്. ഒരു മാസത്തെ ശമ്പളം അവരിൽ നിന്ന് നിർബന്ധപൂർവം പിടിച്ചെടുക്കുന്ന സാഹചര്യം ഉണ്ടാകരുത്. സാമ്പത്തിക ബുദ്ധിമുട്ടില്ലാത്തവരും മനസുള്ളവരും ഒരു മാസത്തെ ശമ്പളം നൽകട്ടെ. മറ്റുള്ളവർ അവരുടെ കഴിവിന് അനുസരിച്ച് നൽകാനും തയ്യാറാകും. കോവിഡ് ദുരന്തത്തിന്റെ പേരിൽ നിർബന്ധിത സാലറി ചലഞ്ച് ഒഴിവാക്കണമെന്ന് സുരേന്ദ്രൻ പറഞ്ഞു.

മൂന്നു മാസത്തേക്കുള്ള അരി സ്റ്റോക്കുണ്ട്

അരി സൗജന്യമായി നൽകാൻ ആവശ്യപ്പെട്ടു, കഴിയില്ലെന്ന് കേന്ദ്രം

● ആറുമാസത്തേക്കുള്ള ഭക്ഷ്യധാന്യം എഫ്സിഐ ഗോഡൗണുകളിൽ

തിരുവനന്തപുരം: സംസ്ഥാനത്തു ഭക്ഷ്യദൗർലഭ്യമുണ്ടാകില്ലെന്നും മൂന്നു മാസത്തേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കുണ്ടെന്നും ഭക്ഷ്യമന്ത്രി പി. തിലോത്തമൻ. 1.18 ലക്ഷം ടൺ ഭക്ഷ്യധാന്യമാണ് ഒരു മാസത്തേക്കു കേരളത്തിലെ പൊതുവിതരണത്തിനായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകളിൽ നിന്ന് സിവിൽ സപ്ലൈസ് സംഭരണ കേന്ദ്രങ്ങളിലേക്കെത്തുന്നത്. ഏപ്രിൽ മാസത്തേക്കുള്ള ധാന്യം മാർച്ച് 15നു മുൻപുതന്നെ സ്റ്റോക്ക് ചെയ്തു. മേയിൽ വിതരണം ചെയ്യാനുള്ളത് എടുത്തുകൊണ്ടിരിക്കുകയാണ്. ഇത് 10നുള്ളിൽ പൂർത്തിയാക്കും.

കൊവിഡ് ബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മുൻഗണനേതര വിഭാഗങ്ങൾക്കും 15 കിലോ ഭക്ഷ്യധാന്യം സൗജന്യമായി നൽകണമെന്നു സർക്കാർ തീരുമാനിച്ചിരുന്നു. കേന്ദ്ര പൂളിൽനിന്ന് അധിക തുക നൽകിയാണ് സർക്കാർ ഇതിനുള്ള 50,000 ടൺ അരി ശേഖരിക്കുന്നത്. 130 കോടി രൂപ ഇതിനു മാത്രം ചെലവു വരും. 74,000 ടൺ അരി സൗജന്യമായി നൽകണമെന്നു കേന്ദ്രത്തോടു സംസ്ഥാനം ആവശ്യപ്പെട്ടെങ്കിലും അതിനു കഴിയില്ലെന്നാണു കേന്ദ്രം അറിയിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിൽനിന്നുള്ള സൗജന്യ റേഷൻ മുൻഗണനാ വിഭാഗങ്ങൾക്കു മാത്രമാണു ലഭിക്കുന്നത്. മുൻഗണനേതര വിഭാഗങ്ങൾക്കുള്ള സൗജന്യ റേഷനുള്ള ബാധ്യത കേരളം തന്നെ വഹിക്കേണ്ടിവരും.

കൊവിഡ് ബാധയുടെ പശ്ചാത്തലത്തിൽ മുൻഗണനാ വിഭാഗങ്ങൾക്ക് അഞ്ചു കിലോ ഭക്ഷ്യധാന്യം നൽകുമെന്നു പ്രധാനമന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതു വിതരണം ചെയ്യാനുള്ള നടപടികളും ആരംഭിക്കുകയാണ്. ഇതിനായി 2.31 ലക്ഷം ടൺ ധാന്യം രണ്ടു മാസത്തിനുള്ളിൽ സംഭരിക്കേണ്ടിവരും. സംസ്ഥാനത്തിന് അടുത്ത ആറു മാസത്തേക്ക് ആവശ്യമായ ഭക്ഷ്യധാന്യം നിലവിൽ എഫ്സിഐ ഗോഡൗണുകളിലുണ്ട്. അവിടെനിന്ന് സിവിൽ സപ്ലൈസ് സംഭരണ കേന്ദ്രങ്ങളിലേക്കും അവിടെനിന്ന് റേഷൻ കടകളിലേക്കും യഥാസമയം ധാന്യങ്ങളെത്തിക്കുക എന്ന ദൗത്യമാണ് സിവിൽ സപ്ലൈസ് വകുപ്പ് ഏറ്റെടുത്തിരിക്കുന്നത്.

ഇതിനു പുറമേ 87 ലക്ഷം കുടുംബങ്ങൾക്കുള്ള ഭക്ഷ്യധാന്യ കിറ്റുകൾ ഒരുക്കണം. ഇതിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ മറ്റു സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്നതിനുള്ള നടപടികളും നടക്കുന്നു. കമ്യൂണിറ്റി കിച്ചണുകളിലേക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കളുടെ ലഭ്യതയും ഉറപ്പാക്കുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള ഭക്ഷ്യലഭ്യതയും ഉറപ്പാക്കി. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി പി. വേണുഗോപാൽ, സിവിൽ സപ്ലൈസ് ഡയറക്റ്റർ ഡോ. നരസിംഹുഗരി ടി.എൽ. റെഡ്ഡി, ദിവ്യ എസ്. അയ്യർ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ചാൻസലേഴ്സ് പുരസ്കാരം കുസാറ്റിന്റെ മുന്നേറ്റത്തിന് വഴിയൊരുക്കും:

കളമശേരി: കേരളത്തിലെ സർവകലാശാലകളുടെ ചാൻസലർ കൂടിയായ ബഹു. ഗവർണർ സംസ്ഥാനത്തെ ഏറ്റവും മികച്ച സർവകലാശാലയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ചാൻസലേഴ്സ് പുരസ്കാരത്തിന് 2018-19 അദ്ധ്യയന വർഷത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല തെരെഞ്ഞെടുക്കപ്പെട്ടു. ഇത് രണ്ടാം തവണയാണ് സർവകലാശാലക്ക് പുരസ്കാരം ലഭിക്കുന്നത്. നേരത്തെ 2016-17 അധ്യയന വർഷത്തിലാണ് പുരസ്കാരം ലഭിച്ചത്.

'കൂട്ടായ പ്രവർത്തനത്തിന്റെ അംഗീകാരമാണിതെന്നും ഈ നേട്ടം ദേശീയ തലത്തിലെ മികച്ച 10 സർവകലാശാലകളുടെ പട്ടികയിൽ കൊച്ചി സർവകലാശാലയെ എത്തിക്കാനുള്ള പ്രയത്നത്തിന് ഊർജ്ജം പകരുന്നതാണ് '- വൈസ് ചാൻസലർ ഡോ. കെ.എൻ. മധുസൂദനൻ പറഞ്ഞു.

അധ്യാപനം, ഗവേഷണം, ഭരണ പാടവം, സാമൂഹ്യപ്രതിബദ്ധത, പ്രോജക്റ്റ് അവതരണം, വൈസ് ചാൻസലറുമായുള്ള അഭിമുഖം തുടങ്ങി വിവിധ ഘടകങ്ങൾ പരിഗണിച്ചാണ് കുസാറ്റിന് പുരസ്കാരം ലഭിച്ചത്. 'പ്രോജക്റ്റ് സമർപ്പണം, അവതരണം എന്നിവയുമായി ബന്ധപ്പെട്ട് യുവ അധ്യാപകർ കഠിനമായ പ്രയത്നമാണ് നടത്തിയത്. പുരസ്കാരത്തിനായി ഒരു മാസത്തെ ചുരുങ്ങിയ സമയം വിനിയോഗിച്ചു കൊണ്ട് നാലു പ്രോജക്റ്റുകളാണ് സർവകലാശാലയിലെ യുവ അദ്ധ്യാപകരുൾപ്പെടുന്ന സംഘം തയാറാക്കിയത്. അതിൽ രണ്ടെണ്ണത്തിന് അവതരണാനുമതി ലഭിക്കുകയും ചെയ്തു. ഇത് പുരസ്കാര ലബ്ധിയിൽ നിർണായകമായി'- വൈസ് ചാൻസലർ പറഞ്ഞു.

എണ്ണായിരത്തോളം വരുന്ന വിദ്യാർത്ഥികളും അഞ്ഞൂറോളം വരുന്ന അധ്യാപകരും എഴുന്നൂറോളം വരുന്ന അനധ്യാപകരും ഉൾപ്പെടെ പതിനായിരത്തോളം വരുന്ന മനുഷ്യവിഭവശേഷിയെ ക്രിയാത്മകമായി ഉപയോഗിക്കാൻ സാധിച്ചാൽ അനന്തമായ സാധ്യതകളുടെ വാതായനങ്ങൾ തുറക്കപ്പെടും. അതിനുള്ള ശ്രമമാണ് ഇനിയുണ്ടാവുകയെന്നും ഡോ. മധുസൂദനൻ കൂട്ടിച്ചേർത്തു.

ഇതര സംസ്ഥാന തൊഴിലാളികൾക്കായി കോൾ സെന്റർ

ടോൾ ഫ്രീ നമ്പർ 155214 1800 425 55214

തിരുവനന്തപുരം: കൊവിഡ്19ന്റെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരിക്കെ സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് പ്രശ്നങ്ങൾ അറിയിക്കാനും പരാതികൾ പരിഹരിക്കാനുമായി കോൾ സെന്റർ പ്രവർത്തന സജ്ജമായി. സംസ്ഥാനതലത്തിൽ തൊഴിൽ വകുപ്പ് ലേബർ കമ്മീഷണറേറ്റിലും അതത് ജില്ലാ ലേബർ ഓഫീസുകളിലുമായാണ് കോൾ സെന്റർ സജ്ജമാക്കിയിരിക്കുന്നത്.

തമിഴ്, ഹിന്ദി, ബംഗാളി, അസമീസ്, ഒഡിയ ഭാഷകളിൽ തന്നെ മറുപടി നൽകാൻ ഭാഷാവിദഗ്ധരായ ജീവനക്കാരുണ്ട്.

സംസ്ഥാനതല കോൾ സെന്റർ നമ്പർ (ടോൾ ഫ്രീ)155214 1800 425 55214. ഹിന്ദി, ഒഡിയ, ബംഗാളി, അസമീസ് ഭാഷകളിൽ ബോധവത്കരണ ഓഡിയോ തയാറാക്കി വാട്സ്ആപ്പ് മുതലായ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരണത്തിനായി നൽകിയിട്ടുണ്ട്.

ഇക്കോ ടൂറിസം കേന്ദ്രങ്ങൾ തുറക്കില്ല

തിരുവനന്തപുരം: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളും ഇനി ഒരറിയിപ്പുണ്ടാകും വരെ അടച്ചതായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്ര കുമാർ അറിയിച്ചു. ഇന്നലെ വരെയായിരുന്നു നിലവിൽ പ്രവേശനം നിരോധിച്ചിരുന്നത്. ഇതാണ് അനിശ്ചിതകാലത്തേക്കു നീട്ടിയത്.

വനപ്രദേശത്ത് ആളുകൾ കൂടുന്ന എല്ലാ പരിപാടികളും നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, വനാതിർത്തിയിലും അല്ലാതെയുമുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങൾ എന്നിവയ്ക്കും നിരോധനം ബാധകമാണ്.

ആധാരമെഴുത്ത് , ക്ഷേമനിധി അംഗങ്ങൾക്കും പെൻഷൻകാർക്കും ഇടക്കാലാശ്വാസം അനുവദിച്ചു

തിരുവനന്തപുരം: കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ നിർത്തിവച്ചത് മൂലം തൊഴിലും വരുമാനവും നഷ്ടപ്പെട്ട ആധാരമെഴുത്ത്, സ്ക്രൈബ്, വെണ്ടർ ക്ഷേമനിധി അംഗങ്ങൾക്കും ക്ഷേമനിധി പെൻഷൻകാർക്കും 3,000 രൂപ ഇടക്കാലാശ്വാസം അനുവദിക്കാൻ തീരുമാനിച്ചതായി മന്ത്രി ജി. സുധാകരൻ അറിയിച്ചു.

രജിസ്ട്രേഷൻ വകുപ്പിലെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയെങ്കിലും ആൾക്കൂട്ടം നിയന്ത്രിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ 31 വരെ വകുപ്പിന്റെ പ്രവർത്തനം നിർത്തിവച്ചിരുന്നു. ഏപ്രിൽ 14 വരെ വകുപ്പിന്റെ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുവാൻ കഴിയാത്ത സാഹചര്യമാണ്. ഈ സാഹചര്യത്തിൽ ആധരമെഴുത്തുകാരുടെയും സ്ക്രൈബുകളുടെയും വെണ്ടർമാരുടെയും ക്ഷേമനിധിയിൽ നിന്നും അംഗങ്ങൾക്കും ക്ഷേമനിധി പെൻഷൻകാർക്കും ഇടക്കാലാശ്വാസം അനുവദിക്കണമെന്ന് തൊഴിലാളികളും സംഘടനകളും അഭ്യർഥിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇടക്കാലാശ്വാസം അനുവദിച്ചത്.

ചരക്ക് ലോറികളെത്തി പച്ചക്കറി വിലയിൽ നേരിയാശ്വാസം

മട്ടാഞ്ചേരി: കൊച്ചി വിപണിയിൽ പച്ചക്കറിയുമായി തമിഴ്നാട്ടിൽ നിന്ന് ചരക്ക് ലോറികളെത്തി. കോവിഡ് നിയന്ത്രണത്തിൽ വില വർധനവ് രൂക്ഷമായ ഘട്ടത്തിലാണ് അത്യാവശ്യ സാധനങ്ങളുമായി ലോറികളെത്തിയത്. സവാള, കിഴങ്ങ്, ചേന, വഴുതനങ്ങ , വെണ്ടക്ക, മുരിങ്ങക്കോൽ, കാരറ്റ്, പച്ചമുളക്, ഉള്ളി തുടങ്ങിയ ഇനങ്ങളാണ് ആദ്യഘട്ടത്തിലെത്തിയത്.

സാധരണ ഗതിയിൽ 30 ലോഡ് പച്ചക്കറി ലോറികളെത്താറുള്ള എറണാകുളം മാർക്കറ്റിൽ രണ്ട് ദിവസത്തിനകം 35 ഓളം ചരക്ക് ലോറികളാണെത്തിയത്. സംസ്ഥാനതിർത്തിയിലെ തടസങ്ങളൊഴിഞ്ഞതോടെ കൂടുതൽ പച്ചക്കറി ലോറികളെത്തുമെന്നാണ് വ്യാപാരികൾ പറയുന്നത്.

ചരക്ക് വരവ് തുടങ്ങിയെങ്കിലും വിലയിൽ കാര്യമായ കുറവുണ്ടായിട്ടില്ലെന്നാണ് ചില്ലറ വ്യാപാരികളും ഉപഭോക്താക്കളും പറയുന്നത്. കോറോണ ഭീതിക്ക് മുമ്പ് കിലോക്ക് 30-40 രൂപയുണ്ടായിരുന്ന തക്കാളിക്ക് 80 രൂപ വരെയായി വർധിച്ചുവെങ്കിലും ഇപ്പോഴിത് 45 -50 രൂപ നിരക്കിലാണ് വിൽപന നടക്കുന്നത്. ഇതേ രീതിയിൽ മിക്കയിനങ്ങൾക്കും നേരിയ വില കുറവേ ഉണ്ടായിട്ടുള്ളുവെന്ന് ഉപഭോക്താക്കൾ പറയുന്നു.

സഹ. മേഖലയിലെ താത്കാലിക ജീവനക്കാർക്കും ഏജന്റുമാർക്കും വേതനം മുടങ്ങില്ല

തിരുവനന്തപുരം: സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന താത്കാലിക ജീവനക്കാർക്കും, കലക്ഷൻ ഏജന്റുമാർക്കും വേതനം ഉറപ്പാക്കുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ. സഹകരണ സ്ഥാപനങ്ങളിലെ ഏജന്റുമാർ മുഖേനയുള്ള കലക്ഷൻ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്.

എല്ലാ സഹകരണ സംഘങ്ങളും ബാങ്കുകളും ദിവസവേതന വ്യവസ്ഥയിലും കരാർ വ്യവസ്ഥയിലും ജോലിചെയ്യുന്ന ജീവനക്കാർക്ക് മാർച്ച് മാസത്തേയും ലോക്ക് ഡൗൺ നിലനിൽക്കുന്ന തുടർകാലയളവിലും അതത് മാസത്തെ പ്രവൃത്തി ദിവസം കണക്കാക്കി നിലവിൽ നൽകിവരുന്ന വേതനം ഉറപ്പ് വരുത്തണമെന്ന് സഹകരണ വകുപ്പ് സർക്കുലർ പുറത്തിറക്കി. പ്രതിമാസം നിശ്ചിത തുക നിജപ്പെടുത്തിയിട്ടുള്ള താത്കാലിക ജീവനക്കാർക്ക് പ്രസ്തുത തുക ഉറപ്പുവരുത്തുമെന്നും മന്ത്രി പറഞ്ഞു.

കലക്ഷൻ ഏജന്റുമാരായി ജോലി ചെയ്യുന്നവർക്ക് ഈ കാലയളവിൽ വേതനം, കമ്മിഷൻ നൽകുന്നതിനുള്ള നടപടികൾ അതത് സംഘം ഭരണസമിതികൾ സ്വീകരിക്കണം. ഇപ്രകാരം വേതനവും കമ്മിഷനും കണക്കാക്കുമ്പോൾ ആകെ തുക 10,000 രൂപയിൽ താഴെയാണെങ്കിൽ പരമാവധി 10,000 രൂപ ഈ വിഭാഗം ജീവനക്കാർക്ക് പ്രതിമാസ വേതനം ഉറപ്പ് വരുത്തും. ഏജന്റുമാർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തിട്ടുള്ള സ്ഥാപനങ്ങൾ മുടക്കം വരാതെ ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയതായും മന്ത്രി പറഞ്ഞു.

ട്രഷറിയിൽ 18 വരെ ബില്ലുകൾ സമർപ്പിക്കാം

തിരുവനന്തപുരം: ട്രഷറിയിൽ ഈ മാസം 31നു മുൻപ് സമർപ്പിക്കേണ്ട ബില്ലുകൾ ഏപ്രിൽ 18 വരെ സമർപ്പിക്കാമെന്നു ധനവകുപ്പ്. കോവിഡ് ബാധയെത്തുടർന്നാണ് സാമ്പത്തിക വർഷാവസാനത്തിന്റെ പേരിലുള്ള നിയന്ത്രണങ്ങളിൽ ചെറിയ ഇളവു വരുത്താൻ സർക്കാർ തീരുമാനിച്ചത്. ഇതു സംബന്ധിച്ച ഉത്തരവ് പുറത്തിറങ്ങി.

തദ്ദേശ ഭരണ സ്ഥാപന പദ്ധതികളിൽ ചെലവിട്ട തുകയുടെ ബില്ലുകളും ഈ കാലയളവിൽ നൽകാം. ചെലവിടാൻ കഴിയാത്തവയിൽ 30 ശതമാനം അടുത്ത വർഷത്തേക്കുള്ള പദ്ധതിയിലേക്കു മാറ്റാം. ഇക്കാര്യങ്ങളിൽ മറ്റു മാർഗങ്ങളില്ലെന്നും ഇത്രയെങ്കിലും കർശനമായില്ലെങ്കിൽ കേന്ദ്രസർക്കാരിൽ നിന്നുള്ള പണം ലഭിക്കില്ലെന്നും കഴിഞ്ഞ ദിവസം ധനമന്ത്രി ടി.എം. തോമസ് ഐസക് വ്യക്തമാക്കിയിരുന്നു.

സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് ബില്ലുകൾ നൽകാനും ജോലികൾ പൂർത്തിയാക്കാനും ഉദ്യോഗസ്ഥർ നെട്ടോട്ടത്തിലാണ്. പ്ലാൻ ഫണ്ടിൽ നല്ലൊരു പങ്കും സാധനസാമഗ്രികൾ വാങ്ങാനുള്ളതാണ്. സമ്പൂർണ ലോക്ഡൗണിൽ എങ്ങനെ ഇവ വാങ്ങാൻ കഴിയുമെന്നതാണ് ഉദ്യോഗസ്ഥർക്കു മുന്നിലുള്ള പ്രതിസന്ധി. ശമ്പള ബില്ലുകൾ മാത്രം ഓൺലൈനായി അയച്ചാൽ മതിയെന്നാണ് ട്രഷറികളിൽ നിന്നുള്ള നിർദേശം.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

●അശ്വതി: ശുഭാപ്തിവിശ്വാസത്താൽ കൂടുതൽ ചുമതലകൾ ഏറ്റെടുക്കാൻ തയാറാകും. സഹപാഠിയെ കാണുവാനും ഗതകാലസ്മരണകൾ പങ്കുവെക്കുവാനും അവസരമുണ്ടാകും.

●ഭരണി: തൊഴിൽ മേഖലകളോട് ബന്ധപ്പെട്ട് പ്രധാന തീരുമാനങ്ങൾ സ്വീകരിക്കുവാനിടവരും. നയതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ ലക്ഷ്യപ്രാപ്തിനേടും.

●കാർത്തിക: പ്രവർത്തന ശൈലിയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുവാൻ തീരുമാനിക്കും. ആഗ്രഹ സാഫല്യത്താൽ നേർന്നു കിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കാനിടവരും

●രോഹിണി: സ്വജനങ്ങളും ബന്ധുക്കളും ആരാധനാലയത്തിലേക്കുള്ള യാത്രക്കിടയിൽ വിരുന്നുവരും. നിലവിലുള്ള ഗൃഹത്തിനു പുറമെ ഒരു ഗൃഹവും കൂടി വാങ്ങാൻ തയാറാകും

●മകയിരം: ആത്മവിശ്വാസക്കുറവിനാൽ സാഹസപ്രവൃത്തികൾ ഉപേക്ഷിക്കും. അനാരോഗ്യത്താൽ അവധിയെടുക്കും. വാങ്ങുവാനുദ്ദേശിക്കുന്ന ഭൂമിയുടെ രേഖ സസൂക്ഷമം പരിശോധിക്കണം.

●തിരുവാതിര: സാമ്പത്തികവരുമാനം വർധിക്കും. പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കും. ആഗ്രഹിക്കുന്ന കാര്യങ്ങൾ സുഹൃത് സഹോദര സഹായ ഗുണത്താൽ സാധിക്കും.

●പുണർതം: തൊഴിൽപരമായ പരാജയങ്ങൾക്കു ആശ്വാസം തോന്നും. സമൂഹത്തിൽ ഉന്നതരെ പരിചരയപ്പെടുന്നതുവഴി പുതിയ കർമപദ്ധതികൾ ഉടലെടുക്കും.

●പൂയം: പദ്ധതി ആസൂത്രണങ്ങളിൽ ലക്ഷ്യപ്രാപ്തിനേടും. മേലധികാരിയുടെ പ്രതിനിധിയായി പ്രവർത്തിക്കുവാനിടവരും. ഗുണനിലവാരം വർധിപ്പിക്കാൻ വ്യവസായം നവീകരിക്കാൻ തീരുമാനിക്കും.

●ആയില്യം: ആഗ്രഹിക്കുന്ന കാര്യങ്ങൾ തൃപ്തിയാകും വിധത്തിൽ സാധിക്കും. പ്രവൃത്തിപരിചയത്താൽ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. കടം കൊടുത്തസംഖ്യ തിരിച്ചുലഭിക്കും.

●മകം: നിക്ഷേപസമാഹരണത്തിൽ ലക്ഷ്യാപ്രാപ്തിനേടും. ആത്മവിശ്വാസത്തോടുകൂടി പരീക്ഷ, ഇന്റർവ്യൂ തുടങ്ങിയവയിൽ അവതരിപ്പിക്കാൻ സാധിക്കും. ഊഹകച്ചവടത്തിൽ സാമ്പത്തികലാഭം ഉണ്ടാകും.

●പൂരം: സ്വന്തം ഉത്തരവാദിത്വങ്ങൾ മറ്റൊരാളെ ഏല്പിച്ചാൽ അബദ്ധമാകും. പണം കടം കൊടുക്കുക, കടം വാങ്ങുക, ജാമ്യം നിൽക്കുക തുടങ്ങിയവ അരുത്. അസുഖങ്ങൾക്ക് ആയുർവേദചികിത്സ തുടങ്ങും

●ഉത്രം: പുതിയ സുഹൃത്ബന്ധങ്ങൾ ഉടലെടുക്കും. സൃഷ്ടിപരമായ കാര്യങ്ങളിൽ അനുകൂല സാഹചര്യം ഉണ്ടാകും. പലവിധ സൗകര്യങ്ങളും കണക്കിലെടുത്ത് പട്ടണത്തിലേക്കു താമസം മാറ്റാൻ തയാറാകും.

●അത്തം: നടപടിക്രമങ്ങളിൽ അലംഭാവം അരുത്. സുതാര്യതയുള്ള പ്രവർത്തനങ്ങളാൽ അപകീർത്തി ഒഴിവാകും. ദുസൂചനകൾ ലഭിച്ചതിനാൽ സാമ്പത്തിക വിഭാഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

●ചിത്ര: വ്യാപാരവ്യവസായ സ്ഥാപനത്തിൽ ചിലരെ പിരിച്ചുവിടുവാൻ തീരുമാനിക്കും. ഏറ്റെടുത്ത ദൗത്യം നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്തുതീർക്കാൻ സാധിക്കും.

●ചോതി: സഹപാഠികളോടൊപ്പം ഉപരിപഠനത്തിന് ചേരാൻ സാധിക്കും. പുതിയ കരാറുജോലികൾ ഏറ്റെടുക്കും. പദ്ധതി ആസൂത്രണങ്ങളിൽ ലക്ഷ്യപ്രാപ്തിനേടും. ശുഭാപ്തിവിശ്വാസം വർധിക്കും.

●വിശാഖം: സ്വപ്നസാക്ഷാൽക്കാരത്താൽ ആത്മനിർവൃതിയുണ്ടാകും. നഷ്ടപ്പെട്ട ഉദ്യോഗം തിരിച്ചുലഭിക്കും. ശാസ്ത്രജ്ഞർക്ക് അനുകൂലസാഹചര്യം വന്നുചേരും.

●അനിഴം: ബൃഹത്പദ്ധതികൾക്ക് രൂപകല്പന ചെയുന്ന സംഘത്തിൽ ഉൾപ്പെട്ടതിനാൽ ആത്മാഭിമാനം തോന്നും. വിദ്യാർഥികൾക്ക് ഉത്സാഹവും ഉന്മേഷവും വർധിക്കും

●തൃക്കേട്ട: വ്യവസ്ഥകൾ പാലിക്കാത്ത ഗൃഹനിർമാണപ്രവർത്തകരിൽ നിന്നും സംഖ്യ തിരിച്ചുവാങ്ങാൻ നടപടികളെടുക്കും. അനാവശ്യ ചിന്തകൾ ഉപേക്ഷിക്കണം.

●മൂലം: ആധി വർധിക്കുന്നതിനാൽ അസുഖങ്ങളും വർധിക്കും. അമിതവ്യയം നിയന്ത്രിക്കാൻ നിർബന്ധിതനാകും. ഗുണനിലവാരം കുറഞ്ഞ ഗൃഹോപകരണങ്ങളിൽ നിന്നും അഗ്നിഭീതിക്ക് സാധ്യതയുണ്ട്.

●പൂരാടം: ഏറ്റെടുത്ത ദൗത്യം മനഃസംതൃപ്തിയോടുകൂടി ചെയ്തുതീർക്കാൻ സാധിക്കും. സന്താനങ്ങൾക്കു വേണ്ടി ഗൃഹം വാങ്ങിക്കാൻ അന്വേഷണമാരംഭിക്കും.

●ഉത്രാടം: സ്വാർഥ താല്പര്യസാധ്യത്തിനായി അഹോരാത്രം പ്രവർത്തിക്കും. വിജ്ഞാനപ്രദമായ വിഷയങ്ങൾ അവതരിപ്പിക്കുന്നതിൽ ലക്ഷ്യപ്രാപ്തിനേടും. പുത്രപൗത്രാദികളോടൊപ്പം താമസിക്കാൻ വിദേശയാത്ര പുറപ്പെടും.

●തിരുവോണം: ആരോഗ്യം തൃപ്തികരമായിരിക്കും. വ്യവസ്ഥകൾക്കതീതമായി പ്രവർത്തിക്കാൻ സാധിക്കും. കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ സാധിക്കും.

●അവിട്ടം: വ്യക്തിസ്വാതന്ത്ര്യം ഉണ്ടായതിനാൽ ഭരണപരിഷ്കാരം പ്രവർത്തനതലത്തിൽ കൊണ്ടുവരും. ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിന് പ്രവേശനം ലഭിക്കും.

●ചതയം: അശ്രാന്തപരിശ്രമത്താൽ തൊഴിൽ മേഖലകളിലുള്ള അനിഷ്ടങ്ങൾ ഒഴിവാകും. അനാവശ്യമായ ആധി ഒഴിവാക്കണം. വിദഗ്ദ്ധോപദേശം സ്വീകരിക്കാതെ ഒരുപ്രവൃത്തിയിലും പണം മുടക്കരുത്.

●പൂരോരുട്ടാതി: അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കപ്പെടും. തൊഴിൽമേഖലകളോട് ബന്ധപ്പെട്ട് മാനസികസംഘർഷം വർധിക്കും. അസുഖങ്ങൾ വർധിക്കുന്നതിനാൽ വിദഗ്ധ പരിശോധനക്ക് വിധേയനാകും.

●ഉത്രട്ടാതി: അഭിപ്രായസമന്വയത്തോടുകൂടിയ സമീപനം സർവർക്കും സ്വീകാര്യമാകും. ക്രയവിക്രയങ്ങളിൽ സാമ്പത്തികനേട്ടം വർധിക്കും. പഠിച്ച വിഷയത്തോടനുബന്ധമായി തുടർ പഠനത്തിനു ചേരും.

●രേവതി: പരാജയപ്പെടുമെന്ന് വിചാരിക്കുന്ന കാര്യങ്ങളിൽ അനുകൂലവിജയമുണ്ടാകും. ലക്ഷ്യബോധത്തോടുകൂടിയ പ്രവർത്തനങ്ങൾക്ക് പൊതുജനപിന്തുണ ലഭിക്കും.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

ആൻഡേഴ്സനാകുമെങ്കിൽ എനിക്കുമാകും: ശ്രീശാന്ത്

കൊച്ചി: ഐപിഎൽ ഒത്തുകളിയുമായി ബന്ധപ്പെട്ട് ലഭിച്ച വിലക്കു കാലാവധി ഈ മാസം സെപ്റ്റംബറിൽ അവസാനിക്കാനിരിക്കെ, വീണ്ടും ഇന്ത്യൻ ടീമിനായി കളിക്കുമെന്ന ആത്മവിശ്വാസം പ്രകടിപ്പിച്ച് മലയാളി താരം എസ്. ശ്രീശാന്ത്. 37ാം വയസ്സിലും സ്ഥിരതയോടെ കളിക്കുന്ന ഇംഗ്ലീഷ് പേസ് ബൗളർ ജിമ്മി ആൻഡേഴ്സനാണ് തന്റെ മാതൃകയെന്നും അതേ പ്രായക്കാരനായ ശ്രീശാന്ത് വെളിപ്പെടുത്തി. അവസാന ശ്വാസം വരെ പ്രതീക്ഷ കൈവിടരുതെന്ന് അച്ഛന്റെ ഉപദേശമാണ് തന്റെ വഴികാട്ടിയെന്നും ഒരു അഭിമുഖത്തിൽ ശ്രീശാന്ത് പറഞ്ഞു. കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ എല്ലാവരും സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ച് സുരക്ഷിതരായിരിക്കാനും ശ്രീശാന്ത് ആവശ്യപ്പെട്ടു.

2013ലെ ഐപിഎൽ വാതുവയ്പിന്റെ പശ്ചാത്തലത്തിൽ ശ്രീശാന്തിന് ബിസിസിഐ ആജീവനാന്ത വിലക്കാണ് ഏർപ്പെടുത്തിയിരുന്നത്. എന്നാൽ, പിന്നീട് സുപ്രീംകോടതിയുടെ ഇടപെടലിനെ തുടർന്ന് ബിസിസിഐ ഓംബുഡ്സ്മാൻ വിലക്ക് ഏഴു വർഷമായി കുറയ്ക്കുകയായിരുന്നു. ഇതനുസരിച്ച് ഈ സെപ്റ്റംബർ മുതൽ ശ്രീശാന്തിന് വീണ്ടും കളത്തിലിറങ്ങാം.

വിംബിൾഡൺ റദ്ദാക്കും

ലണ്ടൻ: ലോക മഹായുദ്ധ കാലഘട്ടങ്ങൾക്കു ശേഷം ചരിത്രത്തിലാദ്യമായി വിംബിൾഡൺ റദ്ദാക്കുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കായിക രംഗത്തെ അവസാനത്തെ അത്യാഹിതമായി വിംബിൾഡൺ മാറുകയാണ്. കാണികളില്ലാതെ വിംബിൾഡൺ നടത്താനായിരുന്നു ഓൾ ഇംഗ്ലണ്ട് ടെന്നീസ് ക്ലബ്ബിന്റെ തീരുമാനമെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ അതും സാധ്യമല്ലെന്നാണ് സൂചന. ഇന്നലെ ഓൾ ഇംഗ്ലണ്ട് ടെന്നീസ് ക്ലബ്ബിന്റെ ഹൈപ്പവർ കമ്മിറ്റി വിംബിൾഡൺ റദ്ദാക്കാനുള്ള തീരുമാനമെടുത്തതായാണ് സൂചന. ജൂൺ 29 മുതൽ ജൂലൈ 12 വരെയാണ് വിംബിൾഡൺ നടക്കേണ്ടത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ 1940 മുതൽ 45 വരെ വിംബിൾഡൺ നടത്തിയിരുന്നില്ല. 1915-18 കാലഘട്ടത്തിലും ലോക യുദ്ധത്തെത്തുടർന്ന് വിംബിൾഡൺ നടന്നിരുന്നില്ല. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മോയിൽ നടക്കേണ്ട ഫ്രഞ്ച് ഓപ്പൺ ചാംപ്യൻഷിപ്പ് സെപ്റ്റംബറിലേക്കു മാറ്റിയിരുന്നു. അതിനിടെ, യുഎസ് ഓപ്പൺ നടക്കുന്ന ന്യൂയോർക്കിലെ കോർട്ടുകളിൽ ആശുപത്രി സംവിധാനമൊരുക്കാനൊരുങ്ങുകയാണ്. യുഎസ് സർക്കാർ.

ഇറ്റാലിയൻ ലീഗ് ഉണ്ടാകില്ല

റോം: കൊവിഡ് ഏറെ നാശം വിതച്ച ഇറ്റലിയിൽ സീരി എ മത്സരങ്ങൾ റദ്ദാക്കും. ഇക്കാര്യത്തിൽ ഉടൻ തീരുമാനമുണ്ടാവും. ക്ലബ്ബുകളും സ്പോൺസേഴ്സുമായുള്ള ചർച്ചകൾ സീരീ എ അധികൃതർ തുടരുകയാണ്. സീസൺ വേണ്ടെന്നുവെയ്ക്കാനുള്ള ആലോചനകൾ ഇറ്റാലിയൻ ഫുട്ബോളേഴ്സ് അസോസിയേഷൻ നേരത്തെ ആരംഭിച്ചിരുന്നു. കഴിഞ്ഞ ദിവസം എഐസി പ്രസിഡന്റ് ഡാമിയാനോ ടോമസി ഇക്കാര്യം സൂചിപ്പിക്കുകയും ചെയ്തും. നിലവിൽ ഏപ്രിൽ മൂന്നുവരെയാണ് സീരീ എ മത്സരങ്ങൾ നിർത്തിവെച്ചിരിക്കുന്നത്.12 മത്സരങ്ങളാണ് ഇനി ലീഗിൽ ബാക്കിയുള്ളത്. യുവന്റസാണ് പോയിന്റ് പട്ടികയിൽ മുന്നിൽ. 63 പോയിന്റാണ് അവർക്കുള്ളത്. ലാസിയോ രണ്ടാം സ്ഥാനത്തുണ്ട്. ഇരുവരും തമ്മിൽ ഒരു പോയിന്റ് വ്യത്യാസമാണുള്ളത്. അതുകൊണ്ടുതന്നെ ലീഗിൽ ജേതാക്കളെ പ്രഖ്യാപിച്ചേക്കില്ല.കൊവിഡ് വ്യാപനത്തെ തുടർന്ന് ടോക്കോയി ഒളിംപിക്സ്, യൂറോ കപ്പ്, കോപ അമേരിക്ക തുടങ്ങിയ ടൂർണമെന്റുകൾ അടുത്തവർഷത്തേക്ക നീട്ടിവച്ചിരുന്നു. ഇംഗ്ലീഷ് പ്രീമയർ ലീഗ്, ലാ ലിഗ, ബുണ്ടസ് ലിഗ, ഫ്രഞ്ച് ലീഗ് എന്നിവയെല്ലാം താത്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

ഉസ്മാൻ ഇക്കയുടെ ഫുട്ബോൾ ജീവിതത്തിന് ലോംഗ് വിസിൽ

മുൻ കേരള സന്തോഷ് ട്രോഫി താരം കെ.വി. ഉസ്മാൻ അന്തരിച്ചു

കോഴിക്കോട്: മുൻ കേരള ഫുട്ബോൾ താരം കെ. വി. ഉസ്മാൻ (74) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് വീട്ടിൽവച്ചായിരുന്നു ഡെംപോ ഉസ്മാൻ എന്നറിയപ്പെടുന്ന മുൻ സന്തോഷ് ട്രോഫി താരത്തിന്റെ അന്ത്യം. 1973 ൽ കേരളം ആദ്യമായി സന്തോഷ് ട്രോഫി നേടിയ ടീമിൽ സ്റ്റോപ്പർബാക്കായിരുന്നു ഉസ്മാൻ. ഡെംപോ ഗോവയിൽ തിളങ്ങിയ ഉസ്മാൻ ടൈറ്റാനിയം, പ്രീമിയർ ടയേഴ്സ്, ഫാക്ട് ടീമുകളിലും കളിച്ചിട്ടുണ്ട്. ഡെംപോയ്ക്കായി പുറത്തെടുത്ത മികച്ച പ്രകടനമാണ് ഡെംപോ ഉസ്മാൻ പേര് ചാർത്തികൊടുത്തത്.

1968 ലാണ് ഉസ്മാൻകോയ ആദ്യമായി സന്തോഷ് ട്രോഫി കളിച്ചത്. കോഴിക്കോട് എവിഎം അക്കാദമിയിലൂടെയാണ് അദ്ദേഹം ശ്രദ്ധിക്കപ്പെടുന്നത്. ഒരുകാലത്ത് മലബാറിലെ അറിയപ്പെടുന്ന സെവൻസ് ഫുട്ബോൾ താരം കൂടിയായിരുന്നു ഉസ്മാൻകോയ.യംഗ് ചാലഞ്ചേർസിലൂടെയായിരുന്നു ഫുട്ബോൾ ജീവിതത്തിനു തുടക്കം. പിന്നീട് സംസ്ഥാന ജൂനിയർ ടീമിൽ കളിച്ചു. 1970 - 80 കാലഘട്ടത്തിൽ മികച്ച സ്റ്റോപ്പർ ബാക്ക്. 1973 ൽ കേരളം സന്തോഷ് ട്രോഫി കിരീടം നേടിയപ്പോൾ ബാക്ക് ലൈനിൽ കളിച്ച അതു വരെ മിഡ്ഫീൽഡിൽ കളിച്ച ഉസ്മാനെ അന്നത്തെ കേരള കോച്ച് സൈമൺ സുന്ദർ രാജ് പരീക്ഷണമെന്ന നിലയിൽ ബാക്ക് ലൈനിൽ കളിപ്പിക്കുകയായിരുന്നു. ഉസ്മാന്റെ കളികണ്ട് ഡെംപോ ഗോവ വിളിക്കുകയായിരുന്നു. കോഴിക്കോട്ടെ മറ്റൊരു ദേശീയ താരം പ്രസന്നനോടൊപ്പം ഡെംപോയിലേക്കു പോയി. ഗൾഫിൽ പോയി അവിടെ സർവ്വേയറായി ജോലി ചെയ്തു.

റിട്ടയർമെന്റിന ശേഷം നാട്ടിലെത്തി ചില ക്ലബുകൾക്ക് പരിശീലനം നൽകി വന്നു. ഉസ്മാന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. ഭാര്യ സ്രാങ്കികം കദീജ. കോഴിക്കോട് കണ്ണംപറമ്പിൽ കബറടക്കം നടത്തി.

വോണിന്റെ ടെസ്റ്റ് ഇലവൻ

സിഡ്നി: ഏറ്റവും മികച്ച ഓസ്ട്രേലിയൻ ടെസ്റ്റ് ഇലവനുമായി സ്പിൻ വിസ്മയം ഷെയ്ൻ വോൺ. ഒട്ടേറെ അത്ഭുതങ്ങളുള്ള ടീമിൽ സ്റ്റീവ് വോക്കും റിക്കി പോണ്ടിംഗിനും പകരം ഇതിഹാസ താരം അലൻ ബോർഡറെയാണ് നായകനായി തെരഞ്ഞെടുത്തിരിക്കുന്നത്. മാത്യു ഹെയ്ഡനെയും മിച്ചൽ സ്ലേറ്ററിനെയുമാണ് വോൺ ഓപ്പണർമാരായി തെരഞ്ഞെടുത്തത്. **വോൺ ഇലവൻ:** മാത്യു ഹെയ്ഡൻ, മിച്ചൽ സ്ലേറ്റർ, റിക്കി പോണ്ടിംഗ്, മാർക്ക് വോ, അലൻ ബോർഡർ(നായകൻ), സ്റ്റീവ് വോ, ആദം ഗിൽക്രിസ്റ്റ്, ടിം മെയ്, ജെയ്സൺ ഗില്ലിസ്പി, ബ്രൂസ് റീഡ്, ഗ്ലെൻ മഗ്രാത്ത്.

ദ്യുതിക്കു വഴി തെളിച്ച പരിശീലകൻ പി.പി. പോൾ വിരമിച്ചു

സ്പോർട്സ് ലേഖകൻ

കൊച്ചി: സംസ്ഥാന അത്ലറ്റിക്സ് ടീമിന്റെ ചീഫ് പരിശീലകൻ പി.പി. പോൾ സർവീസിൽനിന്ന് ഇന്നലെ വിരമിച്ചു. വിവിധ സ്കൂളുകളിലും കോളജുകളിലുമായി നിരവധി അന്താരാഷ്ട്ര ദേശീയ താരങ്ങളെ സൃഷ്ടിച്ച ശേഷമാണ് സംസ്ഥാനം കണ്ട മികച്ച കായിക പരിശീലകരിൽ ഒരാളായ പോൾ വിരമിക്കുന്നത്. രാജ്യം കണ്ട എക്കാലത്തെയും മികച്ച 100,200 മീറ്റർ ഓട്ടക്കാരിയായ ദ്യുതി ചന്ദിന്റെ ആദ്യകാല പരിശീലകനാണ് പോൾ. ഭോപ്പാലിലെ ദേശീയ ക്യാംപിൽവച്ച് നാനൂറു മീറ്ററിൽ ശ്രദ്ധയൂന്നിയിരുന്ന ദ്യുതിയെ 100, 200 മീറ്ററുകളിലേക്കു തിരിച്ചുവിടുകയും ദ്യുതിയുടെ സാങ്കേതികപ്പിഴവുകൾ തിരുത്തുകയും ചെയ്ത പരിശീലകനാണ് പോൾ.

പി.പി. പോളും ശിഷ്യയായ വി.കെ. വിസ്മയയും.

35 വർഷത്തെ കായികപരിശീലക ജീവിതത്തിനാണ് ഇപ്പോൾ കോതമംഗം എം.എ. കോളജിൽവച്ച് തിരശീല വീണിരിക്കുന്നത്. കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കാൽവരി മൗണ്ട് സ്കൂൾ, കോട്ടയം സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, എറണാകുളം സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, പാലാ സെന്റ് തോമസ് കോളജ്, ചങ്ങനാശേരി അസംപ്ഷൻ കോളജ്, കോതമംഗലം എംഎ കോളജ് തുടങ്ങി നിരവധി ഇടങ്ങളിൽ പരിശീലകനായി സേവനമനുഷ്ഠിച്ച പോളിന്റെ കീഴിൽ നാനൂറോളം ദേശീയ, അന്തർദേശീയ മെഡലുകൾ ശിഷ്യർ നേടിയിട്ടുണ്ട്.

സ്കൂൾപഠനകാലത്ത് ഫുട്ബോളറായിരുന്ന പോൾ 1984ൽ അങ്കമാലി തുറവൂർ എംഎച്ച്എസിലായിരുന്നു കായിക പരിശീലകനായി ജീവിതം തുടങ്ങുന്നത്. പിതാവായ മാസ്റ്റേഴ്സ് അത്ലറ്റിക് താരം വി.എ. പത്രോസാണ് തന്നെ കായിക രംഗത്തേക്കു വഴിതിരിച്ചുവിട്ടതെന്ന് പോൾ പറഞ്ഞു. സംസ്ഥാന തലത്തിൽ നാനൂറ് മീറ്ററിൽ മത്സരിച്ചു പരിചയമുള്ള പോൾ ഒരേ സമയം അത്ലറ്റും പരിശീലകനുമായി. കേരളത്തെ പ്രതിനിധീകരിച്ച് നാലു ദേശീയ മീറ്റുകളിൽ പങ്കെടുത്ത പോൾ 1991ൽ എൻഐഎസ് സർട്ടിഫിക്കറ്റ് സ്വന്തമാക്കി സ്പോർട്സ് കൗൺസിൽ പരിശീലകനായി. ആദ്യ പോസ്റ്റിങ് 2001ൽ കാൽവരി മൗണ്ടിലായിരുന്നു.പിന്നീട് വിവധ കോളജുകളിലും സ്പോർട്സ് ഹോസ്റ്റലുകളിലുമായി മികച്ച നേട്ടങ്ങളുമായി തിളങ്ങി. വി.കെ. വിസ്മയ, മുഹമ്മദ് അജ്മൽ, കെ.എസ്. പ്രണവ്, കെ. രംഗ, സിനി വർഗീസ്, സച്ചിൻ ബിനു, ഓംകാർ നാഥ്, അന്തരിച്ച ജോയൽ ജോസഫ് തുടങ്ങി ധാരാളം മികച്ച അത്ലറ്റുകളെ വാർത്തെടുത്ത പരിശീലകനാണ് പോൾ. ഇപ്പോൾ വിരമിക്കുന്നു എങ്കിലും പരിശീലകനായി തുടരണമെന്ന് കോതമംഗലം എംഎ കോളജ് അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പോൾ മെട്രൊ വാർത്തയോടു പറഞ്ഞു.

കഴിഞ്ഞ നാലു വർഷമായി പോൾ കോതമംഗലം സ്കൂളിൽ പരിശീലകനാണ്. ആലുവ സെന്റ് മേരീസ് സ്കൂളിൽ അധ്യാപികയായ വിൻസി മോളാണ് ഭാര്യ. ആൻമേരി പോൾ, ജോസഫ് പോൾ, ക്രിസ്റ്റി പോൾ എന്നിവർ മക്കളാണ്.

ബർബോസയുടെ കൊച്ചുമകളെ കണ്ട ദിനം

സി.കെ. രാജേഷ്കുമാർ

ബ്രസീലുകാരുടെ മനസിൽ ഇരുട്ടുബാധിച്ച ദിവസമായിരുന്നു 2014 ജൂൺ 8. സ്വന്തം മണ്ണിൽ വിരുന്നെത്തിയ ലോകകപ്പിൽ കിരീടം മോഹിച്ചിറങ്ങിയ ബ്രസീൽ ജർമനിയോട് 7-1ന്റെ ദയനീയ പരാജയമേറ്റുവാങ്ങിയ ദിവസം. ആ തോൽവിക്കു ശേഷം ഒരാളെ പരിചയപ്പെടാൻ സാധിച്ചു. മരക്കാനാസോ റിയോ ഡി ജനീറോയിലെ പ്രാന്തപ്രദേശത്ത് ഏകാകിയായി താമസിച്ചിരുന്ന ഒരുവളെ. ഒരുപക്ഷേ, പരാജയം സന്തോഷത്തോടെ വീക്ഷിച്ച ഏക ബ്രസീലുകാരി. തെരേസ ബോർവ. ഒറ്റക്കേൾവിയിൽ ആരാണെന്നു മനസിലാവില്ല. എന്നാൽ, മോയ്സിർ ബർബോസ നാസിമെന്റോ എന്ന ബർബോസയുടെ എന്ന പേര് പലർക്കും സുപരിചിതമാണ്. മാറക്കാനാസോ ദുരന്തത്തിന്റെ രക്തസാക്ഷി.

1950 ലോകകപ്പ് ഫൈനലിൽ ഉറുഗ്വെയുടെ മുന്നിൽ ബ്രസീലിന്റെ പതനത്തിന് ഏറെ പഴി കേൾക്കേണ്ടിവന്ന ഗോൾ കീപ്പർ. ബർബോസയുട കൊച്ചുമകളാണ് തെരേസ ബർബോസ. ഞാൻ തെരേസയുടെ വീട്ടിലെത്തുമ്പോൾ അവർ ഒരാശ്വാസത്തിലായിരുന്നു. മാറക്കാനാസോയുടെ പഴി 64 വർഷം കേൾക്കേണ്ടിവന്ന ഒരു കുടുംബത്തിന്റെ ഇപ്പോഴത്തെ പ്രതിനിധിയാണ് തെരേസ.

റിയോയിലെ ഒരു ചേരിയിൽ കഴിയുന്ന അവരുടെ അരികിൽ ചെല്ലുമ്പോൾ ചരിത്രം ബ്ലാക് ആൻഡ് വൈറ്റായി സംസാരിച്ചു. 1950ലെ ലോകകപ്പ് ഓർമകൾ ഇരമ്പി. ഫൈനലിനെക്കുറിച്ച് നടുക്കത്തോടെയേ അന്നും അവർക്കു സംസാരിക്കാനായിരുന്നുള്ളൂ. 1-1 എന്ന സമനിലയാലിയിരുന്നു അപ്പോൾ ബ്രസീലും ഉറുഗ്വെയും. മത്സരം നിശ്ചിത സമയത്ത് അവസാനിക്കാൻ 11 മിനിറ്റ് മാത്രം. പെട്ടെന്നാണ് അതു സംഭവിച്ചത്. 79-ാം മിനിറ്റിൽ ഉറുഗ്വെ നായകൻ വരേലയുടെ കാലിൽനിന്നു സ്വീകരിച്ച പാസുമായി മുന്നേറിയ ആൽഡസ് ഗിഗിയ ബർബോസയെ മറികടന്ന് പന്ത് വലയുടെ വലതുമൂലയിൽ അടിച്ചുകയറ്റി. നിസഹായനായിരുന്ന ബർബോസ നിരാശനായി ഗോൾ പോസ്റ്റിലിരുന്നു. ബ്രസീൽ നടുങ്ങി. കിരീടം നേടാൻ ഏറ്റവും സാധ്യത കൽപിച്ചിരുന്ന ബ്രസീൽ പരാജയപ്പെട്ടു.

പന്തിന്റെ ചൂടും ചൂരും ചലനവും നന്നായി മനസിലാക്കാൻ ബർബോസ ഗ്ലൗ ഉപയോഗിക്കാതെയായിരുന്നു ഗോൾവല കാത്തത്. ജീവിതത്തിലുടനീളം അദ്ദേഹം പോസ്റ്റിനു കാവൽനിന്നത് അങ്ങനെ തന്നെ. ബ്രസീലിയൻ ഫുട്ബോൾ ചരിത്രം തന്നോടു നീതി കാട്ടില്ല എന്നു മനസിലാക്കാൻ മാത്രം പക്വതയുള്ളയാളോ ദീർഘ വീക്ഷണമുള്ളയാളോ ആയിരുന്നില്ല പാവം ബർബോസ. മത്സരം കഴിഞ്ഞു. ബ്രസീൽ തോറ്റു. രണ്ടു ലക്ഷത്തോളം കാണികൾക്കു മുന്നിൽ തോറ്റിരുന്ന ബ്രസീൽ ഏറ്റവുമധികം കൊതിച്ച കിരീടമാണ് അവിടെ നഷ്ടപ്പെട്ടത്. അതുകൊണ്ടുതന്നെ ദുഃഖം അവരെ ക്ഷീണിപ്പിച്ചു. ആഴ്ചകളോളം അവർ വിഷണ്ണരായി നടന്നു,കണ്ണീരൊഴുക്കി.

അലങ്കാരികമായി പറയുന്നത്, റിയോ നദി ഒഴുകിയത് ബ്രസീലുകാരുടെ കണ്ണീർ നിറച്ചായിരുന്നു എന്നാണ്. ഒടുവിൽ പരാജയത്തിന്റെ കാരണക്കാരൻ ഗോൾ കീപ്പർ ബർബോസയാണെന്നവർ വിധിയെഴുതി. അവിടെത്തുടങ്ങുന്നു ബർബോസയുടെ കദനകഥ. പരാജയത്തിന്റെ പാപഭാരത്താൽ മനമുരുകുമ്പോൾ അതിന് ഇരട്ടി ആഘാതമേൽപ്പിച്ചുകൊണ്ടാണ് ആരാധകരുടെ അവമതിപ്പിനു ബർബോസ പാത്രമാവേണ്ടിവന്നത്. കാണുന്നിടത്തെല്ലാം കൂക്കുവിളി. ബർബോസയ്ക്ക് പുറത്തിറങ്ങി നടക്കാനാവാത്ത അവസ്ഥ. നീ ഞങ്ങളെ കൊന്നു, പട്ടിണിക്കിട്ടു. എന്നൊക്കെയുള്ള ശകാരം. ബ്രസീലിലെ ഒരു നാടോടിക്കഥപോലെയായി ബർബോസയുടെ ജീവിതം.

ആ പരാജയത്തെത്തുടർന്ന് അധികം ക്ലബ്ബുകൾക്കു വേണ്ടി കളിക്കാൻ സാധിച്ചില്ല. വാസ്കോ ഡ ഗാമ ക്ലബ്ബിനുവേണ്ടി കളിച്ചിരുന്ന ബർബോസ ചെല്ലുന്നിടത്തെല്ലാം പ്രശ്നങ്ങളായിരുന്നു. സംപൗളോയിലെ കാമ്പിനാസിലായിരുന്ന ബർബോസ സാന്റോസിലെ പാവോ ഗ്രാഞ്ചിയിലേക്കു മാറിത്താമസിച്ചു. അവിടെയും സ്വൈര്യമുണ്ടായില്ല. ഒടുവിൽ സഹികെട്ട് 1940ൽ തുടങ്ങിയ ഫുട്ബോൾ ജീവിതം 1960ൽ അവസാനിപ്പിച്ചു.

എന്നിട്ടും ജനങ്ങളും അധികൃതരും ബർബോസയെ വെറുതെവിട്ടില്ലെന്ന് തെരേസ പറഞ്ഞു. ഒരു പരാജയത്തിന്റെ പേരിൽ ദേശീയ വില്ലനായി മാറിയ ബർബോസ ഒടുവിൽ നിരാശരോഗിയായി മാറി. ആരോടും മിണ്ടാതെ, ഉരിയാടാതെ കഴിഞ്ഞു. ബർബോസയോടും കുടുംബത്തോടും അധികൃതർ കണിച്ച കൊള്ളരുതായ്മകളുടെ കഥകളും തെരേസ വെളിപ്പെടുത്തി.

ഒരിക്കൽ മാറക്കാന ദുരന്തത്തിന്റെ സ്മരണ പുതുക്കാൻ 1975ൽ ഒരു ചടങ്ങു സംഘടിപ്പിച്ചു. സംഘടിപ്പിച്ചത് ബ്രസീലിയൻ ഫുട്ബോൾ കോൺഫെഡറേഷനായിരുന്നു. 1950ൽ കളിച്ച ഒട്ടുമിക്കവരും ചടങ്ങിൽ പങ്കെടുത്തു. ബർഡബോസ വളരെ വൈകിയാണ് എത്തിയത്. അദ്ദേഹത്തോട് സഹതാരങ്ങളോ ഫുട്ബോൾ ഫെഡറേഷനിലെ അംഗങ്ങളോ ആരം മിണ്ടിയില്ല. ഒടുവിൽ ഭക്ഷണം പോലും കഴിക്കാതെ അവിടംവിട്ടു.

1993ൽ ബ്രസീലിന്റെ ഒരു മത്സരം നടക്കുമ്പോൾ കമന്റേറ്ററായി ടിവി ചാനലിലെത്തിയ തന്നെ അന്നത്തെ ബ്രസീലിയൻ ഫുട്ബോൾ കോൺഫെഡറേഷൻ പ്രസിഡന്റ് റിക്കാർഡോ ടക്സേരിയ ഇറക്കിവിട്ടു. അതുപോലെ പലപ്പോഴും ബ്രസീലിന്റെ പരിശീലനകേന്ദ്രങ്ങളിൽ എത്താറുള്ള ബർബോസയ്ക്ക് അവിടെയും നേരിടേണ്ടിവന്നത് കൈപ്പേറിയ അനുഭവമായിരുന്നു.

1975ൽ ഒരു ദിവസം ബ്രസീലിന്റെ പരിശീലനക്യാമ്പിലെത്തിയ ബർബോസയെ ടീം അധികൃതർ ഇറക്കി വിട്ടതായും തെരേസ വേദനയോടെ പറഞ്ഞു. ഒരിക്കൽ ബർബോസ പറയുകയുണ്ടായി. ബ്രസീലിലെ പരമാവധി ശിക്ഷ 30 വർഷത്തെ തടവാണ്. എന്നാൽ എന്റെ ശിക്ഷ അതിൽ എത്രയോ വർഷം കൂടുതലാണ്. വയ്യ. മടുത്തു. ഇനി മരിച്ചാൽ മതി. ബർബോസയുടെ ഈ വാക്കുകൾ ചൂണ്ടിക്കാണിക്കുമ്പോൾ അക്ഷരാർഥത്തിൽ തെരേസ വിതുമ്പുകയായിരുന്നു. 2002 ഏപ്രിൽ ഏഴിന് ഹൃദയാഘാതത്തെത്തുടർന്ന് 79-ാം വയസിൽ ബർബോസയുടെ ജീവനറ്റു.

ഒരു ജീവിതംമുഴുവൻ പാപഭാരം പേറി ഒടുവിൽ മാറക്കാനയുടെ രക്തസാക്ഷിയായി ബർബോസ മരിച്ചു. മാറക്കാനയുടെ മനസ് മറ്റൊരു ലോകകപ്പ് ഫൈനലിനു തയാറെടുക്കുമ്പോൾ ഏറ്റവുമധികം സ്മരിക്കപ്പെടുന്നത് ബർബോസയാകും. ഒരു പക്ഷേ, കാലത്തിന്റെ അനിവാര്യതയെന്നോണം മാറക്കാനാസോ ബ്രസീലുകാർ മറന്നേക്കും. പുതിയ നൂറ്റാണ്ടിൽ അതിലേറെ മുറിവുണ്ടാക്കുന്ന മറ്റൊരു പരാജയം മിനെയ്റാസോ കൂടി അക്കൂട്ടത്തിലേക്കു വന്നിരിക്കുന്നു. ഇനി അതാവും ബ്രസീലുകാരുടെ ദുരന്തസ്മരണ. ജർമനിയോട് ബ്രസീൽ പരാജയപ്പെട്ട ദിനത്തിൽ അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി ലഭിക്കുമെന്നാണ് തെരേസ പറഞ്ഞത്. കാരണം മാരക്കാനയേക്കാൾ വലിയ ഒരു ദുരന്തമായിരുന്നു ജർമനിയോട് ബ്രസീലിനു നേരിടേണ്ടിവന്നത്. ഈ പരാജയം ഞാൻ പ്രതീക്ഷിച്ചിരുന്നു.

ഇപ്പോൾ അദ്ദേഹം സ്വർഗത്തിലിരുന്നു സന്തോഷിക്കുന്നുണ്ടാകും ഞാനും സന്തോഷിക്കുന്നു. ബ്രസീൽ ജർമനിയോടു തോറ്റദിവസം ഞാൻ വളരെയധികം ചോക്ലേറ്റ് കഴിച്ചു, വളരെ രുചിയോടെ. അതെന്റെ മുത്തച്ഛനെ ഓർത്താണ്. കാരണം അദ്ദേഹം ഇപ്പോൾ ആ പാപഭാരം ഇറക്കിവയ്ക്കും. ബ്രസീൽ പരാജയത്തിൽ ഞാൻ സന്തോഷിക്കുകയില്ല. എന്നാൽ, ആ നീതികേടിന് ദൈവം കൊടുത്ത ശിക്ഷയാണിത്.ഇനിയെങ്കിലും ബർബോസയുടെ ആത്മാവു സന്തോഷിക്കട്ടെ- തെരേസ പറഞ്ഞുനിർത്തി. ബ്രസീൽ ജർമനിയോട് പരാജയപ്പെട്ട ദിവസം ബർബോസയുടെ വലിയ ചിത്രത്തിനു മുന്നിൽ തെരേസ മെഴുകുതിരി കത്തിച്ചു പ്രാർഥിച്ചു. വലിയ ഒരു പൂച്ചെണ്ടും സമർപ്പിച്ചു, വർഷങ്ങൾക്കു ശേഷം.

ബർബോസ തന്റെ മുത്തച്ഛന്റെ ഫോട്ടോയ്ക്കു മുന്നിൽ പുഷ്പാഞ്ജലി അർപ്പിക്കാനെത്തുന്നു.

രോഹിത് വക 80 ലക്ഷം

മുംബൈ: കൊറോണ വൈറസ് വ്യാപനം തടയാനുള്ള പോരാട്ടത്തിന് സംഭാവനയുമായി ഇന്ത്യൻ ക്രിക്കറ്റ് താരം രോഹിത് ശർമയും. വിവിധ ഫണ്ടുകളിലേക്കായി ആകെ 80 ലക്ഷം രൂപയാണ് രോഹിത് സംഭാവന ചെയ്തത്. ഇതിൽ 45 ലക്ഷം രൂപ പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്കും 25 ലക്ഷം രൂപ മഹാരാഷ്ട്ര സർക്കാരിന്റെ ദുരിതാശ്വാസ നിധിയിലേക്കും നൽകും. രാജ്യമൊട്ടുക്ക് ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ പട്ടിണിയിലായ ആളുകളെ സഹായിക്കാനായി ആരംഭിച്ച 'സൊമാറ്റോ ഫീഡിങ് ഇന്ത്യ' ക്യാംപെയിന് അഞ്ച് ലക്ഷം രൂപ നൽകും. ശേഷിക്കുന്ന അഞ്ച് ലക്ഷം രൂപ ഹോട്ടലുകൾ ഉൾപ്പെടെ അടച്ചിട്ടതോടെ പട്ടിണിയിലായ തെരുവുനായ്ക്കളുടെ ക്ഷേമത്തിനായാണ്. 'നമ്മുടെ രാജ്യം പഴയപടി ആകേണ്ടത് നമ്മുടെ ആവശ്യമാണ്.

അതിനുള്ള ഉത്തരവാദിത്തവും നമുക്കാണ്. പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്ക് 45 ലക്ഷവും മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 25 ലക്ഷവും ഫീഡിങ് ഇന്ത്യ ക്യാംപെയിന് അഞ്ച് ലക്ഷവും തെരുവുനായ്ക്കളുടെ ക്ഷേമത്തിന് അഞ്ച് ലക്ഷവും നൽകി ഞാൻ എന്റെ എളിയ ദൗത്യം നിർവഹിച്ചു. നമ്മുടെ നേതാക്കൾക്കു പിന്നിൽ ഒന്നായി അണിനിരന്ന് അവരെ പിന്തുണയ്ക്കാം' പ്രധാനമന്ത്രി നരേന്ദ്രമോദി, മഹാരാഷ്ട്ര മുഖ്യമന്ത്രി ഉദ്ധവ് താക്കറെ എന്നിവരെ ടാഗ് ചെയ്ത് രോഹിത് കുറിച്ചു.ഇന്ത്യൻ ക്രിക്കറ്റ് ടീം നായകൻ വിരാട് കോഹ്#ലിയും ഭാര്യയും ബോളിവുഡ് താരവുമായ അനുഷ്ക ശർമയും സാമ്പത്തിക സഹായം പ്രഖ്യാപിച്ചിരുന്നു.

അതേസമയം, തുക വെളിപ്പെടുത്തിയില്ലെങ്കിലും ഇരുവരും ചേർന്ന് മൂന്നു കോടിയോളം രൂപ നൽകിയതായാണ് റിപ്പോർട്ട്. സൂപ്പർതാരം സച്ചിൻ ടെൻഡുൽക്കർ (50 ലക്ഷം), സുരേഷ് റെയ്ന (52 ലക്ഷം), അജിൻക്യ രഹാനെ (10 ലക്ഷം) തുടങ്ങിയവരാണ് സംഭാവന പ്രഖ്യാപിച്ച് രംഗത്തെത്തിയ ക്രിക്കറ്റ് താരങ്ങൾ.

എം.എസ്. ധോണി ഒരു ലക്ഷം രൂപ ഒരു എൻജിഒ വഴിയും നൽകി.ബിസിസിഐ പ്രസിഡന്റ് സൗരവ് ഗാംഗുലി 50 ലക്ഷം രൂപയുടെ അരിയും ഇർഫാൻ പഠാൻ യൂസഫ് പഠാൻ സഹോദരൻമാർ 4000 മാസ്കുകളും സംഭാവന ചെയ്തു. ഇവർക്കു പുറമെ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് (ബിസിസിഐ) വിവിധ സംസ്ഥാന അസോസിയേഷനുകളുടെ സഹകരണത്തോടെ 51 കോടി രൂപയും പ്രധാനമന്ത്രിയുടെ കെയേഴ്സ് ഫണ്ടിലേക്ക് നൽകിയിരുന്നു.

SENSEX:29,468.49 (+1028.17)
NIFTY:8,597.75 (+316.65)

വിനിമയ നിരക്ക്

ഡോളർ	75.73
യൂറോ	82.85
പൗണ്ട്	93.45
സ്വിസ്ഫ്രാങ്ക്	78.10
സിംഗപ്പൂർ ഡോളർ	53.08
ഓസ്ട്രേലിയൻ	45.98
കനേഡിയൻ	53.05
ബഹറിൻ ദിനാർ	200.22
കുവൈറ്റ് ദിനാർ	239.55
ഒമാനി റിയാൽ	195.55
സൗദി റിയാൽ	20.08
യു എ ഇ ദിർഹം	20.54
ഖത്തർ	20.49

കുതിച്ചുയർന്ന് വിപണി

മുംബൈ: കഴിഞ്ഞ ദിവസത്തെ നഷ്ടത്തിൽ പാതിയോളം തിരിച്ചുപിടിച്ച് ഓഹരി വിപണി. സെൻസെക്സ് 1028.17 പോയിന്റ് നേട്ടത്തിൽ (3.62%) 29468.49ലും നിഫ്റ്റി 316.65 പോയിന്റ് ഉയർന്ന് (3.82%)8597.75ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

ബിഎസ്ഇയിലെ ഐടിസി, റിലയൻസ് ഇൻഡസ്ട്രീസ്, ഒഎൻജിസി, ടാറ്റ സ്റ്റീൽ, ടെക് മഹീന്ദ്ര, സൺ ഫാർമ എന്നീ കമ്പനികൾ 7.84 ശതമാനത്തോടെ നേട്ടത്തിലാണ്.

ആഗോള വ്യാപകമായി കൊവിഡ് ബാധമൂലം ആശങ്കയിലായ സാഹചര്യത്തിൽ ചൈനയിൽ നിന്ന് ആശ്വാസകരമായ വാർത്ത പുറത്തുവന്നതാണ് വിപണിക്ക് തുണയായത്. ഫെബ്രുവരിയിൽ 35.7എന്ന റെക്കോഡ് താഴ്ചയിലെത്തിയ ചൈനയിലെ പിഎംഐ മാർച്ചിൽ 52.0ലേയ്ക്ക് കുതിച്ചതാണ് വിപണിയിൽ പ്രതിഫലിച്ചത്.

വളർച്ചാ നിരക്കിൽ വൻ ഇടിവെന്ന് എസ് ആൻഡ് പി

ന്യൂഡൽഹി: ഇന്ത്യയുടെ വളർച്ച നിരക്ക് കുറച്ച് ന്യൂയോർക്ക് ആസ്ഥാനമായ എസ് ആൻഡ് പി ഗ്ലോബൽ റേറ്റിങ്. അവരുടെ വിലയിരുത്തലിൽ നിലവിലെ സാഹചര്യത്തിൽ 3.5 ശതമാനമായി വളർച്ചാ നിരക്ക് കുറയും. പലിശനിരക്കും സർക്കാർ ഉത്തേജക നടപടികളും കുറച്ച് ആശ്വാസം നൽകുന്നുണ്ടെങ്കിലും, ഡിമാൻഡ് കുറയുന്നത് ഗുണകരമാവില്ലെന്ന് റിപ്പോർട്ട് പറയുന്നു.

ലോക്ക്ഡൗൺ പ്രഖ്യാപിക്കുന്നതിനുമുമ്പ് രണ്ടാഴ്ച മുമ്പ് ഇന്ത്യയുടെ അടുത്ത സാമ്പത്തിക വർഷത്തെ വളർച്ചാ നിരക്ക് കുറയുമെന്ന് ഇവർ വിലയിരുത്തിയിരുന്നു. അന്ന് 5.7 ശതമാനത്തിൽ നിന്ന് 5.2 ശതമാനമായി കുറച്ചിരുന്നു. അതാണ് ഇപ്പോൾ വീണ്ടും കുറച്ചിരിക്കുന്നത്. 'പ്രധാന കാരണം കൊവിഡ്-19ന്റെ വ്യാപനവും അതിന്റെ ഫലമായി ഏപ്രിൽ 14 വരെ രാജ്യവ്യാപകമായി ലോക്ക്ഡൗൺ ഏർപ്പെടുത്തിയതും മിക്ക സാമ്പത്തിക, വാണിജ്യ പ്രവർത്തനങ്ങളെയും തകർത്തു എന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

വിശ്വാസം, അതല്ലേ കല്യാൺ

പി.ബി. ബാലു

സംരംഭക മികവ് രാജ്യാന്തരതലത്തോളം വളർത്തിയവരിൽ മുൻനിരയിൽ തന്നെയാണ് കല്യാൺ സ്വാമിമാരുടെ സ്ഥാനം. പട്ടായാലും പൊന്നായാലും ഏതായാലും 'കല്യാൺ സ്വാമി'മാരുടെ തലപ്പൊക്കം ഒന്നുവേറെയാണ്. വിശ്വാസം അതല്ലേ എല്ലാം എന്ന് പറയാൻ പഠിപ്പിച്ച ബ്രാൻഡ് അതാണ് മലയാളിക്ക് കല്യാൺ. ആത്മവിശ്വാസത്തിൽ പണിതെടുത്ത പൊന്ന് അതാണ് ടി.എസ്. കല്യാണരാമൻ. രാജ്യത്തിന്റെ അതിരുകൾ കടന്ന് മലയാളിയുടെ ബിസിനസ് സാമ്രാജ്യം ലോകത്ത് എത്തിച്ച ബിസിനസ് മാന്ത്രികനാണ് കല്യാൺ ജ്വല്ലേഴ്സിന്റെ സാരഥിയായ ടി.എസ്. കല്യാണരാമൻ.

കഥ തുടങ്ങുന്നത് 122 വർഷം മുൻപ്

122 വർഷത്തെ പാരമ്പര്യമുണ്ട് കല്യാൺ ഗ്രൂപ്പിന്റെ കച്ചവട ശൃംഖലയ്ക്ക്. ഒരു ചെറിയ തുണിക്കടയിൽ തുടങ്ങിയ ആ കച്ചവടം ഇന്ന് ലോകമെങ്ങും ഷോറൂമുകളുള്ള കല്യാൺ ജ്വല്ലേഴ്സ് എന്ന വൻകിട ബിസിനസ് ഗ്രൂപ്പായി പരിണമിച്ചിരിക്കുന്നു. മുത്തച്ഛൻ ആരംഭിച്ച ചെറിയൊരു തുണിക്കടയിലായിരുന്നു തുടക്കം. അച്ഛന്റെ വിദ്യാഭ്യാസത്തിനു ശേഷം ആ കട അച്ഛനാണ് നടത്തിയത്. 12ാമത്തെ വയസു മുതൽ ഇന്നത്തെ ടീം ക്യാപ്റ്റൻ കല്യാണരാമൻ കടയിൽ പോയിത്തുടങ്ങി. അന്നൊക്കെ അച്ഛൻ കടയിൽ ചെന്നാൽ മസാലദോശ വാങ്ങിത്തരാം എന്നു പറയും. മസാലദോശ കിട്ടും എന്ന ഒറ്റ കാരണത്താലാണ് അന്ന് കടയിൽ പോകുന്നത്. അങ്ങനെ പോയിപ്പോയി കടയോടും കസ്റ്റമേഴ്സിനോടും വലിയ ഇഷ്ടമായി. വൈകുന്നേരമാകുമ്പോൾ അച്ഛൻ ഞങ്ങളെ ക്രിക്കറ്റ് കളിക്കാൻ വിടും. അങ്ങനെ 1972ൽ എന്റെ കോളെജ് വിദ്യാഭ്യാസത്തിനുശേഷം മുനിസിപ്പൽ ഓഫിസ് റോഡിൽ കല്യാൺ ടെക്സ്റ്റൈൽസ് എന്നൊരു കട തുടങ്ങി. അതിന്റെ മുഴുവൻ മേൽനോട്ടവും എനിക്കായിരുന്നു. ചെറുപ്പത്തിലേ കടയിൽ പോയുള്ള പരിചയം ഉള്ളതുകൊണ്ട് എന്നിൽ ഒരു വിശ്വാസം ഉണ്ടായിരുന്നു. എന്നാലും വൈകുന്നേരം ആകുമ്പോൾ അച്ഛൻ അന്നത്തെ കണക്കും സെയിലും ഒക്കെ നോക്കാനായി വരും. അങ്ങനെ 1972 മുതൽ 1993 വരെ ഞാൻ ആ കടയിൽ ആയിരുന്നു.

1993 ഒക്കെ ആയപ്പോഴേക്കും വൈവിധ്യമുള്ള മറ്റെന്തെങ്കിലും കാര്യം ചെയ്യണമെന്നു തോന്നി അങ്ങനെയാണ് സ്വർണക്കട എന്ന ആശയം വരുന്നത്. അതിനുള്ള പ്രചോദനം കിട്ടിയതും റഗുലർ കസ്റ്റമേഴ്സിൽനിന്നു തന്നെയാണ്.

ജ്വല്ലേഴ്സിന്റെ പിറവി

കട തുടങ്ങുന്നതിനു മുൻപ് കേരളത്തിലും തമിഴ്നാട്ടിലും ഉള്ള സ്വർണക്കടകൾ സന്ദർശിച്ചു. അന്ന് എല്ലായിടത്തും ചെറിയൊരു കടമുറി മാത്രമേ ഉണ്ടായിരുന്നുള്ളൂ. പാർക്കിങ് സൗകര്യങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. കസ്റ്റമേഴ്സ് വരുമ്പോൾ അവർക്ക് എല്ലാ സൗകര്യങ്ങളും കൊടുക്കണം എന്ന് നേരത്തെ തന്നെ തീരുമാനിച്ചു. അങ്ങനെ പാറമേക്കാവ് അമ്പലത്തിനടുത്ത് ഒരു കട കണ്ടെത്തി. പാർക്കിങ് സൗകര്യമുള്ള, എയർ കണ്ടീഷനൊക്കെ ചെയ്ത കെട്ടിടം. കസ്റ്റമേഴ്സ് സന്തോഷത്തോടെ പർച്ചേസ് ചെയ്തു പോകണം എന്നതായിരുന്നു ആഗ്രഹിച്ചിരുന്നത്. അന്നത്തെ ഇൻവെസ്റ്റ്മെന്റ് 50 ലക്ഷം രൂപയായിരുന്നു. 25 ലക്ഷം സ്വന്തമായും ബാക്കി 25 ലക്ഷം ലോണെടുത്തുമാണ് കട തുടങ്ങിയത്. 1993 ഏപ്രിൽ 8ാം തീയതി ആണ് കട തുടങ്ങിയത്. നടൻ മുരളിയും നടി ഗീതയുമാണ് അന്ന് ആ കട ഉദ്ഘാടനം ചെയ്തത്. ടി.എസ്. കല്യാണരാമൻ എന്ന ക്യാപ്റ്റന്റെ നേതൃത്വത്തിലാണ് വെറും 27 കൊല്ലം കൊണ്ട് ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ജ്വല്ലറി ഗ്രൂപ്പായി കല്യാൺ മാറിയത്.

ഡയമണ്ട് വ്യാപാരം തുടങ്ങിയത്

അന്ന് ഡയമണ്ട് കേരളത്തിൽ ഒരു കടയിലും ഉണ്ടായിരുന്നില്ല. തമിഴ്നാട്ടിലൊക്കെയേ ഉണ്ടായിരുന്നുള്ളൂ. കല്യാൺ ഡയമണ്ടിനും ലക്കി സ്റ്റോൺസിനും വേണ്ടി പ്രത്യേക സെക്ഷൻ ഒരുക്കി. ഒരു ജ്യോത്സ്യനെ ഇരുത്തി കസ്റ്റമേഴ്സിന് ഓരോ നാളിനും ചേരുന്ന സ്റ്റോൺസ് തെരഞ്ഞെടുക്കാനുള്ള സമ്പ്രദായം കൊണ്ടുവന്നു.

സ്വർണത്തിന്റെ ക്വാളിറ്റി കണ്ടുപിടിക്കാൻ ആ കാലഘട്ടത്തിൽ ഒരു സംവിധാനം ഉണ്ടായിരുന്നില്ല. അങ്ങനെയാണ് BIS 916 എന്ന മുദ്ര വച്ച് സ്വർണം വിൽക്കാൻ ആരംഭിച്ചത്. മറ്റു കടക്കാരും അത് പിന്തുടർന്നു. പിന്നീടാണ് എംആർപി പ്രൈസ് എന്തുകൊണ്ട് സ്വർണത്തിനു കൊടുത്തുകൂട എന്നു ചിന്തിച്ചത്. അങ്ങനെ അതും നടപ്പിലാക്കി. ഇന്നും അത് തുടരുന്നു.

ആദ്യഷോറൂം തുറന്ന് ഏഴുവർഷം കഴിഞ്ഞ് 2000-ത്തിലാണ് കല്യാണിന്റെ രണ്ടാമത്തെ ഷോറൂം പാലക്കാട്ട് തുറന്നത്. കല്യാണരാമന്റെ മക്കളായ രാജേഷ് കല്യാണരാമനും രമേഷ് കല്യാണരാമനും അച്ഛന്റെ ഇടത്തും വലത്തും നിന്ന് സ്ഥാപനത്തെ നയിച്ചു. സ്വർണവ്യാപാരത്തിന്റെ എല്ലാ തലങ്ങളിലൂടെയും താൻ വന്നപോലെയാണ് മക്കളെയും ആ അച്ഛൻ കൊണ്ടുവന്നത്. രണ്ടു മക്കൾക്കും ഓരോ ഷോറൂം. ഇത്രയേ അച്ഛൻ ആദ്യം ചിന്തിച്ചുള്ളൂ. എന്നാൽ, പാലക്കാടിനുശേഷം കോയമ്പത്തൂരിലെ സ്വർണവിപണി കല്യാണിനെ മാടിവിളിച്ചു. ഒപ്പം കേരളത്തിലെ മറ്റു ജില്ലകളിലെ വിപണിസാധ്യതകളും മുന്നിൽ തെളിഞ്ഞ പാതകളായി മാറി. 2003ൽ തമിഴ്നാട്ടിലെ ആദ്യഷോറൂം കോയമ്പത്തൂരിൽ തുറന്നു. 2008ൽ ബംഗളൂരുവിലും ഹൈദരാബാദിലും. പിന്നീട് വിസ്മയവേഗത്തിലാണ് കല്യാൺ വിദേശത്തേക്കടക്കം പടർന്നത്. രാജേഷ് കല്യാണരാമൻ ഫിനാൻസ്, പർച്ചേസ് വിഭാഗങ്ങൾക്ക് നേതൃത്വം നൽകുമ്പോൾ രമേഷ് കല്യാണരാമൻ മാർക്കറ്റിങ്, സെയിൽസ്, എച്ച് ആർ വിഭാഗങ്ങളുടെ ചുക്കാൻ പിടിക്കുന്നു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും തലയെടുപ്പോടെ കല്യാൺ വളർന്നപ്പോഴും കല്യാണരാമൻ അഭിമാനം കൊള്ളുന്നത് സ്ഥാപനത്തിലെ ടീം വർക്കിലും ഉപഭോക്താക്കളുടെ തൃപ്തിയിലുമാണ്.

1993ൽ ഒരു ലക്ഷം ഡോളർ മൂലധനവുമായി തൃശൂരിൽ ആദ്യ ജ്വല്ലറി തുറന്ന കല്യാൺ ജ്വല്ലേഴ്സിന്റെ തുടക്കം മുതലുള്ളവർ ഇന്നും കൂടെയുണ്ട്. 1993 ഏപ്രിലിൽ തൃശൂർ റൗണ്ടിലെ 20 ജീവനക്കാരുള്ള ഒരു കടയിൽ നിന്ന് ഇന്ന് പ്രത്യക്ഷമായും പരോക്ഷമായും പതിനായിരക്കണക്കിനാളുകൾക്ക് ജോലി നൽകുന്ന പ്രസ്ഥാനമായി കല്യാൺ വളർന്നുകൊണ്ടേയിരിക്കുന്നു. 'പ്രസ്ഥാനത്തിന്റെ സാരഥ്യത്തിൽ മികച്ച പ്രൊഫഷണലുകളുണ്ട്. പിന്നെ വർഷങ്ങളായി ഞങ്ങൾക്കൊപ്പമുള്ള ആത്മാർത്ഥതയുള്ള ജീവനക്കാരുണ്ട്. മികവുറ്റ ഐറ്റി ഇൻഫ്രാസ്ട്രക്ചറും ഒരുക്കിയിട്ടുണ്ട്. ഇവയെല്ലാമാണ് കല്യാണിന്റെ റീട്ടെയ്ല് സക്സസ് സാധ്യമാക്കിയത്. സൂക്ഷ്മമായ നിരീക്ഷണമാണ് മറ്റൊന്ന്. കല്യാണിലേക്ക് ഒരു കസ്റ്റമറെ ആകർഷിച്ചതെന്താണ് അവരെ വീണ്ടും കൊണ്ടുവരുന്നതെന്താണ് എന്നൊക്കെ കൃത്യമായി മനസിലാക്കും. തിരുത്തൽ വേണ്ടിടത്ത് അത് വരുത്തിയിരിക്കും' കല്യാൺ സാരഥികൾ പറയുന്നു.

വിജയം എത്തിപിടിക്കാൻ ഒട്ടനവധി കടമ്പകൾ താണ്ടണം. അത്രത്തോളം സഹനങ്ങൾ സഹിച്ചാൽ മാത്രമെ ജീവിതത്തിലും ബിസിനസിലും വിജയം കൈവരിക്കാൻ സാധിക്കൂ. ലാളിത്യത്തിന്റെയും മൂല്യങ്ങളുടെയും പ്രതീകമാണ് കല്യാൺ ജ്വല്ലേഴ്സ്. വിശ്വാസത്തിൽ പൊതിഞ്ഞ ആഭരണങ്ങൾ നൽകുമ്പോൾ അത് വിശ്വാസത്തോടെ വാങ്ങാനും കഴിയുമെന്ന് കല്യാൺ തെളിയിച്ചു.

കടയുടമയുടെ കണ്ണു തെറ്റിയാൽ കച്ചവടം പാളുമെന്ന് തുടങ്ങിയ ചിന്താഗതിയെ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെയും പ്രൊഫഷണലിസത്തിന്റെയും പിൻബലത്തിൽ കല്യാണരാമൻ തകർത്തെറിയുകയായിരുന്നു. ബിസിനസ് വിപുലീകരണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ഡിജിറ്റൽ സാങ്കേതിക വിദ്യ കല്യാൺ സജ്ജമാക്കിയിരുന്നു. ബ്രാൻഡിങ്, മാർക്കറ്റിങ് രംഗത്തും കല്യാൺ എന്നും വേറിട്ട് നിന്നിരുന്നു. കല്യാണിന്റെ പരസ്യ ക്യാംപെയിനുകൾ രാജ്യാന്തര തലത്തിൽ തന്നെ ചർച്ച വിഷയമായിട്ടുണ്ട്. ഇന്ത്യയിലെ മുൻനിര താരങ്ങളെ അണി നിരത്തിയാണ് കല്യാൺ പരസ്യം ഒരുക്കിയിട്ടുള്ളത്.

ബിസിനസ് Cafe

ആദ്യം നല്ലൊരു സെയിൽസ്മാനാകൂ പിന്നീട് മതി ബിസിനസുകാരനാകുന്നതെന്ന അഭിപ്രായമാണ് ടി.എസ്. കല്യാണരാമനുള്ളത്. വിശ്വാസം അത് ഊട്ടി ഉറപ്പിക്കുവാൻ പ്രയാസമാണ്. അത് ഉറപ്പിച്ചു കഴിഞ്ഞാൽ ഇളക്കി മാറ്റാനും സാധിക്കില്ല. അതു തന്നെയാണ് കല്യാൺ ജ്വല്ലേഴ്സിന്റെ വിജയവും. പാരമ്പര്യത്തിന്റെയും വിശ്വാസത്തിന്റെയും പാത പിന്തുടർന്ന് വിജയ ലാഭം ലക്ഷ്യം മുന്നിൽ കാണാതെ ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ കൂടി തന്റെ ബിസിനസ് രംഗം വളർത്തി കൊണ്ട് വന്ന് അതിൽ വിജയം കൈവരിച്ച കല്യാണരാമൻ വിശ്വാസത്തിന്റെ മാറ്റി നിറുത്തപ്പെടാത്ത ഒരു പ്രതീകമാണ്.

ടി.എസ്. കല്യാണരാമൻ

പുതിയ വർഷം, പുതിയ രീതികൾ

കൊച്ചി: ആശങ്കകൾക്കിടയിൽ ഇന്ന് പുതിയ സാമ്പത്തിക വർഷം. ലോകമൊട്ടാകെ കൊവിഡ് ആക്രമത്തിൽ സാമ്പത്തികമായി തകർന്നടിയുമ്പോഴാണ് പുതിയ വർഷം എത്തുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കൈത്താങ്ങിൽ തിരികെ ട്രാക്കിലെത്താനുള്ള വഴികളാണ് ഈ വർഷം വ്യാപാര വ്യവസായ ലോകം പ്രതീക്ഷിക്കുന്നത്.

ജിഎസ്ടി പരിഷ്കരണത്തിനുശേഷം വിപുലമായ മാറ്റമാണ് പുതിയ സാമ്പത്തിക വർഷത്തിൽ വരുന്നത്. കൊവിഡ് മൂലം ഇന്ന് സമർപ്പിക്കേണ്ട പല റിട്ടേണുകളും ഫോമുകളും സമർപ്പിക്കാൻ ജൂൺ 30 വരെ സാവകാശമനുവദിച്ചിട്ടുണ്ട്. എങ്കിലും കേന്ദ്രബജറ്റിലെ പ്രധാന നിർദേശങ്ങളും ജിഎസ്ടിയിലും കസ്റ്റംസ് ഡ്യൂട്ടിയിലും വരുത്തിയ മാറ്റങ്ങളും ഇന്നുമുതൽ നടപ്പിലായിത്തുടങ്ങും. പ്രധാന മാറ്റങ്ങൾ ചുവടെ:

ആദായനികുതി

ആദായനികുതിക്കു രണ്ടു മാർഗം. ഒന്നു നിലവിലുള്ളത്. വിവിധ ഇളവുകളും കിഴിവുകളും റിബേറ്റും തുടരും. ഈ രീതി വേണ്ടവർക്ക് തുടരാം. അല്ലാത്തവർക്ക് യാതൊരു കിഴിവും ഇല്ലാത്ത പുതിയ രീതി. പുതിയ രീതി സ്വീകരിച്ചാൽ എഴുപതോളം ഇനം കിഴിവുകൾ ഇല്ലാതാകും. അവയിൽ ചിലത്: 80 സി നിക്ഷേപം, വീട്ടു വാടക അലവൻസ്, ഭവനവായ്പയുടെ പലിശ, ഭവന വായ്പയുടെ മുതൽ തിരിച്ചടവ്, ലീവ് ട്രാവൽ അലവൻസ്, മെഡിക്കൽ ഇൻഷ്വറൻസ് പ്രീമിയം, സ്റ്റാൻഡാർഡ് ഡിഡക്ഷൻ, സേവിങ്സ് ബാങ്ക് പലിശ.

കേന്ദ്രബജറ്റിലെ പ്രധാന നിർദേശങ്ങളും ജിഎസ്ടിയിലും കസ്റ്റംസ് ഡ്യൂട്ടിയിലും വരുത്തിയ മാറ്റങ്ങളും ഇന്നു മുതൽ നടപ്പിലായിത്തുടങ്ങും.

ചെലവുകുറഞ്ഞ ഭവനപദ്ധതിയിൽ 1.5 ലക്ഷം രൂപകൂടി പലിശയിനത്തിൽ കിഴിക്കാം. നിലവിലെ കിഴിവുകൾക്കു പുറമെയാണിത്. ജിഎസ്ടി 12ൽ നിന്ന് 18 ശതമാനമാക്കിയതിനാൽ മൊബൈൽ ഫോണിനു വില കൂടും. കൈകൊണ്ടു നിർമിക്കുന്ന തീപ്പെട്ടിക്കു നികുതി അഞ്ചിൽ നിന്നു 12 ശതമാനമാക്കിയത് ഇന്നു നടപ്പിലാകും.

കേരള നികുതികൾ

കേരള ബജറ്റിൽ പ്രഖ്യാപിച്ച നികുതി മാറ്റങ്ങളും ഇന്ന് പ്രാബല്യത്തിൽ വരും. സ്വകാര്യ ത്രീവിലറുകൾക്കും കൺസ്ട്രക്ഷൻ വാഹനങ്ങൾക്കും രണ്ടുശതമാനം നികുതി കൂട്ടി. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾക്കു ത്രൈമാസ നികുതിയിൽ വർധന. ട്രാൻസ്പോർട്ട് വാഹനങ്ങളിലെ പരസ്യത്തിനുള്ള നികുതി.

ഭൂമിയുടെ ന്യായവില

ഭൂമിയുടെ ന്യായവില വീണ്ടും 10 ശതമാനം വർധിപ്പിച്ചത് നിലവിൽ വരും. വൻകിട പ്രൊജക്റ്റുകൾക്കു സമീപം വിജ്ഞാപനം ചെയ്ത ഭൂമിക്ക് ഇതിൽനിന്നു 30 ശതമാനം കൂടിയ വില നിശ്ചയിക്കും. കെട്ടിടങ്ങളുടെ ആഡംബരനികുതി വർധന നിലവിൽ വരും. 5000 രൂപ, 7500 രൂപ, 10000 രൂപ, 12500 രൂപ എന്നിങ്ങനെയാണ് പുതിയ നിരക്ക്.

പോക്കുവരവ് ഫീസിലെ വർധന നിലവിലാകും. ആധാരത്തിലെ ഓരോ പട്ടികയും പ്രത്യേക യൂണിറ്റായി കണക്കാക്കി ഫീസ് ഈടാക്കും. വില്ലേജ് ഓഫീസിൽനിന്നു നൽകുന്ന ലൊക്കേഷൻ മാപ്പിന് 200 രൂപ ഫീസ് ഇന്ന് നിലവിൽ വരും. തണ്ടപ്പേർ പകർപ്പിന് 100 രൂപയാകും. അതുപോലെ ഭൂമി സ്വഭാവ വ്യതിയാനം വരുത്താൻ വർധിപ്പിച്ച ഫീസും ഇന്ന് നിലവിൽവരും.

വൻ കമ്പനികളും കടബാധ്യതയിലേക്ക്

മുംബൈ: കൊവിഡ്-19 ലോക്ക്ഡൗൺ മൂലം ഇന്ത്യയിലെ വൻ കോർപ്പറേറ്റുകളും കടബാധ്യതയുടെ കുരുക്കിലേക്ക് നീങ്ങുന്നു. വലിയ കമ്പനികൾ എടുത്തിട്ടുള്ള 15 ട്രില്യൺ രൂപ വായ്പയുടെ പകുതിയിലധികം അപകടമേഖലയിലാകാനുള്ള സാധ്യത ചൂണ്ടിക്കാട്ടുന്ന റിപ്പോർട്ട് പുറത്തുവന്നു.

റിപ്പോർട്ടിലെ വിശകലന പ്രകാരം ഇന്ത്യൻ ഓഹരി വിപണിയിൽ ലിസ്റ്റ് ചെയ്തിട്ടുള്ള 201 സാമ്പത്തികേതര വിഭാഗ കമ്പനികളുടെ ധനസ്ഥിതിയിൽ കനത്ത ഇടിവാണ്. 2020-21ന്റെ ആദ്യ പകുതിയിൽ വരാൻ പോകുന്നത്. മൊറട്ടോറിയത്തിന്റെ കാലാവധി കഴിഞ്ഞാലും വായ്പാ തിരിച്ചടവ് ഇതു മൂലം മുടങ്ങിയേക്കും. എൻടിപിസി, പവർഗ്രിഡ്, ടാറ്റ സ്റ്റീൽ, അദാനി പവർ, ജെഎസ്ഡബ്ല്യു സ്റ്റീൽ, യുപിഎൽ, സ്റ്റീൽ അതോറിറ്റി ഒഫ് ഇന്ത്യ എന്നിവയുമുണ്ട് വരുന്ന പാദങ്ങളിൽ ഇപ്രകാരം സാമ്പത്തിക പ്രതിസന്ധി നേരിടാൻ സാധ്യതയുള്ള വമ്പന്മാരുടെ പട്ടികയിൽ.

2019 സെപ്റ്റംബർ 30 അവസാനത്തെ കണക്കനുസരിച്ച് 14.9 ട്രില്യൺ രൂപയാണ് ഈ 201 കമ്പനികളും ചേർന്ന് കടം എടുത്തിരുന്നത്. മുൻ സാമ്പത്തിക വർഷത്തെ അടിസ്ഥാനപ്പെടുത്തി 4.1 ശതമാനം ആയിരുന്നു വർധന. 787 കമ്പനികളുടെ മൊത്തം വായ്പ 2019 സെപ്റ്റംബർ അവസാനം 24.2 ട്രില്യൺ രൂപയായിരുന്നു. ഈ സാമ്പത്തിക വർഷത്തെ ആദ്യ ഒമ്പത് മാസങ്ങളിൽ (2019 ഏപ്രിൽ-ഡിസംബർ കാലയളവിൽ) 1.48 ട്രില്യൺ രൂപയാണ് ഈ കമ്പനികൾ ആകെ പലിശയിനത്തിൽ ചെലവഴിച്ചത്.

വായ്പയെടുക്കുന്നവരുടെ പലിശയ്ക്ക് മൂന്ന് മാസത്തെ മൊറട്ടോറിയം ആർബിഐ അനുവദിച്ചതോടെ അടുത്ത മൂന്ന് മാസക്കാലത്തേക്ക് 35,000 കോടി രൂപയുടെ പലിശ അടയ്ക്കാതിരിക്കാൻ ഈ കമ്പനികൾക്കു സാധ്യമാകും. അടച്ചുപൂട്ടൽ മൂലം വരുമാനത്തിലും ലാഭത്തിലും ഇടിവുണ്ടാകവേ പലിശ മൊറട്ടോറിയം സാമ്പത്തിക ആശ്വാസം നൽകും. ലോക്ക്ഡൗൺ മൂലം വരുമാനം ഇടിഞ്ഞതിനാൽ എയർലൈൻസ്, ഹോട്ടൽ, ടൂറിസം, മാൾ, സംഘടിത റീട്ടെയ്ൽ, മൾട്ടിപ്ലക്സ്, റസ്റ്റോറന്റ് തുടങ്ങിയ മേഖലകളിലെ 120 കോർപ്പറേറ്റുകളുടെ റേറ്റിങ് ക്രിസിൽ അവലോകനം ചെയ്തപ്പോൾ 81 എണ്ണത്തിന്റെ ലെവൽ താഴേക്കു പോയി. 39 കമ്പനികളുടെ റേറ്റിങ് ആണ് നിലനിർത്തിയത്. വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ റിപ്പോർട്ട് അനുസരിച്ച്, ആഗോളതലത്തിൽ ഏകദേശം 3 ബില്യൺ പേർ ഏതെങ്കിലും തരത്തിലുള്ള ലോക്ക്ഡൗണിലാണ്. അതായത് ലോകജനസംഖ്യയുടെ 40 ശതമാനം പേർ നിഷ്ക്രിയരായിരിക്കവേ കുത്തനെയുള്ള ഇടിവാണ് ആഗോള സാമ്പത്തിക പ്രവർത്തനങ്ങളിലുണ്ടാകുന്നത്.

ചെമ്മീൻ കൃഷിക്ക് കൊവിഡ് നൽകുന്നത് കോടികളുടെ നഷ്ടം

കൊച്ചി: കൊവിഡ്-19 മൂലം കയറ്റുമതി നിലച്ചതോടെ ചെമ്മീൻ കർഷകർക്ക് നഷ്ടമേറുന്നു. വേനൽക്കാല ചെമ്മീൻകെട്ടുകളുടെ കാലാവധി അവസാനിക്കാൻ ആഴ്ചകൾ മാത്രം ബാക്കി. വിളവെടുപ്പ് ഒഴിവാക്കാനും കഴിയാത്ത സാഹചര്യത്തിലാണ് ഇവർ.

ഏറ്റവും കൂടുതൽ വില ലഭിച്ചിരുന്ന കാരച്ചെമ്മീൻ എടുക്കുന്നത് മൊത്തവ്യാപാരികൾ നേരത്തെ തന്നെ അവസാനിപ്പിച്ചിരുന്നു. കൂടാതെ നാരൻ, ചൂടൻ തുടങ്ങിയ ഇനങ്ങളും പുറം വിപണിയിലേക്ക് എത്തിക്കാൻ കഴിയാത്ത സാഹചര്യമാണ്. ഇവ കുറഞ്ഞ വിലയ്ക്ക് പ്രാദേശിക വിപണിയിൽ വിറ്റഴിക്കുക മാത്രമാണ് പോംവഴി. കുറഞ്ഞ വിലയ്ക്കും ഇവ വാങ്ങാൻ പലരും തയാറാവുന്നില്ലെന്നതാണ് പ്രശ്നം. 450 രൂപ വരെ കിലോഗ്രാമിനു വില ലഭിച്ചിരുന്ന ചെമ്മീൻ ഇപ്പോൾ 200 രൂപ നിരക്കിലാണ് വീടുകളിൽ എത്തിച്ചു വിൽക്കുന്നത്.

കെട്ടുകളിലും മറ്റും ചെമ്മീനുകൾക്കൊപ്പം വളരുന്ന കരിമീൻ, തിലാപ്പിയ, പൂമീൻ തുടങ്ങിയ മീനുകളാണ്. ഇവയ്ക്ക് ഈ സമയത്ത് നല്ല വിലയും ലഭിക്കാറുണ്ട് എന്നാൽ ഇപ്പോൾ ന്യായമായ വില പോലും ലഭിക്കാത്ത സാഹചര്യമാണത്രെ. ഉണക്കി സൂക്ഷിക്കാവുന്ന ഏക ഇനമായ തെള്ളിച്ചെമ്മീൻ. പലരും അത്തരത്തിൽ സംസ്കരിച്ചു തുടങ്ങിയിട്ടുണ്ട്. മൊത്തത്തിൽ ചെമ്മീൻ വാങ്ങി ഉണക്കുന്ന വൻകിടക്കാർ ഇപ്പോൾ ഇടപാടിൽ നിന്നു വിട്ടുനിൽക്കുകയാണ്. വാഹനസൗകര്യമില്ലായ്മയും തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടുമാണ് കാരണം.

പരമ്പരാഗത ചെമ്മീൻ വ്യവസായ മേഖല വൻപ്രതിസന്ധിയാണ് നേരിടുന്നതെന്ന് കേരള അക്വാ ഫാർമേഴ്സ് ഫെഡറേഷൻ മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ ചൂണ്ടിക്കാട്ടുന്നു. കയറ്റുമതി നിന്നതോടെ പ്രാദേശിക വിപണി മാത്രമായിരുന്നു ഏക ആശ്രയം. എന്നാൽ ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ അതും അടഞ്ഞ അവസ്ഥയിലായി.

സേവനത്തിന് തയാറായി പോസ്റ്റ് ഓഫിസുകൾ

കൊച്ചി: ലോക്ക്ഡൗൺ കാലയളവിൽ പോസ്റ്റ് ഓഫിസുകളിൽ അടിസ്ഥാന തപാൽ, സാമ്പത്തിക സേവനങ്ങൾ ലഭ്യമാകും. തപാൽ ശ്യംഖല വഴി അവശ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനായിരിക്കും മുൻഗണന നൽകുക. പോസ്റ്റ് ഓഫിസ് സേവിങ്സ് ബാങ്ക്, ഇന്ത്യ പോസ്റ്റ് പേയ്മെന്റ്സ് ബാങ്ക് എന്നിവ വഴി പണം പിൻവലിക്കാനും നിക്ഷേപിക്കാനും കഴിയും.

ഏത് ബാങ്ക് അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിനായി എടിഎം സൗകര്യവും ആധാർ അധിഷ്ഠിത പേമെന്റ് സംവിധാനവും പോസ്റ്റ് ഓഫിസുകളിൽ ഒരുക്കിയിട്ടുണ്ട്. ജീവനക്കാരുടെയും ഉപഭോക്താക്കളുടെയും സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണ് തപാൽ വകുപ്പ് സേവനങ്ങൾ ലഭ്യമാക്കുന്നത്.

പോസ്റ്റ് ഓഫീസ് ഓൺവീൽ

അടിസ്ഥാന തപാൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി തപാൽ വകുപ്പ് കേരള സർക്കിളിൽ പോസ്റ്റ് ഓഫിസ് ഓൺവീൽ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ പണം നിക്ഷേപിക്കൽ, പിൻവലിക്കൽ, തപാൽ ഇൻഷ്വറസ് പ്രീമിയം അടയ്ക്കൽ, രജിസ്ട്രേഡ് പോസ്റ്റ്, സ്പീഡ് പോസ്റ്റ്, ഇലക്ട്രോണിക് മണി ഓഡർ തുടങ്ങിയ അടിസ്ഥാന സേവനങ്ങൾ ആണ് ഇത്തരത്തിൽ ലഭ്യമാക്കുക.

നിലവിലെ സാഹചര്യം പരിഗണിച്ച് മാർച്ചിലെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കാനുള്ള സമയ പരിധി നീട്ടിയതായി തപാൽ വകുപ്പ് അറിയിച്ചു. മാർച്ചിലെ പോസ്റ്റൽ ലൈഫ് ഇൻഷ്വറസ് (പിഎൽഐ), ഗ്രാമീണ പോസ്റ്റൽ ലൈഫ് ഇൻഷ്വറൻസ് (ആർപിഎൽഐ) പ്രീമിയം പിഴ കൂടാതെ 2020 ഏപ്രിൽ 30 വരെ അടയ്ക്കാം.

സ്വർണം 30,640

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	29,800		
പുതിയ കുരുമുളക്	28,800	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	31,800	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000- 1300
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	11,200-11,700
അടയ്ക്ക ഓൾഡ്	25,000- 26,000		
പഞ്ചസാര	3620	റബർആർ എസ് എസ് 4 ഗ്രേഡ്	12,000
മുളക്	15,000-27,000	ഒട്ടുപാൽ	7500
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,500
ചെറുപയർ	9500-10,500	സ്വർണം	30,640
കടല	5100-6300	പാം ഓയിൽ	7450

ക്രൂഡോയിൽ ഇടിഞ്ഞു; വില കുറയ്ക്കാതെ കമ്പനികൾ

കൊച്ചി: അന്താരാഷ്ട്ര വിപണിയിൽ എണ്ണവില 17 വർഷത്തെ താഴ്ന്ന നിലവാരത്തിലെത്തിയിട്ടും രാജ്യത്തെ പെട്രോൾ, ഡീസൽ വിലയിൽ 14 ദിവസമായി മാറ്റമില്ല.ബ്രൻഡ് ക്രൂഡ് വില 4.9 ശതമാനം ഇടിഞ്ഞ് ബാരലിന് 23 ഡോളർ നിലവാരത്തിലെത്തി. യുഎസ് ബെഞ്ച്മാർക്ക് വെസ്റ്റ് ടെക്സാസ് ഇന്റർമീഡിയറ്റ് 3.9ശതമാനം ഇടിഞ്ഞ് 20 ഡോളർ നിലവാരത്തിലുമാണ് വ്യാപാരം നടന്നത്. രാജ്യത്തെ എണ്ണ വിപണനക്കമ്പനികൾ എല്ലാ ദിവസവും രാവിലെ ആറിനാണ് വില പുതുക്കിനിശ്ചയിക്കുന്നത്. ശരാശരി 10 പൈസയെന്ന നാമമാത്രമായ കുറവാണ് വരുത്തിയിരുന്നത്. എന്നാൽ രണ്ടാഴ്ചയായി നിരക്കിൽ കുറവുവരുത്താൻ മടിക്കുകയാണ് എണ്ണക്കമ്പനികൾ. ആഗോള വിപണിയിൽ ബാരലിന് 140 ഡോളറിലേറെയുണ്ടായിരുന്നപ്പോഴുള്ള വിലയാണ് രാജ്യത്ത് ഇപ്പോൾ പെട്രോളിനും ഡീസലിനും ഈടാക്കുന്നത്.

വളർത്തു മൃഗങ്ങളുടെ ഭക്ഷണത്തിനും ക്ഷാമം

തിരുവനന്തപുരം: കൊവിഡ് പ്രതിരോധ നടപടികളെ തുടർന്നു ചരക്കുനീക്കം തടസപ്പെട്ടതോടെ വളർത്തു മൃഗങ്ങൾക്കുള്ള ഭക്ഷണത്തിനും ക്ഷാമം തുടങ്ങി. കാലിത്തീറ്റ, കോഴിത്തീറ്റ വിതരണം പലയിടത്തും മുടങ്ങി. കാലിത്തീറ്റ നിർമാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ തമിഴ്നാട്ടിൽ നിന്നാണ് വരുന്നത്. ഇതും മുടങ്ങി. വൈക്കോലും പുല്ലും എത്തിക്കാനും പ്രയാസം നേരിടുന്നുണ്ട്.

സർക്കാരിന്റെ കാലിത്തീറ്റ ഫാക്റ്ററിയിൽ നിന്നുള്ള വാഹനങ്ങൾ പോലും തടയുന്നതായും പരാതിയുണ്ട്. സർക്കാർ വാഹനങ്ങൾ അയച്ച് അസംസ്കൃത വസ്തുക്കൾ എത്തിക്കാനാണ് ശ്രമമെന്നു മൃഗ സംരക്ഷണ വകുപ്പ് അധികൃതർ അറിയിച്ചു.

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

കുട്ടി ദിനോസർ ഇനി-ടോമയ്യ

പെട്ടെന്ന് അച്ഛന്റെ മൊബൈൽ ഫോൺ ശബ്ദിച്ചു. ബഹളത്തിനിടയിൽ വരാന്തയിൽ വച്ചിട്ടു വന്ന ഫോൺ എടുക്കാൻ അച്ഛൻ പോയത് തല്ക്കാലം രക്ഷയായി.

ഇതിനിടെ അമ്മ റിച്ചിയുടെ കഴുത്തിലെ ബെൽറ്റിൽ പിടിമുറുക്കി അടുക്കള ഭാഗത്തേക്കു കൊണ്ടുപോയി.

അങ്ങനെ അപ്രതീക്ഷിതമായുണ്ടായ കോലാഹലം ഒന്നു കെട്ടടങ്ങി.

അമ്മ മുറി ക്ലീൻ ചെയ്യാൻ കയറുമെന്ന ഭീഷണി ഒഴിവാകാൻ ഒറ്റ വഴിയേയുള്ളു. സ്വയം ആ ജോലി ഏറ്റെടുക്കുക.

സ്വന്തം മുറി മാത്രമല്ല പറ്റിയാൽ ഹാളും വരാന്തയും ക്ലീനാക്കി ഒന്നു മിടുക്കനായേക്കാം.

അതിനു മുമ്പ് കുട്ടി ദിനോസറിന്റെ അവസ്ഥയൊന്നു പരിശോധിച്ചേക്കാം. കുഞ്ഞാപ്പു മുറിയിൽ കയറി കട്ടിലിനടിയിൽ നോക്കി. ബഹളമൊന്നും അറിയാതെ കള്ള ഗഡി നല്ല ഉറക്കമാണ്.

അപ്പോഴാണ് കുഞ്ഞാപ്പുവിന്റെ തലയിൽ ഒരു കൊള്ളിയാൻ മിന്നിയത്. ഉണർന്നാൽ ദിനോസറിന് എന്തു കഴിക്കാൻ കൊടുക്കും?

അതൊരു പ്രശ്നമാണല്ലോ? ഈ തടിമാടന് എത്ര ഫുഡ് കൊടുക്കേണ്ടി വരും?

ദൈവമേ സംഗതി കുഴഞ്ഞല്ലോ? ഈ രഹസ്യം ഇങ്ങനെ നീട്ടിക്കൊണ്ടു പോകാൻ പറ്റില്ല.

എന്താണൊരു വഴി? നേരേ ചേട്ടന്റെ മുറിയിൽ ചെന്നു.

ചേട്ടച്ചാർ പതിവുപടി ഉണർന്ന് ലാപ് ടോപ്പിൽ തല പൂഴ്ത്തിയിരിക്കുകയാണ്.

ഈ ദിനോസർ എന്നാൽ എന്തായിരിക്കും അതിന്റെ സ്വഭാവം?

ചോദ്യം കേട്ട് ചേട്ടൻ എന്തുകൊണ്ടോ ദേഷ്യപ്പെട്ടില്ല. പകരം ഗൂഗിളിൽ തപ്പിക്കാണിച്ചു തന്നു.

അന്ത്യക്രിറ്റേഷ്യസ് കാലത്ത് ജീവിച്ചിരുന്ന ഓവിറാപ്റ്റോഡ് എന്ന ഗണത്തിൽ പെട്ട ദിനോസർ ആണ് നെമേഗ്ടോമയ്യ. ഇവ ജീവിച്ചിരുന്നത് ഇന്നത്തെ മംഗോളിയയിലാണ്. ആദ്യത്തെ ഫോസിൽ കിട്ടുന്നത് 1996 ൽ ആണ്, 2007 ൽ രണ്ടു ഫോസിലുകൾ കൂടി കിട്ടി.

ഏകദേശം രണ്ടു മീറ്റർ നീളവും, നാൽപതു കിലോ ഭാരവും ഉണ്ടായിരുന്നു നെമേഗ്ടോമയ്യക്ക്. ഇരുകാലിയായ ഇവ വളരെ വേഗത്തിൽ സഞ്ചരിച്ചിരുന്ന ഇനമാകാൻ ആണ് സാധ്യത.

ചേട്ടൻ വിവരിച്ചു കൊടുത്തപ്പോൾ കുഞ്ഞാപ്പു ചോദിച്ചു - ഈ ടോമയ്യയെ ഇപ്പോൾ എവിടെയെങ്കിലും കാണാൻ പറ്റുമോ?

ചേട്ടൻ വളരെ സീരിയസായിട്ടു തന്നെ പറഞ്ഞു - 'എടാ പൊട്ടാ..... നൂറു ദശലക്ഷം വർഷം മുമ്പത്തെ കാര്യമാണിത്. കണക്കു കൂട്ടിയെടുക്കാൻ പോലും പറ്റില്ല'

'ഇപ്പൊ കാണാനേ പറ്റില്ല?' കുഞ്ഞാപ്പു തർക്കിച്ചു.

"ഇറങ്ങിപ്പോടാ...." ചേട്ടൻ തള്ളി പുറത്താക്കിയപ്പോൾ കുഞ്ഞാപ്പുവിന് ഒരു കാര്യം പിടികിട്ടി - ദിനോസർ ആളു ചില്ലറക്കാരനല്ല.

പേര് കൊള്ളാം ടോമയ്യ !

മുറിയിൽ ചെന്നു നോക്കിയപ്പോൾ കുഞ്ഞാപ്പു ഞെട്ടി!!

ടോമയ്യ മൂടിപ്പുതച്ച് കട്ടിലിൽ ....

(ഇനിയാണ് അത്ഭുതങ്ങളുടെ പൂരം - അത് നാളെ മുതൽ)

....

കൂട്ടുകാർക്കുള്ള ഇന്നത്തെ ചോദ്യം -

ദിനോസറുകൾ ഉറങ്ങാറുണ്ടോ?

ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ -

73040 41234

രോഗം കഥയ്ക്ക് ആധാരമാകുമ്പോൾ

രോഗാവസ്ഥ എന്നത് എഴുത്തിന് പ്രചോദനമാകുന്ന സംഗതിയാണോ? അതെ, എന്തുകൊണ്ടെന്നാൽ രോഗാവസ്ഥയിലാണ് യഥാർഥ മനുഷ്യരെ നമുക്ക് കണ്ടുമുട്ടാനാവുക എന്നത് കാലങ്ങളായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ കൊറോണാ കാലത്തും നമ്മൾ അത് തിരിച്ചറിയുന്നു.

കെ.ആർ. മീര എഴുതിയ 'മോഹമഞ്ഞ' എന്ന ചെറുകഥയിൽ, ഒരു സ്ത്രീയും പുരുഷനും യാദൃച്ഛികമായി ആശുപത്രിയിൽ വച്ച് കണ്ടുമുട്ടുന്നു. ഇരുവരും രോഗബാധിതർ. എങ്കിലും ലൈംഗികതയുടെ മാന്ത്രികശക്തിക്ക് രണ്ടുപേരും വശംവദരാകുന്നു. അവർ രണ്ടുപേരും വിവാഹിതർ, മക്കളുള്ളവർ (അവൾ വിവാഹമോചിതയാണ്). രണ്ടുപേരും ക്രമേണ അടുക്കുന്നു. ലോഡ്ജിലെ ഒരുമുറിയിൽ ഒരു കിടക്കയിൽ അവർ പരസ്പരം കണ്ടെത്തുന്നു. പിന്നീടു അവർ കാണുന്നതേയില്ല. ദിവസങ്ങൾക്കു ശേഷം, അയാളുടെ മരണവാർത്ത അവൾ അറിയുന്നു.

കെ.ആർ. മീര

'പെണ്ണുങ്ങളുടെ നിരാശ അവരുടെ കൺതടങ്ങളിൽ തെളിയും. ആണുങ്ങളുടേതാകട്ടെ അവരുടെ ചുവടുകളിലും'. എന്നൊരു പരാമർശം ഈ കഥയിലുണ്ട്. രോഗവും പ്രണയവും കാമവും എത്ര ആഴത്തിലും കലാത്മകമായും ആണെന്നോ ഈ കഥയിൽ കൂടിക്കലരുന്നത്! കഥാപാത്രങ്ങളെല്ലാം രോഗികളാണ്. അയാളുടെ രോഗം/ അവളുടെ രോഗം/ അവളുടെ മകന്റെ രോഗം. കഥാസ്ഥലം മെഡിക്കൽ കോളെജും പരിസരവും. രോഗവും പ്രണയവും കാമവും ചേർന്ന ഒരു കഥ വിടരുകയാണ് 'മോഹമഞ്ഞ'യിൽ.

കെ.ആർ. മീര ശ്രദ്ധിക്കപ്പെടുന്ന കഥാകാരിയായി മാറിയത് 'സാഹിത്യവാരഫല'ത്തിൽ എം.കൃഷ്ണൻനായർ ഈ കഥയെ ഒരു മികച്ച കഥയായി അവതരിപ്പിച്ചതുകൊണ്ടു കൂടിയായിരുന്നു. അതുകൊണ്ടാവാം 'മോഹമഞ്ഞ' എട്ടു കഥകളുടെ സമാഹാരമായി പ്രസിദ്ധീകരിച്ചപ്പോൾ അന്ന് 'കലാകൗമുദി'യിൽ എഴുതിയ കുറിപ്പ് ആമുഖമായി കൊടുത്തത്. ആരാച്ചാർ എന്ന നോവലിനു 2013-ലെ ഓടക്കുഴൽ പുരസ്കാരം, 2014-ലെ വയലാർ പുരസ്കാരം, 2013-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം, 2015 ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം എന്നിവ മീരയ്ക്കു ലഭിച്ചിട്ടുണ്ട്.

കിരീടം അഴിച്ച്‌വച്ച് ഹാരി രാജകുമാരൻ

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ രാജസ്ഥാനം ഇപ്പോൾ വല്ലാത്തൊരു പ്രതിസന്ധിയിലാണ്. ഒന്നിനു പുറകേ ഒന്നായി ദുരന്തങ്ങൾ വേട്ടയാടുന്നു. കൊറോണ ബാധിച്ചു മരിച്ചവരുടെ എണ്ണം 1400 കവിഞ്ഞു. എലിസബത്ത് രാജ്ഞിയുടെ മൂത്ത മകൻ വെയിൽസിലെ രാജകുമാരൻ ചാൾസിനു കൊറോണ ബാധിച്ചു; ഇപ്പോഴത്തെ ഭാര്യ കാമില്ലയ്ക്കും. പ്രധാനമന്ത്രി ബോറിസ് ജോൺസണും കൊവിഡ് സ്ഥിരീകരിച്ചു.

എന്നാൽ ബ്രിട്ടീഷുകാരെ അമ്പരപ്പിക്കുന്ന വാർത്ത ഇതൊന്നുമല്ല. സുസക്സിലെ തങ്ങളുടെ രാജകുമാരൻ ഹാരി കിരീടം ഊരിവച്ചിരിക്കുന്നു. പ്രഭി മേഗനും ഭർത്താവിനെ അനുകരിച്ച് രാജചിഹ്നങ്ങളെല്ലാം ഉപേക്ഷിച്ചു സാധാരണ ജീവിതത്തിലേക്ക് ഇറങ്ങി വന്നു, മാർച്ച് 31 അർധരാത്രി മുതൽ.

ചാൾസ് രാജകുമാരന്റെ മകനാണു ഹാരി. ചാൾസിനെക്കാൾ ഒരുവേള ലോകം കൂടുതൽ അറിയുന്നത് ഹാരിയുടെ അമ്മയെ ആയിരിക്കും. ഇരുപത്തിരണ്ടു വർഷം മുൻപ് ഫ്രാൻസിന്റെ തലസ്ഥാനം പാരീസിൽ പപ്പരാസിപ്പടയുടെ കണ്ണുവെട്ടിച്ചു കുതിച്ചു കാറപകടത്തിൽ ദാരുണമായി കൊല്ലപ്പെട്ട ഡയാന രാജകുമാരിയുടെ രണ്ടു മക്കളിൽ ഇളയവൻ. ബ്രിട്ടീഷ് കിരീടാവകാശ പരമ്പരയിലെ ആറാമൻ.

ചാൾസ് രാജകുമാരന് ഡയാനയിൽ രണ്ട് ആൺമക്കളാണുള്ളത്. ഹാരിയെക്കൂടാതെ വില്യം രാജകുമാരൻ. വെയിൽസിന്റെ കിരീടാവകാശി. ഹാരിയും മേഗനും കുറേ നാളായി കൊട്ടാരവുമായി വലിയ അടുപ്പത്തിലല്ല. എന്നാൽ അത്യാവശ്യം ചടങ്ങുകളിലും ഭരണ നിർവഹണ ചുമതലകളിലും പങ്കെടുത്തിരുന്നു. കുറച്ചുനാൾ മുൻപ് ഇരുവരും ക്യാനഡയിലേക്കു താമസം മാറി. അവിടെ വാൻകൂവർ ദ്വീപിൽ വലിയൊരു വീട് വിലയ്ക്കു വാങ്ങി താമസിക്കുകയായിരുന്നു.

ഈ ദിവസങ്ങളിൽ ലോകത്താകെ പൊട്ടിപ്പുറപ്പെട്ട കൊവിഡ് 19 ക്യാനഡയിലുമെത്തിയപ്പോൾ അവർ താമസം യുഎസിലേക്കു മാറ്റാൻ തീരുമാനിച്ചു. ക്യാനഡ സർക്കാർ ഈ ദമ്പതികൾക്ക് അനുവദിച്ചിരുന്ന സുരക്ഷാ സൗകര്യങ്ങൾ അവസാനിക്കാനിരുന്ന സാഹചര്യത്തിലായിരുന്നു ഇത്. യുഎസിലെ വാഷിങ്ടണിലാണ് മേഗന്റെ അമ്മ താമസിക്കുന്നത്. ഇവർക്കൊപ്പം താമസിക്കാനാണ് ഇരുവരും ക്യാനഡയിൽ നിന്ന് പ്രത്യേക വിമാനത്തിലെത്തിയത്. ഇവർ എത്തിയ ഉടനേ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഒരു സോഷ്യൽ മെസേജ് വാർത്തകളിൽ നിറഞ്ഞു. ബ്രിട്ടീഷ് രാജകുടുംബത്തോടും ബ്രിട്ടനിലെ ജനങ്ങളോടും വലിയ അടുപ്പമുണ്ടെങ്കിലും ഹാരിക്കും മേഗനും ഔദ്യോഗിക സുരക്ഷ ഒരുക്കില്ലെന്നായിരുന്നു ട്രംപിന്റെ ടീറ്റ്.

എന്നാൽ തങ്ങളിപ്പോൾ ബ്രിട്ടനിലെ റോയൽ ഫാമിലിയുടെ ഔദ്യോഗിക ഭാഗമല്ലെന്നും സാമ്പത്തിക സ്വാതന്ത്ര്യം നേടാൻ ആഗ്രഹിക്കുന്നുവെന്നും ഇവർ അറിയിച്ചു. പിന്നീടാണ് റോയൽ ഫാമിലിയിലെ ഔദ്യോഗിക അംഗത്വവും സൈന്യത്തിലെ പ്രത്യേക പദവിയും ഒഴിയാൻ തീരുമാനിച്ചെന്ന് അറിയിച്ചത്. ഇതു പ്രാബല്യത്തിൽ വന്നതായും ഹാരി.

ലോക്ക്ഡൗണിലും പ്രതിഭ തിരക്കിൽ

പി.ബി. ബാലു

ആലപ്പുഴ: തകഴിയിലെ പള്ളിനാൽപ്പട വീട് ഇപ്പോൾ രാവിലെ മുതൽ വൈകുംവരെ കായംകുളം എംഎൽഎ യു. പ്രതിഭയുടെ ഓഫീസ് കൂടിയാണ്. പക്ഷെ സേവനങ്ങൾ എല്ലാം ഓൺലൈൻ മാത്രം. ലോക്ക് ഡൗൺ പ്രഖ്യാപിച്ച അന്നുമതുൽ എംഎൽഎ വീട്ടിലിരുന്ന് കാര്യങ്ങൾ നീക്കുന്നു.

കാലം കുറച്ചായി ഇങ്ങനെ വീട്ടിൽ കുറേ ദിവസം തുടർച്ചയായി ഇരുന്നിട്ട്. മകന് എട്ടുമാസം പ്രായമുള്ളപ്പോൾ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം ഏറ്റെടുത്ത് തുടങ്ങിയതാണ് തിരക്ക്. അവനിപ്പോൾ പത്താം ക്ലാസ് പരീക്ഷ പകുതി വഴിയിലായി ഒപ്പമുണ്ട്. ഡിവൈഎഫ്ഐ നേതാവായും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റായും പിന്നീട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായും പ്രതിഭ തിരക്കുകൾക്കു നടുവിലായിരുന്നു.

പത്തു വർഷത്തിനിടയിൽ ആദ്യമായാണ് ഒരാഴ്ച മറ്റെങ്ങും പോവാതെ വീട്ടിൽ ചെലവഴിക്കുന്നതെന്ന് പ്രതിഭ. ഇപ്പോൾ സ്വയം അകലം പാലിച്ച് വീട്ടിൽ കഴിയുമ്പോഴും മണ്ഡലത്തിലെ ജനങ്ങൾക്കൊപ്പം തന്നെയുണ്ട് എംഎൽഎ. രാവിലെ തുടങ്ങും ഫോണിലെ തിരക്ക്. കൊറോണ വൈറസ് ബാധ സംശയിക്കപ്പെട്ട് നിരീക്ഷണത്തിലുള്ളവരുടെ വിവരം ദിവസവും ശേഖരിക്കുന്നു. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട്, എല്ലാം കൃത്യമായി നടക്കുന്നെന്ന് ഉറപ്പാക്കുന്നുണ്ട്.

മരുന്നുകളും വീട്ടു സാധനങ്ങളും ഹോം ഡെലിവറി നടത്തുന്ന സംവിധാനം സോഷ്യൽ മീഡിയയുടെ സഹായത്തോടെ ഒരുക്കി. ഇന്നുമുതൽ വീടുകളിൽ ചെന്ന് പ്രഷറും ഷുഗറും പരിശോധിക്കുന്ന ഓൺലൈൻ ലാബ് പ്രവർത്തനം ആരംഭിക്കും.

ലോക്ക്ഡൗൺ സാധാരണക്കാർക്ക് അൽപ്പം ബുദ്ധിമുട്ട് ഉണ്ടാക്കിയെങ്കിലും ചില കാര്യങ്ങൾ ചിട്ടയിലാക്കാനും സഹായിച്ചു. ഇതുവരെ നാം എല്ലാവരും ഒരു യന്ത്രം പോലായിരുന്നു. അതിനൊരു മാറ്റം വന്നു. ഒന്ന് ആലോചിച്ചു നോക്കൂ. രോഗം എന്ന ചിന്ത ഉണ്ടെങ്കിലും ചെറിയ സന്തോഷം എല്ലാ കുടുബത്തിലുമുണ്ട്.

അൽപം വായന, മകൻ കനിവിനുവേണ്ടിയുള്ള പാചകം, ഒപ്പം ജനങ്ങൾക്കു വേണ്ട കാര്യങ്ങളും. എംഎൽഎയുടെ ദിവസം അങ്ങനെ നീങ്ങുന്നു.

പ്രിതിഭ എം.എൽ.എ മകൻ കനിവിനൊപ്പം

ഹോം കുക്കിങ്

ബിനിത ദേവസീ

ബ്രെഡ് പക്വട

ചേരുവകൾ

ബ്രെഡ് - 5 എണ്ണം (നാല് കഷണങ്ങളാക്കിയത്)
സവാള - 1 എണ്ണം (നീളത്തിൽ നുറുക്കിയത്)
കാപ്സിക്കം അല്ലെങ്കിൽ ക്യാരറ്റ് - ഒരെണ്ണത്തിന്റെ പകുതി (നീളത്തിൽ അരിഞ്ഞെടുത്തത്)
പച്ചമുളക് - 3 എണ്ണം (ചെറുതായി നുറുക്കിയത്)
കറിവേപ്പില - ആവശ്യത്തിന് (ചെറുതായി നുറുക്കിയത്)
ഇഞ്ചി വെളുത്തുള്ളി പേസ്റ്റ് - 1/2 ടീസ്പൂൺ
കടലമാവ് - 3 ടേബിൾസ്പൂൺ
പെരുജീരകം - 1 ടീസ്പൂൺ പൊടിച്ചത്
ഗരം മസാല - 1/4 ടീസ്പൂൺ
ഉപ്പ് - ആവശ്യത്തിന്

തയ്യാറാക്കുന്ന വിധം

കഷണങ്ങളാക്കിയ ബ്രെഡിലേക്ക് നീളത്തിൽ അരിഞ്ഞെടുത്ത സവാളയും കാപ്സിക്കം അല്ലെങ്കിൽ ക്യാരറ്റ്, പച്ചമുളക്, കറിവേപ്പില എന്നിവ ചേർക്കുക, ശേഷം 1/2 ടീസ്പൂൺ ഇഞ്ചി വെളുത്തുള്ളി പേസ്റ്റും, 3 ടേബിൾസ്പൂൺ കടലമാവും, 1 ടീസ്പൂൺ പെരുംജീരകം പൊടിച്ചതും 1/4 ടീസ്പൂൺ ഗരം മസാലയും ആവശ്യത്തിന് ഉപ്പും ചേർത്ത് കുഴയ്ക്കുക. ബ്രെഡും മറ്റു ചേരുവകളും നന്നായി ഉടയുന്നതിനായി കൈ കൊണ്ട് കുഴയ്ക്കുന്നത് നല്ലതായിരിക്കും. അതിനുശേഷം 2 ടേബിൾസ്പൂൺ വെള്ളം കൂടി ചേർത്ത് കുഴയ്ക്കുക. ചട്ടിയിൽ എണ്ണ എടുത്ത് ചൂടാക്കുക. തിളച്ച എണ്ണയിലേക്ക് തയാറാക്കി വച്ചിരിക്കുന്ന പക്വട മാവിൽ നിന്ന് കുറച്ചു കുറച്ചായി എടുത്ത് വറുത്തെടുക്കുക. ബ്രെഡിന്റെ ചെറിയ മധുരവും പച്ചമുളകിന്റെ എരിവും ചേരുന്നതോടെ സൂപ്പർ ബ്രെഡ് പക്വട റെഡി.

തൊടിയിലെ വിസ്മയം

ചങ്ങലംപരണ്ട

റീനാ വർഗീസ്

ആയുർവേദ വിധി പ്രകാരം അസ്ഥിരോഗത്തിന് സിദ്ധൗഷധിയാണ് ചങ്ങലം പരണ്ട. പണ്ടുകാലത്ത് ദീർഘയാത്ര പോകുന്നവർ ചങ്ങലംപരണ്ട കൊണ്ടുള്ള അച്ചാറും ചമ്മന്തിയും ഉണ്ടാക്കി അത് നിത്യവും കഴിച്ചിരുന്നു. ശബരിമലയ്ക്കു നടന്നു പോയിരുന്ന കാലത്ത് ചങ്ങലംപരണ്ട അച്ചാറും ചമ്മന്തിയും നിർബന്ധമായിരുന്നു. വേലിയിൽ പടർന്നു കയറുന്ന ഈ വള്ളിച്ചെടിക്ക് ഒടിഞ്ഞ എല്ലുകളെ പെട്ടെന്നു കൂട്ടി ചേർക്കാനുള്ള കഴിവായിരുന്നു കാരണം.

നട്ടെല്ലിനു ക്ഷതം സംഭവിച്ചു കിടപ്പിലാകുന്ന രോഗികൾക്ക് ചങ്ങലം പരണ്ടയുടെ നീരും നീരിന്റെ പകുതി നെയ്യും പകുതി ആവണക്കെണ്ണയും ചേർത്തു കാച്ചി നടുവിൽ പുരട്ടി ചികിത്സിച്ചിരുന്നു. നടുവേദനയുള്ളവർ ഇതു കഴിക്കുന്നത് ഫലം ചെയ്യും.

തൊട്ടാൽ ചൊറിച്ചിൽ ഉള്ളതിനാൽ ചങ്ങലം പരണ്ട പച്ചയ്ക്ക് കഴിക്കരുത്. എട്ട് ഇഞ്ചു നീളം മാത്രമെടുത്ത് ചെറുതായി അരിഞ്ഞു നെയ്യിൽ ഉള്ളിയും വെളുത്തുള്ളിയും ചേർത്ത് വാടിയ പാകം ആക്കി അതിൽ വാളൻപുളിയും ഇഞ്ചിയും തേങ്ങയും ഇന്തുപ്പും ചേർത്ത് ചമ്മന്തി ആക്കി കഴിക്കുക. ചൊറിച്ചിൽ ഉണ്ടാക്കുമെന്നതിനാൽ അൽപം മാത്രമേ കഴിക്കാവൂ. പുളി ധാരാളമായി ചേർത്താണ് ചൊറിച്ചിൽ ശമിപ്പിക്കുന്നത്.